

Indian History through Inscriptions Part 4

Cover : Kattil madam Kerala. Oldest Alpavimana style of South India.

India is rich in history with inscriptions giving proof for the subaltern stories of its people. These inscriptions show that India had a sense of linear history and cyclical history . Volumes and volumes of Epigraphical evidence exist . They estimate the knowledge of our ancestors and cultural antiquity. In Malayalam language such serious attempts are not seen. Our Trust in the process of studying the Temple Traditions and arts of India had studied many of them and for the sake of Malayalam speaking readers , attempt to translate a few of them . This will enrich the Historical literature in Malayalam language . This is the 4th of that series. Hope this will kindle the Historical research tendencies and will be of help the Educational pursuits of future Researchers interested in Indian History.

Dr Suvarna Nalapat Trust.

അപരാജിതന്റെ ഉദയ്പൂർലിഖിതം

വിക്രമസംവത് 718 (എഡി 661) മാർഗ്ഗശീ ർഷശുക്ലപഞ്ചമി. നവംബർ 2.

ഭാഷ സംസ്കൃതം. 1, 2 ശ്ലോകം വിഷ്ണുപ്രശംസ. 3-4 അപരാജിതന്റെ ഗുഹിലവംശ പ്രശംസ. സൈന്യാധിപനായ ശിവപുത്രൻ മഹാരാജാ വരാഹസിംഹനും അദ്ദേഹത്തിന്റെ പത്നി യശോമതിയും വിഷ്ണു ക്ഷേത്രം പണിതു. ലിഖിതം (കവിത) കുറിച്ച ത് ദാമോദരൻ (ബ്രഹ്മചാരിപുത്രനും ദാമോ ദരന്റെ പേരക്കുട്ടിയും) .അജിതന്റെ പേരക്കുട്ടിയും വത്സന്റെ മകനുമായ യശോഭട്ടൻ കൊത്തിവെച്ചു. ക്ഷേത്രത്തിൽ വാസുദേവ പ്രതിഷ്ഠയാണ്.

1. **പൃഥ്വീശ്വരന്റെ പിത്താപുരം സ്തംഭലിഖിതം .(ശകം 1108)**

ഗോദാവരിജില്ല കുന്തിമാധവക്ഷേത്രം. തൂണിൽ ഒന്നിലധികം ലിഖിതമുണ്ട്. കിഴക്കൻ ചാലൂക്യരാജാക്കന്മാരെ പരാമർശ മുണ്ട്. തെലുഗു ലിപി. ഭാഷ തെലുഗും സംസ്കൃതവും. പദ്യവും ഗദ്യവും ഉണ്ട്. പൃഥ്വീശ്വരന്റെ അമ്മയും ഗോങ്ക 3ന്റെ ഭാര്യയുമായ ജയാംബ (ജയമാംബ , ജയ മഹാദേവി) പ്രോലുനാടിലെ നവഖണ്ഡ വാടഗ്രാമം ക്ഷേത്രത്തിനു ദാനം ചെയ്തു. ആ ക്ഷേത്രത്തിലാണ് ലിഖിതമുള്ള തൂൺ. മേഷസംക്രമത്തിന് നടന്ന ദാനം പൃഥ്വീശ്വ രൻ ജനങ്ങളോട് വിളംബരം ചെയ്തു. (എഡി 1186-87).ഇപ്പോഴും ഈ ഗ്രാമം കുന്തിമാധവക്ഷേത്രത്തിന്റേതാണ്. സർപ്പാ വനത്തെ ഭാവനാരായണക്ഷേത്രലിഖിത പ്രകാരം സർപ്പാവനവും പ്രോലുനാട്ടി ലാണ്.(ഭാവനാരായണക്ഷേത്രം വീരചോള വിണ്ണഗരമാണ്

ലിഖിതങ്ങളിൽ) ഗംഗ ക്കൊണ്ടചോളപുരത്തിന്റെ ഭാഗമാണ് പ്രോലുനാട്. നരകാസുര വൈരിയായ വിഷ്ണുനാമത്തിലുള്ള ക്ഷേത്രത്തെ നരകാന്തവാടം എന്ന് വിളിച്ചിരുന്നതായി പഴയ പിത്താപുരം മാപ്പു കളിൽനിന്ന് കാണുന്നു. അയ്യപ്പിള്ളാര്യൻ എഴുതി ശ്രീപിത്താപുരത്തെ കന്താചാരി രേഖപ്പെടുത്തി. വേലനാടി എന്ന പേർ പൃഥ്വീശ്വരന്റെ മുത്തശ്ശനു മുമ്പിലുണ്ട്. (ഗണപതിയുടെ ഗണപേശ്വരം ലിഖിതം)

വേലനാട് രാജവംശത്തിൽനിന്നാണ് പൃഥ്വീ ശ്വന്റെ വംശോൽപ്പത്തി. സന്തവോലു രാജ്യ ത്തിന് പൊതുവേ പറയുന്ന പഴയ പേരാ ണ് അത്ന്ന് മെക്കൻസി മാനുസ്ക്രി പ്റ്റ്. കിഴക്കൻചാലൂക്യ അമ്മ 2വിന്റെ എലവറ്റു പ്ലേറ്റിൽ,കൃഷ്ണജില്ലയിലെ രേപ്പല്ലി താലൂ ക്കിലെ സന്തവോലുവിന് വടക്കുള്ള എല വറ്റു ഗ്രാമം വേലനാടു വിഷയത്തിലാണ് പെടുന്നത്. ദ്രാക്ഷാരാമ ത്തിലെ ലിഖിതം 17ആം മുഖ്യനാ യ ഗോങ്ക 3 വേലനന്ദിലെ സന്തവ്രോലുവി ലാണ്

താമസിച്ചിരുന്നതെന്ന് പറയുന്നുണ്ട്. വേല നന്ദുമുഖ്യന്മാരുടെ പഴയ തലസ്ഥാനമാ ണ് സന്തവ്രോലു. കൊണ്ടവീടു റെഡ്ഡിമാരെ പ്പോലെ വാലനാടി മുഖ്യരും തങ്ങളുടെ പൂർവ്വികരെ ചതുർത്ഥാനപയരെ ന്ന് വിളിക്കുന്നു (ശൂദ്ര). ആദ്യരാജാവായ ഇന്ദ്ര സേനനെ ദത്തെടുത്തതും രാജചിഹ്നം നൽകി യതും യുധിഷ്ഠിരനാണെന്ന് ഇവര് കരുതുന്നു. മദ്ധ്യദേശത്തെ കീർത്തിപുരത്തു നിന്നാണ് അദ്ദേഹം ഭരിച്ചത്. തലമുറകൾക്ക് ശേഷം കീർത്തിവർമ്മൻ 1 ഭരിച്ചു. പിന്നീട് തലമുറ കൾക്ക് ശേഷം മല്ലവൻ.അദ്ദേഹത്തി ന്റെ മകനാണ് രണദുർജ്ജയർമ്മ 1. പിന്നെ കീർത്തിവർമ്മൻ 2, രണദുർജ്ജയ 2 , കീർത്തി വർമ്മ 3, കീർത്തിവർമ്മനെന്നത് ചാലൂക്യരി ൽനിന്ന് എടുത്തതാവണം. കീർത്തിവർമ്മ 3 ന്റെ മകൻ മല്ല 1 ത്രിനയനപല്ലവനുമായി സന്ധി ചെയ്ത് ഡെക്കാൻ ജയിക്കാൻ പുറപ്പെട്ടു. ശത സഹസ്രരാജ്യം പിടിച്ചടക്കി ധനദപുരത്ത് താമ സമാക്കി. അമരാവതിയുടെ പഴയ പേരായ ധന്യകപുരമാണ് ഇത്.മല്ല 1ന്റെ 5ആം തല മുറ കുഡ്യവർമ്മൻ കിഴക്കൻചാലൂക്യ വിമലാദി ത്യന്റെ (1015-1022) സമകാലീനനാണ്. വിമലാ

ദിത്യൻ അദ്ദേഹത്തിന് കുദ്രവാര എന്ന് 2 ജില്ല കൊടുത്തു. (ഗുഡിവാഡ) ഗുഡിവാഡയിലെ ഭീമേശ്വരക്ഷേത്രലിഖിതം ഗുഡിവാഡ ഗുഡ്രാറ ജില്ലയിലാണെന്ന് പറയുന്നുണ്ട്. ദ്രാക്ഷാരാമ ലിഖിത്തിലെ വംശവൃക്ഷത്തിലെ 15ആം രാജാവ് ഗോങ്ക 2 ത്രിശതോത്തരഷഡ് സഹസ്രാവനീ നാഥനാണ് (6300 ഗ്രാമം). അക്കാലത്ത് അറവേലു ബ്രാഹ്മണരെന്ന 6000 കുടുംബം ആന്ധ്രയിലുണ്ട്. ആന്ധ്രയിലെ മറ്റു ബ്രാഹ്മണ രെ അവർ വന്ന ദേശപ്പേരു ചൊല്ലിയാണ് വിളിച്ചിരുന്നത്. (മുളുക്കി നാടുവാരു, ശീർനാ ടുവാരു, കാശലുനാടുവാരു, വേൽനാടുവാരു)ആറവേലു നാട് ആണ് ശതസഹസ്രനാട്.

വേലനാടു മുഖ്യന്മാരുടെ വംശാവലിഃ-

1 മല്ല 1

2 എരിയവർമ്മൻ

3 കുഡിയവർമ്മ 1

4 മല്ല 2 (പുദുവരാദിത്യ)

5 കുഡിയവർമ്മ 2 (വിമലാദിത്യ) 1015-1022.)

6 ഏറേയ്യൻ

7 നന്നിരായൻ

8 അഞ്ച് മക്കൾ. വെഡുര 1, ഗന്ധ, ഗോങ്ക 1 മല്ലയ്യ, പാണ്ഡ. ഗോങ്ക 1 കുലോത്തുംഗ ചോള 1ന്റെ സാമന്തൻ(1063-1112)

9 ഗന്ധപുത്രൻ വെഡുര 2 വീരചോഡന്റെ സാമന്തൻ (1078-1100). ഗോങ്ക 1ന്റെ മകൻ ചോഡ കുലോത്തുംഗചോഡന്റെ സാമ ന്തൻ അദ്ദേഹം ഗുണ്ടാംബികയെ വിവാ ഹം കഴിച്ചു.

10 ചോഡന്റെ മകൻ ഗോങ്ക 2. ഭാര്യ സബ്ബാംബിക

11. വീരരാജേന്ദ്രചോള(രാജേന്ദ്രചോള, അഥവാ വേലനാടി കുലോത്തുംഗരാജേ ന്ദ്രചോഡരായ) ഭാര്യ അക്കാംബിക

12 ഗോങ്ക 3 (കുലോത്തുംഗമന്മഗോങ്ക രാജാ) ഭാര്യ ജയാംബിക

13 പൃഥ്വീശ്വര

ഈ ലിഖിതത്തിൽ പറയുന്ന കിഴക്കൻചാ ലൂക്യരാജാക്കന്മാർഃ- വിമലാദിത്യൻ, രാജ രാജ 1 (ഭാര്യ അമ്മാങ്കയംബ), കുലോ ത്തുംഗചോള, വീരചോള. സൂര്യവംശത്തിലെ രാജേന്ദ്രന്റെ

മകൾ അമ്മാങ്കയംബയാണ് രാജരാജ 1 ന്റെ ഭാര്യ എന്നാണ് ഈ ലിഖിതം പറയുന്നത്. വീര ചോഡന്റെ ചെല്ലൂർപ്ലേറ്റിൽ ഇത് ചോളരാ ജാവ് പരകേസരിവർമ്മ രാജേന്ദ്ര 1 ആണ്. കുലോത്തുംഗചോള 1 തന്റെ പുത്രനായവീരചോഡന് വെങ്കി കൊടു ത്തു. ഗൊങ്ക 1 ന്റെ മരുമകനായ വെഡുര 2 വീരചോഡന്റെ ആജ്ഞപ്രകാരം ഒരു പാണ്ഡ്യരാജാവിനോട് യുദ്ധം ചെയ്ത് ജയിച്ച് സിന്ധുയുഗ്മാന്തരദേശം (2 നദിക ളുടെ ഇടയിലെ ദേശം) നേടിയതായി ഇവിടെ പറഞ്ഞിരിക്കുന്നു. ഇത് പിതാ വായ കുലോത്തുംഗചോളനിൽനിന്ന് വീരചോഡന് കിട്ടിയ വെങ്കിദേശമാണ്. കുലോത്തുംഗചോളൻ 1 , വെദുര രണ്ടാ മന്റെ അർദ്ധസഹോദരനും ഗൊങ്ക ഒന്നാ മന്റെ മകനുമായ ചോഡനെ ദത്തെടുത്തി രുന്നു. അദ്ദേഹത്തിന് 16000 ഗ്രാമമുള്ള വെങ്കി കൊടുത്തിരുന്നു. അധികാരക്കൈ മാറ്റം 1100നും 1112നും (കുലോത്തുംഗ ന്റെ മരണം)

ഇടക്ക് നടന്നു. ഇവിടെനിന്ന് അങ്ങോട്ട് കിഴക്കൻ ചാലൂക്യരെ പറ്റി പറയുന്നില്ല.

ചോഡന്റെ മകൻ ഗോങ്ക 2 ദ്രാക്ഷാരാമത്തി ലെ ഭീമനാഥക്ഷേത്രത്തിന് സ്വർണ്ണഗോപു രം പണിതു. കാളഹസ്തിക്കും മഹേന്ദ്രാ ചലത്തിനും ഇടക്കുള്ള തെലുഗുദേശം മുഴുവനും ഭരിച്ചു. പിന്നെ വന്ന രാജാ വാണ് വീരരാജേന്ദ്രചോഡ അഥവാ രാജേ ന്ദ്രചോഡ എന്ന വേലനാടി കുലോത്തുംഗ രാജേന്ദ്രചോഡയരാജാ. തടാകമദ്ധ്യത്തിൽ അഭയം തേടിയഭീമനെ അദ്ദേഹം വധിച്ചു. വിക്രമചോളനെ ഭയന്നാണ് എല്ലേരുതടാ കത്തിൽ ഭീമൻ ഒളിച്ചത്. ഭീമേശ്വരക്ഷേത്രത്തിന് രാജേന്ദ്രചോളൻ സ്വർണ്ണാഭരണങ്ങൾ ദാനം ചെയ്തു.

കുലോത്തുംഗമൌമഗോങ്കരാജാ (ഗോങ്ക 3) വിവാഹം ചെയ്ത ജയാംബിക പർവ്വതാ

പരമഹിയിലേതായിരുന്നു (പർവ്വതത്തി നു പടിഞ്ഞാറുള്ള ദേശം) കൃഷ്ണജില്ലയി ലെ നരസറാവുപ്പേട്ട താലൂക്കിലെ നാടേ ന്തിയയിലെ ശിവ, വിഷ്ണുക്ഷേത്രങ്ങളി ൽ ഈ വംശത്തിലെ രാജാക്കന്മാരുടെ നിരവധി ലിഖിതങ്ങളുണ്ട്. വേലനാടുമു ഖ്യന്മാരെപ്പോലെ ഇവരും ചതുർത്ഥകു ലക്കാരാണ്. മഹാമണ്ഡലേശ്വരന്മാരാണ്. ഇവരുടെ പൂർവ്വീകനായ ബുധവർമ്മൻ ഒന്നാം ചാലൂക്യകുബ്ജവിഷ്ണുവിന്റെ കീഴിൽ, പർവ്വതാപരമഹിയിൽ 70 ഗ്രാമം നേടിയിരുന്നു. ബുധവർമ്മന്റെ പിൻഗാമി കളെ ഗിരിപശ്ചിമശാസനരെന്നാണ് വിളി ച്ചിരുന്നത്. (തെലുങ്കിൽ കൊണ്ടപ്പടുമതി). ഇവരിൽ 2 പേർ കുലോത്തുംഗചോളദേ വന്റെ പദാനുധ്യായികളെന്ന് സ്വയം വിളി ച്ചിട്ടുണ്ട്. (കിഴക്കൻചാലൂക്യ കുലോത്തും ഗ 2) ശകം 1057ൽ കൊണ്ടപ്പടുമതി ബുധ രാജാ രാജരാജന്റെ സാമന്തനാണ്. വേലനാ

ട് പൃഥ്വീശ്വരനും അദ്ദേഹത്തിന്റെ സാമന്ത നാണ്.
വേലനാടികളെപ്പോലെ കിഴക്കൻചാലൂക്യരുടെ സാമന്തരായിരുന്ന നാടേ ന്ദലു മുഖ്യന്മാരിൽ ഒരാളുടെ മകളാണ് ജയാംബിക. ശ്രീപിത്താപുരത്തെ കുന്തി മാധവക്ഷേത്രം അവർ നിർമ്മിക്കയോ പുനരുദ്ധരിക്കയോ ചെയ്തു. വിശാഖപട്ടണം താലൂക്കിലെ ശ്രീസിംഹാ ചലത്ത് (ശ്രീസിംഹപുരി) വിഷ്ണുവിന്റെ സ്വർണ്ണവിഗ്രഹം പ്രതിഷ്ഠിച്ചതും ജയാം ബികയാണ്. മകനായ പൃഥ്വീശ്വരന്റെ കാലത്താണ് വിജയാംബികയുടെ ദാനങ്ങ ൾ. കുലോത്തുംഗചോള 1ന്റെ മരണശേഷം വേലനാടി മുഖ്യന്മാർ പടിഞ്ഞാറൻ ചാലൂക്യ വിക്രമാദിത്യ ആറാമനെയാണ് സേവിച്ചിരുന്നത്. എന്നാൽ 15ആം രാജാ വായ ഗോങ്ക 2 തന്നെ ചാലൂക്യരാജ്യഭവന മൂലസ്തംഭമെന്ന ബിരുദം വഹിച്ചിരുന്നു. ഈ ലിഖിതം വേറെ ഒരു പ്രധാനകാര്യം പറയുന്നുണ്ട്. ചാലൂക്യവിമലാദിത്യദേവൻ കുഡ്യ

വർമ്മൻ 2വിന് ഗുഡ്രവാരം കൊടുത്തു. വിമലാദിത്യന്റെ മകനായ രാജരാജൻ സൂര്യകുലത്തിലെ രാജേന്ദ്രന്റെ മകളായ അമ്മങ്കയാംബയെ വിവാഹം ചെയ്തു. ഇവരുടെ മകനാണ് കുലോത്തുംഗചോഢ ദേവനെന്നും അദ്ദേഹത്തിന്റെ മകനാണ് വീരചോഡനെന്നും പറയുന്നു. മാത്രമല്ല, തനിക്ക് ലഭിച്ച വെങ്കിമണ്ഡലം കുലോ ത്തുംഗൻ വീരചോഡനു കൊടുത്തു എന്നും.

പടികന്റെ തക്ഷശില പ്ലേറ്റ്

തക്ഷശിലയുടെ വടക്കുകിഴക്ക് ശീര്സുഖ് എന്ന ഇടിഞ്ഞുപൊളിഞ്ഞ പുരാതനസ്ഥലത്താണ് തുപ്പ്കിയഗ്രാമം. അവിടെ നിന്നാണ് ഈ പ്ലേറ്റ് കിട്ടിയത്. മഥുര സിംഹസ്തംഭത്തിലുള്ളതിനോട് സദൃശമായ ഖരോഷ്ടിലിപിയാണ്. ഭാഷ വടക്കു പടിഞ്ഞാറൻ ഗാന്ധാരത്തിലെ പ്രാകൃത മാണ്. ദന്ത്യം, ഔഷ്ഠ്യം, അനുനാസികം, അനുസ്വാരം ഇവ ഉണ്ട്.(ഇവ

മഥുരയിലെ ലിഖിതത്തിലില്ല). ശാക്യമുനിയുടെ ഒരു ശരീരഭാഗം ക്ഷേമ എന്ന സ്ഥലത്ത് (ശീർസു ഖ്) സ്ഥാപിക്കാനും അവിടെ സംഘാരാമം ഉണ്ടാക്കാനുമാണ് ലിഖിതം. ല്യാക കുശല കപുത്രനായ പടിക കുശലകനാണ് ഇത് ആദ്യം സ്ഥാപിച്ചത്. ഇദ്ദേഹം തന്നെയാണ് മഥുരയിലെ സിംഹസ്തംഭം സ്ഥാപിച്ച തും. മഥുര ലിഖിതത്തിലെ സുദാസനും പടികനും അവരുടെ പിതാക്കന്മാരായ രാജുവുല(രംജുവുല), ല്യാക എന്നിവരും സമകാലീനരാണ്. കങ്കാളിതിലയിലെ സുദാസന്റെ ലിഖിതം 72ആം വർഷമാണ്. തക്ഷശില പ്ലേറ്റിലെ പടികന്റേത് 78ആം വർഷവും. കണ്ണിങ്ങാമും ഭഗവാൻലാലും ഇവർ ശകന്മാരാണെന്ന് പറയുന്നു. ഛഹര, ചുക്ഷ എന്ന് 2 സ്ഥലം ല്യാക ഭരിച്ചിരുന്നു.തക്ഷശിലയുടെ ചുററും ഉള്ള പ്രദേശം അദ്ദേഹത്തിന്റേയായി രുന്നു. ഭഗവാൻലാൽ കുജുല കാഡ്ഫി സസ് എന്ന പദത്തെ കുശലനെന്ന് വായി

ക്കുന്നതാവാമെന്ന് പറയുന്നു. ചുക്ഷ ഭരിക്കുന്നതിനാൽ സിന്ധുനദീതീരം വരെ സാമ്രാജ്യം വ്യാപിച്ചിരുന്നതായി കണ ക്കാക്കുന്നു അദ്ദേഹത്തിന്റെ ഭരണം മോഗയുടെ കീഴിലാണെന്ന് പറയുന്നത് ശ്രദ്ധേയമാണ്. മോവ അഥവാ മാവൂസ് (മൂഷക) വംശമാണ് ഇതെന്ന് കണ്ണിങ്ങാം പറയുന്നുണ്ട്. ബിസി 100നു മുമ്പ് ഇന്ത്യ ഭരിച്ചിരുന്ന ബാർബാറിക്ക് വംശക്കാര നെന്ന് രാജുവുലയെ നാണ്യങ്ങളിലെ തെളിവു വെച്ച് ബ്രിട്ടീഷുകാർ വിചാ രിച്ചു.

ഇവിടെ എനിക്ക് തോന്നുന്നത് ശതക ർണ്ണിമാരെയാണ് ഈ നാമമെല്ലാം സൂചി പ്പിക്കുന്നതെന്നാണ്. ഗൌതമിപുത്രശത കർണ്ണി ഭീമൻ (വീമൻ) കാഡ്ഫിസസ് എന്ന് അറിയുന്നുണ്ട്. എഴുമുല ചന്ദവുല എന്ന ആന്ധ്രശതകർണ്ണിയുടെ നാമം പോ ലെ രാജുവുല എന്ന നാമം കാണുന്നു. ഇവരെല്ലാം മൂഷകവംശരാജാക്കന്മാരുടെ

കീഴിലായിരുന്നു എന്ന് ഇന്ത്യാചരിത്രം പറയുന്നുമുണ്ട്.

വരി 1. സംവത്തരയേ അത്തസതതിമേ 20 20 10 4 4 മഹാരായസ മഹന്തസ മോഗസ പ (........എമസ) മസസ ദിവസോ പഞ്ചമേ 4 ഏതയോ പൂർവ്വയോ ഛഹര

വരി 2 . ചുക്സസ ച ഛത്രപസ ല്യാക്കോ കുസുലകോ നാമ തസ്യ പുത്രോ പ(ട്രിക) തക്കശിലയേ നഗരേ ഉത്തരേണ പ്രാചുദേശോ ഛേമ നാമ അത്ര

വരി 3. സേ പടീകോ അപ്രതിഥവിത ഭാഗവതശാകമുനിസ ശാരീരം തിഥവേതി സംഘാരാമം ച സർവ്വബുധന പുണ്യേ മാതാ പിതരാം പുണ്യായതോ

വരി 4.ഛത്രപസോ സപുത്രദരസ ആയു ബലവർദ്ധീ ഭ്രാതര സർവ്വത്ര നാടിക (ബൻ)...ധവസ ച പുയയന്തോ മഹാ ധനപതി പടികസ ജൌ വനേ

വരി 5 രോഹിണീപുത്രേന യ ഇമാഹി സംഘാരാമേ നവകമിക

വരി 6 (മറുപുറം) പടികസ ഛത്രപലിയക

മോഗന്റെ 78ആം ഭരണവർഷം (രുദ്രദാമ ലിഖിതത്തിലെ രുദ്രനാമ്ന വർഷെ ദ്വിസ പ്തതിതമേ .സംവത്സരയേ അഷ്ടശതിതമേ എന്നതിനോട് താരതമ്യം) പനേമമാസം 5ആം ദിനം ഛഹര, ചുക്സ്കക്ഷത്രപ ല്യാക്ക കുശലകന്റെ മകൻ പടികൻ, തക്ഷശിലയുടെ വടക്കുകിഴക്ക് ക്ഷേമത്തിൽ ,ശകമുനിയുടെ ശരീരഭാഗം സ്ഥാപിച്ച സ്ഥലത്ത് സംഘാരാ മം ഉണ്ടാക്കി. സർവ്വ ബുധന്മാർക്കും മാതാ പിതാക്കൾക്കും ക്ഷത്രപർക്കും പുത്രപൌ ത്രാദികൾക്കും ഭ്രാതാക്കൾക്കും നാടിനു മുഴുവനും പുണ്യവും ആയുസ്സും ബലവും ഉണ്ടാവാനായി മഹാധനപതിയായ പതിക ൻ. (പടികനല്ല പതിയാണെന്ന് പതികൻ) ധനപതിയിലെ തകാരം നോക്കി മനസ്സിലാ ക്കണം. അതായത് മകനാണ് ഇവിടെ ല്യാക്കന്റെ മഹാ ധനപതി (ഭണ്ഡാരം സൂ ക്ഷിക്കുന്നവൻ).

രോഹിണീപുത്രനാണ് ലിഖിതം രേഖപ്പെടുത്തുന്നത്. ചോഷ്ക എന്നത് സൈന്ധവം അഥവാ സിന്ധുദേശ ത്തെ കുതിരയെയാണ്. ഇത് ഇവിടെ സി ന്ധുനദീതീരത്തെ ഒരു സ്ഥലനാമമായി പറയുന്നത് അവിടെ അത്തരം കുതിരക ളുണ്ടായിരുന്നെന്ന് കാണിക്കുന്നു.

സലോത്കി സ്ംഭലിഖിതങ്ങൾ:-

ബീജാപൂരിലെ ഇന്തി താലൂക്കിലെ ഇന്ദിക്ക് 6 മൈൽ തെക്കുകിഴക്കാണ് സാലോത്ഗി. ചന്ദി എന്നാണ് ഇന്തി എന്നല്ല ഇപ്പോളത് അറിയുന്നത്. തൂണി ന്റെ നാലുഭാഗവും ലിഖിതമുണ്ട്. ആദ്യമുഖം 32 വരി നാഗരി 5 വരി പഴയ കന്നഡ. രണ്ടാംമുഖം 30 വരി നാഗരി, 8 വരി പഴയ കന്നഡ. മൂന്നാം മുഖം 21 വരി നാഗരി, 4 വരി പഴയ കന്നഡ .നാലാം മുഖം 36 വരി പഴയ കന്നഡലിപി. ആകെ 86 വരി നാഗരി. ഭാഷ സംസ്കൃതം.

ശകം തുടങ്ങി 867 വർഷം പ്ലവഗവർഷം പരമേശ്വരഅമോഘവർഷപുത്രൻ

അകാല വർഷദേവൻ മാന്യഖേദത്തിലിരിക്കേ (കൃ ഷ്ണ 3)കർണ്ണപുരിജില്ലയിലെ പവിത്താ ഗേ ഗ്രാമത്തിൽ മഹിഷജില്ലയിലെ കാഞ്ചനമു ഡുഗോൽ ഗ്രാമക്കാരനും കൌണ്ഡിന്യ   ഗോത്രക്കാരനുമായ ദാമപാര്യപുത്രൻ നാരായണൻ (കാണ്വശാഖ, വാജസനേയം) ഇവിടെ തന്റെ വിദ്യാഭ്യാസസ്ഥാപനമായ ശാല പണിതു, ഗജാങ്കുശനെന്നാണ് അദ്ദേ ഹത്തിന്റെ മറ്റൊരു പേര്. അദ്ദേഹം കൃഷ്ണരാജന്റെ മന്ത്രിയാണ്. കവിയും രാജ്യതന്ത്രജ്ഞനും സന്ധിവിഗ്രഹിയുമാ ണ്. സാക്ഷാൽ നാരായണനെപ്പോലെയുള്ള അദ്ദേഹം ഇവിടെ നിർമ്മിച്ച ശാല ബ്രഹ്മാവിന്റെ മനോവതിപോലെയായി രുന്നു. ഇവിടെ സകലദേശങ്ങളിലും നിന്ന് വിദ്യാർത്ഥികൾ വന്ന് പഠിച്ചു. അവരു ടെ വിദ്യാഭ്യാസവും ഭക്ഷണവും സൌജ ന്യമായിരുന്നു.

കാശ്യപഗോത്രം വാജസനേയപ്രവരം കാണ്വശാഖ ഗോവിന്ദഭട്ടപുത്രനായ ചക്രാ യുധബുധനാണ് പവിത്തഗേമുഖ്യൻ. ജ്ഞാ നിയും

വാഗ്മിയും അഗ്നി പാലിക്കുന്നവ നും സത്യസന്ധനും കരുണാവാനുമായി രണ്ടാം പരാശരനെപ്പോലെ അദ്ദേഹം ശോഭിച്ചിരുന്നു. ശകം 867 പ്ലവംഗകവ ർഷം ഭാദ്രപാദം അമാവാസി സൂര്യഗ്രഹണത്തി ന് സൂര്യൻ ഉച്ചസ്ഥാനത്തെത്തിയപ്പോൾ, അദ്ദേഹം ഗോദാവരീതീരത്ത് ഒത്തുചേർന്ന 200 ദ്വിജമുഖ്യരോടൊത്ത് നദിയിൽ സ്നാനം ചെയ്ത്, പവിത്തഗേയിലെ 500 നിവർത്തനം അവർക്ക് കരമൊഴിവായി ദാനം ചെയ്തു. 27 ഗൃഹങ്ങളും പുഷ്പ വാടികക്ക് 4 നിവർത്തനം ഭൂമി യും 12 നിവർത്തനം ദീപത്തിനും ദാനം ചെയ്തു. ശാലയിലെ പണ്ഡിതരായ അദ്ധ്യാപകർക്ക് ബ്രാഹ്മണർ വിവാഹം മുതലായ വിശേഷാ വസരത്തിൽ നല്ല ലോഹം കൊണ്ടുണ്ടാക്കി യ 5 പുഷ്പം വിളക്കിന് കൊടുക്കേണ്ടതാ ണ്. പുഷപം ലോഹനാണ്യമായിരിക്കണം. വിവാഹത്തിനു കൊടുക്കുന്നതിന്റെ പകു തി ദക്ഷിണ ഉപനയനം,അതിന്റെ പകുതി കുടുമ മുറിക്കൽ,ഇങ്ങനെ

കൊടുക്കണം. ശാലയിലെ ഭോജനശാലയിൽസൌജന്യഭക്ഷ ണം സഭയിലുള്ളവർക്ക് ലഭിക്കും. ശാല യിലെ ഗുരുക്കന്മാർക്ക് 50 നിവർത്തനം ഭൂമിയും ഗൃഹവും ദാനം ചെയ്തു. (ഗോ വിന്ദഭട്ടനെന്നും ഗോവിന്ദബുധനെന്നും വിളിക്കുന്നതിനാൽ, ചക്രയുധബുധനെയും ചക്രായുധഭട്ടനെന്ന് വിളിക്കാവുന്നതാണ്.)

1,2,3 മുഖത്തുള്ള കന്നഡലിപി കന്നഡ ഗദ്യമാണ്. ഇത് 11ആം നൂറ്റാണ്ടിലേതാ ണെന്നും ഒന്നാം മുഖത്തിലെ നാഗരി ക്കും 4ആം മുഖത്തിലെ കന്നഡലിപി ക്കും ഇടയിലുണ്ടായതാണെന്നുമാണ് അഭിപ്രായം. കൂപണപുരം സുന്ദരികളാ യ സ്ത്രീകൾക്ക് പ്രസിദ്ധി ആർജ്ജിച്ച താണ്.

പവിത്തഗേ അഗ്രഹാരത്തിലെ ശാലയി ലെ ത്രയീപുരുഷനാണ് ദാനം ചെയ്തിരി ക്കുന്നത്. ത്രയീപുരുഷനെ പ്രതിഷ്ഠിച്ചത് നാരായണനാണ്. മഹാമണ്ഡലേശ്വര ഗോവുനരശ ജീമൂതവാഹനവംശജരായ

ശീലഹരന്മാരുടെ വംശമാണ്. സ്വർണ്ണഗരുഡനാണ് ചിഹ്നം.നൃപതുംഗന്റെ കവിരാജമാർഗ്ഗപ്രകാരം, കൂപനഗരം അഥവാ കോപനപുരം ഏറ്റവും വിശുദ്ധമായ കർണ്ണാടകം സംസാരിക്കുന്ന സ്ഥലമാണ്. കിസുവൊലാൽ പട്ടാടക്കലും, പുലിഗേരേ ലക്ഷ്മീശ്വരും ഒങ്കുണ്ട ഹുങ്കുണ്ടും ആണ്. (ധാർവാഡ് ബീജാപ്പൂർജില്ലകളിൽ). ശീലഹരന്മാരുടെ മൂന്നു ശാഖ തകരപുരത്താണ്. കൂപനപുരം നാലാമത്തെ ശാഖയുടെ സ്ഥാനമാണ്.

സമധിഗതപഞ്ചമഹാശബ്ദമഹാമണ്ഡലേശ്വരം കോപനപുരവരാധീശ്വരം സുവർണ്ണഗരുഢധ്വജം വിമലകീർത്തിധ്വജം
ശ്രീസില ഹരനരേന്ദ്ര
ജീമൂതവാഹനാന്വയപ്രസൂതം
സൌര്യരഘുജാതം
സിലഹാരകുലാകമലം ആരിതന്തം
നെരവൊദേഗന്ധകാത്യായനീ
ലബ്ധവരപ്രസാദം കസ്തൂരികാമോദ
മന്നേയവല്ലഭം ഭയലോഭദുർല്ലഭം
മുനിവരാദിത്യശനിവരസിദ്ധി
ധനഗണസിങ്കം സാഹസോത്തുംഗം
നാമാദിസമസ്തപ്രശസ്തിസഹിതം
ശ്രീമന്മഹാമണ്ഡലേശ്വരം ഗോവുനരശർ

36ഉം ബാദലേ ബലിയ അഗ്രഹാരം പവിത്തകേയ ശാലേയ ത്രയീപുരുഷദേ വർഗ്ഗേയല്ലിയ കൊടിഗേയോല്ലഗേ തംബലക്കോലാലിന്നൂരു മത്തരു കെയ്യു മഗൌക്കോലലു ബലംബുഗൈർമത്തരു നെലുനു മകിരിയിന്തിയ സിങ്കണക്കാട്ടേ യലു കിരിയകോലലു മൂരു മത്തരു ഗൽദേയമും ബിത്തർ. ആ മൂരു മത്തരു ഗൽദേയോലുഗേ തിസ്സലദന്തക്കേ ഗൽദേ മത്തരു . മംഗലമഹാശ്രീ ശ്രീ ശ്രീ

ശിലഹരവംശത്തിലെ സൂര്യനെപ്പോലെ, രഘുവംശത്തിലെ രാമനെപ്പോലെയുള്ള ശിലഹരവംശത്തിലെ രാജാവിനെ ഇവി ടെ കീർത്തിക്കുന്നു. കാത്യായനീവരപ്ര സാദം അദ്ദേഹത്തിന് സ്വാഭാവിമായ മൃഗമദഗന്ധം കൊടുത്തിരിക്കുന്നു. ശാല യിലെ ത്രയീപുരുഷന് അദ്ദേഹം ബാദലേ യിലെ 36 ഗ്രാമവും കൊടുത്തു. തംബലക്കോലു കൊണ്ട് അളന്ന 200 മാത്തർ കൃഷിയിടം കരമൊഴിവായി, മഗൌ കോലുകൊണ്ട് അളന്ന 2 മാത്തർ നിലം ബലംബുഗേയിൽ, കിരിയ(ചെറിയ) കോലുകൊണ്ട് അളന്ന നാലു മത്തർ കൃഷിനിലം മകിരിയന്തിക്ക് അടുത്തുള്ള

ശിങ്കനക്കട്ടേയിൽ. മൂന്നുമത്തർ കൃഷിയിട ത്തിലെ ഒരു മത്തർ തിസ്സലദന്തേക്കാണെ ന്നു പറയുന്നു. തംബല എന്ന് പറയുന്ന ത് തമിഴ് എന്നതിന് പഴയ കന്നഡത്തിൽ പറയുന്നതാണ്. (ഏറ്റവും വലിയ കോലായി ഇതിനെ പറയുന്നു)

ചോളരാജാക്കന്മാരുടെ കാലം

ഈ ലിഖിതങ്ങൾ എപ്പിഗ്രാഫിക്ക കർണ്ണാട്ടിക്ക യിൽ പ്രസിദ്ധീകരിച്ചശേഷം എപ്പിഗ്രാഫിക്ക ഇൻഡിക്ക നാലാം വാല്യത്തിലും പ്രസിദ്ധീക രിച്ചിട്ടുണ്ട്. ആദ്യത്തെ 3 രാജരാജചോളകാല ത്താണ് . ആദ്യത്തേത് വടക്കേ ആർക്കോട്ട് ജില്ല തിരുവല്ലത്ത് ഭുവനേശ്വര ക്ഷേത്രത്തിലാണ്.

സ്വസ്തിശ്രീ കോ രാജരാജകേസരിവർമ്മർക്കു ..യാണ്ടു 7ആവതു......ഇവ്വാത്തെ ഐപ്പശി ത്തിങ്കൾ പൌണമാസിയും ഇരേവതിയും പെറ്റ വിഷുവിൽ സോമഗ്രഹണത്തിനന്റു

രാജരാജന്റെ 7ആം ഭരണവർഷം ഐപ്പശിഉ ത്സവം (തുലാസംക്രമം) തിങ്കളാഴ്ച, പൌർണ്ണമി, രേവതിനക്ഷത്രം ഇവയോടു കൂടിയ വിഷുവിന് (തുലാവിഷുവം)

സോമഗ്രഹണദിനത്തിൽ എന്നാണ് ലിഖിതം. ഐപ്പശിയിലെ തുലാസം ക്രമം കാവേരീസംക്രമമാണ്. അന്ന് കാവേരിയിൽ ഏറ്റവും വലിയ ഒഴുക്കാണ്. പിതൃശ്രാദ്ധദി നമായ അന്ന് സോമഗ്രഹണം രാജരാജദേവന്റെ ഈ ലിഖിതം ഉള്ളത് ശ്രദ്ധേയമാണ്. അദ്ദേഹത്തി ന്റെ കിരീടധാരണം കഴിഞ്ഞ് 7ആം വർഷമാണ് ഇത്. എഡി 991ലും 1010ലും ഇപ്രകാരമുള്ള ചന്ദ്രഗ്രഹണം ഉണ്ടായിട്ടുണ്ടെങ്കിലും 991ലേതാ ണ് ഇന്ത്യ മുഴുവനും ദൃശ്യമായിരുന്നത്. അതി നാൽ എഡി 991 സപ്തംബർ 26 എന്ന് അഭിപ്രാ യം. ഐപ്പശി ഉത്സവം ഇന്നും തിരുവനന്തപുരം പത്മനാഭസ്വാമിക്ഷേത്രത്തിൽ മുറ തെറ്റാതെ നടക്കുന്നു. അതിനാൽ രാജരാജചോളാദികൾ അനുഷ്ഠിച്ച ആചാരങ്ങളെന്തെല്ലാമെന്ന് നമുക്ക് ഗ്രഹിക്കാം.

തിരുമക്കുടിലു നരസിപൂർ താലൂക്കിലെ കളിയൂ ർഗ്രാമം ഗോപാലകൃഷ്ണസ്വാമിക്ഷേത്രത്തിന്റെ ത്തരത്തിന്മേൽ പിടിപ്പിച്ച കല്ലിലാണ് രണ്ടാം ലിഖിതം.

സ്വസ്തിശകനൃപകാലാതീതസംവത്സരശ തംഗ 929നേയ പരാഭവസംവത്സരദ

ചൈത്രമാസദ ബഹുലപഞ്ചമിയും ആദിത്യവാരദാണ്ടു.

ശകം 929 പരാഭവവർഷം ചൈത്രമാസം ബഹു ലപഞ്ചമിക്ക് ആദിത്യവാരം. 10 ഏപ്രിൽ 1007-8 ആണ് ഈ ദിനം. (മേഷവിഷുവം). തുലാവിഷുവ വും മേഷവിഷുവവും രാജരാജന്റെ കാലത്ത് ആചരിച്ചിരുന്നു എന്ന് സാരം.

മൂന്നാം ലിഖിതം ശ്രീരംഗപട്ടണം താലൂക്ക് ബല ഗുള ഹോബിലി ബാൽമുറിയിലെ അഗസ്ത്യീശ്വ രക്ഷേത്രത്തിന്റെ പടിഞ്ഞാറേ ചുമരിന് സമീപ മുള്ള ശിലയിലാണ്.

ശകവരിഷ 934നേയ പരിദാവിസംവത്സരക്കേ ശ്രീരാജരാജദേവർക്കേ യാണ്ടു ഇരുപത്തൈന്താ വു ....തദ് വരിഷദ പൌഷമാസ .....രായണസംക്രാന്തിയോൽ

ശകവർഷം 934ൽ രാജരാജന്റെ 25ആം ഭരണവ ർഷത്തിൽ പരിദാവിവര്ഷം ഉത്തരായനസംക്രാ ന്തി പൌഷമാസം .രണ്ടാമത്തെ ലിഖിതം കഴി ഞ്ഞ് 5 വർഷത്തിനു ശേഷമാണ് ഈ ലിഖിതം. എഡി 1012 ഡിസംബർ 23 എന്ന് കണക്കാക്കുന്നു.

ഈ മൂന്നു ലിഖിതങ്ങളിൽനിന്ന് എഡി 984ൽത ന്നെ രാജരാജന്റെ കിരീടധാരണം നടന്നിട്ടുണ്ട് എന്ന് തെളിയുന്നു.

കിരീടധാരണശേഷം രണ്ടാം വർഷത്തിലാണ് (986) ഉടൈയാർക്കുടി ലിഖിത ത്തിൽ അദ്ദേഹം ആദിത്യകരികാലന്റെ കൊലയാ ളികളായ ആന്ധ്രബ്രാഹ്മണരെ ശിക്ഷിക്കുന്നത്.

എഡി 991, എഡി 1007, എഡി 1012 ഇവകളിലെ യാണ് ഇവിടെ പറഞ്ഞ മൂന്നു ലിഖിതം. 1012ൽനിന്ന് 25 വർഷം പിന്നിലേക്ക് പോയാൽ എഡി 987 ആണ് കിട്ടുക. എഡി 984 മുതലാണ് കൂട്ടുന്നതെങ്കിൽ 1009 ആണ് 25ആം വർഷം. ഈ മൂന്നു വർഷം വ്യത്യാസം കരികാലചോളനുശേ ഷമുള്ള 3 വർഷത്തെ വ്യത്യാസമായിരിക്കണം. അദ്ദേഹം മരിച്ച് രണ്ടു വർഷം കഴിഞ്ഞാണ് രാജരാജൻ ചക്രവർത്തിയായത്. എന്നാലും ആ വർഷങ്ങളും അദ്ദേഹത്തിന്റെ ഭരണകാലമായി കണക്കാക്കിയിരിക്കണം.

രാജേന്ദ്രചോളലിഖിതം

നഞ്ചനഗുണ്ട താലൂക്ക് ഹദിനാറു ഹോബിലി നന്ദിഗുണ്ടയിലെ മല്ലേദേവക്ഷേത്രത്തിനു മുന്നിലെ

പൊട്ടിയ ശിലയിൽ.

ധര ശകവരിഷം 943നേയ രൌദ്രസംവത്സരദ ഫാൽഗുനമാസദ

ശുക്ലപക്ഷം ബുധവാരം പുന്നമേ ഉത്തരോ നക്ഷത്രം സോമഗ്രഹണദാണ്ടു.

ശകം 943, രൌദ്രസംവത്സരം ഫാൽഗുനമാസം ശുക്ലപക്ഷം ബുധനാഴ്ച, പൌർണ്ണമി ഉത്രം നക്ഷത്രം സോമഗ്രഹണം ചേർന്നുവന്ന ദിവസം. ഇത് എഡി 1021ലാണ്.

നഞ്ചംഗുഡിതാലൂക്ക് തായൂരുഹോബിലി ,സുത്തൂരിലെ സോമേശ്വരക്ഷേത്രത്തിന്റെ വടക്കുവശത്തുള്ള കല്ലിൽ.

പൂർവ്വദേശമും ഗംഗേയും കടാരമും കൊണ്ട കോപരകേസരിവർമ്മനാന ഉടയാർ ശ്രീരാജേന്ദ്രചോളദേവർഗ്ഗേ യാണ്ടു 31ആവതു സ്വസ്ഥി! ശകവർഷ 954 നേയ ആംഗിരസംവത്സ രദ കാര്ത്തികമാസ...ളണം തലേ ദേവസം ആഗേ ബിഡിഗേ സോമവാര രോഹിണിനക്ഷത്രദൽ ഉടയാർ ശ്രീരാജേന്ദ്രദേവ ഗുരുക്കൾ .....

ഇതിൽ കിഴക്കും പടിഞ്ഞാറും (ഗംഗ)കടാരവും ജയിച്ച എന്ന പ്രശസ്തി ഉണ്ട്. ശകം 954 അദ്ദേഹ ത്തിന്റെ 31ആം ഭരണവർഷമാണ്. 1032 ഒക്ടോ ബർ 23 എന്ന് കണക്കാക്കിയിരിക്കുന്നു. ഇത് 31ആം ഭരണവർഷമാണെങ്കിൽ ഭരണം 24 ഒക്ടോബർ എഡി 1001നും 23 ഒക്ടോബർ എഡി 1002നും ഇടയിൽ

ആരംഭിച്ചിരിക്കണം. എന്നാൽ അക്കാലത്ത് (ചുരുങ്ങിയത് 1012 വരെ) രാജരാജനാണ് ഭരിക്കുന്നതെന്ന് നേരത്തേ പറ ഞ്ഞു. അതിനാൽ 31ആം ഭരണവർഷമെന്നത് ശരിയാവുകയില്ല.

കുലോത്തുംഗചോള 1

നഞ്ചൻഗുഡി താലൂക്ക് കലലേ ഹോബിലി സിന്ധുവാടി ശങ്കരേശ്വരക്ഷേത്രം വടക്കേ ചുമരിനടുത്ത് നാട്ടിയ കല്ലിൽ.

സ്വസ്തിശ്രീ ശാകരായ് ആണ്ടു ആയിരത്തു മുപ്പതു പെററ ദ്വയസംവത്സരത്തു ശ്രീകുലോ ത്തുംഗചോളദേവർ പൃഥിവിരാജ്യത്തു യാണ്ടു മുപ്പത്തേളാവതു

കുലോത്തുംഗന്റെ 37ആം ഭരണവർഷം ശകം 1030. അപ്രകാരമെങ്കിൽ അദ്ദേഹത്തിന്റെ ആദ്യഭരണവർഷം ശകം 992 (എഡി 1070-71)ആവണം.

തെക്കേ ആർക്കോട്ട് ചിദംബരം നടരാജക്ഷേത്ര ത്തിലെ ലിഖിതം ഇപ്രകാരമാണ്ഃ-സ്വസ്തിശ്രീ ത്രിഭുവനചക്രവർത്തികൾ ശ്രീകുലോത്തുംഗ ചോളദേവർ തിരുത്തക്കൈയാർ രാജരാജൻ കുന്തവൈ ആൾവാർ ....നാ നിലത്തൈ മുലുദ് ആണ്ട ജയധരർക്കു നാർപ്പത്തുനാള് ആണ്ടിൽ

മീനനിഗൾ ഞായിറ്റു വെള്ളി പെറ്റ ഉരോശനിനാൾ ഇടബം പോടാൾ

നാലുദിശയും ഭരിക്കുന്ന ജയധരന്റെ 44ആം വർഷം ഇടവം രോഹിണി വെള്ളിയാഴ്ച ്മീനരാശി ഉദിക്കുമ്പോള്, രാജരാജന്റെ മകളും കുലോത്തുംഗചോളദേവന്റെ ഇളയ സഹോദരി യുമായ കുന്തവൈ ആൾവാർ കൊടുത്തത്.

രാജരാജന്റെ സഹോദരിയും മകളും കുന്തവൈ എന്ന നാമമുള്ളവരാണ്. ഇവിടെ മകളെയാണ് പറയുന്നത്. അതായത് രാജേന്ദ്രന്റെ സഹോദരി യാണ് കുന്തവൈ ആൾവാരെന്ന് പറയുന്നത്. കുലോത്തുംഗചോളദേവന്റെ സഹോദരി എന്നാ ണ് പറയുന്നത്. ഇതെങ്ങനെ എന്ന് ചോദിക്കുന്ന പക്ഷം, നമുക്ക് രാജരാജന്റെ സഹോദരി കുന്തവ യെ ഓർക്കേണ്ടിവരും.

രാജരാജന്റെ മകൾ കുന്തവൈ ചാലൂക്യവിമലാ ദിത്യനെ വിവാഹം ചെയ്തു. സഹോദരി കുന്ത വൈ രാജരാജനരേന്ദ്രനെന്ന വന്ദിയത്തേവനെ വിവാഹം ചെയ്തു. വന്ദിയത്തേവന്റെ അഛൻ ഭാഗത്തുനിന്നുള്ള അമ്മാമനായ വിജയാദിത്യൻ വെങ്കി അദ്ദേഹത്തെ ഏൽപ്പിച്ചു. രാജരാജനരേ ന്ദ്രനും കുന്തവൈ പിരാട്ടിയാർക്കും ഉണ്ടായ

മകനാണ് കുലോത്തുംഗരാജേന്ദ്രചോളൻ. ഇദ്ദേ ഹം വളരെക്കാലം മുമ്മുടിച്ചോളനായി ചോള ചാലൂക്യസിംഹാസനങ്ങളെ ഭരിച്ചു. രാജരാ ജനരേന്ദ്രനു (വന്തിയത്തേവ)ശേഷം ഇദ്ദേഹവും രാജേന്ദ്ര 1 ന്റെ മകളായ കുന്തവൈയുടെ മകൻ വിജയാദിത്യനും കൂടി വെങ്കി സിംഹാസനത്തി നു വേണ്ടി അവകാശത്തർക്കം വന്നു. കുലോ ത്തുംഗചോ ളൻ രാജേന്ദ്ര 1ന്റെ മകളെയാണ് വിവാഹം ചെയ്തിരുന്നത്. ഇപ്രകാരം കുലോ ത്തുംഗദേവന് രണ്ടു വിധവും (മാതൃ, പിതൃ) കുന്തവൈ സഹോദരിയാണ്.

തഞ്ചാവൂർ ജില്ല ആലങ്കുടി ആപസ്സഹായേശ്വ രക്ഷേത്രം ലിഖിതം

സ്വസ്തിശ്രീ പുഗ...സുണ്ട ...കോ രാജകേസരിവ ർമ്മരാന ത്രിഭുവനചക്രവർത്തി ശ്രീകുലോത്തും ഗചോളദേവർക്കു യാണ്ടു 45ആവതു തുലാഞാ യിറ്റു പൂര്വ്വപക്ഷത്തു വിയാളക്കിളമൈയും സപ്തമിയും പെറ്റ ഉത്തിരത്തും നാൾ

നഞ്ചംഗുഡി എച്ചിനഹള്ളി ഗ്രാമത്തിലെ വയലി നു നടുവിലുള്ള ജീർണ്ണിച്ച സോമേശ്വരക്ഷേത്ര ത്തിലെ ശിലാലിഖിതം.

സ്വസ്ഥിശ്രീ കുലോത്തുംഗചോളദേവരു പൃഥ്വീരാജ്യം ഗെയ്യേ ശകവരിഷം 1035 നേയ ജയസംവത്സരദ പാൽഗുനമാസദ അപരപക്ഷം പാദിവ ആദിത്യവാരം ഹസ്തം നക്ഷത്രം

ഇത് എഡി 1114 ഫെബ്രുവരി 22 ഞായറാഴ്ച യാണ്. അതായത് 1112ൽ കുലോത്തുംഗദേവ 1 ന്റെ ഭരണം അവസാനിച്ചിട്ടില്ല.

വിക്രമചോളഃ-

തഞ്ചാവൂരിലെ തിരുവാരൂർ ത്യാഗരാജക്ഷേത്ര ത്തിലെ ലിഖിതം.

സ്വസ്ഥിശ്രീ പൂമാലൈ മിതൈന്തു............ ..കോപ്പരകേസരിവർമ്മനാന ത്രിഭുവനചക്രവ ർത്തിഗൾ ശ്രീവിക്രമചോളദേവർക്കു യാണ്ട് ഐന്താവതു മിഥുനഞായിറ്റു പൂർവ്വപക്ഷത്തു സപ്തമിയും ഞായിറ്റുക്കിളമൈയും അത്തമുമാന നാൾ മുന്നൂറ്റുനാർപ്പടിനാൾ

വിക്രമചോളന്റെ 5ആം ഭരണവർഷം 340ആം ദിവസം. മിഥുനം ഞായറാഴ്ച പൂർവ്വപക്ഷ സപ്തമി, ഹസ്തം നക്ഷത്രം .

ശിലാദിത്യ 2 ലുൻസഡി പ്ലേറ്റുകൾ ഗുപ്തസംവത് 350

കത്തിയവാറിലെ ഗോഹിൽവാദപ്രാന്തത്തിലെ മാഹുവാ പർഗാനയിലെ ലുൻസഡി ഗ്രാമത്തി ലെ ഒരു ബ്രാഹ്മണൻ പശുവിനെ കെട്ടാനുള്ള കോലു തറക്കുമ്പോളാണ് കിട്ടിയത് .2 താമ്രപ ത്രം. കിടക്കുന്ന ഋഷഭം. വലത്തോട്ട് തിരിഞ്ഞ്. അതിനു താഴെ ശ്രീഭട്ടക എന്ന് എഴുതിയിട്ടുണ്ട്. തെക്കൻലിപിസാമ്യമുള്ള മറ്റു വലഭിഗ്രാന്റുക ളിലെ പോലുള്ള ലിപി.ഖേടകം (ഖേദ) എന്ന വിജയശിബിരത്തിൽ നിന്നാണ് ശാസനം പുറ പ്പെടുവിച്ചിരിക്കുന്നത്. ശിലാദിത്യ2 വരെയുള്ള വലഭിരാജാക്കന്മാരുടെ വംശാവലി തരുന്നുണ്ട്. പരമമഹേശ്വരനെന്ന നാമം ഉണ്ട്. മഹേശ്വരഭക്തനായ ശിലാദിത്യൻ എല്ലാവരോ ടുമായി ആജ്ഞാപിക്കുന്നു. മാതാപിതാക്കളുടെ ആത്മീയോന്നതിക്കായി, ദ്വീപത്തിൽനിന്ന് വന്നവരും ബ്രാഹ്മണനായ ധനപതിയുടെ പുത്രന്മാരും ദൌണ്ഡവ്യഗോത്രം, വാജസനേയം, ചതുർവ്വിദ്യാപണ്ഡിതരുമായ ഭട്ടി, ഈശ്വരൻ എന്നീ

ബ്രാഹ്മണസഹോദരന്മാർക്ക് സൌരാഷ്ട്ര
ത്തിലെ മധുമതിനദീദ്വാരത്തിലെ
ദേശേനകഗ്രാമം കൊടുത്തിരിക്കുന്നു.
കിഴക്ക് 55 പാദാവർത്തം വിസ്താരമുള്ള
വാപി, അതിന്റെ അതിർത്തിക ൾഃ കിഴക്ക്,
പിഞ്ചാകൂപികാവഹം, തെക്ക് ബ്രാഹ്മണ
ബാവന്റെ വയലും മല്ലതടാകവും,
പടിഞ്ഞാറ് ഗ്രാമവാസികൾക്ക് ജലം
കുടിക്കാനു ള്ള
കിണർ(ഗ്രാമനിപാനകൂപകം) വടക്ക്
മൂലവർമ്മപാതകഗ്രാമത്തിന്റെ
അതിർത്തി.

ദേശേനകത്തിന്റെ തെക്കുകിഴക്കേ
അതിർത്തി, 70 പാദാവർത്തകം അളവുള്ള
കൃഷിനിലമായ കവിത്ഥിക, കിഴക്കും
വിശാലപാതകഗ്രാമത്തി ന്റെ അതിർത്തി,
വടക്കും പടിഞ്ഞാറും വിശാല
പാതകഗ്രാമാതിർത്തി, , തെക്ക്
ശിവത്രാതൈജ്ജ ഗ്രാമം. വടക്ക് 90
പദാവർത്തമുള്ള ഉച്ചാ എന്ന
കൃഷിനിലവുമുണ്ട്. അതിന്ന് തെക്കും
കിഴക്കും
വിശാലപാതകഗ്രാമാതിർത്തിതന്നെയാ
ണ്. പടിഞ്ഞാറ് പിഞ്ചകൂപികാവഹം.
വടക്ക് തേരകരുടെ (സ്ഥവിര)
കൌത്തുംബവയലാണ്. കിഴക്കേ
അതിർത്തിയായി വേറെ 20 പദാവ ർത്തം
കൃഷിഭൂമിയും അതിന്ന് കിഴക്ക് മാനൈ

ജ്ജിക നദിയും. തെക്ക് ബപ്പകന്റെ ഉത്തമമായ കൃഷിഭൂമി. പടിഞ്ഞാറ് ബ്രാഹ്മണനായ സ്കന്ദ ന്ന് ബ്രഹ്മദേയമായി ലഭിച്ച ഭൂമി. വടക്ക് ഈശ്വ രന്റെ ഭൂമി.

ഉദകപൂർവ്വം മൂന്ന് കൃഷിഭൂമിയും തടാകവും വ്യക്തമായി അതിർത്തിയും നിവർത്തനവും നിശ്ചയിച്ച് ഉദ്രംഗ, ഉപരികര, ഭൂതവാതപ്രത്യ യങ്ങളോടെ ധാന്യം, സ്വർണ്ണം മുതലായ എല്ലാ വരവുകളോടും കൂടി, നിയമം തെറ്റിക്കുന്നവ രിൽനിന്ന് പിഴ ഈടാക്കാനുള്ള അവകാശത്തോ ടെ , ഇതിനുമുമ്പ് ക്ഷേത്രങ്ങൾക്കും ബ്രാഹ്മണ ർക്കും കൊടുത്ത ഭൂമിയിലൊഴികെ എല്ലാ അധി കാരത്തോടും വിട്ടുകൊടുക്കുന്നു. ആചന്ദ്രതാരം മലയും നദിയും ഭൂമിയും സമുദ്രവുമുള്ള കാലം വരെ പുത്രപൌത്രാദികൾക്കും വംശത്തിനും ഈ ദാനം അനുഭവിക്കാവുന്നതാണ്. ബ്രഹ്മദേ യനിയമങ്ങളനുസരിച്ച് എല്ലാവരും ഇത് പാലി ക്കണം. പാലിക്കാത്ത പക്ഷം ഉള്ള ഭവിഷ്യത്തു കളും പറയുന്നു.

ദൂതകൻ രാജപുത്ര ധ്രുവസേനനും ലിഖിതം എഴുതിയത് സന്ധിവിഗ്രഹി സ്കന്ദഭട്ടന്റെ മകൻ സന്ധിവിഗ്രഹി ശ്രീമദ് അനാഹിലനുമാണ്. വലഭി 350 (ഗുപ്ത) ഫാൽഗുനം കൃഷ്ണപക്ഷ തൃതീയ. ദ്വീപം

ഇപ്പോഴത്തെ ദ്യു (പോർത്തുഗീ സ്) ദേശേനകം സൌരാഷ്ട്രത്തിലെ സോറാത്ത്. മധുമതി നദി ഇപ്പോളത്തെ നിക്കോൾ ക്രീക്ക്. ശിവത്രാതൈജ്ജ ഇപ്പോളത്തെ സത്താര, മല്ലവാ പി ഇപ്പോളത്തെ കോശമല്ല. മാണൈജ്ജികനദി ഇപ്പോൾ ഉണങ്ങി കിടക്കുന്ന മാലൻ. ഗുപ്തസംവത് 350 എഡി 669-670 .

കണ്ണരദേവന്റെ വേലൂർ റോക്ക് ലിഖിതം

വടക്കേ ആർക്കോട്ട് ജില്ലയിലെ വേലൂരിൽ വേല പ്പാടിക്കടുത്ത് ഭഗവതിമലയുടെ ബാവാജി ശിഖ രത്തിനു താഴെയുള്ള പാറയിലാണ് ലിഖിതം. 11 വരി.തമിഴും ഗ്രന്ഥവരിയും. ഭാഷ തമിഴാണ്. കണ്ണരദേവന്റെ 26ആം ഭരണവർഷം. കച്ചിയും തഞ്ചൈയും കൊണ്ട എന്നുള്ളതിനാൽ രാഷ്ട്രകൂട കൃഷ്ണ 3 ആണ് കണ്ണരദേവനെന്ന് വെങ്കയ്യ. അദ്ദേഹത്തിന്റെ കാലം എഡി 940-956. ഈ ലിഖിതത്തിൽ ആ പ്രത്യേകവാക്ക് ഇല്ല. എന്നാൽ 2 തിരുക്കഴുക്കുന്റം ലിഖിതത്തിലും ഉണ്ട്. വടക്കൻ ആർക്കോട്ടിലെ ഉക്കൽ വിഷ്ണുക്ഷേത്ര ത്തിലും ലിഖിതം ഈ ബിരുദം ഉപയോഗിക്കു ന്നുണ്ട്.

പടവൂർ കോട്ടത്തിലെ പങ്കലനാട്ടിൽ ചൂതാഡു പ്പാറൈ എന്ന കുന്നിൽ പണ്ണപ്പെ ഉണ്ടാക്കിയ പണ്ണപ്പേശ്വരക്ഷേത്രത്തിന് വേലൂർപ്പാടി ദാനം ചെയ്യുന്നതാണ് ലിഖിതവിഷയം. ശിവക്ഷേത്രമാ ണ്. ബാവാജി അഥവാ ഭഗവതിക്കുന്നിന്റെ പേരാ ണ് ചൂതാടിക്കുന്ന്. വീരചോളനിൽനിന്ന് ചൂതാടി പ്പാറയും വേലൂർപ്പാടിയും നോലംബൻ വാങ്ങി, നോലംബന്റെ അഛനായ നോലംബത്രിഭുവന ധീരനാണ് ദാനം ചെയ്യുന്നത്. ചന്ദ്രാദിതൃരുള്ള വരെ ഉദകപൂർവ്വമാണ് ദാനം. പല്ലവന്മാർക്കിടയിലെ വിഷ്ണുവായ പല്ലവ മുരാരിയാണ് ഒപ്പ് വെച്ചിരിക്കുന്നത്. ഇത് നോലംബത്രിഭുവനധീരന്റെ ബിരുദമായിരിക്ക ണം. കൃഷ്ണ 3ന്റെ സാമന്തരാണ് വീരചോളനും ത്രിഭുവനധീരനും. നോലംബവാടി 32000ത്തിലെ ഭരണാധികാരിയാവണം ത്രിബുവനധീരനെന്ന പല്ലവമുരാരി. ഇത് പടിഞ്ഞാറൻ ചാലൂക്യരുടെ സാമ്രാജ്യത്തിന്റെ ഭാഗമായി പിന്നീട്.


മല്ലിദേവ, മന്മസത്യ 2 ഇവരുടെ പിത്തപുരം സ്തംഭലിഖിതം ശകം 1117

ഗോദാവരീതീരം പിത്താപുരം കുന്തീമാധവക്ഷേ ത്രം പ്രവേശനദ്വാരത്തിലെ 4 ലിഖിതങ്ങളിൽ രണ്ടാമത്തെ ലിഖിതം. ലിപി തെലുഗു. ഭാഷ സംസ്കൃതപദ്യവും ഗദ്യവും തെലുങ്കും. ഗദ്യം സംസ്കൃതവും തെലുങ്കും മിശ്രമാണ്. ശകം 1117, മേടസംക്രാന്തി ഗുഡ്ഡവാടിവിഷയത്തിലെ ഓടിയോരുഗ്രാമം രണ്ട് രാജാക്കന്മാരും കൂടി ക്ഷേത്രത്തിന് കൊടുക്കുന്നു. (എഡി 1194-95) രാമചന്ദ്രപുരം താലൂക്കിലെ ദ്രാക്ഷാരാമത്തിന് അടുത്താണ് ഓടിയോരുഗ്രാമം. വടക്കുകിഴക്കും കിഴക്കും തെക്കുകിഴക്കും വേലേങ്കുഗ്രാമവും (വേലേങ്കി) തെക്ക് ശിരിപുരവും ആണ് അതി ർത്തി. ഓടിയൂരു ഇപ്പോഴത്തെ ഓടൂരു ആണ്. പിത്താപുരത്തെ ശ്രീകാന്താചാര്യ എഴുതി. കിഴക്കൻചാലൂക്യവംശാവലിയും കോനമണ്ഡ ലവംശവും തന്നിട്ടുണ്ട്. രാജരാജ 1 ന്റെ കൊറു മല്ലി പ്ലേറ്റിലുള്ള വംശാവലിയാണ് ചാലൂക്യരു ടേതായി തന്നിരിക്കുന്നത്. വീരചോഡന്റെ ചെല്ലൂർപ്ലേറ്റിലും ഇതാണുള്ളത്. ഈ രണ്ടിലു മില്ലാത്ത ഒരു പ്രധാനകാര്യം ഇവിടത്തെ ലിഖി തത്തിലുണ്ട്. കീർത്തിവർമ്മ 1ന്റെ മൂത്ത മകൻ സത്യാശ്രയ പുലികേശി 2 , കുന്തളരാജ്യവും ഇളയ മകൻ കുബ്ജ

വിഷ്ണുവർദ്ധന 2 വെങ്കി യും ഭരിച്ചു എന്നതാണത്. കിഴക്കൻ ചാലൂക്യരു ടെ വംശാവലിയിൽ മങ്കിയുവരാജനു ശേഷം ചാലൂക്യവംശത്തിലെ രാജരാജനെയാണ് പറയുന്നത്. ലിഖിതകാലത്ത് ഇദ്ദേഹമാണ് ഭരിക്കുന്നത്. വേലനാടു പൃഥ്വീശ്വരൻ ഇദ്ദേഹ ത്തെ ആശ്രയിക്കുന്നു എന്ന് ഹ്യൂൽട്ട് . മല്ലിദേവനും മന്മസത്യ 2 വും യദുവംശത്തിലെ കാർത്തവീര്യഹൈഹയവംശമാണെന്ന് പറയുന്നത് ശ്രദ്ധേയമാണ്. കേരളരാജാക്കന്മാരും (മൂഷക) ഈ വംശമാണ്.

കോനമണ്ഡലത്തിലെ രാജപരേന്ദു 1 എന്ന രാജാ വിനേയും ലിഖിതം പരാമർശിക്കുന്നു. രാജേന്ദ്ര ചോള 1, ഭീമ 3, മല്ലീദേവ ഇവർക്ക് ഈ ബിരുദ മുണ്ട്. കോനമണ്ഡലരാജാക്കന്മാരാണ് ഇവരെ ല്ലാം. ഗോദാവരിസമതലത്തിന് തെലുങ്കിൽ പറയുന്ന പേരാണ്

കോനേരിസീമ. അഥവാ കോനസീമ.



(എപ്പിഗ്രാഫിക്ക ഇൻഡിക്ക 4)

രാജേന്ദ്രചോഡ 1 ന്റെ ബിരുദനാമങ്ങൾ വിക്രമ രുദ്ര, ഹൈഹയാദിത്യ, ഗന്ധവേന്ദദുവ (ഗന്ധാ വേന്ദദേവ), ദ്രാക്ഷാരാമത്തിലെ ഭീമനാഥ ക്ഷേത്ര ത്തിൽ അദ്ദേഹം കെട്ടിയ മണ്ഡപത്തിനും ഗന്ധ വേന്ദദുവ എന്ന് പേരിട്ടു. (ടേബിൾ കാണുക)

ഗോദാവരിജില്ലയിലെ ദ്രാക്ഷാരാമത്തിലും പാലക്കോളിലും നിന്ന് ഇവരുടെ ധാരാളം ലിഖിതങ്ങൾ ലഭിച്ചിട്ടുണ്ട്. ഏറ്റവും പഴയത് വിക്രമരുദ്രചോഡന്റെ ശകം 1070ലെ

ലിഖിത മാണ്. ഹൈഹയവംശത്തിലെ രാജപരേന്ദു എന്ന കോനാവനിരാജാവും മാഹിഷ്മതീഭൂ ഷണവുമായ രാജാവിന്റെ മകനെന്നാണ് വിക്ര മരുദ്രനെ ആ ലിഖിതം പറയുന്നത്. രാജേന്ദ്ര ചോഡ 1 ആണ് രാജാപരേന്ദുപുത്രനായ വിക്രമ രുദ്ര.

പാലക്കോലിലെ ക്ഷീരരാമേസ്വരക്ഷേത്രലിഖിതം രണ്ട് രാജാക്കന്മാർക്ക് (ഗണപതിദേവമഹാരാ ജാ, ഭീമവല്ലഭരാജാ) കോന പദം മുന്നിൽ ബിരു ദമായി ചേർത്തിട്ടുണ്ട്. മഹാമണ്ഡലേശ്വര കോന ഗണപതിദേവമഹാരാജാവിന്റെ പത്നി ഒടയ മഹാദേവി, വിഷ്ണുവർദ്ധനമഹാരാജാ എന്ന് സാമ്പ്ദായികനാമമുള്ള ,നിഡുദപ്രോലു മഹാ ദേവചക്രവർത്തിയുടെ മകളാണ്. (കിഴക്കൻ ചാലൂക്യ) ശകം 1218-22 മഹാദേവനും , 1184-1222 മകളുടെ ഭർത്താവ് ഗണപതിദേവനും 1240ൽ വല്ലഭദേവനും ലിഖിതമുണ്ട്. രാജമാഹേ ന്ദ്രി (രാജമുന്ത്രി) നിന്ന് 9 മൈൽ

തെക്കുപടിഞ്ഞാ റാണ് നിഡുദപ്രോലു.

रणकनकदंडगंग्गायमुनादीनि स्वकुलक्रमागतानि निःचिह्नानीव [14]सांम्राज्यचि-
ह्नानि समादाय कडंबगंग्गादिभूमि[पा*]न्विज्जित्य सेतुनर्म्मदामध्यं सार्द्धसप्त-
लक्षं दक्षिणापथं[15] पालयामास [।*] तस्य [16]पल्लवान्वयज[ा*]तमहादेव्यां
वि[ज]-
यादित्यस्सुतो भूतो[17] [।*] ततः पुलकेशी ततः कीर्त्तिवर्म्मा तत[:*] स-
त्याश्र[य*]-
विष्णुवर्द्धन[18] [।*] तयोर्ज्येष्ठः कुन्तलराजलक्ष्मीमग्रहीत् [।*] इतरो [वेंगी*]-
षुवं[19] [।*] सोयं स्वस्ति श्रीमतां सकलभुवनसंस्तूयम[ा][नमा*]-
नव्यसगोत्राणां हारितीपुत्राणां [20]कौशिकवरप्रसादल[ब्ध][राज्या*]-
नां मातृगणपरिपालितानां (।) स्वामिमहासेनपादानुध्य[ाता]-
नां भगवन्नारायणप्रसादासादितवरवराहलांच्छन[क्ष][ण*]-
वशीकृताराातिमण्डलानामश्वमेधावभृथस्नानपवित्री[कृ][त*]-[21]
वपुषां चालुक्यानां कुलमलंकरिष्णुस्सत्याश्रयव[ल्ल]-
भेंद्रस्य(ा) भ्राता [22]कुब्जविष्णुवर्द्धनोष्टादश वर्षाणि वेंगी[दे*]-

വിഷ്ണു, ബ്രഹ്മാ, അത്രി, ചന്ദ്ര, ബുധ, പുരൂരവസ് , നഹുഷ,പൂരു, ജനമേജയ ,പ്രാചിസ, സംയാതി, സ്രാർവ്വഭൌമ, മഹാ ഭൌമ, പാണ്ഡു, ധർമ്മപുത്ര,ഭീമ, അർജ്ജുന, നകുല,സഹദേവ, അഭിമന്യു,പരീക്ഷിത്ത്, ജനമേജയ 2, ക്ഷേമക, നരവാഹന, ശതാനീക, ഉദയനൻ, പിന്നീടുള്ള 51 രാജാക്കന്മാർ അയോദ്ധ്യയിലാണ് ഭരിച്ചത്. ഇവരിലൊ രാളായ വിജയാദിത്യൻ തന്റെ ഡെക്കാൻ ആക്രമണവേളയിൽ ത്രിലോചനപല്ലവനാൽ വധിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പുത്രൻ അപ്പോൾ ഗർഭസ്ഥശിശുവാണ്. വിഷ്ണുഭട്ട സോമയാജിയുടെ മുടിവേമു അഗ്രഹാരത്തിൽ ആ കുട്ടി ജനിച്ചു.

കദംബ,ഗംഗരാജാക്കന്മാരെ ജയിച്ച ഈ വിഷ്ണുവർദ്ധനൻ രാമസേതു വിനും നർമ്മദക്കും ഇടയിലെ ഏഴര ലക്ഷം ഗ്രാമങ്ങളുള്ള ദക്ഷിണാപഥം മുഴുവനും ഭരിച്ചു. പല്ലവരാജകുമാരിയിൽ വിഷ്ണുവർദ്ധനന് ഉണ്ടായ മകനാണ് വിജയാദിത്യൻ. വിജയാദിത്യപുത്രൻ പുലകേശി 1,

അദ്ദേഹത്തിന്റെ പുത്രൻ കീർത്തിവര്മ്മൻ 1

അദ്ദേഹത്തിന് രണ്ടു മക്കൾ മൂത്തവൻ സത്യാ ശ്രയവല്ലഭേന്ദ്ര പുലികേശി 2. ഇളയവൻ കുബ്ജ വിഷ്ണു വർദ്ധനൻ1. യഥാക്രമം കുന്തളരാജ്യ വും വെങ്കിയും ഭരിച്ചു. 18 വർഷം വെങ്കി ഭരിച്ച വിഷ്ണുവർദ്ധനന്റെ മകൻ ജയസിംഹ 1 വല്ല ഭൻ 33 വർഷം ഭരിച്ചു. അദ്ദേഹത്തിന്റെ ഇളയ സഹോദരൻ ദിവസമേ ഭരിച്ചുള്ളു. മകൻ വിഷ്ണുവർദ്ധനൻ 2 ഒമ്പതുവർഷം, അദ്ദേഹ ത്തിന്റെ മകൻ മംഗിയുവരാജാ 25 വർഷം. ഈ ചാലൂക്യവംശത്തിലാണ് രാജരാജന്റെ ജനനം.

പിന്നീട് കാർത്തവീര്യനെ പ്രശംസിക്കുന്നു.ആ വംശത്തിലെ മുമ്മടിഭീമ 1 തന്റെ പത്നിയായ ചാദ്ചിദേവിയിൽ (സാദ്ധ്ചിദേവി) മൂത്ത മകനാ യി വെണ്ണ, (വെന്ന) ഇളയ മകനായി രാജപരേന്ദ്രു 1 (കോനമണ്ഡലം ഭരിച്ചു)

എന്ന് 2 മക്കളെ ജനി പ്പിച്ചു. രാജപരേന്ദുവിന് ലക്ഷ്മി, തൊണ്ടാംബി ക എന്ന് 2 പത്നി. മുമ്മുടിഭീമ 2 ലക്ഷ്മിയുടെ മകനാണ്. അദ്ദേഹത്തിന്റെ അനുജനാണ് രാജേന്ദ്ര ചോഡ 1. തോഡമാംബയുടെ മകനാണ് സത്യ 1. രാജേന്ദ്രചോഡ ഒന്നാമന് എല്ലാ രാജചിഹ്നവും ലഭിച്ചു. പ്രതിഢക്ക, മയിൽപ്പീലി, കുന്തം, ശംഖ്, ഇവയാണ് രാജചിഹ്നങ്ങൾ. വെങ്കിയുടെ രാജാ വായ സമയത്ത് മുത്തശ്ശന് രാജാധിരാജ രാജേന്ദ്ര ചോഡനിൽനിന്ന് ലഭിച്ചവയാണ് ഈ ചിഹ്നങ്ങ ൾ. വീര്യവും വിക്രമവും കൊണ്ട് ശത്രുക്കളെ ബഡവാഗ്നി പോലെ ദഹിപ്പിച്ച അദ്ദേഹത്തിന് വിക്രമരുദ്രനെന്ന് അപരനാമം കിട്ടി. ഹൈഹയാ ദിത്യനെന്നും ഗന്ദവേന്തദേവനെന്നും അദ്ദേഹത്തി ന്പേരുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പത്നി മൈലരാദേവി. അവർക്ക് പഞ്ചാഗ്നികളെപ്പോ ലെ 5 മക്കളുണ്ടായി. മൂത്തവനാണ് ബെട്ട. ഇളയവനാണ് മല്ലീദേവ.

ബെട്ടക്ക് ഗംഗയിൽ മന്മചോഡ 2, ബിംബമാംബ യിൽ സൂര്യ എന്ന് 2 പുത്രന്മാരുണ്ടായി. ബെട്ട ഭീമനാഥക്ഷേത്രത്തിലെ ശിലാമണ്ഡപം സ്വന്തം പേരിൽ (ഗന്ധവേന്തദേവ) നിർമ്മിച്ചു. ദ്വിഭുജ ത്തോടും പ്രാകാരത്തോടും കൂടിയ അത് നിർമ്മി ച്ച്

രാജകുമാരന്മാരുടെ ഭൂഷണമായ കോനരാജേ ന്ദ്രചോഡനെന്ന അദ്ദേഹം മോക്ഷം പൂകി. ബെട്ട യുടെ മൂത്ത സഹോദരനായ മുമ്മുടിഭീമ 2, ഇളയ സഹോദരനായ സത്യാശ്രയരാജകുമാര നെന്നിവർ പിന്നീട് ഒരുമിച്ച് രാജ്യം ഭരിച്ചു. മുമ്മുടിഭീമന്റെ മകൻ ലോകഭൂപാലൻ ലോകാ ലോകം വരം ഭരിച്ചു. സത്യ 1 ന് ബലരാമനേയും കൃഷ്ണനേയും പോലെ 2 മക്കളുണ്ടായി. രാജപ രേന്ദു 2, കോനഭീമ 3. രാജപരേന്ദു 2 എന്ന വല്ലഭൻ പാർവ്വതി എന്ന ഭാര്യയോടുകൂടി ഭൂമി യിലെ കലിയുഗദോഷമെല്ലാം നീക്കി. ഭീമ 3 പിതാവായ സത്യാശ്രയന്റെ രാജ്യത്തിനും സ്വത്തിനും അവകാശിയായി. ഇവർക്ക് ശേഷമാ ണ് മല്ലീദേവനും വല്ലഭനും ഭരിച്ചത്. ഉണ്ടികാമ രാജാവിന്റെ പുത്രി അച്ചമാംബയായിരുന്നു വല്ലഭന്റെ പത്നി. കുലവൃദ്ധി ഉണ്ടാക്കുന്ന രണ്ട് മക്കൾ അവർക്ക് (വല്ലഭനും അച്ചമാംബക്കും) ഉണ്ടായി. മന്മസത്യ 2 , മഹീപാലരേന്ദു.

14 വർഷം ചക്രിയായിരുന്ന ശേഷം വല്ലഭൻ സ്വർഗ്ഗം പൂകിയപ്പോൾ, അഛന്റെ സിംഹാസനം മന്മസത്യനു ലഭിച്ചു. മല്ലീദേവനും മന്മസത്യനും രാഷ്ട്രകൂടരേയും ഗുഡ്ഡവാടിയിലെ മറ്റ് മുഖ്യ ന്മാരേയും വിളിച്ചുകൂട്ടി ഇങ്ങനെ വിളംബരം ചെയ്തു:-ശ്രീപിത്താപുരിയിലെ

കുന്തിമാധവ ദേവന് , കരമൊഴിവായി ഗുഡ്ഡവാടിജില്ലയിലെ ഓടിയൂര് ഗ്രാമം കൊടുത്തിരിക്കുന്നു. കുലോത്തുംഗപൃഥ്വീശ്വരന്റെ അമ്മയും മന്മഗോംകയു ടെ പത്നിയുമായ ജയമാംബ ഗരുഡധ്വജനായ വിഷ്ണുവിന്റെ പരമഭക്തയായിരുന്നു. അവരു ടെ നാമത്തില് ഈ ശില നാട്ടുന്നു. ശകം 111 മേഷ സംക്രാന്തി, ഗൃഹങ്ങളോടും തോട്ടങ്ങളോടും വയലുകളോടും കൂടി ഓടിയൂരു ക്ഷേത്രത്തിലെ പൂജാദികൾക്കായി സമർപ്പിക്കുന്നു. നിത്യനിദാ നത്തിനും ഉത്സവാദികൾക്കും ഗീതനൃത്താദി കൾക്ക് വേണ്ടിവരുന്ന ഭോഗത്തിനും ഇത് ഉപ യോഗിക്കണം.

അതിർത്തികൾഃ-കിഴക്ക് വെലെംഗുവിലെ എറ്റഗുണ്ട തടാകം. തെക്കുകിഴക്ക് വെലെംഗു വിലെ പുൽമേച്ചിൽസ്ഥലമായ എനിക്കയിലൂടെ ഒഴുകുന്ന ബോധതലകാളിതോട്. തെക്ക് ശ്രീപദ മുല്ലുപ്പള്ളിയും ശിരിപുരവും തമ്മിലുള്ള അതി ർത്തികൾ സന്ധിക്കുന്നിടത്തുള്ള വേമുഗുണ്ട തടാകം. അവിടന്നങ്ങോട്ട് കോക്കിലൂരുക്കുറു വരെ നല്ലാഞ്ചരിവുതടാകം. തെക്കുപടിഞ്ഞാറ്, എനുൻഗുഡുല,ക്രോപ്പള്ളി വയലുകളുടെ സന്ധി സ്ഥാനത്ത് പുല്ലിഗുണ്ട തടാകം. പടിഞ്ഞാറ് കോ പ്പള്ളിക്ക് തെക്കുള്ള രണ്ട്

തടാകം. വടക്കുപടി ഞ്ഞാറ് ചാണുപകാദ്യ സമതലത്തിലെ കേശവ ച്ചന്തുച്ചെരുവു തടാകം.വടക്ക് സംബരവയലി ലെ ഭീമരാജുച്ചെരുവു തടാകം. അവിടുന്നങ്ങോട്ട് ഉപ്പുതേരുപുഴയും നക്കലകാളിച്ചാലും ചേരുന്നി ടം വരെയുള്ള വടക്കുകിഴക്ക് അതിർത്തി വേ ലേംഗുവിലെ പ്രെമുലവെങ്ക തോട്.

കാളി, കാളവ എന്നതിന് തോട് എ്ന്ന അർത്ഥമാ ണ് പറയുന്നത്. 3 എല്ല (അതിർത്തി) ചേരുന്ന ഇട ത്തെ മുയ്യെല്ലക്കൂട്ട് എന്ന പദം കൊണ്ടാണ് ലിഖി തം സൂചിപ്പിക്കുന്നത്. ഈ ദാനം പറഞ്ഞത് സംര ക്ഷിക്കാതിരിക്കയോ ലംഘിക്കയോ ചെയ്യുവ ർക്ക് ഗംഗാതീരത്ത് 1000 പശുക്കളേയും 1000 ബ്രാഹ്മണരേയും കൊന്ന പാപമാണ് പറയുന്നത്.

കാനൂജിലെ രാജാക്കന്മാരുടെ 21 താമ്രപത്രം വിക്രമസംവത് 1171-1233

കാശിയിൽ ഗംഗയും ബർണ്ണ (വരണ)യും ചേരു ന്ന സ്ഥലത്ത് കമൌലിഗ്രാമത്തിൽനിന്നാണ് ഇവ ലഭിച്ചത്. 14 എണ്ണം കാനൂജിലെ ഗോവിന്ദചന്ദ്ര ന്റെയാണ്. അദ്ദേഹത്തിന്റെ

മകൻ വിജയചന്ദ്രൻ, മകൻ യുവരാജാ ജയചന്ദ്രനെന്നിവരുടേതായി ഒന്ന്. ബാക്കി 6 ജയചന്ദ്രന്റേതാണ്. എഡി 1170 ജൂൺ 21നാണ് ജയചന്ദ്രന്റെ കിരീടധാരണം. അന്നു മുതൽതന്നെ അദ്ദേഹത്തിന്റെ ലിഖിതങ്ങ ളുണ്ട്. എല്ലാം ഭൂമി ദാനം ചെയ്ത രേഖകളാണ്. 10 എണ്ണം രാജപുരോഹിതനും , ബന്ധുലഗോത്രത്തിലെ ദീക്ഷിതപുരുഷോത്തമ(പുരുഷ)ന്റെ പൌത്രനും ദീക്ഷിതബില്ലന്റെ പുത്രനുമായ മഹാപുരോഹിത ജാഗുശർമ്മന്റേതാണ്. 6 എണ്ണം ജാഗുശർമ്മന്റെ പുത്രനായ മഹാപുരോഹിത പ്രഹാരശർമ്മന്റെ (പ്രഹ്ലാദ) ആണ്. ഒന്ന് ജാഗുശർമ്മന്റെ സഹോദരൻ വ്യാസനും, ഒന്ന് പണ്ഡിതമഹാരാജശർമ്മനും (പ്രഹ്ലാദശർമ്മന്റെ സഹോദരൻ) ഒന്ന് ഗോഭിലഗോത്രത്തിലെ റൌത്ത ജാടേശർമ്മനും കൊടുത്തിട്ടുണ്ട്.

8 ദാനം പൌർണ്ണമിക്ക് ചന്ദ്രഗ്രഹണത്തിനും, 3 ദാനം സൂര്യഗ്രഹണത്തിനും ഒന്ന് ഗോവിന്ദചന്ദ്രന്റെ അച്ഛന്റെ (മദനപാല) ശ്രാദ്ധത്തിനുമാണ്. 2 എണ്ണം വൈശാഖതൃതീയ(അക്ഷയതൃതീയ) കൽപ്പാദി (യുഗാദി) അഥവാ

ത്രേതായുഗാദിക്കാ ണ്. ഒന്ന് മഹാസപ്തമി(രഥസപ്തമി) എന്ന മാഘശുക്ലസപ്തമി (മന്വന്തരാദി)ക്കാണ് .1 ഭാദ്രശുക്ലതൃതീയക്ക്, ഒന്ന് ആഷാഢശുക്ലദശമി ക്ക്, ഒന്ന് കാർത്തികശുക്ലനവമിക്ക്. ഭാദ്രഅഷ്ടമി ക്ക് (കൃഷ്ണാഷ്ടമിക്ക്) 1, ഹരിശ്ചന്ദ്രരാജകുമാര ന്റെ ജാതകർമ്മദിവസം 1, ഗോവിന്ദചന്ദ്രന്റെ റാണി രാൽഹാദേവിയുടെ ദിനം 1. ജയചന്ദ്രന്റെ അഭിഷേകത്തിന് 1.

ഗോവിന്ദചന്ദ്രന്റെ പട്ടമഹിഷി നയനകേളീദേവി യാണ്. ഗോശാലാദേവി എന്ന രാജ്ഞിയേയും ലിഖിതത്തിലൊന്നിൽ കാണാം. ഹരിശ്ചന്ദ്രൻ ജയചന്ദ്രന്റെ മകനാണ്. വില്ല(ബില്ല)ശർമ്മന് വേദശർമ്മനെന്നും വിഷ്ണുശർമ്മനെന്നും പേരുണ്ട്. ഈ ലിഖിതങ്ങളിൽ പറയുന്ന ചില റെവന്യൂ നാമങ്ങൾ മറ്റു ലിഖിതങ്ങളിൽ സാധാ രണ കാണാറില്ല. ഭോഗഭോഗകര (21 ലിഖിത ത്തിലും), പ്രവണികര (19 ലിഖിതം), തുരുഷ്കദ ണ്ഡം (7 ലിഖിതം), കുമാരഗഢ്യാണകം (6) ഹിര ണ്യം (5)കൂടകം(3)ജാതകരം ഗോകരം നിധിനി ക്ഷേപം യമലികംബലി ഇവ ഓരോന്നിൽ മാത്രം.

ഗോവിന്ദചന്ദ്രൻ വിക്രമസംവത് 1182ഃ-

ഒരു പ്ലേറ്റ്, നാഗരിലിപി. സംസ്കൃതഭാഷ. ബകാരത്തിന് പകരം വകാരമാണ്. ശ്രീദേവിയെ സ്തുതിച്ച് വംശാവലിയോടെ തുടക്കം. വരി 11-23 വരെ ദാനവിവരം ഗദ്യത്തിലാണ്. പരമഭട്ടാ രക മഹാരാാധിരാജ പരമേശ്വര ഗോവിന്ദരാജ ദേവ , മദനപാലദേവന്റെ മകനും ചന്ദ്രദേവന്റെ പേരക്കുട്ടിയും കന്യാകുബ്ജം ഭരിക്കുന്നവനു മാണ്. അപ്രതിഹത മാടപ്രതിഹാരത്തിൽ വസി ക്കവേ, മാഘത്തിലെ ശുക്ലപഞ്ചമി ശനിയാഴ്ച, ചന്ദ്രഗ്രഹണത്തിന് ഗംഗയിൽ കുളിച്ച് , അദ്ദേഹം ഹലദോയത്തിലെ മഹസോനമൌവ ഗ്രാമം ,ദീ ക്ഷിതവില്വപുത്രനും ദീക്ഷിതപുരുഷോത്തമ പ്രപൌത്രനും ബന്ദുലഗോത്രം, ബന്ദുല, അഘമ ർഷണ, വിശ്വാമിത്രപ്രവരവും ,ആയ മഹാപു രോഹിത ജാഗുശർമ്മന്, ഭാഗഭോഗകാരം, പ്രവ ണികരം, കൂടകം മുതലായ കരങ്ങൾ ഒഴിവാ ക്കി, ദാനം ചെയ്തു. വാസ്തവ്യ(ശ്രീവാസ്തവ്യ) ഗോത്രത്തിലെ കായസ്ഥ ഉൽഹണന്റെ മകൻ കിൽഹണൻ എഴുതിയത്. (11. ജനുവരി എഡി 1126ൽ ചന്ദ്രഗ്രഹണം ഉണ്ടായിട്ടുണ്ട്. 21 ജനവരി 1125നും ഉണ്ടായിട്ടുണ്ട്.

വിക്രമസംവത് 1171ലെ പ്ലേറ്റ്ഃ-നാഗരിലിപി, സംസ്കൃതഭാഷ. ബകാരത്തിനു പകരം

വകാരം. കാർത്തികമാസം പൌർണ്ണമി ത്ങ്കളാഴ്ച സോമ ഗ്രഹണം, കാശിയിൽ ഗംഗയിൽ സ്നാനം ചെയ്ത്, കാതിപട്ടലത്തിലെ ബൃഹദ് വിരൈച മൌവ ഗ്രാമം വാജസനേയനായ മഹാപുരോ ഹിത ജാഗുശർമ്മന്, (എല്ലാ വിശേഷണങ്ങളും ഇതിലുമുണ്ട്) ഭാഗഭോഗകരവും പ്രവണികര വും ഒഴിവാക്കി ദാനം ചെയ്തു. (26 ഒക്ടോബർ 1113)

വിക്രമസംവത് 1172ലെ പ്ലേറ്റ്ഃ-

27 വരി. അവസാനം ശംഖമുദ്ര. നാഗരിലിപി, സംസ്കൃതഭാഷ. ബ എന്നതിന് വകാരം. പരമഭട്ടാരക മഹാരാജാധിരാജ പരമേശ്വര ഗോവിന്ദചന്ദ്രദേവ ഗംഗയിൽ കുളിച്ച്, വൈശാ ഖതൃതീയ(അക്ഷയതൃതീയ) ബൃഹദ്ഗൃഹേ വരദപട്ടലത്തിലെ ദൂശഗ്രാമവും ചുറ്റുമുള്ള പാടകങ്ങളും (പാടം വയൽ) മഹാപുരോഹിത ജാഗുശർമ്മന് ദാനം ചെയ്തു. വാസ്തവ്യ(ശ്രീവാ സ്തവ്യ)ഗോത്രത്തിലെ താക്കൂറ ജൽഹണൻ രേഖപ്പെടുത്തി. (17 ഏപ്രിൽ 1116 എഡി)

(ബൃഹദ് ഗൃഹം (വലിയ വീട്) അഥവാ പെരും പടപ്പ് കാരൂഷകന്മാരുടെ രാജധാനിയാണ്.)

ഗോവിന്ദചന്ദ്രന്റെ കാലത്ത് കാശിയിൽ ഈ പേരിൽ ഒരു സ്ഥലം ഉണ്ട് .

വിക്രമസംവിത് 1174ലെ പ്ലേറ്റ്ഃ- നാഗരിലിപി.സംസ്കൃതഭാഷ. ബ ക്ക് പകരം വ.

പരമഭട്ടാരക മഹാരാജാധിരാജ പരമേശ്വര ഗോവിന്ദചന്ദ്രദേവ ,ദേവസ്ഥാനത്ത് ഇരിക്കുമ്പോൾ, ആശ്വനത്തിലെ കൃഷ്ണപഞ്ചദ ശി ബുധനാഴ്ച, അമാവാസിക്ക് പിതാവിന്റെ ശ്രാദ്ധത്തിന്, കേശോരേ പട്ടാലയിലെ സുനഹി ഗ്രാമവും ചുറ്റുമുള്ള പാടകങ്ങളും ജാഗുശർമ്മ ന് ചില കരങ്ങൾ (ഭാഗഭോഗ്യകരം, പ്രവണിക രം, തുരുഷ്കദണ്ഡം, കുമാരഗഡ്യാണം)ഒഴിവാക്കി കൊടുത്തു. കാരണികനായ വാസുദേവനാ ണ് എഴിതിയത്. 29 ആഗസ്റ്റ് എഡി 1117 ലോ പിതൃശ്രാദ്ധമെന്ന് കരുതുന്നു.

വിക്രമസംവത് 1175ലെ പ്ലേറ്റ്ഃ-

നാഗരിലിപി, സംസ്കൃതഭാഷ. ബക്ക് പകരം വ. മാഘപൌർണ്ണമി തിങ്കളാഴ്ച, ഗംഗയിൽ കുളിച്ച്
ഉഘനതേരഹോത്തരപട്ടാലത്തിലെ അഛരാവലി ഗ്രാമമാണ് ജഗുശർമ്മന്

കൊടുക്കുന്നത്. ഭാഗഭോ ഗകരവും പ്രവണികരവും ഒഴിവാക്കിയിട്ടുണ്ട്. കരണികൻ സഹദേവതാക്കൂറയാണ് എഴുതി വെച്ചത്. .

ഭൂമീം യ പ്രതിഗൃഹ്ണാതി ശംഖം ഭദ്രാസനം സര്വ്വാൻ ഏതൻഭാവിന ബഹുഭിർവസുധാ ഗാമേകം തടാകേനാം സഹസ്രേണ സ്വദത്തം പരദത്തം വാ ഷഷ്ടിം വർഷസഹസ്രാനി ന വിഷം വിഷം വാതാഭ്രവിഭ്രമം ഇതി എന്ന വാക്യം പതിവുപോലെ ഇവിടേയും ഉണ്ട്.

ഗോവിന്ദചന്ദ്രദേവനും പട്ടമഹിഷി നയനകേളീ ദേവിയും ശകം 1176

നാഗരി, സംസ്കൃതം, ബക്ക് പകരം വ. ഖയരയി ലിരിക്കവെ ജ്യേഷ്ഠമാസകൃഷ്ണപഞ്ചദശിക്കാ ണ് ദാനം. സൂര്യഗ്രഹണമായിരുന്നു. കോതകോട്യാ വരാഹോത്തരജില്ലയിലെ ധരവ ലിഗ്രാമമാണ് ദാനം ചെയ്തത്. ഭാഗഭോഗകരം, പ്രവണികരം , തുരുഷ്കദണ്ഡം, കുമാരഗഡ്യാ ണകം ഇവ ഒഴിവാക്കി ജഗുശർമ്മന് കൊടുത്തു. താക്കൂറ ഗാഗൂകൻ എഴുതിവെച്ചു. (എഡി 1119 മേയ് മാസം 11)

വിക്രമസംവത് 1176 ലെ പ്ലേറ്റ്ഃ-ലിപി നാഗരി, ഭാഷ സംസ്കൃതം. കാർത്തികമാസം ശുക്ലനവമി ബുധനാഴ്ച

പരമഭട്ടാരക പരമേശ്വര മഹാരാ
ജാധിരാജാ ഗോവിന്ദചന്ദ്രദേവ ,
സരുഗരയിലെ ....ഗ്രാമം,
മഹാപുരോഹിതനായ ജാഗൂശർമ്മ ന്
ദാനം ചെയ്തതാണ് വിഷയം. ഭാഗഭോഗികര
വും പ്രവാണികരവും ഒഴിവാക്കിയിട്ടുണ്ട്.
എഴുതിയത് താക്കൂറ ഗാഗുകൻ. എഡി 1118
എന്ന് കണക്കാക്കുന്നു.

വിക്രമസംവത് 1178ഃ-

നാഗരി സംസ്കൃതം. ശ്രാവണപൌർണ്ണമി
വെള്ളിയാഴ്ച, (21 ജൂലൈ എഡി 1122) ഗംഗ
വടക്കോട്ട്
ഒഴുകുന്നകപാലമോചനഘട്ടത്തിൽ
(കാശി) സ്നാനം. പിതൃപിണ്ഡയജ്ഞം
ചെയ്ത് ന്യൂലശതവിശിഖവിഷയത്തിലെ
സുലത്തേനി ഗ്രാമം ദീക്ഷിതബില്ലന്റെ
മകൻ വ്യാസന് കൊടുക്കുന്നു.
ഭാഗഭോഗകരം ഒഴിവാക്കി. എഴുതിയത്
കാരണികൻ താക്കൂറ ഗാകുക.

വിക്രമസംവത് 1184

കാർത്തികപൌർണ്ണമി വെള്ളി. ഗംഗയിൽ
കുളിച്ച് മടവല പട്ടാലയിലെ രാരിഗ്രാമവും
അതിന്റെ പാടകങ്ങളും ജാഗുശർമ്മന്
ഭാഗഭോ ഗകരം, പ്രവണികകരം കൂടകം
ഇവ ഒഴിവാക്കി ദാനം. എഴുതിയത്
താക്കൂറ വിശ്വരൂപൻ.

വിക്രമസംവത് 1190

ഭാദ്രപദശുക്ലപക്ഷതൃതീയ ശനിയാഴ്ച, ഗോവി ന്ദവാടികയിൽ കുളിച്ച്, രുദമൌവയലിസിപട്ടല ത്തിലെ ഉംബരിഗ്രാമം താക്കൂറ ഊഹിലപൌത്ര നും റൌത്ത തൽഹേയുടെ പുത്രനും ആയ റൌത്ത ജാദേശർമ്മന് (ഗോഭിലഗോത്രം, ഗോഭി ല, അംബരീഷ, അംഗിസപ്രവരം) ഭാഗഭോഗക രം, പ്രവണികാകരം തുരുഷ്കദണ്ഡം ഇവ ഒഴിവാക്കി കൊടുത്തു. (1133 ആഗസ്റ്റ് 5)

വിക്രമസംവത് 1198

ഫാൽഗുനകൃഷ്ണപക്ഷപ്രഥമ ഞായറാഴ്ച, ബൃഹദ്രാജ്ഞി രാൽഹാദേവിയുടെ ദിവസം (മഹാരാജ്ഞി രാൽഹണാദേവി ഗോവിന്ദചന്ദ്ര ദേവന്റെ അമ്മയാണ്). കാശിയിൽ അവിമുക്ത തീർത്ഥമെന്ന ഗംഗാസ്ഥാനത്ത് കുളിച്ച്, നവഗാമ പട്ടാലയിലെ ലങ്കാഛദം ജാഗുശർമ്മദീക്ഷിതന് കൊടുത്തു. ഭാഗഭോഗകരം, ഹിരണ്യം, തുരു ഷ്കദണ്ഡം, ഇവ ഒഴിവാക്കി. എഴുതിയത് താക്കൂറ വിഷ്ണു. (23 ഫെബ്രുവരി ഞായറാഴ്ച എഡി 1141)

വിക്രമസംവദ് 1197

ഫാൽഗുനകൃഷ്ണപക്ഷപ്രഥമ. ഞായറാഴ്ച വേദേശ്വരരക്ഷേത്രത്തിൽ അവിമുക്തഘട്ടത്തിൽ ഗംഗാസ്നാനം ചെയ്ത്

ജാഗുശർമ്മന് ഗ്രാമദാനം. (സമലപട്ടലം) ഭാഗഭോഗകരം, പ്രവണികരം, തുരുഷ്കദണ്ഡം, കുമാരഗഡിയാണകം ഇവ ഒഴിവാക്കിയിട്ടുണ്ട്. താക്കൂറ ധാധൂകനാണ് എഴുതിയത്. രാൽഹാ ദേവിയുടെ ദിവസമാണ്.

വിക്രമസംവത് 1200

ശ്രാവണപൌര്ണ്ണമി ഞായറാഴ്ച ഗംഗയിൽ കുളിച്ച്, കൈലഗ്രാമവും അതിന്റെ പാടകങ്ങളാ യ വിവമയൂതം, ജംഹാരിമയൂതം, തിഹുനാമ യൂതം, ദദൌവാമയൂതം, അംബാമയൂതം, ശവര(ശബര)മയൂതം, പലശവലി, ദുനേന്ദു, ചാച്ചാപുരം, പിപ്പലവലിപി (ഇവയെല്ലാം തേമിശപച്ചോത്തരപട്ടാലയിലാണ്.)ജഗുശ ർമ്മപുത്രനായ പണ്ഡിതമഹാരാജശർമ്മന് ദാനം ചെയ്തു. ഭാഗഭോഗകരവും പ്രവണികകരവും ഹിരണ്യവും ഒഴിവാക്കിയിട്ടുണ്ട്. (10 ജൂലൈ എഡി 1144)

വിക്രമസംവത് 1211

ഭാദ്രപദം കൃഷ്ണപഞ്ചദശി. ചൊവ്വ. എഡി 1154 ആഗസ്റ്റ് 10. ഗംഗയിൽ കുളിച്ച് കച്ചോഹ പട്ടാ ലയിലെ ഗൌളിഗ്രാമവും അതിന്റെ പാടകങ്ങ ളും ജഗുവിന്റെ മകൻ പഹരാജശർമ്മന് (പ്രഹ്ലാ ദ) ദാനം ചെയ്തു. ഇദ്ദേഹം മഹാരാജശർമ്മന്റെ സഹോദരനാവണം. 5 കരവും

ഒഴിവാക്കിയിട്ടു ണ്ട്. താമ്രപട്ടകം എഴുതിയത് ശ്രീപതി.

വിക്രമസംവത് 1224 വിജയചന്ദ്രനും യുവരാജാ ജയചന്ദ്രനും

ഗോവിന്ദചന്ദ്രന്റെ മകനും പേരക്കുട്ടിയുമാണ് ഇവർ. പരമഭട്ടാരകമഹാരാജാധിരാജ പരമേ ശ്വര ചന്ദ്രദേവ കന്യാകുബ്ജം പിടിച്ചടക്കി. അദ്ദേഹത്തിന്റെ മകൻ മദനപാലദേവൻ, മകൻ ഗോവിന്ദചന്ദ്രദേവൻ , മകൻ വിജയചന്ദ്രദേവൻ, മകൻ യുവരാജാ ജയചന്ദ്രദേവൻ.
ഗോവിന്ദചന്ദ്രദേവന്റേതുപോലെ ലിപി നാഗരി ഭാഷ സംസ്കൃതം.
രാജാവായവിജയചന്ദ്രദേ വന്റെ അനുമതിയോടെ മഹാരാജപുത്രൻ യുവ രാജാ ജയചന്ദ്രദേവൻ ആഷാഢശുക്ലദശമിക്ക് ഗംഗാസ്നാനം ചെയ്ത് കൃഷ്ണഭക്തിയിലേക്ക് ഉപനയനം സ്വീകരിച്ച ദിനം, ആദികേശവക്ഷേ ത്രസന്നിധിയിൽ വെച്ച്, ജ്യാവൈ പട്ടലത്തിലെ ഹരിപുരം ഗ്രാമം ,വൈഷ്ണവാരാധനാക്രമം പഠിപ്പിക്കുന്ന പ്രഹ്ലാദശർമ്മന് (വംശം പറയു ന്നു) സമ്മാനിച്ചു. ഭാഗഭോഗകരം പ്രവണികരം, ജാതകരം, ഗോകരം തുരുഷ്കദണ്ഡം, കുമാര ഗഢ്യാണകം ഇവ ഒഴിവാക്കിയിട്ടുണ്ട്.

ജൂൺ 16 എഡി 1168. താക്കൂറ കുസുമപാലനാണ് എഴുതി യത്.

വിക്രമസംവത് 1226 ജയചന്ദ്രന്റെ പ്ലേറ്റ്

മുൻഗാമികളെപ്പോലെ നാഗരിലിപി, സംസ്കൃത ഭാഷ, ബ ക്ക് പകരം വ. ഞായറാഴ്ച ആഷാഢ ശുക്ലപക്ഷഷഷ്ഠി.അഭിഷേകമന്ത്രസ്നാനം കഴി ഞ്ഞ് വിജയകടകത്തിലെ വാടവിഹയിലിരി ക്കവേ, ബൃഹദ്ഗൃഹോകമിശാരപട്ടലത്തിലെ ഓശിയഗ്രാമം രാജഗുരു മഹാ പുരോഹിത പ്ലഹ്ലാദശർമ്മന് ദാനം ചെയ്തു. ഭാഗഭോഗകരം പ്രവണികരം ഇവ ഒഴിവാക്കി. മഹാക്ഷപടലി കൻ താക്കൂറ ശ്രീപതി എഴുതി. പ്രഹലാദശർമ്മന്റെ മുത്തഛനാണ് വേദശർമ്മ നെന്ന ബിൽഹൻ (21 ജൂൺ എഡി 1170 ആണ് ലിഖിതം എഴുതിയിരിക്കുന്നത്.)

വിക്രമസംവത് 1228 ജയചന്ദ്രൻ

മാഘത്തിലെ ശുക്ലസപ്തമി (മഹാസപ്തമി) ചൊവ്വാഴ്ച ഗംഗയിലെ വേണീസംഗമമായ പ്രയാഗയിൽ കുളിച്ച് ,ഗംഗാദിത്യദേവസ ന്നിധിയിൽ വെച്ച്, മഹസോപട്ടലത്തിലെ കുസുപടവും അതിന്റെ പാടകങ്ങളും മഹാപുരോഹിത പ്രഹ്ലാദശർമ്മന് ദാനം ചെയ്തു. ഭാഗഭോഗകരം പ്രവണികരം

ഹിരണ്യം ഒഴിവാക്കിയിട്ടുണ്ട്. താക്കൂറ ശ്രീപതി എഴുതി. ജനുവരി 4 എഡി 1172.

വിക്രമസംവത് 1230 ജയചന്ദ്രൻ

മാർഗ്ഗശീർഷം ശുക്ലപഞ്ചദശി ബുധൻ കാശി യിലെ ഗംഗാതീർത്ഥത്തിൽ കുളിച്ച് ആദികേശ വസന്നിധിയിൽവെച്ച്, ഉണാവിശപട്ടാലയിലെ അഹേന്തി, സരസ, അഥാസുവ ഗ്രാമഹ്ങളും അവയുടെ പാടകങ്ങളും പ്രഹ്ലാദശർമ്മന് ദാനം ചെയ്തു. ഭാഗഭോഗകരം, പ്രവണികരം ഹിരണ്യം, കുമാരഗഡ്യാണകം നിധിനിക്ഷേപം ഇവയോടുകൂടി. എഴുതിയത് താക്കൂറ ശ്രീപതി. എഡി 1173, നവംബർ 21.

വിക്രമസംവിത് 1231 ജയചന്ദ്രൻ

കാർത്തികപൌർണ്ണമി വ്യാഴം കാശി ഗംഗാതീ ർത്ഥത്തിൽ കുളിച്ച് കൃത്തിവാസസസന്നിധി യിൽ വെച്ച് തുലാപുരുഷദാനം ചെയ്തു. വജൈമ്മാച്ചാസദി പട്ടാലയിലെ കംബമൌവ്വ ഗ്രാമം 9 ബ്രാഹ്മണർക്ക് ദാനം ചെയ്തു. അതിലെ പകുതി തന്റെ ഗുരു പ്രഹ്ലാദനും ബാക്കി 8 ബ്രാ ഹ്മണർക്കുമാണ്. ദ്വിവേദവിശ്വാമിത്ര, ദ്വിവേദ മാധവ, ദ്വിവേദ രാമു, ദീക്ഷിത ശ്രീഹർഷ, ത്രിപാ ഠി കുലധര, ത്രിപാഠി വംശധര, ദീക്ഷിതസഹാര ണ്യന്റെ മകൻ

സേവാദിത്യ, ദ്വിവേദമഹേശ്വര ഇവരാണ് 8 പേർ. അക്ഷപടലിക താക്കൂറ വിവികനാണ് എഴുതിയിരിക്കുന്നത്. എഴുതിയ ദിനം 1235 ഫാൽഗുനം കൃഷ്ണപക്ഷനവമി, ഫെബ്രുവരി 2 എഡി 1179. 30 ഒക്ടോബർ 1175ലെ ദാനം രേഖപ്പെടുത്തിയത് 5 വർഷം കഴിഞ്ഞാണ്.

വിക്രമസംവിത് 1232 ജയചന്ദ്രൻ.

ഭാദ്രപദത്തിലെ കൃഷ്ണാഷ്ടമി . ഗംഗയിൽ കുളിച്ച് രാജപുത്രനായ ഹരിശ്ചന്ദ്രദേവന്റെ ജാതകർമ്മത്തിന്, കങ്കളി പട്ടലയിലെ വടേശ്വര (മാതാപുര) ഗ്രാമം പ്രഹ്ലാദശർമ്മന് നൽകി. ഇവിടെ പ്രഹ്ലാദ ശർമ്മനെ മഹാദീക്ഷിത പുരോഹിതയാജ്ഞവൽക്യന്റെ മകനും മഹാദീക്ഷിത വിഷ്ണുശർമ്മന്റെ പൌത്രനും എന്നാണ് പറയുന്നത്. ഗോത്രം പ്രവരം എല്ലാം നേരത്തേ പറഞ്ഞതുതന്നെ. ജഗുശർമ്മന്റെ പേർ യാജ്ഞവൽക്യനെന്നും ബില്ലശർമ്മന്റേത് വിഷ്ണുശർമ്മനെന്നും മാറ്റിയിരിക്കുന്നു. വിഷ്ണുശർമ്മനെന്നതിനു പകരം ഒരു ലിഖിതം മാത്രം വേദശർമ്മനെന്നും തരുന്നുണ്ട്. എഴുതി യത് അക്ഷപടലികൻ താക്കൂറ വിവികൻ.10 ആഗസ്റ്റ് എഡി 1175. കൃഷ്ണ ജന്മാഷ്ടമി.

ഗംഗാസ്നാനം ചെയ്യുമ്പോൾ അനുഷ്ഠിക്കുന്ന കർമ്മം എല്ലാ ലിഖിതത്തിലും

ഒരുപോലെയാ ണ്. ഗംഗായാം സ്നാത്വാ
വിധിവൻ മന്ത്രദേവ
മുനിമനുജഭൂതപിതൃഗണാം തർപ്പയിത്വാ
തിമിര പടലപാടനപടു മഹസം
ഉഷ്ണരോചിഷം ഉപസ്ഥായ ഔഷധ്പതി
സകലശേഖരം സമഭ്യർച്ച്യ
ത്രിഭുവനത്രാതുർ ഭഗവതോ വാസു
ദേവസ്യ പൂജാം വിധായ പ്രചുരപായസേന
ഹവിഷാ ഹവിർഭുജം ഹുത്വാ
മാതാപിതോർ ആത്മനശ്ച
പുണ്യയശോഭിവർദ്ധയേ
ഗോകർണ്ണകുശലതാപൂത കരതലോദകം

എടുത്താണ് ദാനം ചെയ്യുക.
ലോലാർക്കേശ്വരം (സൂര്യക്ഷേത്രം)
സൂര്യസന്നിധിയിലാണ് ഈ ദാനം.
ബന്ദുലഗോത്രത്തിലെ പണ്ഡിത പ്രഹ്ലാദ,
ശർക്കരാക്ഷഗോത്രത്തിലെ പണ്ഡിത
ഋഷിക, അതേ ഗോത്രത്തിലെ
പണ്ഡിതമിടുക, അതേ ഗോത്രത്തിലെ
പണ്ഡിതപാക, ബന്ധുകഗോത്ര ത്തിലെ
താക്കൂ വിശ്വാമിത്ര, കൃഷ്ണാത്രേയ
ഗോത്രത്തിലെ പണ്ഡിതനരസിംഹ,
ബന്ദുലഗോ ത്രത്തിലെ പണ്ഡിതസേത്ത,
അതേ ഗോത്രത്തിലെ ദ്വിവേദി മധുസൂദന,
സാംകൃത്യഗോത്രത്തിലെ പണ്ഡിത
ലാലൂക, വത്സഗോത്രത്തിലെ പണ്ഡിത
ദേവനാഗ, പണ്ഡിതകാനൂക ഇവർക്ക്
ഇത്രയിത്ര പദം എന്ന് നിശ്ചയിച്ച് ദാനം

ചെയ്തിരിക്കുന്നു. അവർക്ക് ഒരു ജയന്തപുരം ഉണ്ടാക്കിക്കൊടു ത്തിരിക്കുന്നു. ഭാഗഭോഗകരവും പ്രവണികര വും കൂടാതെ യാമളികംബളികരവും പറയു ന്നുണ്ട്. മഹാക്ഷപടലിക ശ്രീപതി എഴുതിയിരി ക്കുന്നു. ഈ ദാനം ലോലാർക്കക്ഷേത്രം നടത്തി പ്പിനുള്ളതാണ്. പണ്ഡിതബ്രാഹ്മണരുടെ അഗ്ര ഹാരത്തിന് ബ്രഹ്മപുരം എന്നതിനു പകരം ജയന്തപുരം എന്നാണ് പറയുന്നത്. വന്ദേരിയി ലെ ജയന്തമംഗലം (ചേന്ദമംഗലം) പോലെ എന്ന ത് ശ്രദ്ധേയമായിത്തോന്നുന്നു.

സിംഗര വത്സരാജന്റെ കമൌലി താമ്രപത്രം വിക്രമസംവത് 1191.

കാശിക്ക് അടുത്താണ് കമൌലി ഗ്രാമം. ഒരു പ്ലേറ്റ്. നാഗരിലിപി. സംസ്കൃതഭാഷ. ബകാരം ചിലപ്പോൾ യകാരം ചിലപ്പോൾ പകാരം ചില പ്പോൾ വകാരം, (പ്രാവശ്യം) ചിലപ്പോൾ ബകാ രം (പ്രാവശ്യം) എന്നാണ് എഴുതിയിരിക്കുന്നത്. ഗോവിന്ദചന്ദ്രന്റെ ലിഖിതമാതൃകയിലാണ് എഴു തിയിരിക്കുന്നത്. ഗദ്യഭാഗം അതുതന്നെ പക ർത്തിയിരിക്കയാണ്. തുടക്കത്തിലെ 3 ശ്ലോക വും പകർത്തിയിട്ടുണ്ട്. തന്റേതായി 6 ശ്ലോകം ചേർത്തിട്ടുണ്ട്. വ്യാകരണനിയമം പാലിച്ചിട്ടില്ല.

ഗോവിന്ദരാജന്റെ വംശാവലിയും സ്വന്തം വംശാ വലിയും പറയുന്നുണ്ട്. (സാമന്തനായിരിക്കാം). ശൃംഗരോത്തയിൽനിന്ന് വന്ന കമലപാലൻ സ്വന്തം കഴിവും ധീരതയും കൊണ്ട് രാജകിരീടം നേടി. മകൻ സുൽഹന അഥവാ അൽഹനന് കുമാരനെന്ന പുത്രനുണ്ടായി. സിംഗരവംശത്തി ന്റെ ശിരോഭൂഷണമായി ആ കുമാരൻ ജീവിച്ചു. ലിഖിതകാലത്തും ഉണ്ടായിരുന്നിരിക്കണം. അദ്ദേ ഹത്തിന്റെ മകനാണ് ലോഹദദേവനെന്ന വത്സ രാജൻ. മികച്ച യോദ്ധാവായിരുന്നു. സിംഗണവം ശത്തിലെ മഹാരാജപുത്ര വത്സരാജദേവ ശാണ്ഡില്യഗോത്രം കന്യാസംക്രാന്തി ചൊവ്വാഴ്ച ഭാദ്രപദകൃഷ്ണാഷ്ടമിക്ക് ഗംഗയിൽ കാശിയിലെ അവിമുക്തഘട്ടത്തിൽ കുളിച്ച്, രാവടി(രാപാടി) യിലെ അംബാവരഗ്രാമം, താക്കൂറ ദാൽഹുശ ർമ്മന് കൊടുത്തു. വത്സഭാർഗ്ഗവഗോത്രം പഞ്ചപ്രവരം (ഭാർഗ്ഗവ,ച്യവന, ആപ്നാവന, ഔർവ്വ,ജാമദഗ്ന്യ) ഗാഥവംശത്തിലെ വാജന്റെ പൌത്രനാണ് ദാൽഹുശർമ്മൻ. ഭാഗഭോഗകരം കൂടകം മുതലായ കരം ഒഴിവാക്കിയിട്ടുണ്ട്. താക്കൂറ നാരായണനാണ് എഴുതിയിരിക്കുന്നത്. (28 ആഗസ്ത് എഡി 1134.)

സ്വാത്തിൽനിന്ന് 3 ബുദ്ധിസ്റ്റ് ലിഖിത ങ്ങൾ

സ്വാത്തിലെ മംഗളൂർ എന്ന ചെറിയ ഗ്രാമത്തിൽ, ഷക്കോരി എന്ന സ്ഥലത്തിന് മൂന്നു വാര തെക്ക് ചെറിയ കുന്നിലെ പാറമേലാണ് ആദ്യലിഖിതം. ഇതിന്നടുത്ത് മുമ്പ് നിധി കിട്ടിയതിനാൽ ഈ പാറക്ക് ഖസാനാഘട്ട് എന്നാമ് പേര്. പണ്ട് സ്വാത്തിന്റെ തലസ്ഥാനമായിരുന്ന ഉദ്യാനമാണ് മാംഗ ളൂർ. ഇവിടെ ഇപ്പോഴും നിരവധി ജീർണ്ണിച്ച നഗരാവശിഷ്ടങ്ങളുണ്ട്. ഓബഘട്ട് എന്ന കുന്നി ലാണ് രണ്ടാമത്തെ ലിഖിതം. അതിനുതാഴെ ഒരു അരുവിയും വെള്ളച്ചാട്ടവുമുണ്ട്. ഇതേ കുന്നി ലാണ് മൂന്നാം ലിഖിതവും. രണ്ടാം ലിഖിതത്തിന് 30 അടി ഇടത്തുവശത്താണ് ഇത്. ആദ്യത്തെ ലിഖിതം കാണുന്ന കുന്നിന്റെ മുകളിലുള്ള വലിയ കുന്നിന്റെ ശിഖരഭാഗത്താണ് ഇവ. രണ്ട്, മൂന്ന് ലിഖിതങ്ങളുടെ അടുത്ത് ഒരു വലിയ ക്ഷേത്രവും, ശിഖരത്തിൽ കല്ലിൽ കൊത്തിയെടു ത്ത പടിഞ്ഞാട്ട് അഭിമുഖമായ വലിയ വിഗ്രഹ വും ഉണ്ട്.

വടക്കപടിഞ്ഞാറൻ ഗുപ്തലിപിയാണ്. ഭാഷ സംസ്കൃതം. അശ്വഘോഷനെപ്പോലെ

സംസ്കൃ തവും കവിതയും നന്നായറിയുന്ന ഒരാളാവണം എഴുതിയത്.

1. **അനിത്യാ വത സംസ്കാരാ ഉത്പാദവ്യയധർമ്മിണാ ഉത്പദ്യ ഹി നിരുദ്ധ്യന്തേ തേപാ വ്യുപശമസ്സുഖം**
2. **സർവ്വപാപസ്യാകരണം കുശലസ്യോപസംപദാ സ്വചിത്തവ്യവദാനം ച ഏതദ്ബുദ്ധാനുശാസനം**
3. **വാചാനുരക്ഷീ മനസാ സുസംവൃതഃ ക്കായേന ചൈവാ കുശലന്ന കുർവ്വാൻ ഏതാസ്ത്രായിൻ കർമ്മപഥാ നവിശ്ണോദ്ധ്യ ആരാധയേൻ മാർഗ്ഗമൃഷിപ്പൂവേദിതം**

സംസാരം അനിത്യമാണ്. ഉത്പാദനം നാശം (ജന്മം മരണം) ഇതു മാത്രമാണ് . ഉത്പാദിക്കപ്പെ ടുന്നത് (ജനിക്കുന്നത്) മരിക്കാൻ മാത്രമാണ്. ഉപ ശമത്തിന്റെ പരമസുഖം , കഷ്ടം, ആരും അറിയു ന്നില്ല. (ആദ്യലിഖിതം)

ഇത് മഹാപരിനിബ്ബാണസൂത്തം (6. 16) ശാക്യമു നിയുടെ മരണസമയത്ത് ഇന്ദ്രൻ പറയുന്നതാ യും, ബുദ്ധൻ തന്നെ പറഞ്ഞതായും (മഹാസുദ സ്സനജാതകം) പറയപ്പെടുന്നു. ഇതിന്റെ പാലി ടെക്സ്റ്റ് ആണ്,

അനിച്ചാവത സംസാരാ
ഉത്പാദവയവധമ്മിനോ ഉപ്പജ്ജിത്ത്വാ
നിരുദ്ധന്തി തേസാം വ്യുപശമോ സുഖം

സർവ്വപാപത്തിൽനിന്നും വിട്ടുനിൽക്കുക, കുശലത്വം നേടുക, സ്വന്തം ച്ത്തത്തെ വിമല മാക്കി വെക്കുക- ഇതാണ് ബുദ്ധന്റെ അനുശാസ നം. (രണ്ടാം ലിഖിതം). ധമ്മപഥത്തിലെ (183) വാക്യമാണ് ഇത്.

സബ്ബപാപസ്സ അകരണം കുസലസ്സ
ഉപസംപദാ സ്വചിത്തപരിയോദപനം
ഏതം ബുദ്ധാനുശാസനം

വാക്കിനെ സംരക്ഷിക്കുക, മനസ്സിനെ സുസംവൃതമാക്കി വെക്കുക, കായം കൊണ്ട് പാപം ചെയ്യാതിരിക്കുക (മനസാ വാചാ കർമ്മണാ പാപം ചെയ്യാതെ ഇരിക്കുക) ഈ മൂന്ന് കർമ്മമാർഗ്ഗവും ശുദ്ധമാക്കി വെക്കുന്നവ നാണ് ഋഷിമാർ പറഞ്ഞ മാർഗ്ഗത്തിൽ സഞ്ചരി ക്കുന്നത്. (ലിഖിതം 3) ഇത് ധമ്മപഥം (281) പറയുന്നതാണ്.

വാചാനുരക്ഖേതാ മനസാ സുസംവൃതോ
കായേന ച അകുസലം ന കയിരാ ഏതേ
തയോ കമ്മപഥേ വിസോദയേ ആരാധയേ
മഗ്ഗം ഇസിപ്പവേദിതം
ഇത് ബുദ്ധകശ്യപന്റെ വാക്കായി കരുതപ്പെടു ന്നു.

പഞ്ചപാണ്ഡവമലയിലെ ജൈന ലിഖിതങ്ങൾ

ആർക്കോട്ടുനിന്ന് 4 മൈൽ തെക്കുപടിഞ്ഞാറ് പഞ്ചപാണ്ഡവമല.തിരുപ്പാന്മലൈ എന്നും പേരുണ്ട്.(ശ്രീക്ഷീരമല) മലയുടെ കിഴക്കുവശ ത്ത് ചെങ്കുത്തായ ഭാഗത്ത് മനുഷ്യനിർമ്മിതമായ ഗുഹ ഉണ്ട്. 6 ജോടി തൂണുകളാൽ 7 അറയായി വിഭജിച്ചിരിക്കുന്നു. ഗുഹയിലോ തൂണിലോ ലിഖിതമോ വിഗ്രഹമോ ഇല്ല. ഗുഹയുടെ മേലെ കുന്നിൽ പാറയിൽ കൊത്തിയ ഒരു ജൈനരൂപം ഉണ്ട്. മലയുടെ തെക്കുവശത്ത് ഒരു പ്രകൃതിദ ത്തഗുഹയും അതിൽ ഒരു ജലസ്രോതസ്സും ഉണ്ട്. ഇതിൽ ഇരിക്കുന്ന ഒരു സ്ത്രീവിഗ്രഹം കൊത്തി യിട്ടുണ്ട്. ഇടംകൈയിൽ ചാമരം , വലത്ത് വശം ചെറിയ പുരുഷരൂപം സേവകനായി നിൽക്കു ന്നു. മുമ്പിൽ 3 രൂപം ഉണ്ട്. ആദ്യത്തേത് നിൽക്കു ന്നു, രണ്ടാമത്തേത് കുതിരപ്പുറത്ത്, മൂന്നാമത്തേ ത് നിൽക്കുന്ന സ്ത്രീരൂപം. ഗുഹാമുഖത്ത് ആദ്യ ലിഖിതം, ഇടത്തുവശത്ത് അൽപ്പം കൂടി ഉയർന്ന തലത്തിൽ ഇരിക്കുന്ന പുരുഷരൂപം, ഇരുവശ വും ചാമരം. ഇതിന് നേരത്തേ പറഞ്ഞ ജൈനരൂ പത്തോട് സാദൃശ്യം ഉണ്ട്. ഈ പാറയുടെ അക

ത്തോട്ട് വളയുന്ന പടിഞ്ഞാറേ ചെരിവിലാണ് രണ്ടാം ലിഖിതം. ഈ ലിഖിതത്തിനു താഴെ നഗ്നമായ പുരുഷരൂപം , അതിനുതാഴെ ഒരു മൃഗം (നായയോ നരിയോ) വലത്തോട്ട് തിരിഞ്ഞ് നിൽക്കുന്നു. ഒരു കാലത്ത് ഈ ഗുഹ ജൈനരും പിന്നീട് മുഹമ്മദീയരും കയ്യടക്കിയിട്ടുണ്ട്. രണ്ടാം ലിഖിതത്തിന് അടുത്ത് ഗുഹക്ക് ചുറ്റും അവരുടെ ശവക്കല്ലറകളും ചെറിയ ഒരു മസ്ജി ദും കാണുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ആദ്യത്തെ ലിഖിതം നന്ദിപ്പൊട്ടരശർലിഖിതമാ ണ്. കലുഗുമലയിലെ ലിഖിതം പോലെ പുരാതന മായ തമിഴ് ലിപിയിൽ വട്ടെഴുത്തിലാണ് എഴു തിയിരിക്കുന്നത്. ഒരു വരിയേ ഉള്ളു. പുഗളാ ലൈമംഗലത്തെ ഒരാൾ ഗുരു നാഗനന്ദിയാൽ സേവിതയായ പൊന്നിയക്കിയാരുടെ പ്രതിമ കൊത്തിവെപ്പിച്ചു എന്നാണ് സാരം. (പൊന്നിയ ക്ഷി) തിരുനെൽവേലി കഴുകുമലയിലെ വട്ടെഴു ത്തുലിഖിതത്തിലും നാഗനന്ദി ഉണ്ട്. അതിൽ ശ്രീ അവണ്ണൂർ ശിങ്കനന്ദിക്കുറവടികൾ മാനാക്കർ നാഗനന്ദിക്കുറവടികൾ ശെയ്വിത്ത തിരുമേനി എന്നാണ്. (അവണ്ണൂരിലെ

സിംഹനന്ദിയുടെ ശിഷ്യനായ നാഗനന്ദി ഗുരു നിർമ്മിച്ച വിഗ്രഹം.) ഗുഹയിലെ ഇരിക്കുന്ന വലിയ സ്ത്രീവിഗ്രഹം പൊന്നിയക്കി (പൊന്നിയക്ഷി)യാണ്. പൊന്ന് സ്വർണ്ണം. സ്വർണ്ണയക്ഷി ആണോ അതോ പൊൻ ഇയക്കുന്നവരുടെ(തട്ടാന്മാരുടെ) ദേവിയാണോ. താഴെ സേവകനായി നിൽക്കുന്നത് നാഗനന്ദിയാ ണ്. നന്ദിപ്പോട്ടരസരുടെ 50ആം വർഷമാണ് ലിഖിതം. തമിഴിൽ നന്ദിപോട്ടരാജൻ പല്ലവനാ ണ്. ചാലൂക്യചോളകുലോത്തുംഗ 1 നേയും (49 വർഷം), ചാലൂക്യവിക്രമാദിത്യ 6നേയും (50) രാഷ്ട്രകൂടഅമോഘവർഷ 1നേയും (62)പോലെ പല്ലവനന്ദിപോട്ടവർമ്മനും നീണ്ട ഭരണകാലം ഉണ്ടായിരുന്നതായി ഇത് കാണിക്കുന്നു.

നന്ദിപ്പൊട്ടരശർക്കു ഐയ്മ്പതാവതു നാഗനന്ദിഗുരവർ ഇരുക്ക പൊന്നിയക്കിയാർ പടിമം കൊട്ടുവിത്താൻ പു(ലാ)ലൈമംഗലത്തു മരുത്തുവർ മകൻ നാരായണൻ.

മരുത്തുവരെന്നാൽ വൈദ്യനാണ്. വൈദ്യന്റെ മകനായ നാരായണനാണ്, നാഗനന്ദി ജീവിച്ചി രുന്ന കാലത്ത് പൊന്നിയക്കിയാരുടെ പ്രതിമ നിർമ്മിച്ചത്. അതായത് തട്ടാനല്ല, വൈദ്യനാണ്.

വിഗ്രഹം നിർമ്മിച്ചത്. പൊന്നാനിയാകാമോ പൊന്നിയക്കി എന്ന് ചിന്തിക്കണം. കാരണം മൂഷകവംശകാവ്യം വല്ലഭന്റെ മക്കളായിട്ടാമ് ഭവനന്ദി, ശിവനന്ദി എന്ന ഗുരുക്കന്മാരെ പറയുന്നത്. ഇവർ വലഭി, നളന്ദ എന്ന് 2 കലാ ശാലകളിലും പഠിപ്പിച്ചിരുന്നു. സിംഹനന്ദിയും നാഗനന്ദിയും ഇവരുടെ പിന്മുറക്കാരാവാം.

രണ്ടാം ലിഖിതം വീരചോളലിഖിതമാണ്. തമിഴ് ഗദ്യത്തിൽ 11 വരിയുണ്ട്. 2 വര വരച്ച് കോപ്പി പുസ്തകത്തിലെന്ന പോലെ അവയുടെ ഇടയി ലാണ് ലിഖിതം എഴുതിയിരിക്കുന്നത്. രാജരാജ കേസരിവർമ്മന്റെ 8ആം വർഷത്തിലാണ് ലിഖി തം. കാന്തളൂർശാലയോ വെങ്കിനാടോ ജയിച്ചത് പറയുന്നില്ല. (അതെല്ലാം 10ആം ഭരണവർഷത്തി നു ശേഷമാണ്). എഡി 984-85ലാണ് രാജരാജചോ ഴന്റെ സിംഹാസനാരോഹണം. 8ആം വർഷം 895-96ലോണ്. വീരചോളന്റെ ലിഖിതമാകയാൽ നേരത്തോ പറഞ്ർ മൃഗം പുലിയാവണം (നരി). നായയാവില്ല. രാജരാജന്റെ സാമന്തനായ ലാടരാ ജാ വീരചോഢന്റെ ശാസനമാണ്. പുഗൾവിപ്പവ ർ ഗന്ധന്റെ മകനാണ് വീരചോഢൻ. മറ്റു രാജാ ക്കന്മാരും

വീരചോഡനാമം ധരിച്ചിരുന്നു. കണ്ണര ദേവന്റെ വേലൂർലിഖിതത്തിലെ വീരചോഡൻ, പരകേസരിവർമ്മന്റെ സാമന്തനായ വീരചോഡ ൻ, വീരചമ്പന്റെ അഛനായ വീരചോഡൻ, ഇപ്ര കാരം. പുഗൾവിപ്പവർ ഗന്ധ എന്നത് ബാണരാ ജാവ് വിജയാദിത്യ 2 ന്റെ ബിരുദനാമമാണ്. ലാട രാജനെന്നുള്ള നാമം ഗുജറാത്തിലേക്ക് പോയി അവിടെ ശാഖ ഉണ്ടാക്കിയ ചോളനാമമാണ്. എന്നാൽ ആർക്കോട്ടിൽത്തന്നെ 2 ഗ്രാമങ്ങളെ ലാടനാമം ചേർത്ത് പറയുന്നുണ്ട്. ലാടവാരവും ലാടംബാടിയും. ശകം 1317ലെ ഒരു ലിഖിതം ഇവ ലാടബ്രാഹ്മണർ പടവീട്ടിൽവന്ന് താമസമാ ക്കിയ ശേഷം ഉണ്ടായ നാമങ്ങളാണെന്ന് പറയു ന്നു. പഡുവൂർകോട്ടത്തിലെ ഒരു ഭാഗമായ പെരും തിമിരിനാട്ടിലെ തിരുപ്പന്മലൈയിലെ ഈശ്വരന് ,തന്റെ പത്നിയുടെ അപേക്ഷപ്രകാരം കുറങ്ങൻപാടിഗ്രാമത്തിലെ ചില വരവുകൾ വീരചോ ഡൻ വിട്ടുകൊടുത്തു. പഞ്ചപാണ്ഡവമലയിൽനിന്ന് 2 മൈൽ കിഴക്കു ള്ള ഇപ്പോഴത്തെ കുറാംബാടിയാണ് ഇത്. ആർകോട്ടുനിന്ന് 5 മൈൽ തെക്കാണ് തിമിരി അഥവാ പെരുംതിമിരിനാട്. പഡുവൂർകോട്ടം എന്നത് തിരുവല്ലം, വെല്ലൂർ, ഉദയേന്ദ്രം ഇവ

യാണ്. ഇപ്പോഴത്തെ വടക്കൻ ആർക്കോട്ടിലെ ആർക്കോട്ട്, വെല്ലൂർ,ഗുഡിയാട്ടം ഇവ ഉൾപ്പെടു ന്നു. തിരുപ്പാന്മലൈ ഈശ്വരന് കുറാംബാടിയിൽനിന്ന് കൊടുത്ത പള്ളിച്ചന്തം കർപ്പൂരവില യും അന്യായവാവദണ്ഡവിരൈകർപ്പൂരവിലയുമാണ്. കർപ്പൂരവില കർപ്പൂരത്തിന് വേണ്ടി വരുന്ന വില ക്ഷേത്രത്തിലേക്ക് കൊടു ക്കുന്നതാണ്. അന്യായമായി വാപദണ്ഡമായി (നെയ്ത്തകാരിൽനിന്ന്) ഈടാക്കുന്ന നികുതിയും അവരുടെ നിയമവിധേയമല്ലാത്ത തറിക്ക് ചുമത്തുന്ന ടാക്സും ആണ് മറ്റേത്. പരമേശ്വരവർമ്മൻ 1 കുറം പ്ലേറ്റിൽ തറി ഗ്രാമത്തിന്ന് പൊതു സ്വത്താണ്.അവ കൊടുക്കുന്നതും അറ്റകുറ്റപ്പണി ചെയ്യുന്നതും ഗ്രാമത്തിന്റെ പൊതുഫണ്ടിൽനി ന്നാണ്. അതല്ലാതെ ആരെങ്കിലും സ്വന്തമായ തറിമേൽ പണി ചെയ്യുന്നത് നികുതി കൊടുക്കേ ണ്ടതാണ്. ആ നികുതി ക്ഷേത്രത്തിന് വിട്ടുകൊടുത്തിരിക്കയാണ്.


പഞ്ചപാണ്ഡവൻമലയുടെ 1 മൈൽ തെക്കുകിഴക്ക് വിളാപാക്കം ഗ്രാമത്തിൽ ഇപ്പോഴും വസ്ത്രനിർമ്മാണവ്യവസായം ഉണ്ട്, ധാരാളം തറികൾ അവിടെ കാണാം. രാജരാജകേ സരിവർമ്മന്റെ ഭരണത്തിനു മുമ്പേ ഇത് ഉണ്ട്.

പള്ളിച്ചന്തമായി ക്ഷേത്രത്തിന് ലഭിച്ചിരുന്ന കർപ്പൂരവില ലാടരാജാക്കന്മാർ എടുത്തുനീക്കി യതായി ലിഖിതം ആദ്യം തന്നെ പറയുന്നു. ലാട രാജാ വീരചോള, തിരുപ്പാന്മലൈ ഈശ്വരനെ ഭജിക്കാൻ തുടങ്ങിയപ്പോൾ ഭാര്യ ലാടമഹാദേ വി ഇങ്ങനെ വിചാരിച്ചു: ഈ ധർമ്മം നശിച്ചു പോകാനിടയുണ്ട്. താങ്കൾ കർപ്പൂരവിലയും തറിമേലുള്ള അന്യായനികുതിയും ക്ഷേത്രത്തിന് കൊടുക്കുക എന്ന് അവർ ആവശ്യപ്പെട്ടു. പള്ളിച്ചന്തത്തെ കെടുപ്പാർ എന്നതുകൊണ്ട് ജൈനക്ഷേത്രത്തിന്റെ നാശം സംഭവിക്കുമെന്നാവ ണം മഹാദേവി വിചാരിച്ചതെന്ന് കരുതപ്പെട ടുന്നു. അപ്പോൾ അരിയൂരിന്റെ മുഖ്യനായ വീരചോഡലാടപേരരയൻ അപ്രകാരം ചെയ്ത് ശാസനം കൊത്തിവെച്ചു. ഈ നിയമം നടപ്പാ ക്കാത്തവർക്ക് ഗംഗ മുതൽ കുമരി വരെയുള്ള ഭൂപ്രദേശത്തെ എല്ലാ പാപവും ലഭിക്കും. ഈ നൃപധർമ്മം രക്ഷിക്കുന്നവരുടെ പാദധൂളി എന്റെ ശിരസ്സിൽ ധരിക്കുന്നതാണ്, അറം മറ ക്കരുത്, അറമല്ലാതെ രക്ഷ ഇല്ല എന്ന് ധർമ്മമാ ഹാത്മ്യം പറഞ്ഞാണ് ലിഖിതാവസാനം. രാജേന്ദ്രചോളന്റെ കണ്ടിയൂർ ലിഖിതത്തിലെ അറം മറവാർക്ക. അറം അല്ലാത് കൈ തരാതേ


എന്ന വാക്യം ഓർമ്മിപ്പിക്കുന്നതാണ് ഇത്.

Rock Inscriptions in the North Arcot District.

Panchapandavamalai Inscription of Nandippottarasar; the fiftieth year.



Vallimalai Inscription of Rajamalla.



Vallimalai Inscription mentioning Banaraya.



E. HULTZSCH. SCALE ONE-TENTH. Photo. S. I. O. Calcutta

Reg. No. 219, Ep. Ind.—June 95.—600

വള്ളിമല ജൈനലിഖിതങ്ങൾ.

വടക്കേ ആർക്കോട്ടിലെ ചിറ്റൂർ താലൂക്ക് മേൽപ്പാടിക്ക് അടുത്ത് വള്ളിമലഗ്രാമം. പൊന്നിനദിയുടെ പടിഞ്ഞാറേ കരയിലാണ് മേൽപ്പാടി. ഗുഡിവല്ലം

താലൂക്കിലെ തിരുവ ല്ലത്തുനിന്ന് 6 മൈൽ വടക്കാണ്. വള്ളിമലഗ്രാമ ത്തിനടുത്ത് വലിയ പാറക്കുന്ന് കാണാം.അതി ന്റെ കിഴക്കേ ചെരിവിലെ പ്രകൃതിദത്തഗുഹയി ൽ 2 ഗ്രൂപ്പ് ജൈനവിഗ്രഹങ്ങളുണ്ട്. മലമേൽത്ത ന്നെ കൊത്തിയവയാണ്. വലത്തുവശത്തെ ഗ്രൂ പ്പ് മുകളിലും ഇടത്തുവശത്തേത് താഴെയുമാണ് കൊത്തിയിരിക്കുന്നത്. വലത്തുവശത്തെ ആദ്യ ഗ്രൂപ്പിന് താഴെ 4 കന്നഡലിഖിതങ്ങളിൽ 1, 3 ഇവ ഗ്രന്ഥലിപി, 2, 4 ഇവ കന്നഡലിപി. ഗംഗരാജാവ് രാജമല്ലന്റെ കാലത്താണ് ഈ ഗുഹയിൽ ലിഖി തം എഴുതിയത്. ഇടത്തുവശത്തെ ലിഖിതങ്ങ ളിൽ രണ്ട് പ്രതിമകൾ ഏതു ഗുരുവിന്റേതാണ് എന്നും, അവ കൊത്തിച്ചത് ജൈനഗുരു ആര്യ നന്ദിയാണെന്നും കാണാം.

രാജമല്ലലിഖിതം- ഗ്രന്ഥലിപി കർണ്ണാടകഭാഷ. കന്ദവൃത്തത്തിൽ 2 ശ്ലോകം. ശിവമാരന്റെ പ്ര പൌത്രനും ശ്രീപുരുഷന്റെ പൌത്രനും രണവിക്ര മന്റെ പുത്രനുമായ രാജമല്ലൻ ബസതി ഉണ്ടാക്കി യതായി പറയുന്നു. ശകം 899ലെ രാച്ചമല്ലന്റെ ഒരു ലിഖിതം കിട്ടിയിട്ടുണ്ട്. 872ലെ ആടക്കൂർലി ഖിതപ്രകാരം എരേയപ്പന്റെ മകനായ ഒരു രാച്ച മല്ലനെ ബുഡുകൻ വധിച്ചിട്ടുണ്ട്.(ഇത് 899ലെ

രാജമല്ലനാവുക വയ്യ). മി റൈസ് ശകം 792ൽ മറ്റൊരു രാജമല്ലനുണ്ടായിരുന്നതായി പറയുന്നു.

സ്വസ്തിശ്രീ
ശിവമാരാത്മജവരണാപ്രവരശ്രീപുരുഷ
നാമനാഥന തനയം ഭുവനീശം
രണവിക്രമനാവനമകൻ രാജമല്ലൻ
അമലിനചരിതൻ കണ്ടു ഗിരിവരമന
ഭൂമണ്ഡലപതി രാജമല്ലനഭയനുദാരം
പണ്ഡിതജനപ്രിയം കൈക്കൊണ്ടാൻ
കൊണ്ടന്തേ വസതിയം മാടിസിദാൻ

ഇടത്തുനിന്ന് രണ്ടാമത്തെ വിഗ്രഹത്തിനു താഴെ ശ്രീ അജ്ജനന്ദി ഭട്ടാരർ പ്രതിമേ മാടിദാർ (ആര്യനന്ദി നിർമ്മിച്ച പ്രതിമ)

ബാണരായനെ പരാമർശിക്കുന്ന ലിഖിതം ഗ്രന്ഥലിപി കന്നഡഭാഷ. നേരത്തെ വിഗ്രഹ ത്തിനു താഴെ കണ്ട ലിഖിതവും ഈ ലിഖിതവും ബാണരായരുടെ ആദ്ധ്യാത്മികഗുരുവിന്റെ ശിഷ്യന്റെ (ദേവസേനഭട്ടാരക) ആണെന്ന് പറയുന്നു. സ്വസ്തിശ്രീ ബാണരായര ഗുരുഗൾ അപ്പ ഭവനന്ദി ഭട്ടാരര ശിഷ്യർ അപ്പ ദേവസേന ഭട്ടാരര പ്രതിമ.

ബാണരായരുടെ ഗുരു ഭവനന്ദിയുടെ ശിഷ്യനായ ദേവസേനഭട്ടാരരുടെ പ്രതിമ.

(ഇതിനെ ആര്യനന്ദിയാണ് പ്രതിഷ്ഠിച്ചതെന്ന് ആദ്യം പറഞ്ഞു).

വലത്തുനിന്ന് ആദ്യത്തെ പ്രതിമയുടെ താഴെ, കന്നഡലിപി കന്നഡഭാഷ.

സ്വസ്തിശ്രീ ബാലചന്ദ്രഭട്ടാരര ശിഷ്യർ അജ്ജനന്ദിഭട്ടാരകർ മാടിസിദപ്രതിമേ ഗോവർദ്ധനഭട്ടാരരെൻ്റോടം അവരേ. ബാലചന്ദ്രഭട്ടാരകശിഷ്യനായ ആര്യനന്ദി പ്രതിഷ്ഠിച്ച ഗോവർദ്ദനഭട്ടാരകപ്രതിമ.

കലിംഗത്തിലെ ചന്ദവർമ്മന്റെ കോമർട്ടി പ്ലേറ്റുകൾ

3 പ്ലേറ്റ്. ഗഞ്ചം ജില്ലയിലെ നരസണ്ണപ്പേട്ട യിൽനിന്ന് 2 മൈൽ തെക്കുപടിഞ്ഞാറാണ് കോമർട്ടിഗ്രാമം. സീലിൽ പിതൃഭക്ത എന്ന് ആലേഖനം ചെയ്തിട്ടുണ്ട്. ലിപി വിജയനന്ദി വർമ്മന്റെ പ്ലേറ്റുകളിലും നന്ദിപ്രഭാഞ്ജനവ ർമ്മന്റെ ചിക്കക്കോളേ പ്ലേറ്റിലും കാണുന്നതിന് സദൃശമാണ്. കിഴക്കൻ ഗംഗരുടെ ഏറ്റവും പഴയതെന്ന് പറയപ്പെടുന്ന ഇന്ദ്രവർമ്മൻ 1ന്റെ അച്യുതപുരം പ്ലേറ്റിനേക്കാലും പഴയതാണ് കോമർട്ടി പ്ലേറ്റ്. 20ആം വരിയിൽ 6 എന്ന് സംഖ്യയിലാണ് എഴുതിയിരിക്കുന്നത്. ഭാഷ ശുദ്ധമായ സംസ്കൃതമാണ്. 3 ശ്ലോകം ബാക്കി ഗദ്യം, വാജസനേയഗോത്രത്തിലെ ബ്രാഹ്മണന് കോഹേത്തൂരഗ്രാമം ദാനം ചെയ്യുന്നതാണ്

വിഷ യം. കലിംഗരാജാവായ ചന്ദ്രവർമ്മൻ, സിംഹ പുരത്ത് ഇരുന്നുകൊണ്ട്, തന്റെ ആറാം ഭരണ വർഷത്തിൽ ചൈത്രശുക്ലപഞ്ചമിയിലാണ് ദാനം ചെയ്തത്. നന്ദപ്രഭാഞ്ജനന്റെ പ്ലേറ്റിലും ചന്ദ്രവ ർമ്മന്റെ പ്ലേറ്റിലും കലിംഗാധിപതി എന്നാണ് ബിരുദം. നന്ദപ്രഭാഞ്ജനന്റെ ലിഖിതത്തിലെ സീലിലും പിതൃഭക്ത എന്നാണ് കാണുന്നത്. സാലങ്കായനമഹാരാജാ വിജയനന്ദിവർമ്മനും പിതാവായ ബപ്പഭട്ടാരകന്റെ ഭക്തനാണ്. (ബപ്പ ഭട്ടാരകപാദഭക്ത) അദ്ദേഹം മഹാരാജാ ചന്ദ്ര വർമ്മന്റെ മൂത്ത മകനാണ്. ചിക്കക്കോളേക്കും നരസണ്ണപ്പേട്ടക്കും ഇടയിലാണ് സിംഹപുരം. കൊള്ളേരു തടാകത്തിലാണ് ലിഖിതം കണ്ടെ ത്തിയത്. വിജയനന്ദിവർമ്മൻ ചിത്രരഥസ്വാമീ ഭക്തനായിരുന്നു. ആ ക്ഷേത്രം വെങ്കിയിലുണ്ട്.

ഓം സ്വസ്തി! വിജയസിംഹപുരാത് പരമദൈവതഃബപ്പഭട്ടാരകപാദഭക്തഃക ലിംഗാധിപതി ശ്രീമഹാരാജാ ചണ്ഡവർമ്മാ എന്നാണ് ലിഖിതത്തിലുള്ളത്. ചന്ദ്രവർമ്മനെന്നല്ല. വംശ ത്തിന് കീർത്തി പുണ്യം ആയുസ്സ് ഇവക്കായി അഗ്രഹാരമായിട്ടാണ് ദാനം.

ഭരദ്വാജഗോത്രം വാജസനേയശാഖ ദേവശർമ്മനാണ് ദാനം കൊടു ത്തത്. ഗ്രാമത്തിലെ ധാന്യവും സ്വർണ്ണവും എല്ലാം ഇനി അദ്ദേഹത്തിനാണ് കൊടുക്കേണ്ടതെ ന്ന് ശാസിക്കുന്നു.

Komarti Plates of Chandavarman of Kalinga.





ii a.

E. HULTZSCH. FULL-SIZE. W. GRIGGS, PHOTO-LITH.

കാഞ്ചീപുരം അരുളാളപ്പെരുമാൾ ലിഖിതം കേരളത്തിലെ കുലശേഖര പ്പെരുമാൾ രവിവർമ്മൻ.

7 വരി. 6 വരി വരെ ഗ്രന്ഥലിപി സംസ്കൃതഭാഷ. സുന്ദരപാണ്ഡ്യന്റെ ശ്രീരംഗനാഥലിഖിത ത്തോട് സാമ്യമുണ്ട്.ബാക്കി തമിഴാണ്. 1, 4 വരി പദ്യം 5, 7 വരി ഗദ്യം. തിരുവൊറ്റിയൂരിലെ അരുളാളപ്പെരുമാൾക്ക് സംഗ്രാമധീരനെന്ന രവി വർമ്മ ചെയ്ത ദാനമാണ് വിഷയം. മഹാരാജാ രവിവർമ്മ സംഗ്രാമധീര കുലശേഖരദേവ ത്രിഭുവനചക്രവർത്തി കോനേരിന്മൈക്കൊണ്ടാൻ എന്നാണ് മുഴുവൻ പേർ. ചന്ദ്രവംശത്തിലെ യദുവംശത്തിൽ കേരളം ഭരിക്കുന്ന ജയസിംഹ ന്റെ മകനാണ് രവിവർമ്മ. അമ്മ ഉമാദേവി. ജനനം ശകം 1188 എഡി 1266-67. ശത്രുക്കളെ ജയിച്ച ശേഷം പാണ്ഡ്യരാജകുമാരിയെ വിവാഹം കഴിച്ചു. മുപ്പത്തിമൂന്നാം വയസ്സിൽ (എഡി 1299-1300) കേരളം ഭരിക്കാനാരംഭിച്ചു. കോളംബ(കൊല്ലം)ആയിരുന്നു തലസ്ഥാനം. വീരപാണ്ഡ്യനെ തോൽപ്പിച്ച ശേഷം ചോളപാ ണ്ഡ്യന്മാരെയെല്ലാം കേരളത്തിന് അധീനമാക്കി, 46ആം

വയസ്സിൽ (എഡി 1312-13) വേഗവതീതീ രത്തുവെച്ച് കിരീടം ധരിച്ചു. . വീണ്ടും വീരപാ ണ്ഡ്യനെ ആക്രമിച്ച് അദ്ദേഹത്തെ കൊങ്കണത്തി ലേക്ക് തുരത്തി. അവിടെനിന്ന് കാട്ടിലേക്ക് ഓടി ച്ചു, വടക്കൻ പ്രദേശം മുഴുവനും കീഴടക്കി. അദ്ദേഹത്തിന്റെ നാലാം ഭരണവർഷത്തിലാണ് അദ്ദേഹം കാഞ്ചിയിലെത്തിയത്. (എഡി 1315-16). കൊല്ലം തലസ്ഥാനമാക്കി കൂപകരാജ്യം അട ക്കമുള്ള കേരളം മുഴുവനും അദ്ദേഹം ഭരിച്ചു. വേഗവതി വൈഗൈ ആണെന്നും കാഞ്ചീപുരം ത്തിനടുത്തുള്ള പാലാറാണെന്നും അഭിപ്രായ മുണ്ട്.

1 സ്വസ്തിശ്രീ ജയസിംഹ ഇതി അഭിഹിതസ്സോമാന്വയോത്തംസകോ രാജാസിദ്ധകേരളേഷു വിഷയേ നാഥോ യദുക്ഷമാഭൃതാം ജാതോ അസ്മദ് രവിവർമ്മ ഭൂപതിർ ഉമാദേവ്യാം കുമാരസ്സീവദ് ദേഹവ്യാപ്യ ശകാബ്ദബാജിസമയേ ദേഹീവ വീരോരസ

2 ക്ഷയൻ നീത്വാ സോയം കലിബലം ഇവാരാതിനി വഹാൻ ജയ ശ്രീവത് കൃത്വാ നിജസഹചരീം പാണ്ഡ്യതനയാം . ത്രയത്രിംശദ് വർഷോ യശ ഇവ യയൌ കേരളപദം രരക്ഷ സ്വം രാഷ്ട്രാൻ നഗരം ഇവ കോളംബം അധിപ . ജിത്വാ

സംഗ്രാമധീരോ നൃപതിർ അധിരണം വിദ്വിഷം വീരപാണ്ഡ്യം

3 കൃത്വാസൻ പാണ്ഡ്യചോളന്നയ ഇവ തനുമാൻ കേരളേഭ്യോപി അധീനാൻ. ഷഡ്ച്ചത്വാരിംശദ് അബ്ദസ്ഥതഭുവി മകുടൻ ധാരയൻ വേഗവത്യാ ക്രീഡാം സിംഹാസനസ്ഥ ശ്ചിരമകൃതം മഹീ കീർത്തി വാണീ രമാഭി. കൃത്വാ കേരളപാണ്ഡ്യ ചോളവിജയം ക്ലിപ്താഭി ഷേകോത്സവസ്സംഗ്രാ മപജയേന

4.കൊങ്കണഗതം തൻവീരപാണ്ഡ്യാം രിപും . നീത്വാൻ സ്ഥീതബലൻ തതോപി വിപിനം ജിത്വാൻ ദിശാമുത്തരാം കാനോഹ്യാമത്ര അത്ര ചതുർത്ഥം അബ്ദം ആലിഖത് സംഗ്രാമധീരോ നൃപ. ആമേരോർ ആമലയാദ പൂർവ്വാദ പശ്ചിമാദ് അചലാത്. യദുകുലശേഖര ഏഷ ക്ഷോണീം കുലശേഖര സ്വയം ഭുഭുജേ.

5 സ്വസ്തിശ്രീ ചന്ദ്രകുലമംഗലപ്രദീപ. യാദവനാരായണ, കേരളദേശപുണ്യപരിണാമ നാമാന്തരകരുണ കൂപകസാർവ്വഭൌമ കുലശിഖരിപ്രതിഷ്ഠാപിത ഗരുഢധ്വജ കോളംബപുരവരാധീശ്വര ശ്രീപത്മനാഭപദ കമല പരമാരാധക പ്രണതരാജപ്രതിഷ്ഠാചാര്യ വിമതരാജബന്ധീകാര

6.ധർമ്മതരുമൂലകന്ദ സദ്ഗുണാലങ്കാര ചതുഷഷ്ഷികലാവല്ലഭ ദക്ഷിണഭോജരാജ സംഗ്രാമധീര മഹാരാജാധിരാജപരമേശ്വര ജയസിംഹദേവനന്ദന രവിവർമ്മമഹാരാജ ശ്രീകുലശേഖരദേവ ത്രിബുവനചക്രവർത്തി കോനേരിന്മൈക്കൊണ്ടാൻ കാഞ്ചീപുരത്തിൽ തിരുവൊറ്റിയൂരിൽ നിന്റരുളിയ അരുളാളപ്പെ രുമാൾ

7 കോയിൽത്തിരുപ്പടി ശ്രീവൈഷ്ണവർകളുക്കു. അരുളാളപ്പെരുമാളുക്ക് നം പേരാൽക്കട്ടിന കുലശേഖരൻസന്ധിക്കു അമുതപ്പടി സാത്തുപ്പടി ഉള്ളിട്ട പല വ്യഞ്ജനത്തുക്കും ആവണിമാത ത്തു എളുന്തരുള നം പേരാൽക്കണ്ട തിരുനാളു ക്കും തിങ്കൾത്തിരുനാളുക്കും അമുതുപ്പടി സാത്തുപ്പടി ഉള്ളിട്ട വെഞ്ജനത്തുക്കും തിരുക്കോടി.......

കേരളത്തിലെ രവിവർമ്മന്റെ രംഗ നാഥലിഖിതം

ശ്രീരംഗം രങ്കനാഥക്ഷേത്രത്തിലെ രണ്ടാം പ്രാകാ രത്തിലെ വടക്കെ ചുമരിൽ. 14 വരി . 14ആം വരി കവിഭൂഷണസ്യ എന്ന് മാത്രമാണ്. ഗ്രന്ഥലി പി സംസ്കൃതഭാഷ. ബിരുദങ്ങൾ ഒഴികെ മറ്റെ ല്ലാം പദ്യം.

നാലാം വരിയിലെ ശ്രീകുലശേഖരദേ വ എന്നു വരെ നേരത്തെ പറഞ്ഞ ലിഖിതത്തിലു ള്ളതു തന്നെ. കാഞ്ചിയിലിരിക്കുമ്പോളെന്നതു മാത്രം ഒഴിവാക്കിയിരിക്കുന്നു. നാലാം വരിയി ലെ കുലശേഖര എന്നതിനു ശേഷം വരുന്ന ഭാഗം-കൃതപാ ദുർന്നയവൈരിനൈരൃതസാമം സംസ്കൃ തസംശോധിതേ നിദ്രാണാം അധിദേവതാൻ നിരു പമൈർ അഭ്യർച്യ മൌല്യാദിഭി. ധർമ്മൈർ അന്തരധിഷ്ഠിതസഹൃദയസംഗ്രാമധീരാ കൃതി രംഗേസ്മിൻ സുമനോദിവസമകരോല്ലാസേ നിയുജ്യ ത്രയീം. ലബ്ദ്ധാ സാഗരനേമിഭൂമിവിഷയാ രണ്ടും പ്രതിഷ്ഠാ യതാസ്തസ്മൈ ശ്രീ കുലശേഖരോ യദുപതിസ്ത്രിക്ഷത്രചൂഡാമണി. രംഗേസ്മിൻ കമലാസഖായ ഹരയേ രമ്യാൻ പ്രതിഷ്ഠാം ദദാൻ സന്താ പ്രത്യുകുർവ്വതേ ഹ്യുപകൃതാസ്സർവ്വേ കിമത്രാത്ഭുതം. ഭൂപാലൈർ ഇള കാർത്തവീര്യസഗരൈർയ്യ പൂർവ്വം ആസീത് കൃത പശ്ചാത് പ്രൌഢതമോ ഹരം യദുപതിസ്തം ഭദ്രദീപോത്സവം. ചക്രേശക്ര ഇവാശ്രയം സാമ്രാട് ത്രയീധർമ്മവിത് രംഗേസ്മിൻ രുചിരാങ്കസംശ്രിത രമാരോചിഷ്ണവേ വിഷ്ണവേ.

സമ്രാജം ഇവ യശ്ചതം സമുദ്രഭൂതൈ സ്റ്റൈത്രെഗുണാ മാതൃകാ സൈഷ ശ്രീകുലശേഖര സ്സൂതാഭിഷിക്തരേ സകന്യാരവൌ . ഭട്ടേഭ്യാ പുരതോത്ര രംഗനൃപതേ പഞ്ചാശതേ സാക്ഷിന പ്രത്യേകം പ്രതിഹായനം പണശതൻദത്തം പരിഷദം വ്യധാത്. കവിഭൂഷണസ്യ. ഇതിനു ശേഷം കവിഭൂഷണന്റെ സംഗ്രാമധീരപ്രശസ്തി യാണ്.

പണ്ട് ഇളനും കാർത്തവീര്യനും സഗരനും ആഘോഷിച്ച ദീപോത്സവം കുലശേഖരൻ രംഗനാഥക്ഷേത്രത്തിൽ നടത്തി. സൂര്യൻ കന്നി യിൽ നിൽക്കുമ്പോൾ ശതാഭിഷം നക്ഷത്രത്തിൽ എല്ലാ വർഷവും അത് നടതത്താനുള്ള ഏർപ്പാടു ചെയ്തു. അന്ന് 100 പണം വീതം 50 പണ്ഡിതന്മാ ർക്ക് കൊടുക്കാനും ഏർപ്പാടാക്കി

ചന്ദ്രന്റെ ഷോഡശകലകളെപ്പോലെ 16 ശ്ലോകം കൊണ്ട് രവിവർമ്മപ്രശസ്തി രചിച്ച ഭൂഷണൻ സംഗ്രാമധീരനെന്ന പഞ്ചാക്ഷരി ജപിച്ചാൽ സകല ദുഃഖവും തീരുമെന്നും പറയുന്നു. അതസി , ചെമ്പകം ഇവയുടെ കാന്തിയും തുളസിയുടെ മണവുമുള്ള രണ്ട് യദുരാജാക്കന്മാരാണ് ഞങ്ങളുടെ പ്രഭുക്കന്മാരെന്ന് അവസാനം പറയു

ന്നുണ്ട്. ഇത് രവിവർമ്മനേയും അനുജൻ ആദി ത്യവർമ്മനേയും സൂചിപ്പിക്കുന്നു.

ഗുണഭരന്റെ മഹേന്ദ്രവാടി ലിഖിതം.

ആർക്കോണം ജങ്ക്ഷനിൽനിന്ന് ആർക്കോട്ടേക്കു ള്ള റെയിൽപ്പാതയിൽ ഷോലിംഗർ സ്റ്റേഷനിൽനി ന്ന് 3 മൈൽ തെക്കുകിഴക്കാണ് മാഹേന്ദ്രവാടി ഗ്രാമം. വടക്കേ ആർക്കോട്ട് ജില്ലാ മാനപലിൽ ഇത് ഒരു കാലത്ത് വലിയ ഒരു നഗരമായിരുന്നു എന്നും ഇതിന്റെ കിഴക്കോട്ടുള്ള നഗരത്തിലേക്ക് ഉള്ള പാത എന്ന നിലയിലാണ്, മൂന്നു മൈൽ കിഴക്കുള്ള കീഴ്‌വീഥി (കീഴ്‌വിതി)നഗരത്തിന് ആ പേരുണ്ടായതെന്നും പറയുന്നു. മഹേന്ദ്രവാ ടിയില് വളരെ വലിയ തടാകം ഉണ്ടായിരുന്നുതാ യും രേഖപ്പെടുത്തുന്നു. അതിന്റെ പഴക്കം നിശ്ചയിക്കാവതല്ലെന്നും അതിന്നടുത്തായി പഴയ കോട്ടയുടെ അവശിഷ്ടങ്ങളുണ്ടെന്നും, കോട്ടക്കകത്ത് ഒരു ക്ഷേത്രം വലിയ പാറക്കല്ലി ൽനിന്ന് ഖനനം ചെയ്ത് എടുത്തിട്ടുണ്ടെന്നും പറയുന്നു. അതിൽ ഒരു ലിഖിതം ഉണ്ടെന്നും വായിച്ചിട്ടില്ല എന്നും പറയുന്നുണ്ട്. കാവേരി പ്പാക്കത്തെ

തടാകത്തേക്കാളും വലുതായ ഈ തടാകം 7-8 മൈൽ ദൂരം വരെയുള്ള ഭൂമിക്ക് കൃഷി നടത്താനുപയോഗിച്ചിരുന്നു. അതിന്റെ ബണ്ട് വളരെ വലുതാണെന്നും ഇപ്പോഴും പുനരുദ്ധരിക്കുന്ന പക്ഷം ധാരാളം ജലസേചനം കൊണ്ട് കൃഷിസ്ഥലങ്ങളെ സമൃദ്ധമാക്കാമെന്നും ആ മാനപലിൽ പറയുന്നു.

പാറയിൽ കൊത്തിയെടുത്ത ക്ഷേത്രം കിഴക്ക് ദർശനമാണ്. മുമ്പിലെ വരാന്ത രണ്ടുവരിയായി 4 തൂണുകളാൽ താങ്ങപ്പെട്ടതാണ്. രണ്ട് ദ്വാരപാ ലകരെ പാറയിൽ കൊത്തിവെച്ചിരുന്നു. ഇടത്തെ തൂണുകളുടെ ആദ്യത്തെ തൂണിന്ന് വടക്ക് ഭാഗ ത്താണ് ലിഖിതം. ക്ഷേത്രത്തിന്ന് തെക്കുവശത്ത് വേറെ ഒരു പാറക്കല്ലിൽ ഗരുഢനെ കൊത്തിയി ട്ടുണ്ട്. ഗുണഭരന്റെ വേറെ രണ്ട് ലിഖിതത്തിലെ ന്ന പോലെ (തൃച്ചിനാപ്പള്ളി റോക്ക് ലിഖിതങ്ങ ൾ) പഴയ പല്ലവലിപിയിൽ ഒറ്റ സംസ്കൃതശ്ലോ കമാണ് കാണുന്നത്.
കോകിലകവൃത്തമാണ്. ഗുണഭരൻ നിർമ്മിച്ച മഹേന്ദ്രവിഷ്ണുഗൃഹമാ

ണിതെന്ന് ലിഖിതം പറയുന്നു.

Mahendravadi Inscription of Gunabhara.



E. HULTZSCH. SCALE ONE-THIRD. Photo , S. I. O., Calcutta.

Reg. No 201, Ep Ind.—May 96.—696

മഹേന്ദ്രപുരത്ത് മഹേന്ദ്രതടാകത്തിനടുത്താണ്

ക്ഷേത്രമെന്നും പറയുന്നു. മഹേന്ദ്രവാടി മഹേന്ദ്ര പുരമായിരുന്നു. നഗരവും ക്ഷേത്രവും തടാക വും മഹേന്ദ്രന്റെ നാമത്തിലാണ്. വല്ലം ഗുഹാ ക്ഷേത്രലിഖിതത്തിൽനിന്ന് മഹേന്ദ്രന്റെ പൂർണ്ണ നാമം മഹേന്ദ്രപോട്ടരാജാ എന്നാണ്. മഹേന്ദ്രവാ ടി ലിഖിതവും തൃച്ചിനാപ്പള്ളി ലിഖിതവും അദ്ദേ ഹത്തെ ഗുണഭരനെന്ന് (ഗുണം നിറഞ്ഞവൻ) വിളിക്കുന്നു. ഏഴാം നൂറ്റാണ്ടിന്റെ ആദ്യപകുതി യിൽ 2 മഹേന്ദ്രപല്ലവന്മാരുണ്ടായിട്ടുണ്ട്. മഹേ ന്ദ്രപല്ലവ 1 ആണ് ഗുണഭരനെന്ന് വെങ്കയ്യ. അക്കാ ലത്തുതന്നെ വല്ലവും മഹേന്ദ്രവാടിയും ഉൾപ്പെട്ട തൊണ്ടൈമണ്ഡലവും, തൃച്ചിനാപ്പള്ളി ഉൾപ്പെട്ട ചോളമണ്ഡലവും പല്ലവന്മാരുടേതാണ്.

മഹിതതമം സതാമുപമഹേന്ദ്രതടാകമിദം സ്ഥിരമുരു കാരിതം ഗുണഭരേണ വിദാർത്ഥ ശിലം

ജനനയനാഭിരാമഗുണധാമ മഹേന്ദ്രപുരേ മഹതമഹേന്ദ്രവിഷ്ണുഗൃഹനാമ മുരാരിഗൃഹം

പരമാർദ്ദിദേവന്റെ സെംബ്രപ്ലേറ്റുകൾ

മദ്ധ്യേന്ത്യയിലെ ബുന്ദേൽഖണ്ഡിൽ, ബെജാവാ രിലെ സെംബ്രഗ്രാമത്തിൽനിന്ന് 1892ൽ കണ്ടെടുത്ത ലിഖിതം. ഇപ്പോൾ ലക്നൌ മ്യൂസിയത്തി ലാണ്. 3 പ്ലേറ്റുകൾ. ആദ്യപ്ലേറ്റിനു മുകളിൽ , ആദ്യത്തെ 5 വരികളെ സമമായി ഭാഗിച്ച് ലക്ഷ്മീദേവിയുടെ രൂപം. താമരപ്പൂവിലിരിക്കുന്ന ചതുർഭുജ. ഇരുവശവും ഗജങ്ങൾ. (ഗജല ക്ഷ്മി). 12ആം നൂറ്റാണ്ടിലെ നാഗരി ലിപി. ബ, വ ഇവ മാറി ഉപയോഗിക്കുന്നു. കുലധര എന്നത് പുലധര എന്ന് വായിച്ചുപോകും. സംഖ്യകളുടെ മുകളിൽ വിലങ്ങനെ വര ഇട്ടിട്ടുണ്ട്. ഭാഷ സം സ്കൃതം. 2 എണ്ണം തുടക്കത്തിലും 4 എണ്ണം ഒടു ക്കവും ശ്ലോകം, ബാക്കി ഗദ്യം. ദാനം സ്വീകരിച്ച വരുടേയും ഗ്രാമങ്ങളുടേയും ലിസ്റ്റിൽ ധാരാളം പ്രാകൃതപദങ്ങളുണ്ട്. ചതുർഭുജ എന്നതിന് ചൌബുജ, വത്സന് വച്ച, രാജപുത്രന് രൌക്ക, ത്രിവിക്രമന് തീകമ, തിക്കര, വസിഷ്ഠന് വശേ, മഹേന്ദ്രസ്വാമിൻ എന്നതിന് മഹീന്ദ്രസ്വാമിൻ, സല്ലക്ഷണന് സലകനേ, സോമദത്തന് സോമേ, ഗാഗുകസ്യന് ഗാഗു, ദേവകന് ദ്യു, അത്തുകന് അത്തി, അത്തു, പാഥുകന് പാത്തു, പ്രഹ്ലാദകന് പൽഹണ,ഇപ്രകാരം ,.അവനിക്ക് അബനി എന്നും ഗോത്രത്തിന് യോത്രമെന്നും അക്ഷരത്തെ റ്റുകളും കാണാം.

അനുഷ്ടുപ്പ് വൃത്തത്തിൽ
ചന്ദ്രാത്രേയവംശ രാജാക്കന്മാരെ
കീർത്തിച്ചാണ് ലിഖിതാരംഭം. ഈ
വംശത്തിൽ വിജയശക്തി, ജയശക്തി മുത
ലായവർക്കുശേഷം വന്ന
പരമാർദ്ദിദേവനെ പിന്നീട്
കീർത്തിക്കുന്നു.പരമേശ്വര പരമഭട്ടാരക
മഹാരാജാധിരാജാ കാലഞ്ജരരാജാവാണ്,
മഹേശ്വരഭക്തനാണ്,
പരമേശ്വരപരമഭട്ടാരക
മഹാരാജാധിരാജന്മാരായ
മദനവർമ്മദേവ, പൃഥ്വീവർമ്മദേവ
എന്നിവരുടെ പാദാനുധ്യായി യുമാണ്.
ബ്രഹ്മാവ് ആദ്യം കാമദേവന്റെ സൌന്ദ ര്യം
സൃഷ്ടിച്ചു. പിന്നെ സമുദ്രത്തിന്റെ
ആഴവും, ഈശ്വരന്റെ പ്രഭുത്വവും
ബൃഹസ്പതിയുടെ വിവേകവും യമന്റെ
സത്യവചനവും, അദ്ദേഹ ത്തിന്റെ മകന്റെ
തപസ്സും സൃഷ്ടിച്ചു. അപ്രകാരം തന്റെ
എല്ലാ സൃഷ്ടിപരമായ കഴിവും പൂർണ്ണത
നേടിയ ശേഷം അവയെല്ലാം ചേർത്ത് ഈ ,
രാജാവിനെ (പരമാദിദേവ) സൃഷ്ടിച്ചു
എന്ന്
ശാർദ്ദൂലവിക്രീഡിതത്തിലാണ്പറഞ്ഞിരി
ക്കുന്നത്. .

ഭൂമിയെ അദ്ദേഹം കുലസ്ത്രീയെപ്പോലെ
സുര ക്ഷിതമായി പാലിച്ചു. ബ്രാഹ്മണർ
മുതൽ മേദ രും ചണ്ഡാലനും വരെ

അദ്ദേഹത്തിന്റെ ഭൂമിയി ൽ സുരക്ഷിതരായി വാണു.
വിക്കൌരവിഷയത്തിലെ ഗ്രാമങ്ങൾഃ-
ഖത്തൌദദ്വാദശകം, രാൽഹന്റെ താണ്ഡദ്വാദശ കം, ഹാതാഷ്ടദശകം, ശേഷയിഗ്രാമം

ദുധൈവിഷയത്തിലെ ഗ്രാമങ്ങൾഃ-
പിലികിനി പാഞ്ചേല, ഇടവപാഞ്ചേല,

വടവാരിവിഷയത്തിലെ ഗ്രാമങ്ങൾഃ-
ഈശരഹരപാഞ്ചേല, ഉലദന, കകരദഹ.

ഗോകുലവിഷയത്തിലെ ഗ്രാമങ്ങൾഃ-
നസഹഹത്തിദഹ, പഥ.

ഈ ഗ്രാമങ്ങളിലെ ജലവും സ്ഥലവും ചരാചര ങ്ങളും, (സ്ഥാവരജംഗമ) അതിര്ത്തികളും മുമ്പു ള്ളവയും വരാനിരിക്കുന്നവയുമായ ആദായങ്ങ ളും ആണ് ദാനം ചെയ്യുന്നത്. ഇതിൽ ചിലതിനെ പ്രത്യേകം എടുത്തുപറഞ്ഞ് അവ ഒഴിവാക്കിയി രിക്കുന്നു. മദനപുരവും അതിന്റെ ഗദ്വാരക്കുള വും, സോമനാഥക്ഷേത്രത്തിലെ ഈശ്വരനും, വടവാരി,ദൂധൈവിഷയത്തിലെ മറ്റു ഗ്രാമങ്ങൾ, ലിംഗിയന്റേയും ജാലന്റെയും സ്ഥലങ്ങൾ, മദന പുരത്തിൽ ലാടിയന്മാരുടെ നാലു കലപ്പ ഭൂമി, (അജയസാഗരത്തോടു ബന്ധപ്പെട്ടത്), ഇവ ഒഴി വാക്കിയിട്ടുണ്ട്. സ്വന്തംപുണ്യം

കീർത്തി, മാതാ പിതാക്കളുടെ പുണ്യം ഇവക്കാണ് ദാനം. വൈശാഖശുക്ലസപ്തമി, സംവത് 1223, ഉദകപൂ ർവ്വം കുശപ്പുല്ലാൽ പവിത്രമാക്കി, ശോണസരസ്സ് എന്ന ശിബിരത്തിലിരുന്നാണ് ദാനം ചെയ്തത്. മുത്തശ്ശനായ മഹാരാജാധിരാജാ മദനവർമ്മദേ വൻ വാരിദുർഗ്ഗശിബിരത്തിലിരുന്ന് വ്യാഴാ ഴ്ച, മാഘകൃഷ്ണപഞ്ചദശിക്ക് സംവത് 1210ലെ സൂര്യഗ്രഹണത്തിന്, ദേവപിതൃമാനവരെ എല്ലാം പൂജിച്ച് ഭവാനിയുടെ ഭർത്താവും ചരാചരനാഥനുമായ സൂര്യദേവനെ ആരാധിച്ച് അഗ്നിയെ വണങ്ങി പല ഭട്ടാഗ്രഹാരങ്ങളി ൽനിന്ന് വന്ന പല ഗോത്രക്കാരായ പല പ്രവര ക്കാരും ശാഖക്കാരുമായ ബ്രാഹ്മണർക്ക് കൊടു ത്ത ദാനത്തിന്റെ ആവർത്തനമാണ്. മറ്റു സ്ഥലങ്ങ ളിൽനിന്നോ ആ ദേശത്തുനിന്ന് തന്നെയോ ഉള്ള ചാത്തന്മാർക്ക് (യോദ്ധാക്കളായ ബ്രാഹ്മണർ) ഇവിടെ പ്രവേശനമില്ല എന്ന് നിഷ്ക്കർഷിച്ചി ട്ടുണ്ട്. 100 വരികളിലായ് 309 പേരാണ് ദാനം സ്വീകരിച്ചതായി പറഞ്ഞിരിക്കുന്നത്. ദ്വിവേദി, ത്രിവേദി, ചതുർവ്വേദി, അഗ്നിഹോത്രി, ശ്രോതീ യൻ, പണ്ഡിതൻ, ദീക്ഷിതൻ, താക്കൂറ, റൈ ((റൌത്ത, രാജപുത്ര) ഇവരെല്ലാം ഉണ്ട്. ഓരോ രുത്തരുടെ ഓഹരിയും വെവ്വേറെ പറയുന്നു ണ്ട്. വീടും കൃഷിയും മതിലും

എല്ലാം അവര വർക്ക് ഭുജിക്കാനും ഇഷ്ടം പോലെ അനുഭവി ക്കാനും അനുവാദമുണ്ട്. സസ്യങ്ങളിൽ ഭക്ഷ്യ ധാന്യം കൂടാതെ കരിമ്പ്, കഞ്ചാവ്, മദൂകം , മാങ്ങ പ്രത്യേകം എടുത്ത് പറയുന്നു. കാടും ഗുഹയും നിധികളും, ഇരുമ്പ് മുതലായവയുടെ ഖനികളും, തൊഴുത്തുകളും എല്ലാം അവർക്കു ള്ളതാണ്. രാജാവിന്റെ ഒപ്പിനു ശേഷം മാലിനി വൃത്തത്തിൽ വാസ്ലവ്യഗോത്രത്തിലെ പൃഥ്വീധ രനാണ് ധർമ്മലേഖം എഴുതിയതെന്ന് പറയുന്നു. പിത്തളകാരനായ പാൽഹണനാണ് താമ്രപത്ര ത്തിൽ കൊത്തിയത്.

മദനവർമ്മദേവന്റെ ദാനത്തിന്റെ ഉറപ്പിച്ചുകൊ ടുക്കലാണ് പർമ്മാദിദേവന്റേത്. ഒന്ന് വിക്രമശ കം 1215ലും മറ്റേത് 1224 ലുമാണ്.


തെക്കേ ഇന്ത്യയിലെ കുരുശുലിഖിത ങ്ങൾ

1847ൽ **പോർച്ചുഗീസുകാരാണ് മദ്രാസിലെ** മൌണ്ടിലെ **ലിഖിതം കണ്ടത്.പഹ്ലവി ലിപി. കോട്ടയം വലിയപള്ളിയിലെ ലിഖിതം പിന്നീട് കിട്ടി. ഇത് മദ്രാസിലേതിന്റെ പകർപ്പാണ്. കുരിശിന് മുകളിലായ് ഒരു പക്ഷി ഉണ്ട്. താഴെ ഒരു പൂവിലാണ് കുരിശ് ഉറപ്പിച്ചിരിക്കുന്നത്.**

മൂന്നു പടിയുള്ള സോപാനത്തിലാണ് കുരിശ് നിൽക്കുന്നത്. കോട്ടയത്തെ കുരിശ് കുറച്ചുകൂടി ചെറുതും അലങ്കാരം കുറവുള്ളതുമാണ്.

.........ഹാമിച്ച് മേസിക്കായ് അവക്ഷായി മദമഫ്രാസിക്ക് ഖാര് ഹൂക്ക ...യി മൂൻബുൻ ദാവ്ദോ ദേന

എന്നാണ് വായിച്ചിരിക്കുന്നത്. മിശിഹായുടെ കഷ്ടപ്പാടുകൾ, മാപ്പ്, ഉയിർത്തെഴുനേൽപ്പ് ഇവയുടെയെല്ലാം ഉത്ഭവമായ ഇത് എന്ന് തർജ്ജമ ചെയ്യപ്പെട്ടു. മൂൻ എന്നതിന് ആമേൻ എന്ന് വായിച്ചിട്ടുണ്ട്. ബുൻ ഉത്ഭവം, ആദി എന്ന അർത്ഥത്തിലും വായിക്കുന്നു.



കോട്ടയത്തെ കുരിശിനു താഴെ ഒരു സിറിയൻ വാക്യവും ഉണ്ട്. ഇത് ഗലേഷ്യൻസിലെ ആദ്യ വാക്യമാണെന്ന്

പറയപ്പെടുന്നു. ഭുക്തോ ദർദോ മദം മുതലായ ഇന്ത്യൻ വാക്കുകളുണ്ട്.

കീൾമുത്തുഗൂരിലെ 3 തമിഴ് ലിഖിതം

വടക്കേ ആർക്കോട്ടിലെ ഗുഡിയാട്ടം താലൂക്കിൽ വിരിഞ്ചിപുരം റെയിൽവേ സ്റ്റേഷനിൽനിന്ന് രണ്ടര മൈൽ വടക്കാണ് കീഴ്മുത്തുഗൂര് ഗ്രാമം. 4 സ്ലാബിൽ ഒന്ന് സ്ഥലമുടമ നിർമ്മാണപ്രവർത്ത നങ്ങൾക്ക് ഉപയോഗിച്ചു. 2 എണ്ണം നിലത്ത് കുത്തിനിർത്തിയിരിക്കയാണ്. ഒന്ന് വീണുകിട ക്കുന്നു. മുക്കുദൂർ (എ) എന്നും മുക്കൂട്ടൂർ (ബി, സി) എന്നും വിളിച്ചിരുന്ന ഈ സ്ഥലത്ത് നടന്ന മൂന്നു സംഭവങ്ങളാണ് പറയുന്നത്. 1. ബ്രാഹ്മണ ന് ദാനം ചെയ്തത്, 2. യുദ്ധത്തിൽ യോദ്ധാവ് വീരമൃത്യു വരിച്ചത്. 3 പുലിയെ വധിച്ചത്. കീൾ മുത്തുഗൂരെന്നത് ഈ സ്ഥലത്തിന്റെ പുതിയ പേരാണ്.

ആദ്യത്തേത് നരസിംഹവർമ്മന്റെ ലിഖിതമാണ്. 9 വരി. നടുവിലെ 2 ചിത്രം വലത്തോട്ട് അഭിമു ഖമാണ്. ആനയും ഹംസവുമാണ്. അവയുടെ ഇരുവശവും ഓരോ വിളക്ക് ഉണ്ട്. ശ്രീ എന്ന

ഗ്രന്ഥലിപിക്ക് ശേഷം തമിഴ് ലിപിയാണ്. ചില യിടത്ത് വട്ടെഴുത്താണ്. അകാരം കൊച്ചിൻപ്ലേ റ്റിലേതിന് സദൃശമാണ്. ചില അക്ഷരങ്ങൾ ജടിലവർമ്മന്റെ പ്ലേറ്റിലുള്ളതിന് സദൃശമാണ്. നരസിംഹവർമ്മന്റെ 18ആം ഭരണവർഷത്തിലെ ലിഖിതമാണ്. എന്നാൽ പല്ലവന്മാരുടെ നന്ദിയെ കാണാനില്ല. ആന കേരളത്തിലെ രാജാക്കന്മാ ർക്കും പടിഞ്ഞാറൻഗംഗരാജാക്കന്മാർക്കും ഉള്ളതാണ്. ഹംസം ഗംഗാരാജാവ് കൊങ്കണിവ ർമ്മന്റെ കൊടിയടയാളമാണ്. ഇവ രണ്ടും കാണുന്നതിനാൽ നരസിംഹവർമ്മൻ കൊങ്ക ണതീരത്തെ ഗംഗാരാജാവാകാം, കേരളരാ ജാവുമാകാം. കൊങ്ങുചേരനെന്ന് കരുതുന്ന താവും ഉചിതം.

ശ്രീ കോവിസേയ നരസിംഗപ്പരുമർക്കു യാണ്ടു പതിനെട്ടാവതു ഷണ്മാതുരൻ

തമടി വാരന്തരസാത്തെയ്യരുക്കു മു

ക്കൂടൂർ അവരുടൈയ പൺപുലമും നൻപുലമും അവരിരുന്ത മനൈയും (പാ)പു

ശൈദദൊന്റു കൈനീറ്റിര്പ്പെയ്തു പിരമദയാൻ കൊടുത്തോം. ഇതു ......കാട്ടാർ കാൺമേലവെന്റലൈ അറമരൈവർക്ക.

നരസിംഹപ്പെരുമാൾക്ക് 18ആം വർഷം കയ്യിൽ രു പണത്തോടും ഉദകത്തോടും കൂടി ഷണ്മുഖ(കാർത്തികേയ)ഭക്തനായ വാരന്ദര സാത്തൈയ്യർക്ക് ബ്രഹ്മദേയമായി, അദ്ദേഹം മുക്കുദൂരിൽ വസിച്ചിരുന്ന വീടും പറമ്പും വയലും കൊടുത്തിരിക്കുന്നു. ഈ ദാനം പരി പാലിക്കുന്നവരുടെ പാദം ശിരസാ വഹിക്കുന്നു. ധർമ്മം പരിപാലിക്കണം.

രണ്ടാമത്തെ ലിഖിതം പരാന്തക 1 ന്റെയാണ്. ഇട ത്തോട്ട് സഞ്ചരിക്കുന്ന യോദ്ധാവിന്റെ രൂപമു ണ്ട്. ഇടംകയ്യിൽ വില്ലും വലംകയ്യിൽ വാളുമു ണ്ട്. ശിരസ്സിൽ കിരീടം പോലെ ഒന്നും കണ്ഠാഭര ണവും അരപ്പട്ടയും ധരിച്ചിട്ടുണ്ട്. പിന്നിൽ വലത്തുവശത്ത് കഴുതയോ കുതിരയോ പോലെ ഒരു മൃഗമുണ്ട്. ലിഖിതം ചിത്രത്തിനു ചുറ്റുമാ ണ്. ആദ്യത്തെ മൂന്നു വരി ചിത്രത്തിനു മുകളി ലും 4- 12 വരി ഇടത്തുനിന്ന് വലത്തോട്ടും. മതിരൈക്കൊണ്ട പരകേസരിവർമ്മന്റെ 29ആം വർഷമെന്ന് പറയുന്നതിനാൽ

എഡി 900-940 വരെ ഭരിച്ച ചോളപരാന്തകനാണ്. പെരുമാ നടികൾ കവർന്ന കാലികളെ വീണ്ടെടുത്ത് വീരമൃത്യു വരിച്ച യോദ്ധാവിനുള്ള വീരക്കല്ലാ ണ്. പടിഞ്ഞാറൻഗംഗ,ചോളയുദ്ധങ്ങളിലാണ് ഇത് സംഭവിച്ചത്.

ശ്രീമതിരൈക്കൊണ്ട കോപ്പരകേസരിവന്മർക്കു യാണ്ട് ഇരുപത്തൊമ്പതാവതു പെരുമാനടികളാൻ മുക്കൂട്ടൂർ........തൊരുക്കോല്ലമിത്തു പട്ടാൻ വടുനവാരൻ വരദൻ താണ്ടൻ..വധിക്കപ്പെട്ട യോദ്ധാവിന്റെ പേരാണ് വടുനവാരൻ വരദൻ തണ്ടാനെന്നത്.

മൂന്നാമത്തെ ലിഖിതം പരാന്തകന്റെ 32ആം വർഷത്തെയാണ്. അരയിലും ശിരസ്സിലും വസ്ത്രം ധരിച്ച് ഇടത്തോട്ട് അഭിമുഖമായി പുലിയോടു യുദ്ധം ചെയ്യുന്ന ചിത്രം. പുലി പിൻകാലുയർത്തി നിന്ന് യോദ്ധാവിന്റെ ഇടംകൈ കടിക്കുന്നു. യോദ്ധാവ് വലംകൈയി ലെ വാൾ കൊണ്ട് പുലിയുടെ വയറു പിളരുന്നു. ആദ്യത്തെ 5 വരി ലിഖിതം ചിത്രത്തിനു മുകളിലാണ്. 6-9 വരെ ഇടത്തും വലത്തും. 3-12 വരി

സ്കെയിൽ വെച്ച് വര വരച്ച് അതിനുള്ളി ലാണ്. ശ്രീ ഗ്രന്ഥലിപി. ബാക്കി തമിഴ് ലിപി. പരാന്തകന്റെ തിരുക്കഴുക്കുന്റം ലിഖിതത്തോടു സാമ്യമുണ്ട്.

ശ്രീ മതിരൈക്കൊണ്ട കോപ്പരകേസരിവന്മരുക്ക് യാണ്ടു മുപ്പത്തുഇരണ്ടാവതു വടകരൈ മുക്കുട്ടൂർ കുമാരനന്ദൈ പുലപ്പൻ പുലി കുത്തി ന കരണൈനാടു.

പുലിയെ കുത്തിക്കൊന്നത് കുമാരനന്ദി പുലപ്പ നാണ്. പാലാറിന്റെ വടക്കേ കരയിലാണ് ഗ്രാമം. വടകരൈ മുക്കുട്ടൂരെന്ന് അതിനാലാണ് പറയു ന്നത്.

അംബൂരിലെ 2 തമിഴ് ലിഖിതങ്ങൾ

വടക്കേ ആർക്കോട്ടിലെ വേലൂരിലാണ് അംബൂ ർഗ്രാമം. ഇവിടത്തെ നാഗേശ്വരക്ഷേത്രത്തിൽ കുലോത്തുംഗചോളന്റെ ലിഖിതങ്ങളുണ്ട്. ഹോയ്സലരാജാവ് വീരവല്ലലന്റേയും വിജ യനഗരത്തിലെ മല്ലികാർജ്ജുനപുത്രൻ രാജശേ ഖരന്റേയും ഓരോ ലിഖിതവുമുണ്ട്. കൂടാതം

കംഗരോട്ടികത്തെരുവിൽ 2 സ്ലാബുകളിൽ ലിഖി തമുണ്ട്. രണ്ടിലും മുകളിൽ തമിഴ് ലിഖിതം താഴെ ഇടത്തോട്ട് സഞ്ചരിക്കുന്ന യോദ്ധാവ്, ഇടംകയ്യിൽ വില്ലും വലംകൈയിൽ വാളും. അസ്ത്രങ്ങളാൽ ശരീരം തുളക്കപ്പെട്ടിരിക്കുന്നു. ശിരസ്സിന് ഇരുവശവും ഓരോ ചാമരം , സ്വർഗ്ഗ ത്തിലേക്ക് നയിക്കപ്പെടുന്നതിന്ന് അടയാളമായി ഉണ്ട്. ഇടത്തുവശത്തെ സ്ലാബിൽ യോദ്ധാവിനു പിന്നിൽ ഒരു കൊട്ട ഫലങ്ങളുണ്ട്.വലത്തുവശ ത്തെ സ്ലാബിലെ യോദ്ധാവിന് മുന്നിലും പിന്നി ലും ഓരോ വിളക്ക്, പിന്നിൽ ഒരു പാത്രവുമു ണ്ട്. ലിഖിതത്തിന്റെ ആദ്യഭാഗം സമാനമാണ്. അകളങ്കത്തുവരായരുടെ മകനും മരുമകനുമായ ണ് വീരമൃത്യു വരിച്ച യോദ്ധാക്കൾ. ആമയൂരി ലെ (അംബൂർ) കാലികളെ കൊണ്ടുപോയ നോ ലംബ(പല്ലവ)നുമായുള്ള യുദ്ധത്തിലാണ് മരണം സംഭവിച്ചത്.
പടുവൂർക്കോട്ടത്തിലെ മേൽ അടൈയാർനാട് ഉദയേന്ദ്രം ആയതുപോലെയാ ണ് ആമയൂർ അംബൂരായത്. അകളങ്കയുവ രാജാ എന്ന സംസ്കൃതനാമമാണ് അകളങ്കത്തു വരായർ. മധുരമീനാക്ഷിക്ഷേത്രത്തിൽ അകള ങ്കൻ എന്ന് എഴുതിയ ഒരു

ശിൽപ്പമുണ്ട്. പെരു നഗർ അഗരത്തിലെ കൊണ്ടർ മുഖ്യനായിരുന്നു അകളങ്കയുവരാജാ. പിരുതിഗംഗരായരുടെ സേവകനായിരുന്നു. ഈ രണ്ട് ലിഖിതവും നൃപതുംഗവിക്രമവർമ്മന്റെ 26ആം വർഷമാണ്. പല്ലവദന്തിവർമ്മന്റെ മകനാണ് നൃപതുംഗൻ. അദ്ദേഹത്തിന്റെ 5 താമ്രപത്രം പോണ്ടിച്ചേരിക്ക ടുത്ത് ബാഹൂറിൽനിന്ന് കിട്ടിയിട്ടുണ്ട്. നൃപതുംഗവർമ്മന്റെ വംശാവലിഃ- ബ്രഹ്മാവ്, അംഗിരസ്, ബൃഹസ്പതി, ശംയു,ഭരദ്വാജ, ദ്രോണ, അശ്വത്ഥാമാവ് പല്ലവവംശം. വിമലനും കൊങ്കണികനും പല്ലവന്റെ മക്കളാണ്. വിമല വംശത്തിൽ വിമലനുശേഷം വിഷ്ണുഭക്തനായ ദന്തിവർമ്മൻ, അദ്ദേഹത്തിന്റെ മകൻ നന്ദിവ ർമ്മൻ. ശംഖ എന്ന രാഷ്ട്രകൂടരാജകുമാരിയാണ് നന്ദിവർമ്മന്റെ ഭാര്യ. അവരുടെ മകനാണ് നൃപ തുംഗവർമ്മൻ. മന്ത്രിമാരുടെ ആവശ്യപ്രകാരം വിദ്യാസ്ഥാനത്തിനു വേണ്ടി ബാഹൂറിൽ അദ്ദേഹം സ്ഥലം കൊടുത്തു. കാഞ്ചിപല്ലവവം ശത്തിലെ നൃപതുംഗന്റെ ബന്ധുക്കളാണ് ഗംഗ വംശം. ദന്തിവർമ്മനെന്നത് രാഷ്ട്രകൂടന്മാരിലും കാണുന്ന നാമമാണ്.

തൃശ്ശിനാപ്പള്ളി ജില്ലയിലും അദ്ദേഹത്തിന്റെ ലിഖിതങ്ങളുണ്ട്. പരാന്തക 1 നു മുമ്പാണ് നൃപതുംഗകാലം. രാഷ്ട്രകൂട ദന്തിഗനാ ണ് ദന്തിദുർഗ്ഗനെന്ന് കരുതപ്പെടുന്നു. വടക്കേ ആർക്കോട്ടും തഞ്ചാവൂരും തൃശ്ശിനാപ്പള്ളിയും ഭരിച്ച നൃപതുംഗവർമ്മൻ മകളെ കലിംഗ ത്തിലേക്ക് വിവാഹം കഴിച്ചുകൊടുത്തിരുന്നു (ശരഭപുരി ലിഖിതങ്ങൾ). ഗംഗരോടും രാഷ്ട്ര കൂടരോടും പല്ലവരോടും ചോളരോടും ബന്ധ മുണ്ടായിരുന്നു. പിരുതി ഗംഗരയരെന്ന് ഇവിടെ പറയുന്നത് ഗംഗപൃഥ്വീപതിയാണെന്നും നൃപ തുംഗന്റെ സമകാലീനനാണെന്നും വിചാരിക്കു ന്നു.

1.ശ്രീ കോ
വിശൈയ(വിജയ)നിരുപതൊംഗ വിക്കിരമപരുമരുക്കു യാണ്ടു ഇരുപത്തിയാറാവതു പടുവൂർക്കോട്ടത്തു മേൽഅഡയാറുനാട്ടു ആമൈയീർ മേൽ നൂലംബൻ പടൈ വന്തു തൊരുക്കൊല്ല പിരുതി ഗംഗൈരായർ സേവഗർ പെരുനഗർ അഗരക്കൊണ്ട ക്കാവിടി അകളങ്കത്തുവരായർ മഗൻ ശാനൻ തളരാ വിളുതു പട്ടാൻ.

Ambur Inscriptions of Nripatunga-Vikramavarman.

B.

SCALE ONE-ELEVENTH.

Kil-Muttugur Inscription of Narasimhavarman.

SCALE ONE SIXTH.

E. HULTZSCH.

Photo., Calcutta.

2.കോവിശയനിരുപതുംഗവിക്കിരമപന്മരുക്ക് യാണ്ട് ഇരുപത്താറാവതു പടുവൂർക്കോട്ടത്തു മേലടയാറുനാട്ടു

ആമയൂർമേൽ നുലംബൻ പടൈ വന്തു തൊരുക്കൊല്ല പിരുതിഗംഗരായർ സേവഗർ അകളങ്കത്തുവരായർ മരുഗൻ മാസിലുനി വേടൻ കലിയിരാമൻ പട്ടാൻ.

അകളങ്കന്റെ മരുമകൻ മാസിലുനി വേടൻ കലിരാമനും മകൻ ശാനനുമാണ്

വജ്രഹസ്തന്റെ നടകം പ്ലേറ്റുകൾ ശകം 979)

ഗഞ്ചം ജില്ല നരസംപേട്ട താലൂക്കിലെ നടകം ഗ്രാമത്തിൽ നിന്ന് കിട്ടിയത്. നാട്ടുകാർ അവിടെ ഉണ്ടായിരുന്ന ശൈവസംഘക്കാരുടേതെന്ന് വിചാരിച്ചിരുന്നു.5 താമ്രപത്രം. വൃത്താകൃതി യുള്ള സീലിൽ ഇരിക്കുന്ന ഋഷഭചിത്രം. വലത്തു വശത്ത് ശംഖും ചാമരവും. ഇടത്തുവശത്ത് വാളും അങ്കുശവും. മുമ്പിൽ ചന്ദ്രക്കല, പിന്നിൽ പെരുമ്പറ. ശിവാരാധകരായ ഗംഗാരാജാക്കന്മാ രുടെ ചിഹ്നങ്ങളാണ് ഇവ. പഴയ നാഗരി ലിപി. മിശ്രമായ ലിപിയാണ്. കലിംഗത്തിലെ മുഖലിം ഗത്ത് ഇതുപോലെയുള്ള ലിപി കാണാം. തെലു ഗുദേശത്ത് കാണുന്ന

കിഴക്കൻചാലൂക്യരുടെ 11ആം നൂറ്റാണ്ടിലെ ലിപിയോടും സാമ്യം ഉണ്ട്. ഭാഷ സംസ്കൃതം. ഗദ്യവും പദ്യവും ഉണ്ട്. ബകാരത്തിന് വകാരമാണ്. അവസാനത്തെ 8 വരി തെറ്റായ സംസ്കൃതത്തിലാണ്. പുംഗുസാമ യ്യ (സോമയ്യ)ന് പരമഹംസപരമഭട്ടാരകമഹാ രാജാധിരാജ ത്രികലിംഗാധിപതിയായ ഗംഗവം ശത്തിലെ വജ്രഹസ്തൻ കൊടുക്കുന്ന ദാനമാണ്. കലിംഗനഗത്തിൽനിന്നാമ് ശാസനം. ജനപദവും മന്ത്രിമാരും ഉൾപ്പെട്ട പ്രജകളോടാണ് ഉത്തരവ്. ശകം 979 ഞായറാഴ്ച ഫാൽഗുനത്തിലെ ശുക്ല ദ്വാദശി (എഡി 1058 മാർച്ച് 4) ഹേവിലംബിവ ർഷം 60 വർഷത്തിൽ ഒരിക്കൽ വരുന്ന ഗോവിന്ദ ദ്വാദശി. ഫാൽഗുനേ ശുക്ലദ്വാദശ്യാം കുംഭസ്ഥേ ച ദിവാകരേ ഏകസ്ഥിതേ സൂര്യംസുതേ ജൈവേ കാർമ്മുകസംസ്ഥിതേ പുഷ്യസ്ഥേ ബുധസംയു ക്തേ ശോഭനേ ഭാനുവാസരേ ഗോവിന്ദദ്വാദശീ പ്രോക്ത ദേവാനാമപി ദുർല്ലഭാ.

ഏറാദവിഷയത്തിൽനിന്ന് വേർപെടുത്തി പുതിയ വിഷയമാക്കിയ 12 ഗ്രാമം അതിലെ പ്രധാനഗ്രാമമായ

വേൽപുരവിഷയത്തിന്റെ നാമത്തിൽ വേൽപുരവിഷയമെന്ന് നാമം കൊടുത്തു. ചില്ലിയെന്ന സ്ഥലത്തെ ആയിതനന്റെ പൌത്രനും, ശ്രീകണ്ഠനായകന്റെയും വേദേവി യുടേയും പുത്രനുമാണ് ദാനം സ്വീകരിക്കുന്നത്. ഇദ്ദേഹവും രാജാവും തമ്മിലുള്ള ബന്ധം അവ സാനത്തെ മൂന്നു വരികളിലാണുള്ളത്. അത് മായ്ച്ചുകളഞ്ഞ് അവ്യക്തമാക്കയിരിക്കുന്നു.

മജ്ജാമാത്രേ ദണ്ഡനായകസ്യ മയാ ദത്തം .മയപാംഗുസാമയാനേശപം .....സനസന്തനവർത്തനമേവ

എന്റെ ജാമാതാവ് (പുത്രീഭർത്താവ്) ആണ് പുംഗുസോമയ്യനെന്ന ദണ്ഡനായകനെന്ന് പറയു ന്നു. 12 ഗ്രാമത്തിനു പുറമേ കൊലുവർത്തനിഗ്രാ മവും കൊടുക്കുന്നു.

ദാനം കൊടുത്ത ദിവസം കൂടാതെ വജ്രഹസ്ത ന്റെ രാജ്യാഭിഷേകവർഷവും ലിഖിതം തരുന്നു. ശകം 960 കഴിഞ്ഞ്, ഞായറാഴ്ച ശുക്ലപക്ഷതൃ തീയ, ധനുലഗ്നം രോഹിണിനക്ഷത്രം. (എഡി 1038 മേയ് 3) അനന്തവർമ്മൻ ചോഡഗംഗന്റെ രാജ്യാ ഭിഷേകം നടന്ന ദിനവും ഈ ദിനവും ഗംഗാരാജാ ക്കന്മാരുടെ വംശാവലി നിർണ്ണയിക്കുന്നതിൽ പ്രധാനപങ്ക്

വഹിച്ചിട്ടുണ്ട്. ഗുണമഹാർണ്ണവപുത്രനായ വജ്രഹസ്ത 1 , അഞ്ച് സ്വതന്ത്രഗ്രാമങ്ങളായി വിഭജിച്ചുകിട ന്നിരുന്ന കലിംഗത്തെ ഏകോപിപ്പിച്ച് ഒരു സാമ്രാജ്യമാക്കി. വജ്രഹസ്ത 2 ആയിരം ആനകളെ ഭിക്ഷുക്കൾക്ക് നൽകി. വജ്രഹസ്ത 3 അവസാനരാജാവാണ്.

വംശാവലിഃ-

1 ഗുണമഹാർണ്ണവ

2 വജ്രഹസ്ത 1 (44 വർഷം ഭരിച്ചു)

3 മൂന്നു മക്കൾ . ഗുണ്ടമ (3 വർഷം) , കാമാർണ്ണ വ 1 (35 വർഷം) വിനയാദിത്യ(3 വർഷം)

4.കാമാർണ്ണവന്റെ മകൻ വജ്രഹസ്ത 2 എന്ന അനിയംഗഭീമൻ 35 വർഷം.അനിയംഗഭീമേശ്വര ക്ഷേത്രം ഉണ്ടാക്കി.

5.മൂന്നു മക്കൾ .കാമാർണ്ണവ 2. ഭാര്യ വൈഡുംബവംശത്തിലെ വിനയമഹാദേവി (6 മാസം ഭരിച്ചു). ഗുണ്ടമ 2 (3 വർഷം), മറ്റൊരു ഭാര്യയിലുണ്ടായ മധുകാമാർണ്ണവ 3 (19 വർഷം)

6. കാമാർണ്ണവ 2വിന്റെ വിനയമഹാദേവിയിലു ണ്ടായ മകൻ

വജ്രഹസ്ത 3 (മേയ് 3 എഡി 1038 ന് രാജായാഭിഷേകം)

അനന്തവർമ്മന്റെ ലിഖിതം കാമാർണ്ണവ 1 തന്റെ നാടായ ഗംഗാവാടി അഛന്റെ സഹോദരനു കൊ ടുത്ത് തന്റെ 4 സഹോദരന്മാരോടകൂടി, യുധി ഷ്ഠിരനെപ്പോലെ, മഹേന്ദ്ര പർവ്വതത്തിലെത്തി, ഋഷഭലാഞ്ഛന സ്വീകരി ച്ച് ബാലാദിത്യനെ തോൽപ്പിച്ച് കലിംഗം സ്വന്തമാക്കി എന്നാണ്. അനുജനായ ദാനാർണ്ണവന് ആ രാജ്യം (കലിംഗം) കൊടുത്തു, ഗുണാർണ്ണവന് അംബാവാടിവിഷ യം കൊടുത്തു. മാരസിംഹന് ചോഡമണ്ഡലം കൊടുത്തു. വജ്രഹസ്ത 1ന് കൌതകവർത്തിനി കൊടുത്തു. കാമാർണ്ണവനുശേഷം ദാനാർണ്ണവ നാണ് ചക്രവർത്തിസ്ഥാനമെങ്കിലും ഈ സ്ഥലങ്ങ ൾ മേൽപ്പറഞ്ഞ സഹോദരന്മാരുടെ കീഴിൽ തുട ർന്നു.

ഗഞ്ചം ജില്ലിലെ പാർലാക്കിമേദിയിൽനിന്ന് 20 മൈൽ മാറി മുഖലിംഗം എന്ന തീർത്ഥാടനസ്ഥാന മുണ്ട്. വംശധരാനദിയുടെ ഇടത്തേ കരയിലാണ്. അവിടെ മൂന്ന്

ശിവക്ഷേത്രമുണ്ട്. മധുകേശ്വര, ഭീമേശ്വര, സോമേശ്വര. ഇവയിലെല്ലാം ലിഖിത ങ്ങളുണ്ട്. 2 മൈൽ തെക്കുള്ള നഗരകടകം (നരസ ന്നപേട്ട താലൂക്ക്) വരെ ധാരാളം പഴയ നഗരാവ ശിഷ്ടങ്ങളുണ്ട് . ഇവിടെനിന്ന് മധുകേശ്വരനും അനിയംഗഭീമദേവനും ഉള്ള ദാനങ്ങളെഴുതിയ നിരവധി ലിഖിതം കിട്ടി. അനന്തവർമ്മചോഡ ഗംഗദേവകാലത്തും അതിനുമുമ്പും ഉള്ളവയു ണ്ട്. കലിംഗാവനിനഗരേ ശ്രീമന്മധുകേശ്വരായ ശർവ്വായ, കലിംഗദേശനഗരേ ശ്രീമൻമധുകേശ്വ രായ ദേവായ, നഗരമുന മധുകേശ്വരതേവരു ക്കു, നഗരാനവീതി ശ്രീമധുകേശ്വരതേവരുഗു എന്നെല്ലാം കാണാം. ഈ പ്രദേശമാണ് കലിംഗ നഗരം. (ഇപ്പോഴത്തെ കലിംഗപട്ടണമല്ല). ക്ഷേത്ര മാഹാത്മ്യം ഈ നഗരത്തിന് പല കാലങ്ങളി ലായി 4 നാമം ഉണ്ടായിരുന്നതായി പറയുന്നു. ഗോവിന്ദകാനനം, ജയന്തപുരം, മധുകേശ്വരം, മുഖലിംഗം.

വംശസ്ഥാപകനായ ഗംഗരാജാവ് കാമാർണ്ണവ 1 ന്റെ രാജധാനി ജന്താപുരം (ജയന്തപുരം) ആയി രുന്നു. (ചേന്ദപുരം).

അദ്ദേഹത്തിന്റെ മരുമകൻ കാമാർണ്ണവ 2 വിന്റെ കാലത്ത് നഗരം എന്നേ പറയുന്നുള്ളു. അവിടെ അദ്ദേഹം ലിംഗരൂപി യായ ഈശനു വേണ്ടി മധൂകമരം കൊണ്ട് ക്ഷേത്രം നിർമ്മിച്ചു (മധുകേശ്വരം) .ശിവമുഖം മധൂകവൃക്ഷത്തിൽ കണ്ടതിനാൽ മുഖലിംഗം. ഒറിയാഭാഷയിൽ മധൂകത്തിന് മാഹ്വാ (മോഹ) എന്ന് പറയും. മോഹ്വലിംഗമാണ് മുഖലിംഗമാ യതെന്ന് കരുതുന്നു.ക്ഷേത്രമാഹാത്മ്യം എഴുതി യ ആന്ധ്രതെലുഗുബ്രാഹ്മണരാണ് ഒറിയ ഭാഷ അറിയാത്തതുകൊണ്ട് മുഖലിംഗമെന്ന പേരു ണ്ടാക്കിയത്.മുഖലിംഗമെന്നും നഗരകടകമെന്നും ഇപ്പോൾ പറയുന്ന 2 ഗ്രാമവും കൂടിയതാണ് പഴയ കലിംഗനഗരമെന്ന രാജധാനി.

ആത്രേയഗോത്രക്കാരായ ഗംഗവംശത്തിന് ഗോക ർണ്ണേശ്വരസ്വാമികൃപയാലാണ് രാജ ചിഹ്നങ്ങ ളായ ശംഖും പറയും പഞ്ചമഹാശബ്ദവും വെളു ത്ത കൊറ്റക്കുടയും സ്വർണ്ണച്ചാമരവും ഋഷഭലാ ഞ്ചനയും ലഭിച്ചത്. 5 രാജാക്കന്മാരാൽ ഭരിക്ക പ്പെട്ടിരുന്ന

രാജ്യത്തെ വജ്രഹസ്ത 1 ഏകോപി പ്പിച്ച് ഒരു കുടക്കീഴിലാക്കി.

ദാനം ചെയ്യുന്ന 12 ഗ്രാമനാമങ്ങൾ -

വേൽപുരം, ത്രുമ്മുക, വപ്പുദാം, വള്ളുരമ, അർണ്ണഗോ....., ത്പ്പെമ്മിംബ,കോനൂരണ, പോടൂരു, വാദാം, മൂരിങ്കാം, കനമരംപ, ദേവരേമച്ചിക്കിടമ, ഗുദ്രാപി .ഇവ ചേർത്ത് വേൽപുരം ജില്ലയും, കോലുവർത്തനിയിലെ നുഗിലഗ്രാമവും ദാനം ചെയ്യുന്നു.

വിക്രമേന്ദ്ര 2 വിന്റെ ചിക്കുല്ല പ്ലേറ്റു കൾ.

വിശാഖപട്ടണം ജില്ലയിലെ ഗോൾഗോണ്ട താലൂക്കിലെ അമലാപുരം എന്ന സ്ഥലത്ത്, ഗോദാവരി ജില്ലയിലെ തൂണിയിലെ ചിക്കുല്ല അഗ്രഹാരം അതികവനി തടാകം വൃത്തിയാക്കു മ്പോളാണ് ലഭിച്ചത്. 5 പ്ലേറ്റുകളുണ്ട്. വൃത്താകൃതിയുള്ള സീലിൽ വലത്തുവശത്ത് വലംകാലുയർത്തി, വായ് പൊളിച്ച് സിംഹമു ണ്ട്. തെക്കൻലിപി. ഗോദാവരിപ്ലേറ്റിലെ (രാജ മല്ലന്റെ)ലിപിയോട് സാമ്യം. ഭാഷ പ്രാകൃതവു മായി മിശ്രമായ സംസ്കൃതം. സംവത്സരം എന്നതിന് സംവത്സരംബുലു എന്ന്

എഴുതുന്നതി നാൽ ലിപികന്റെ ഭാഷ തെലുഗാണ്. അവസാനം ഒഴികെ ഗദ്യത്തിലാണ്. വിഷ്ണുകുണ്ഡിൻ ആയ മഹാരാജാധിരാജാ പരമഭട്ടാരക വംശത്തിലെ മഹാരാജാ മാധവവർമ്മന്റെ പ്രപൌത്രനും വിക്രമേന്ദ്രവർമ്മന്റെ പൌത്രനും മഹാരാജാ ഇന്ദ്രഭട്ടാരകവർമ്മന്റെ പുത്രനുമായ മഹാരാജാ വിക്രമേന്ദ്രവർമ്മൻ 2 വിന്റേതാണ് ലിഖിതം. ലെന്ദുലൂരയിൽ താമസിക്കുമ്പോൾ, ശ്രീപർവ്വതത്തിലെ ഈശനെ വണങ്ങി, 10ആം ഭരണവർഷത്തിലെ വേനലിലെ പഞ്ചമിക്ക്, കൃഷ്ണബെണ്ണതീരത്തെ രാവിരേവക്ക് തെക്കു കിഴക്കുള്ള നാത്രിപതിജില്ലയിലെ രേഗോൻഗ്രാം ഗ്രാമം സോമഗിരീശ്വരനാഥക്ഷേത്രത്തിലെ ത്ര്യം ബകശിവന് ദാനം ചെയ്തു. മാധവവർമ്മൻ 7 പുരുഷമേധം അടക്കം നിരവധി യാഗം ചെയ്തി ട്ടുണ്ടെന്നും വിക്രമേന്ദ്ര വർമ്മൻ 1 തന്റെ അമ്മ വഴി വാകാടകരുമായി ബന്ധമുണ്ടെന്നും പറയു ന്നു. ഇന്ദ്രഭട്ടാരകവ ർമ്മനെ അദ്ദേഹത്തിന്റെ യുദ്ധവീര്യത്തിനാണ് പുകഴ്ത്തുന്നത്. അദ്ദേഹ ത്തിന്റെ ആനപ്പടയെ എടുത്ത് പറയുന്നു.

പൃഥ്വീവർമ്മദേവന്റെ ഗഞ്ചം പ്ലേറ്റ്

3 എണ്ണം. മാഗധി പ്രാകൃതം കലർന്ന സംസ്കൃത ഭാഷ.മംഗളശ്ലോകം ഒഴികെ ഗദ്യം. മഹേന്ദ്രവർമ്മദേവന്റെ മകനും ശിവഭക്തനും ആയ മഹാരാജാധിരാജാ പരമേശ്വര പരമഭട്ടാര ക ,പവിത്രമായ ഗംഗാവംശഭൂഷണ, കോലാഹല പുരാധീശ്വര, മഹാരാജാ പൃഥ്വീവർമ്മദേവ മഹേന്ദ്രപർവ്വതത്തിലെ ഗോകർണ്ണേശ്വരപ്രസാദ ത്താൽ കലിംഗദേശാധിപത്യം നേടി. ശ്വേതകത്തി ലിരിക്കുമ്പോൾ, സമരാത്രദിനത്തിൽ ജനോറവി ഷയത്തിലെ ഗ്രാമം ഭട്ടപുത്രശുഭംകരന് ദാനം ചെയ്തു. വത്സഗോത്രം വാജസനേയകണ്വശാഖ, പഞ്ചപ്രവരം (ഭാർഗ്ഗവ,ച്യവന, ആപ്നവന, ഔർവ്വ ജാമദഗ്ന). ഇതനുസരിച്ച് വർഷം തോറും 4 പലം വെള്ളി കിട്ടുന്നതാണ്. സന്ധിവിഗ്രഹ സാമന്തൻ എഴുതി, സാമന്ത സ്വയംഭു രേഖപ്പെ ടുത്തി, പട്ടമഹിഷി സീൽ(ലാഞ്ഛിതം) പ്രദാനം ചെയ്തു

.തിരുവിതാംകൂറിലെ 3 ലിഖിതം

1.പത്മനാഭസ്വാമിക്ഷേത്രത്തിലെ കൃഷ്ണൻകോ വിലിലെ (ഗോശാലകൃഷ്ണ) വടക്കെ ചുമരി ൽനിന്ന്. ഗോദമാർത്താണ്ഡകാലത്തെ ലിഖിതം. ഗ്രന്ഥലിപി. ഒരു സംസ്കൃതശ്ലോകം.

ധനുമാസത്തിൽ വ്യാഴം ഉച്ചത്തിൽ നിൽക്കുമ്പോ ൾ, ഗോളംബാധീശനായ ഗോദമാർത്താണ്ഡന്റെ ഛത്രവാഹിയായ (കുട പിടിക്കുന്ന) ആദിത്യരാ മൻ സ്യാനന്ദൂരപുരത്തെ ഗോപന്മാരുടെ ഗോ ഷ്ടത്തിലെ ക്ഷേത്രത്തിന് വെള്ളി കൊണ്ടുള്ള പറ (ദ്രിണ്ഡിമം) കൊടുത്തതാണ് വിഷയം. കർക്കിടകവ്യാളത്തിൽ ത്തനുഞായിറ്റു തിരുവനന്തപുരത്തു സഭയൂം എന്ന് തമിഴിലും ഉണ്ട്. തിരുവായംപാടിപ്പിള്ളെക്ക് ആണ് ആതിച്ചരാമൻ സമ്മാനിക്കുന്നത്. (ശ്രീകൃഷ്ണൻ അഥവാ ഗോശാലകൃഷ്ണൻ).

സ്വസ്തിശ്രീ സ്യാനന്ദൂരൈകഗോഷ്ഠാലയ കമലദൃശേ ഗോദമാർത്താണ്ഡഗോളംബാധീശ ഛത്രവാഹീ ധനുഷി ച കൃതനൈവേദ്യം

ഉത്തുംഗജീവോ ശ്രീമാൻ ആദിത്യരാമശേഷ ഹി രജതകൃതാൻ ദിണ്ഡിമം മന്ദരാഭാൻ ദിന്ദിരാഖണ്ഡഷണ്ഡദ്യുതി ശുഭം അധിസമ്മാന്യ ആത്മാ ക്ഷമായ.

ശ്രീ അനന്തപുരം (തിരുഅനന്തപുരം) തന്നെയാ ണ് സിയാ അനന്തപുരമെന്ന സ്യാനന്ദൂരം. ഗോളംബം കൊല്ലം. ഗോദ കോത. എഡി 1184 ൽ ജനുവരി 3 മുതൽ ഡിസംബർ 29 വരെ വ്യാഴം കർക്കിടകത്തിലായിരുന്നു. ഇത് കൊല്ലവർഷം 361ലാണ്. രാജാവിനേക്കാളും കീർത്തി ഉത്തും ഗജീവനായ ഛത്രവാഹിക്കാണെന്നത് ശ്രദ്ധേയ മാണ്. അദ്ദേഹം ഉത്തുംജീവൻ മാത്രമല്ല, ക്ഷമയു ള്ള ആത്മാവുമാണ്. നൈവേദ്യം കഴിപ്പിച്ച ശേഷമാണ് കമലനേത്രനായ ഭഗവാന് , ചുറ്റും പാലാഴിനുര പരക്കവേ മന്ദരപർവ്വതം പോലെ ശോഭിക്കുന്ന വെള്ളിദിന്ദിമം സമ്മാനിക്കുന്നത്.

2 സർവ്വാംഗനാഥന്റെ ലിഖിതം ശകം 1296

പത്മനാഭസ്വാമിക്ഷേത്രത്തിലെ ശ്രീകൃഷ്ണക്ഷേ ത്രത്തിന്റെ വടക്കേ ചുമരിൽ . തമിഴിലുള്ള ലിഖി തത്തിന് താഴെ. ഗ്രന്ഥലിപി. വരി. സംസ്കൃത

ശ്ലോകം. നൃപസർവ്വാംഗനാഥൻ വ്യാഴം ചിങ്ങ ത്തിൽ നിൽക്കുമ്പോൾ കൃഷ്ണക്ഷേത്രം പണിത താണ് വിഷയം.എഡി 1374ലാവണമെന്ന് പറയു ന്നു.

സ്വസ്തിശ്രീ സിംഹസ്ഥേ ച ബൃഹസ്പതൌ സമകരോദ് അബ്ദേ ച ചോലപ്രിയേ ഗോശാലാഞ്ച സുദീപികാഗൃഹം അഹോ കൃഷ്ണാലയം മണ്ഡപം

ഭക്ത്യാ ചൈവ യശോർത്ഥം അപി അതിതരാൻ ധർമ്മാർത്ഥം അപി ആദരാത് സ്യാനന്ദൂരപുരേ സുകൃതിസഹിത സർവ്വാംഗനാഥോ നൃപ.

ചോലപ്രിയ എന്നത് 1296 ആണെന്ന് പറയുന്നു. ചോളന്മാരുടെ പ്രിയനെന്നും അർത്ഥം വരാം.

രവിവർമ്മകുലശേഖരന്റെ അനുജനാണ് സർവ്വാംഗനാഥൻ ആദിത്യവർമ്മൻ.

3 മാർത്താണ്ഡന്റെ വർക്കല ലിഖിതം കൊല്ലം 655.

വര്ക്കല ജനാർദ്ദനസ്വാമിക്ഷേത്രത്തിന്റെ മണ്ഡ പത്തിന്റെ അധിഷ്ഠാനം. ഗ്രന്ഥലിപിയിൽ സംസ്കൃതശ്ലോകം. ഋഷഭമാസം ബ്രഹ്മതിഥി (ദ്വിതീയ) വ്യാഴം മൃഗശീർഷനക്ഷത്രം, സിംഹ ലഗ്നം ,

മാർത്താണ്ഡൻ ബ്രാഹ്മണരെക്കൊണ്ട്, വൈവൈകെയിൽവസിക്കുന്ന ഹരിയെ നീരാടിച്ചു. 1480 മേയ് മാസം 11നാണ് ഇത്. വൈക്കല എന്നായിരുന്നിരിക്കണം പഴയ വർക്കലയുടെ നാമം.

സ്വസ്തിശ്രീ

കോളംബേ മമതേതി വത്സരേ ഇതേ മാസേ വൃഷാർദ്ധേ ഗുരോർവാരേ ഭേ മൃഗശീർഷകേ വിധിതിഥൌ സിംഹേ ച ലഗ്നേ ശുഭേ

സ്നാനം സമ്യഗ് അകാരയദ് ദ്വിജവരൈശ്രീ വൈകധാമ്നോ ഹരേശ്രീശൌര്യാദി ഗുണാനിതൈസ്സ മതിമാൻ മാർത്താണ്ഡധാത്രീപതി.

മമത(665) ആണ്.

തൈല രണ്ടാമന്റെ നീൽഗുണ്ട് ലിഖി തം ശകം 904

ധാർവാർജില്ലയിലെ ഗഡഗ് താലൂക്കിലെ നീൽഗു ണ്ട് ഗ്രാമത്തിന്റെ വടക്കേ വാതിലിനു കിഴക്കാണ് ലിഖിതം. പശുവും പാലുകുടിക്കുന്ന കുട്ടിയും ഉണ്ട്.

ശിവലിംഗവും മുകളിൽ സൂര്യചന്ദ്രന്മാ രും. ഇരുവശവും ഓരോ മനുഷ്യർ നിൽക്കുന്നു. മുകളിൽ നടുവിലായി ഒരു മനുഷ്യൻ മുന്നിലേ ക്ക് നോക്കി ഇരിക്കുന്നു. 32 വരി പഴയ കന്നഡ ലിപി. ഭാഷ സംസ്കൃതമാണ്. ചില ബിരുദങ്ങൾ കന്നഡഭാഷയിലാണ്. പകുതിയിലധികം പദ്യമാ ണ്.

പടിഞ്ഞാറൻചാലൂക്യ തൈലപആഹവമല്ലന്റെ കാലത്തെ ലിഖിതമാണ്. ശകം 895ലാണ് അദ്ദേ ഹം ചാലൂക്യഭരണം പുനസ്ഥാപിച്ചത്. അദ്ദേഹ ത്തിന്റെ സാമന്തനും സേനാധിപനുമായ കണ്ണപ്പ കൊഗളി, രണ്ട് മുന്നൂറ് ഇവ (വനവാസിയിലെ) ഭരിച്ചിരുന്നു. കണ്ണപ്പയുടെ മരണശേഷം സഹോദ രനായ ശോഭനൻ ഭരിച്ചു. തൈലപന്റെ പിൻഗാ മിയായ സത്യാശ്രയ 2 വിന്റെ ശക 924ലെ ഗഡഗ് ലിഖിതത്തിൽ ശോഭനരശനെ പറയുന്നുണ്ട്. ബെൽവോല 300, പുലിഗേരേ 300 ഇവയാണ് അദ്ദേഹം ഭരിക്കുന്നത്. ഈ ലിഖിതത്തിലെ രണ്ട് 300 ഇവയാണ്. ശക 90 കഴിഞ്ഞ് ഭാദ്രപദത്തിലെ സൂര്യഗ്രഹണത്തിന് ചിത്രഭാനുവർഷത്തിൽ വിശ്വാമിത്രഗോത്രത്തിലെ വിഷ്ണുഭട്ടന്, ശോഭ നൻ, സൌജന്യസത്രം ഉണ്ടാക്കാനായി , നിർഗു ണ്ട ഗ്രാമത്തിലെ

30 നിവർത്തനം വയൽ കൊടു ത്തു. വാടജബ്ബ എന്ന സ്ത്രീ ഇതിനെ പുനരുദ്ധരിച്ച് കൊടുക്കുകയും, ചിഞ്ചിലഗ്രാമത്തിന്റെ വട ക്കേ അതിർത്തിയിൽ 12 ബ്രാഹ്മണരെ ഊട്ടാനു ള്ള ഏർപ്പാട് ചെയ്യുകയും ചെയ്തു. എരോവി ഷ്ണു (വിഷ്ണുഭട്ട) പുണ്യസ്ഥാനമായ ചെഞ്ചയി ൽ ആരംഭിച്ച സത്രം ചിരകാലം നില നിൽക്കട്ടെ. ശോഭനന്റെ ദാനം എഡി 982 സപ്തംബർ 20 നാണ്. അന്ന് സൂര്യഗ്രഹണമാണ്.നിർഗുണ്ട ഇപ്പോൾ നീൽഗുണ്ടയാണ്. അതിന് ഒന്നര മൈൽ തെക്കുപടിഞ്ഞാറായി കാണുന്ന ചിഞ്ചൂലിഗ്രാമ മാണ് ചിഞ്ചില.

(പെർമാനടി മാരസിംഹദേവൻ ബെൽവോല, പുലി ഗേരേ, കൊഗളി എന്ന് 3 മുന്നൂറ് , അറു നൂറ് ആകെ വാണിരുന്നതായി മറ്റൊരു രേഖ യിലുണ്ട് വാടജബ്ബ ഒരുപക്ഷേ ശോഭനന്റെ പത്നിയായിരിക്കാമെന്ന് പറയപ്പെടുന്നു).

തേന സമരസാഹസപ്രദർശനപ്രസന്ന തൈലപദേവപ്രസാദസാധിത നെരമൊഡേഗന്ധ ഗിരിദുർഗ്ഗമല്ലസാമന്തചൂഢാമണി കടകപ്രാകാരാദി അനപർത്ഥനാമ്നാ

പർവ്വതം പോലെ ശക്തിയുള്ളവനെന്നും (നെര മൊഡേഗന്ധ), ഗിരിദുർഗ്ഗമല്ലനെന്നും സാമന്ത ചൂഢാമണി എന്നും ശോഭനന്

തൈലപൻ ബിരു ദം നൽകിയിരുന്നു. കണ്ണോജനാണ് ലിഖിതം കൊത്തിയത്.

കാനൂജിലെ ഹർഷന്റെ ബൻസ്കേര പ്ലേറ്റ്

ഷാജഹാൻപൂരിൽ നിന്ന് 25 മൈൽ അകലെയാ ണ് ബൻസ്കേരഗ്രാമം. ഒരു പ്ലേറ്റേ ഉള്ളു.വല ത്തു വശത്ത് സീലുണ്ട്. വളരെ അധികം കേടു വന്നിരിക്കുന്നു. സോൻപത്ത് സീലിനോട് (ഗുപ്ത ലിഖിതങ്ങൾ) സാമ്യമുണ്ട്. ലിപി മധുബൻ പ്ലേറ്റിനേക്കാൾ ചെറുതും നന്നായി മനസ്സിലാക്കാവുന്ന വിധം സൂക്ഷിച്ചതുമാണ്. ശാരദലിപിയിലെ കെട്ടുകളോട് സദൃശമായ അക്ഷരങ്ങളുണ്ട്. 10ആം നൂറ്റാണ്ടിലെ നാഗരി യോടും സാമ്യമുണ്ട്. 3 വരി അലങ്കാരങ്ങളോടെ ശംഖുലിപിയെന്ന രീതിയിലാണ്. ഈ ലിഖിതം ഹർഷൻ സ്വയം ഒപ്പുവെച്ചതാണെങ്കിൽ അദ്ദേ ഹം നല്ലൊരു ഭാഷാപ്രവീണനായിരുന്നിരിക്ക ണം. ഭാഷ ശുദ്ധസംസ്കൃതമാണ്. (മധുബൻ പ്ലേറ്റ് പോലെയല്ല). ബകാരം ഇല്ല, വകാരമാണ്. ഭരദ്വാജഗോത്രത്തിലെ 2 ബ്രാഹ്മമർക്കാണ് ദാനം. ഋഗ്വേദിയായ ബാലചന്ദ്രനും സാമവേദിയായ

ഭദ്രസ്വാമിയും. അഹിഛത്രഭുക്തിയിലെ (രാംന ഗർ) അങ്ങാടിയവിഷയത്തിലെ പടിഞ്ഞാറൻ പാടകത്തിലെ മർക്കടസാഗരഗ്രാമമാണ് ദാനം ചെയ്തിരിക്കുന്നത്. മഹാക്ഷപടലാധികരണാധി കൃതൻ ഭാനുവും, ദൂതകൻ സ്കന്ധഗുപ്തനുമാ ണ്. സ്കന്ദഗുപ്തൻ മധുബൻ ലിഖിതത്തിലും ഉണ്ട്. ലിപികൻ ഗുർജ്ജരനു പകരം ഈശ്വരനാ ണ്. ശ്രീഹർഷ സംവത് 22, കാർത്തികമാസം. മധുബൻ പ്ലേറ്റിനേക്കാൾ 3 വർഷം മുമ്പാണ്. (എഡി 628-629)

ശ്രീ സ്വസ്തി!
മഹാനൌഹസ്ത്യഖജയസ്കന്ധാവാരശ്രീവ ർദ്ധമാനകോട്യാ
മഹാരാജാശ്രീനരവർദ്ധനസ്തസ്യ
പുത്രസ്തത്പാദാനുദ്ധ്യാതര
ശ്രീവജ്ജിണീദേവ്യാമുത്പന്ന
പരമാദിത്യഭക്തോ
മഹാരാജോശ്രീരാജവർദ്ധനസ്തസ്യ പുത്ര സ്തത്പദാനുധ്യാതരശ്രീമദപ്സരോദേവ്യാമു ത്പ്പന്ന പരമാദിത്യഭക്തോ മഹാരാജശ്രീമ ദാദിത്യവർദ്ധനസ്തസ്യ പുത്രസ്തദ്പാദാനു ധ്യാത ശ്രീമദ്ശ്രീമഹാസേനഗുപ്താദേവ്യാ മുത്പ്പന്നച്ചതുസ്സമുദ്രാക്രാന്തകീർത്തിപ്ര താപാനുരാഗോപനതാന്യരാജോ

വർണ്ണാശ്രമവ്യവസ്ഥാ പനപ്രവൃത്തചക്ര ഏകചക്രരഥ ഇവ പ്രജാനാ മാർത്തിഹര പരമാദിത്യഭക്ത പരമഭട്ടാരക മഹാരാജാധിരാജശ്രീ പ്രഭാകരവർദ്ധനസ്തസ്യ പുത്രസ്തത്പദാനുധ്യാതസ്മിതയശ പ്രതാനവിഛുരിതസകലഭുവനമണ്ഡല പരിഗൃഹീതധനദവരുണേന്ദ്രപ്രഭൃതിലോ കപാലതേജാസ്മദ്ധഥോപാർജ്ജിതാനിക ദ്രവിണഭൂമി പ്രദാനസംപ്രീണിതാർത്ഥഹൃദയോതിശ യിതപൂർവ്വരാജചരിതോ ദേവ്യാമമലയശോവത്യാം ശ്രീയശോമത്യാനുത്പ്പന്ന പരമസൌഗത സ്സൃഗത് ഇവ പരഹിതൈകരത പരമഭട്ടാരക മഹാരാജാധിരാജ ശ്രീരാജവർദ്ധന

രാജാനോ യുധി ദുഷ്ടവാജിന ശ്രീദേവഗുപ്താദയ കൃത്വാ യേന കശാപ്രഹാരവിമുഖാസ്സർവ്വേ സമം സംയതാ. ഉത്സായ ദ്വിഷതോ വിജിത്യ വസുധാഹ്ലാത്വാ പ്രജാനാം പ്രിയം പ്രാണാനുജ്ഝിതവാനരാദിഭവനേ സത്യാനുരോ ധേന യഃ. തസ്യാനുജസ്ത്പാദാനുധ്യാത പരമ മാഹേശ്വരോ മഹേശ്വര ഇതി സർവ്വസത്വാനു കമ്പോ പരമഭട്ടാരക മഹാരാജാധിരാജ ശ്രീഹർഷഃ

അഹിച്ഛത്രാഭുക്താ വംഗദീയ
വൈഷയികപശ്ചിമപഥകസംവഹ
മർക്കട സാഗരേ സമുപഗതാൻ
മഹാരാജമഹാസാമന്ത
ദൌസ്സാധസാധനിക പ്രമാതാര
രാജസ്ഥാനീയ
കുമാരാമാത്യോപകരികവിഷയപതിഭട
ചാടസേവകാദീൻ
പ്രതിവാസിജാനപദാംശ്ച
സമാജ്ഞാപയതി വിദിതമസ്തു
യഥായമുപരിലിഖിതഗ്രാമസ്വസീമാപര്യ
ന്തം അസ്മോദ്രംഗസർവ്വരാജകുലാഭാവ്യ
പ്രത്യായമമേതസ്സർവ്വപരിഹൃതപരിഹാ
രോ വിഷയാദുദ്ധ്യതപിണ്ഡ
പുത്രപൌത്രാനുഗച്ചന്ദ്രാർക്കക്ഷിതിമമകാ
ലീനോ ഭൂമിഛിദ്രന്യായേന മയാ പിതൃ
പരമഭട്ടാരക മഹാരാജാധിരാജ ശ്രീ
പ്രഭാകരവർദ്ധനദേവസ്യ മാതൃർ
ഭട്ടാരികാ മഹാദേവീരാജ്ഞീ ശ്രീയശോമ
തീദേവ്യാ ജ്യേഷ്ഠഭ്രാതൃർപരമഭട്ടാരക
മഹാരാജാധിരാജ ശ്രീ
രാജവർദ്ധനദേവപാദാ നാംഞ്ച
പുണ്യയശോഭിവർദ്ധയേ ഭരദ്വാജഗോത്ര
വഹ്രൂചഛന്ദോഗസർവ്വമചാരി
ഭട്ടവാലചന്ദ്ര ഭദ്രസ്വാമിഭ്യാം
പ്രതിഗ്രഹധർമ്മണാഗ്രഹത്വേന
പ്രതിപാദിതോ വിദിത്വാ
ഭവത്ഭിസ്സമനുമന്തവ്യ.
പ്രതിവാസിജാനപദൈരപ്യാജ്ഞാശ്രവണ

വിധേയൈർഭൂത്വാ യഥാസമുചിതതുല്യ മേയഭാഗഭോഗകരഹിരണ്യാദിപ്രത്യായാ ഏതയോരേവോപനീയാസ്മേവോപസ്ഥാ നഞ്ച കരണേയമത്യപി ച. അസ്മദ് കുലക്രമമുദാരമുദാഹൃതംഗിരന്യൈശ്ച ദാനമിദമഭ്യനുമോദനീയം. ലക്ഷ്മ്യാസ്ഥടിത്സലിലബുദ്ബുദചഞ്ചലാ യാ ദാനം ഫലം പരയശ പരിപാലനശ്ച. കർമ്മണാ മനസാ വാചാ കർത്തവ്യം പ്രാണിഭിഹിതം. ഹർഷേണൈതത് മമാഖ്യാതൻ ധർമ്മാർജ്ജന മനുത്തമം .ദൂതകോത്ര മഹാപ്രമാതാരം മഹാസാമന്തശ്രീസ്കന്ദഗുപ്തഃ മഹാക്ഷ പടലാധികരണാധികൃതമഹാസാമന്തമ ഹാരാജ ഭാന സമാദേശാദുത്കീർണ്ണ ഈശ്വരേണോദമിതി സംവത് 20 2 <u>ക്രാന്തി വദി . സ്വഹസ്തോ മമ മഹാരാജാധിരാജശ്രീഹർഷസ്യ .</u>

<u>ജത്തിംഗരാമേശ്വരമല ലിഖിതങ്ങൾ.</u>

<u>മൈസൂരിലെ ചിത്തൽദുർഗ്ഗ് താലൂക്കിലെ മൊലക്കാൽമൂരു താലൂക്കിലെ സിദ്ധപുരത്ത്</u>

ജത്തിംഗരാമേശ്വരക്കുന്നിന്മേലുള്ള 2 ലിഖിതങ്ങ ൾ.

1 വിഷ്ണുവർദ്ധനവിജയാദിത്യൻ എഡി 1064.

സൂര്യനാരായണക്ഷേത്രത്തിനടുത്ത്.ഭാഷയും ലിപിയും കർണ്ണാടകം. പടിഞ്ഞാറൻ ചാലൂ ക്യരാജാവ് ത്രിഭുവനമല്ലആഹവമല്ല സോമേശ്വ ര 1ന്റെ മക്കളിൽ ഒരാളാണ് ആഹവമല്ലന അംഗകാരവിഷ്ണുവർദ്ധന വിജയാദിത്യൻ. നോലംബവാടി 32000 ഭരിക്കവേ, തുംഗഭദ്രാതീ രത്തെ കാംപിലിയിലിരിക്കുമ്പോൾ (ബെല്ലാരി ജില്ല, ഹോസ്പെറ്റ് താലൂക്ക്) കണിയക്കാൽ 300ലെ ദാക്കിവഡുലുങ്കേ 70 യിലെ കിരിയദാക്കു വടിവങ്കി ഗ്രാമം, ബൽഗോട്ടിയിലെ രാമേശ്വരം ശിവക്ഷേതത്തിന് ദാനം ചെയ്തു. ജത്തിംഗരാമേ ശ്വരത്തിന്റെ പഴയ പേര് ബൽഗോട്ടി രാമേശ്വരം എന്നാണ്. വൈശാഖപൌർണ്ണമി തിങ്കൾ ചന്ദ്രഗ്രഹണം. ക്രോധിസംവത്സരം (എഡി 1064 മേയ് 3). ഇത് സോമേശ്വര 1ന്റെ ഭരണകാലത്താ ണ്. വിഷ്ണുവർദ്ധനൻ യുവരാജാവായി നോലംബവാടി ഭരിക്കുകയാണ്. അങ്കകാരൻ എന്നതിന് യോദ്ധാവ് എന്നും ഗണിതജ്ഞനെന്നും അർത്ഥം ഉണ്ട്.ക്ഷേത്രപുനരുദ്ധാരണം, നവീക രണം, ദേവദാസികളുടെ ചെലവ്, സൌജന്യവേദ വിദ്യാഭ്യാസം

ഇവകൾക്കാണ് ദാനം. 50 മാത്ര നിലം സർവ്വമാന്യമായിട്ടാണ് കൊടുത്തിരിക്കുന്നത്. ഉദകപൂർവ്വം ചെയ്ത ദാനം ദേവേന്ദ്രപണ്ഡിതനാണ് വാങ്ങുന്നത്.

2 ജയസിംഹ 3 എഡി 1072

ജത്തിംഗരാമേശ്വരക്ഷേത്രത്തിനു പിന്നിലെ പാറ മേലാണ്. കർണ്ണാടകലിപി,കർണ്ണാടകഭാഷ. ത്രൈലോക്യമല്ല നോലംബപല്ലവ പെർമാദി ജയസിം ഹദേവ അന്നനസിംഗ (അണ്ണന്റെ സിംഹം) എന്നാ ണ് ബിരുദം. മാഹേശ്വരഭക്തനായ പരമമാഹേശ്വരനാണ്. സോമേശ്വര 1ന്റെ മക്കളിൽ ഒരാളാ ണ്. താൻ ഭരിക്കുന്ന ഗൊണ്ടാവാടിക്ക് പുറ ത്തിരിക്കുമ്പോൾ, നോലംബവാടി 32000 ഭരിക്കു ന്ന അദ്ദേഹം കണിയാക്കൽ 300ലെ ബണ്ണേക്കൽ ഗ്രാമം , ബൽഗോട്ടി രാമേശ്വരത്തെ ശിവക്ഷേത്രത്തിനു ദാനം ചെയ്തു. ഫാൽഗുനത്തിലെ അമാ വാസി ബുധനാഴ്ച (എഡി 1072 മാർച്ച് 21)ആ ണ് ദാനം. സോമേശ്വരന്റെ കാലത്ത്, ജ്യേഷ്ഠൻ വിഷ്ണുവർദ്ധനവിജയാദിത്യന്റെ പ്രതിപുരു ഷനായിട്ട് ആണ് ജയസിംഹ 3 അന്ന് ഭരിക്കുന്നത്. മഹാരാജാധിരാജാ പരമേശ്വര ശ്രീ പൃഥ്വീവല്ലഭ എന്നാണ് ബിരുദം. അദ്ദേഹവും സഹോദരന്മാ രായ സോമേശ്വര 2, വിക്രമാദിത്യ 6 എന്നിവരും പല്ലവവംശമാണ്. ഇവരുടെ അമ്മ

ബച്ചലാദേവി പല്ലവരാജകുമാരിയാണ്. ലിഖിതം പല്ലവാന്വ യനെന്ന് എടുത്തുപറയുന്നുണ്ട്. ഉദകപൂർവ്വം ദാനം സ്വീകരിക്കുന്നത് അമൃതരാശിജി എന്ന ശൈവസാധകനാണ്.

ചോളരാജാക്കന്മാരുടെ കാലം

രാജാധിരാജന്റെ ലിഖിതവും കുലോത്തുംഗ 3ന്റെ ലിഖിതവും..

രാജാധിരാജ.

കോലാർജില്ല മിൻഡിഗലിലെ സോമേശ്വരക്ഷേത്രത്തിനു പിന്നിലെ കല്ലിലു ള്ളത്.

സ്വസ്തി! ശിരി ശകവരിഷ 970 നേ. സബ്ബജിതുസംവത്സരദൽ ശ്രീമത് വീരപാണ്ഡിയന തലൈയും ശേരമാന ശാലൈയും കൊണ്ട കോ ഇരാജകേസരി പന്മരാന ഉടേയാർ ശ്രീരാജാധിരാജദേവർക്കേ യാണ്ടു മുവത്തനേയ.

രാജകേസരിവർമ്മനെന്ന ഉടയാർ രാജാധിരാജ ന്റെ 13ആം വര്ഷത്തിൽ സർവ്വജിത് സംവത്സ രത്തിൽ ശകം 970ൽ (എഡി 1047-48) ആണ് ലിഖിതം. വീരപാണ്ഡ്യന്റെ ശിരസ്സ് ഛേദിച്ചതും ചേരരാജാവിന്റെ ശാല (കാന്തളൂർ) അറുത്ത തുമാണ് വിശേഷണങ്ങൾ.

ഇതിലെ കണക്ക് ശരിയാണെങ്കിൽ രാജാധിരാജന്റെ ഭരണം ആരംഭിച്ചത് എഡി 1034ലാവണം.

തൃശ്ശിനാപ്പള്ളി തിരുമലവാടിയിലെ വൈദ്യനാഥ ക്ഷേത്രലിഖിതം.

സ്വസ്തിശ്രീ തിങ്കളേർ....ജയംകൊണ്ട ശോളനെ ന്നും മടികേലു.......കോവിരാജകേസരിപന്മനാന ഉടയാർ ശ്രീരാജാധിരാജദേവരുക്ക് യാണ്ട് 26ആവത് ....ഇംയാറ്റൈ മീനനാമറ്റു ബുധൻകിളമൈ പെറ്റ ഉത്തിരട്ടാതി നാന്റു ഇറാ....

ജയം കൊണ്ടചോളൻ രാജകേസരിവർമ്മനെന്ന രാജാധിരാജദേവന്റെ 26ആം വർഷം മീനമാസ ത്തിലെ ഉത്രട്ടാതിക്ക് ബുധനാഴ്ച. എഡി 1044 മാര്ച്ച് 14 എന്ന് കണക്കാക്കിയിരിക്കുന്നു.

തൃശ്ശിനാപ്പള്ളിയിലെ തിരുപ്പ്ങ്കീലിയിൽ നീലീവനേശ്വരക്ഷേത്രലിഖിതം

സ്വസ്തിശ്രീ തിങ്കളേർ........ജയംകൊണ്ടസോളൻ ഉയർന്ത പെരുംപുഗൾ കോ ഇരാജകേസരിപന്മ നാന ഉടൈയാർ ശ്രീരാജാധിരാജദേവരുക്ക് യാണ്ടു 27ആവതു ....കുംഭഞായിറ്റു

അപരപക്ഷത്തു നവമിയും ബുധൻകിളമൈയും പെറ്റ മൂലത്തിൻനാൾ.....(13 ഫെബ്രുവരി 1045, എന്ന് കണക്കാക്കിയിരിക്കുന്നു.)

ചിങ്കൽപേട്ട് ജില്ല മണിമംഗലം രാജഗോപാലപ്പെ രുമാൾ ക്ഷേത്രം.

സ്വസ്തിശ്രീ തിങ്കളേർ ജയം കൊണ്ട സോളൻ ഉയർന്ത പുഗൾ കോ അരാജകേസരിവന്മരാന ഉടൈയാർ ശ്രീരാജാധിരാജദേവർക്കു യാണ്ടു 29ആവതു ധനുഞായിറ്റു പൂർവ്വപക്ഷത്തു ദ്വിതീയയും ബുധൻകിളമൈയും പെറ്റ തിരുവോ ണത്തിൻനാൾ (3 ഡിസംബർ എഡി 1046.)

തിരുമലൈവാടി വൈദ്യനാഥക്ഷേത്രലിഖിതം

........ജയംകൊണ്ട ചോളൻ ഉയർന്ത പെരുംപുഗ ൾ കോ രാജകേസരിവന്മരാന ഉടൈയാർ ശ്രീ രാജാധിരാജദേവർക്കു യാണ്ടു 32ആവതു ഇവ്വാറ്റൈ വിരുച്ചികഞായിറ്റു വിയാളക്കി ളമൈ പെറ്റ തിരുവോണത്തിനന്റു (നവംബർ 21 എഡി 1050.)

മാർച്ച് 14 എഡി1044 (26ആം ഭരണവർഷം)

ഫെബ്രുവരി 13 എഡി 1045 (27ആം ഭരണവർഷം)

ഡിസംബർ 3 എഡി 1046 (29ആം വർഷം)

എഡി 1018ൽ മാർച്ച് 15നും ഡിസംബർ 3നും ഇടയിലാണ് ഭരണാരംഭം എന്ന് ഇത് വെച്ച് കണക്കാക്കുകയാണ് ചെയ്തിരിക്കുന്നത്.

കുലോത്തുംഗ 3

നെല്ലൂർ രംഗനായകക്ഷേത്രലിഖിതം

ശാകയാണ്ടു ആയിരത്തൊരുനൂറ്റൊരുപ ത്തൊമ്പത പിംഗലസംവത്സരത്ത് മധുരൈയും ഈഌമും കൊണ്ടു പാണ്ഡിയനൈ മുടിത്തലൈ ക്കൊണ്ടരുളിന ശ്രീകുലോത്തുംഗചോള ദേവ ർക്കു യാണ്ടു പത്തൊമ്പതാവതു വൃശ്ചികഞാ യിറ്റുപ്പടനൈ....യദീയാന വെള്ളിക്കിളമൈയും രേവതിയും.....(എഡി 1197 നവംബർ 21).

ശ്രീരംഗം രംഗനാഥക്ഷേത്രം

ഹരി. സ്വസ്തിശ്രീ പുയൽ വായ്ത്തു ......കോ പരകേസരിപന്മരാന ത്രിഭുവനചക്രവർത്തികൾ മധുരൈക്കൊണ്ടു പാണ്ഡിയൻ മുടിത്തലൈ കൊണ്ടരുളിയ ശ്രീ

കുലോത്തുംഗചോളദേവ രുക്ക് യാണ്ടു 19ആവതു വൃശ്ചികഞായിറ്റു അപരപക്ഷത്ത് പഞ്ചമിയും ചെവ്വായ്ക്കിളമൈ യും പെറ്റ പൂശത്തുനാൾ..(12 നവംബർ എഡി 1196)

തിരുമലൈവാടി വൈദ്യനാഥക്ഷേത്രലിഖിതം

സ്വസ്തിശ്രീ പുയൽ വായ്ത്തു ...കോ പര കേസരിപന്മനാന ത്രിഭുവനചക്കരവർത്തികൾ മധുരയും ഈളമും കരുവൂരും പാണ്ഡിയൻ മുടിത്തലൈയും കൊണ്ടു വീരർ അഭിഷേകമും വിജയാഭിഷേകമും പണ്ണിയരുളിന ശ്രീ ത്രിഭുവനവീരദേവർക്കു യാണ്ടു 34ആവതു കന്നിഞായിറ്റു പൂർവ്വപക്ഷത്തു ദശമിയും തിങ്കൾക്കിളമൈയും പെറ്റ തിരുവോണത്തിൻ നാൾ....(എഡി 1211 സപ്തംബർ 19)

മണിമംഗലം രാജഗോപാലപ്പെരുമാൾ ലിഖിതം

സ്വസ്തിശ്രീ ത്രിഭുവനചക്രവർത്തികൾ മധുരൈ യും ഈളമും പാണ്ഡിയനൈ മുടിത്തലൈയും കൊണ്ടരുളിന ശ്രീകുലോത്തുംഗചോളദേവനുക്ക് യാണ്ട്

12ആവതു ധനുഞായിറ്റു അപരപക്ഷ ത്തു നവമിയും തിങ്കൾക്കിളമൈയും പെറ്റ ശിത്തിരൈ നാൾ...(ഡിസംബർ 4 എഡി 1189)

ഇവ വെച്ച് കുലോത്തുംഗചോള മൂന്നാമന്റെ കിരീടധാരണം എഡി 1177 ഡിസംബർ 5 മുതൽ 1178 സപ്റ്റംബർ 19 വരെയുള്ള കാലത്താണെ ന്ന് അനുമാനിച്ചിരിക്കയാണ്.

പരാന്തക 1. ഷോലിംഗൂർ പാറ ലിഖിതം

വടക്കേ ആർക്കോട്ടിലെ ബാണവാരം ടൌണി ൽനിന്ന് 7 മൈൽ അകലെയാണ് ഷോലിംഗൂർ. (ചോളിംഗൂർ). ഗുരുപരമ്പരാപ്രഭാരമെന്ന തമിഴ് കൃതി ചോളസിംഹപുരമെന്നാണ് വിളിക്കു ന്നത്. വീരചോളപുരമെന്നും പേരുണ്ട്. ക്ഷേത്ര ത്തിലെ ശിവനെ ചോളപുരീശ്വരരെന്നാണ് പറയുന്നത്. അടുത്തുള്ള കുന്നിൽ പെനുഗൊണ്ട രാമദേവന്റെ തെലുഗു ലിഖിതമുള്ള ആഞ്ജനേയ ക്ഷേത്രം ഉണ്ട്. അവിടെനിന്ന് വീണ്ടും വളരെ

ഉയരത്തിലേക്ക് കയറിയാൽ നരസിംഹക്ഷേത്രം ഉണ്ട്. നാലായിരം ദിവ്യപ്രബന്ധത്തിലും ഗുരുപ രമ്പരാപ്രഭാരത്തിലും വിശ്വഗുണാദർശത്തിലും ഈ ക്ഷേത്രത്തെ പറയുന്നുണ്ട്. ഈ ക്ഷേത്രം നിൽക്കുന്ന കുന്നിനെ കടികൈ എന്ന് തമിഴിലും ഘടികാചലമെന്ന് സംസ്കൃതത്തിലും പറയുന്ന തിനാൽ ഇവിടെ പുരാതനമായ ഘടിക എന്ന വിദ്യാസ്ഥാനമായിരിക്കണം. അടുത്ത് മറ്റൊരു നരസിംഹക്ഷേത്രമുണ്ട്. ഇതിനേയും ഘടികാച ലമെന്ന് വിളിക്കുന്നുണ്ട്. വിൽസൻ മെക്കൻസി ഘടികാചലമാഹാത്മ്യം എന്ന പുസ്തകത്തെ പറയുന്നുണ്ട്. വാധുല വെങ്കടാചാര്യ ഘടികാദ്രിയിൽ വാഴുന്ന അമൃതഫലവല്ലിയുടെ ഭർത്താവായ നരസിംഹത്തെ സ്തുതിക്കുന്നുണ്ട്. ദൊദ്ദാചാര്യന്റെ തർക്കസംഗ്രഹഭാഷ്യം ഘടികാ ധരാധാരേന്ദ്രനെ സ്തുതിച്ചാണ് ആരംഭിക്കുന്നത്.

നഗരത്തിനടുത്ത് വലിയ തടാകത്തിന്റെ തെക്കു കിഴക്കേ മൂലക്ക്, ചുടുകാട്ടുമലൈ എന്ന മലയു ണ്ട്. ഷോലിംഗൂറിലെ ശ്മശാനത്തിനടുത്താണ് ഇത്. ഈ മലയുടെ

താഴെ രണ്ട് വലിയ പാറക ളാൽ താങ്ങിനിർത്തപ്പെട്ട വലിയ പാറ ഒരു പ്രകൃതിദത്തവാതിൽ പോലെ കാണാം. വാസ്തു വത്തിൽ ഇത് പഴയ തരം അത്താണിയുടെ ആ കൃതിയാണ്. ഇതിൽ ചോളകാലത്തെ ലിഖിത മുണ്ട്. ചില അക്ഷരങ്ങൾ, ആദ്യവരിയിലെ രാജനാമം ഉൾപ്പെടെ കാണാനില്ല. ഹസ്തിമല്ലന്റെ ഉദയേന്ദ്രം പ്ലേറ്റിലുള്ളപോലെ ഗ്രന്ഥവരിയും തമിഴും മിശ്രലിപിയാണ്. സംസ്കൃതഭാഷ. അവ സാനം തമിഴുമുണ്ട്. പരകേസരിവർമ്മന്റെ 9ആം വർഷമാണ് ലിഖിതം. (എഡി 900-940 വരെ ഭരി ച്ച പരാന്തക 1) .

ആദ്യം വിഷ്ണുവിനേയും പിന്നെ സൂര്യനേയും (ആദിത്യ) സ്തുതിക്കുന്നു. ആദിത്യ 1ന്റെ പുത്ര നായി വീരനാരായണനെന്ന പരാന്തക 1 ജനിച്ചു. അദ്ദേഹം ചോളവാരിധി എന്ന തടാകം നിർമ്മി ക്കാനായി വംശവാരിധി എന്ന നിലം ദാനം ചെയ്തു. ഗംഗപൃഥ്വീപതിക്ക് ബാണാധി രാജാ എന്ന ബിരുദം കൊടുത്തു. വല്ലയുദ്ധത്തിൽ ശത്രുവിനെ തോൽപ്പിച്ച ഹസ്തിമല്ലനാണ് ഈ ബിരുദം കൊടുത്തത്. ഹസ്തിമല്ലനെ വീരചോള നെന്നും വിളിക്കുന്നു.

കശ്യപഗോത്രത്തിലെ വൈ ഖാനസകുമാരനാണ് ഈ കവിത രചിച്ചത്. പിന്നെയുള്ള തമിഴു ഭാഗത്ത് പരിവൈ രാജാവാ യ ഹസ്തിമല്ലനെന്ന വീരചോളൻ ചോളസാമന്ത നാണെന്നും അദ്ദേഹം തടാകത്തിന് മൂംഗിൽവരി വയൽ കൊടുത്തു എന്നും പറയുന്നു. ബാക്കി ഭാഗം സംസ്കൃതത്തിലുള്ള പ്രശസ്തിയാണ്. പരിവൈയൂർ കോൻ (പറവൂർ)ആണ് ഗംഗബാ ണരാജാവായ ഹസ്തിമല്ല 2 എന്ന വീരചോള ൻ(ഉദയേന്ദ്രം പ്ലേറ്റിൽ പരിവവീപുരി എന്നാണ്.) വല്ലലനും പൃഥ്വീപതിയും ഇവിടത്തുകാരാണ്. ഇവിടെ വെച്ചാണ് വല്ലലനെ വധിച്ചത്. അദ്ദേഹ ത്തിന്റേതാണ് ഉദയേന്ദ്രം പ്ലേറ്റ്. തെക്കൻ ആർക്കോട്ടിലും വില്ലുപുരത്ത് ഈ പേരിൽ ഒരു ഗ്രാമമുണ്ട്. വിജയാലയ ചോളനെ ഈ ലിഖിതം പറയുന്നില്ല. ആദിത്യ ചോളനെ പറയുന്നു.

കണ്ണരദേവന്റെ വേലൂർ ലിഖിതത്തിലും വീര ചോളൻ പൃഥ്വീപതി 2 ആണ്. കണ്ണരദേവൻ കൃഷ്ണ 3 ആണെങ്കിൽ, കൃഷ്ണ 3 യുടെ 26 ആം ഭരണവർഷവും ജീവിച്ചിരിക്കുന്നുണ്ട്.

വീരചോളനെന്ന നാമം രാജരാജചോളനും, വീര ചമ്പന്റെ പിതാവിനും

ഉണ്ടായിരുന്നതായി ലിഖി തങ്ങളിൽ നിന്ന് കാണുന്നു.

(കോ പരകേസരിവർമ്മ)......ർക്കു ഒമ്പതാവതു ആനന്ദം പര. ....ജം പശ്യന്തി യദ്ധ്യായിനോ യശ്യാമി ത്രിഷു വിക്രമേ........കാ വസന്തി.....ത്രയ. തത്വം യസ്യ പരാംഌഷൌ വിവൃണുതേ വോ ഹേ......നാം പരമശ്ചിരായ ഭഗവാൻ വിഷ്ണൂർമൂദേ സോസ്തു വാ.....ആദിത്വാനന്വയ ശേ(ഖരീനൃപ)...കുലേ ഭർത്തുൻധരാഗോളകം കമ്പായനിരാകുലം പ്രഭുരഭൂത് ആദിത്യനാമ നൃപ

ഫണിമണ്ഡലം ക്ഷിതിഭൃതസ്സർവ്വേ ച ദിഗ്വാരണാ നാകമ്പൻ ദധാത് ഇതി പങ്കജഭുവാ യത്നേന യോ നിർമ്മിതാ. തസ്മാച്ചക്രധരശ്രീയം പ്രകുടയൻ പ്രത്യക്ഷം ആത്മന്യലൻ ദേവശ്ചത്രുദാവാനലസ മജനീ വീരനാരായണ. ബാഹുദണ്ഡബിബർത്തി സുചിരം വിശ്വംബരാമണ്ഡലം സപ്തദ്വീപ സമുദ്രശൈലം അധുനാ കേയൂരബുദ്ധ്യൈവ യഃ വംശവാരിതനിതൻ നൃപ ദിയാൻ ചോളവാരി ധിതടാക സമൃദ്ധ്യൈ. ദത്വാൻ നിഖിതം ആയുഗ ബ്രഹ്മാൻ ആധാരേണ

സ പരാന്തകദേവ. തസ്മാൻ നൃപോ ലഭത പട്ടമയം പ്രസാദം ബാണാധിരാജപദലംബനസാധനം യഃ ആക്രോമതോ യുധി പരാന്തകോ നരേന്ദ്രാൻ ഗംഗാനപവായ സലിലാശയരാജഹംസഃ ഭൂമ്യാദിഷു സ്ഫുടലഘുഷ്വപി സത്സു വൃദ്ധാ യദ് വൃത്തിബോധി പൃഥ്വാപതി ആദ്രിയന്തേ തത് പ്രാപ്തിപൂർവ്വക ചതുഷ്ടയസിദ്ധി യോഗാദ് യസ്മിൻ ബഭൂവ പൃഥിവീപതിശബ്ദ വൃത്തി. ശൌര്യാന്തര്യകൃതജ്ഞാതാമധുരതാദാക്ഷിണ്യ മേധാക്ഷമാപ്രജ്ഞാശൌച ശമാനുഭാവകരുണാ കാന്തിപ്രധാനോ നയീ. ആക്രാന്താ പൃഥിവീപ തിം സ കലിനാ ശോകാവസാദോ വിനാ സ്ഥാതും ദ്രക്ബലിവംശജോയമിതി യം ഭേജേ ഗുണാനാം ഗുണ. ശൌരീം കലാം വിവൃതവാൻ അലം ആത്മാ ലീനം വല്ലാലനാമ്നി യുധി സന്തതമായ മാനേ വിജ്ഞാപയൻ വിനയവാൻ അഥ ധർമ്മകർമ്മണി ആജ്ഞാപ്തിർ അപി അഭവത് അത്ര സ ഹസ്തിമല്ല. പുണ്യം സമം കൃതവതാം പരിരക്ഷതാൻ ച തദ് രക്ഷതേതി നൃപരാട് കില വീരചോള. ആഗമിനാ ക്ഷിതിപതീൻ പ്രണമതി അജസ്രം മൂർദ്ധനാ പുരാരിശ്ച രണാം

ഭുജശേഖ രേണ.. ബ്രഹ്മാപരാഖ്യ വിഖാനശ്രമണക്രിയാ യാം വൈഖാനസാഖ്യ അമൃതത്വാദി യസ്യ സൂത്രം ശ്ലോകാൻ ഇമാം രചിതവാൻ സ മുനി കുമാരോ യദി ഗോത്രക്രിൻമുനിർ അഭൂത് അപി കശ്യപാഖ്യ.

അരുക്കൂറിനാൽപുരമും ആയദിയും പൊന്നും പെരും ആറു സോലക്കോനാദി മലർകൾ മംഗലവീരചോളൻ പരിവൈയാർകോൻ അത്തിമല്ലൻ്റാൻ കുടുത്താൻ മുംഗിൽവാരി എന്നും വയൽ. സ്ഥപതികുലമണിപ്രഭവ ശ്രീമൻ പ്രപുരീനിവാസ ശ്രീകണ്ഠാത്മജ സൂംദാസധന ലിഖിതാ പിസത്തി.

വൈഖാനസസൂത്രം രചിച്ച കുമാരമുനിയാണ് ഇത് എഴുതിയിരിക്കുന്നത്. പ്രശസ്തി സ്കന്ദസാ ധു എഴുതി, ലിപി കൊത്തിയത് സ്ഥപതികുല ത്തിലെ ശ്രീകണ്ഠഠപുത്രൻ സൂംദാസധനൻ. വംശവരി എന്നതിന് തമിഴിലെ മൂങ്കിൽവരി എന്നു തന്നെ ഉപയോഗിച്ചിരിക്കുന്നു.

മല്ലപദേവൻ്റെ പിത്താപുരം സ്തംഭ ലിഖിതം ശകം 1124

കുന്തിമാധവക്ഷേത്രത്തിന്നു മുന്നിലെ തൂണിൽ. തെലുഗു ലിപി. ഭാഷ സംസ്കൃതപദ്യവും തെലു ഗു ഗദ്യവും. നാലിൽ മൂന്നുഭാഗവും കിഴക്ക ൻചാലൂക്യരുടെ വംശാവലിയാണ്. രാജരാജ 1ന്റെ കോറമല്ലി പ്ലേറ്റ്, വീരചോഡന്റെ ചെല്ലൂർ പ്ലേറ്റ് ഇവയിലുള്ളതു തന്നെയാണ്. ചെറിയ വ്യത്യാസം മൂന്നാം രാജാവ് ഇന്ദ്രഭട്ടാരക(ഇന്ദ്ര രാജാ)നെ ഇന്ദുരാജനെന്നാണ് പറഞ്ഞിരിക്കു ന്നത്. അദ്ദേഹം 7 ദിവസമേ ഭരിച്ചിട്ടുള്ളു എന്ന് പറയുന്നു. എന്നാൽ രണ്ടാം പിത്താപുരം ലിഖിതത്തിലും 11ആം രാജാവ് നരേന്ദ്രന്റെ മൂന്നു താമ്രപത്രലിഖിതങ്ങളിലും ഈ രാജാവ് 108 യുദ്ധം ജയിച്ച് അവിടെയെല്ലാം 108 ക്ഷേത്രം പണിതതായും, അവക്കെല്ലാം തടാകവും തോട്ട വും നിർമ്മിച്ചതായും പറയുന്നു.

13ആം രാജാവ് ഗുണകവിജയാദിത്യന് ത്രിഭുവ നാങ്കുശനെന്ന് പേരുണ്ടായിരുന്നു. അദ്ദേഹം മങ്കി രാജന്റെ ശിരസ്സ് കൊണ്ട് യുദ്ധക്കളത്തിൽ പന്തു തട്ടിക്കളിച്ചു, ചക്രകൂടം കത്തിച്ചു, കൃഷ്ണനോടു (കൃഷ്ണ 2 രാഷ്ട്രകൂട) കൂടി വന്ന കിരണപുര ത്തെ സങ്കിലനെ ഭയപ്പെടുത്തി, വല്ലഭേന്ദ്രന്റെ അഭിമാനം തിരിച്ചുകൊടുത്തു,


കലിംഗരാജാ വിൽനിന്ന് ആനകളെ കപ്പം വാങ്ങി. മറ്റു ചില ലിഖിതങ്ങളിൽ വിജയാദിത്യ 3 ആണ് രാഷ്ട്രകൂ ടരാജാവിന്റെ പ്രേരണയാൽ മങ്കിരാജാവിനെ വധിച്ചതും കിരണപുരം കത്തിച്ചതും . കൃഷ്ണ 2 ന്റെ ശത്രുവായ വിജയാദിത്യ 3 ആണ് ഗുണക വിജയാദിത്യനെന്ന് മനസ്സിലാക്കാം. .രാഷ്ട്രകൂട അമോഘവർഷ 1, കൃഷ്ണ 2 ഇവർ വിജയാദി ത്യ 3 യുടെ സമകാലീനരാണ്. മങ്കിരാജാവ് ആരെന്ന് മനസ്സിലായില്ല എന്നാണ് എപ്പിഗ്രാഫി ക്കയില് (4.) പറയുന്നത്. എന്നാൽ ഇദ്ദേഹം പടിഞ്ഞാററന് ചാലൂക്യശാഖയിൽ 25 വർഷം ഭരിച്ച രാജാവാണെന്ന് മനസ്സിലാക്കാം. ചക്രകൂടം മാളവത്തിന്റെ തലസ്ഥാനമായ ധാരാനഗരത്തിലാണ്. മാളവത്തിന്റെയും വെങ്കിയുടേയും രാജാവായ അമോഘവർഷ 1 ന്റെ സാമന്തനായിരുന്നു വിജയാദിത്യ 3.

ഈ ലിഖിതത്തിൽ 14ആം രാജാവാണ് ചാലൂക്യ ഭീമൻ. ഭീമേശ്വരത്ത് ക്ഷേത്രം പണിതു. (ഗോദാവ രി ജില്ല കാക്കിനഡ)ചാലൂക്യഭീമേശ്വരം എന്ന ക്ഷേത്രനാമത്തിൽനിന്നാണ് ഭീമാവരം എന്ന സ്ഥ ലനാമം. കൃഷ്ണ 2 ചാലൂക്യഭീമന്റെ ശത്രുവായി രുന്നു. (ഇദ്ദേഹത്തിന്റെ മകളായ ഭീമൻ കുന്ത

വൈ ആദിത്യചോളന്റെ ഭാര്യയും പരാന്തക 2 വിന്റെ അമ്മയുമാണ്. ചോളചാലൂക്യബന്ധം കുന്തവൈ എന്ന പേരിലൂടെ വീണ്ടും രണ്ട് തലമുറ നീണ്ടു.)

17ആം രാജാവ് വിജയാദിത്യ 5 ബെട്ട എന്നും കണ്ഠികബെട്ട എന്നും അറിയുന്നു. അവരുടെ വംശം രാജാധികാരം ഏൽക്കുമ്പോൾ പ്രത്യേ കകണ്ഠാഭരണം അണിയുന്നതിനാലാണ് കണ്ഠി കബെട്ടനാമം. 22ആം രാജാവ് രാജഭീമൻ ദാനാ ർണ്ണവ, അമ്മ 2, കാമ എന്ന് 3 മക്കളുടെ പിതാ വാണ്. ദാനാർണ്ണവന് ശേഷം 27 വർഷം ആന്ധ്ര മണ്ഡലം രാജാവില്ലാതെ കിടന്നു. എഡി 984-985 കാലത്ത് ചോളരാജാവ് രാജരാജചോളനുശേ ഷമാണ് ആന്ധ്രയിൽ രാജഭരണം പുനസ്ഥാപി ച്ചത്. എഡി 997-98ലാണ് അദ്ദേഹം (14ആം വർഷം) വെങ്കി പിടിക്കുന്നത്. 25ആം രാജാവ് ശക്തിവർമ്മന്റെ അമ്മ ആര്യദേവിയാണ്. 27, 28 രാജാക്കന്മാർ രാജരാജ, രാജേന്ദ്രകുലോത്തുംഗ 1 എന്നാണ് കാണുന്നത്. (41, 49 വർഷം ക്രമത്തിൽ ഭരിച്ചു) രാജേന്ദ്രൻ പഞ്ചദ്രാവിഡദേശവും ഭരി ച്ചിരുന്നു. രാജേന്ദ്രനു ശേഷം വിക്രമചോളനെന്ന ത്യാഗസമുദ്രചോളൻ ചോളരാജ്യം ഭരിക്കാനാ യി പോയതോടെ വെങ്കി രാജാവില്ലാത്തതായി.

ലിഖിതത്തിലെ 62ആം വരി മുതൽ കിഴക്കൻ ചാലൂക്യവംശത്തിലെ ബെട്ട വിജയാദിത്യന്റെ വംശപരമ്പര തരുന്നു.



സത്യാശ്രയന്റെ ഭാര്യ ഗംഗാവംശത്തിലെ ഗൌരി (അനന്തഗംഗചോഡഗംഗന്റെ മകൾ) എഡി 1078ൽ വിജയാദിത്യ 2ന്റെ പട്ടമഹിഷിയായി ഭരിച്ചു. അവരെ സൂര്യവംശത്തിന്റെ വിജയം എന്ന് വിളിക്കുന്നതിനാൽ അവർ ചോളരാജകുമാരി യാണ്.. മല്ലപ 2ന്റെ ഭാര്യ

ശന്തളദേവി സാഗരവി ഷയം ഭരിക്കുന്ന ഹൈഹയരാജാവായ ബ്രാഹ്മ ണന്റെ മകളാണ്. (ബ്രഹ്മക്ഷത്ര) കോനമണ്ഡല ത്തിലെ ഹൈഹയരുടെ ബന്ധുവാണ്. വിജയാദി ത്യ 3ന്റെ പത്നി ഗംഗ ആറദവാടമുഖ്യന്റെ മക ളാണ്. മല്ലപ 3 പിത്താപുരത്തെ കുന്തിമാധവ ക്ഷേത്രത്തിലാണ് അഭിഷിക്തനാവുന്നത്. ശകം 1124 ഢായറാഴ്ച ജ്യേഷഠകൃഷ്ണദശമി സിംഹ ലഗ്നം അശ്വതിനക്ഷത്രം. (1202 ജൂൺ 16). അദ്ദേഹ ത്തിന്റെ മുൻഗാമി വിജയാദിത്യ 3 മാഘശുക്ല ദശമി രോഹിണി ശകം 1079 എഡി 1158 ജനു വരി 11നാണ് കിരീടധാരണം. സർവ്വലോകാശ്രയവിഷ്ണുവർദ്ധനമഹാരാ ജാ മല്ലപചക്രവർത്തി എന്ന മല്ലൻ അഭിഷേകദിനം തന്നെ പ്രോലനാട്ടിലെ ഗുഡിവാടഗ്രാമം കുന്തീമാ ധവക്ഷേത്രത്തിന് സമർപ്പിച്ചു. (പിത്താപുരത്തെ സർപ്പാവരം ലിഖിതവും കാണുക).ശ്രീപിത്താ പുരത്തെ കാന്താചാര്യ എഴുതി .

ഭീമാവരം ക്ഷേത്രം കൂടാതെ രാജനാരായണ വിണ്ണഗരം എന്ന നാരായണക്ഷേത്രവും ഭീമാ വരത്ത് ഉണ്ട്.കുലോത്തുംഗ 1ന്റെ ലിഖിതപ്ര കാരം രാജനാരായമനെന്ന രാജാവിന്റെ പേരിൽ വൈശ്യനായ മന്ദേയനാണ് ക്ഷേത്രം

നിർമ്മിച്ചത്. മല്ലപ്പദേവന്റെ മൂന്നാം ഭരണവർഷത്തിലെ 2 ലിഖിതം ഇവിടെ ഉണ്ട്. വിജയാദിത്യന് ഗംഗാ ദേവിയിലുണ്ടായ മകനെന്ന് രാജാവിനെ പറ യുന്നുമുണ്ട്. ഭീമാവരം ലിഖിതപ്രകാരം അദ്ദേ ഹം ശകം 1096ലാണ് സിംഹാസനസ്ഥനായത്. ്താപുരം ലിഖിതത്തിൽ സിംഹാസനാരോഹ ണം 1124ലെന്നാണ് കാണുന്നത്. ഭീമാവരം നാരാ യണക്ഷേത്രത്തിൽ ശകം 1098ൽ നരേന്ദ്രൻ(വെങ്കി വിജയാദിത്യന് ലക്ഷ്മീദേവിയിലുണ്ടായ പുത്ര ൻ (മല്ലന്റെ പൌത്രൻ) നൽകിയ ഒരു ദാനമുണ്ട്. നരേന്ദ്രൻ മല്ലപ 3ആമന്റെ സഹോദരനാണ് (മ റ്റൊരു അമ്മയിൽ).
ഗോദാവരിജില്ലയിലെ ദാന ത്തിലാണ് വെങ്കിവിജയാദിത്യന്റെ പുത്രനെന്ന് കാണുന്നത്.

വംശാവലിഃ-

അത്രി, സോമ, ബുധ, പുരൂരവസ്സ്, ആയു, നഹു ഷ, യയാതി, പൂരു, ജനമേജയ, പ്രാചീശ (പ്രാചി യുടെ രാജാവ്),സൈന്യയാതി, ഹയപതി, സാർവ്വഭൌമ,ജയസേന, മഹാഭൌമ, ഐശാന, ക്രോധാനന, ദേവകി, ഋഭുക, ഭിക്ഷക, മതിവര, കാത്യായന, നീല, ദുഷ്യന്ത, ഭരത.(ഗംഗായമുനാ സമതലത്തിൽ അശ്വമേധം ചെയ്ത്

മഹാകർമ്മ ഭരതനെന്ന് പേരു കിട്ടി) നിലന്റെ (നിള) പൌത്ര നായ ഭരതൻ ഭരതവംശസ്ഥാപകനാണ്. ഭരത വംശത്തിലെ ഭൂമന്യു, സുഹോത്രൻ, ഹസ്തി, വിരോചനൻ, അജമീഢൻ, സംവരണൻ(ത്രപതി യിൽ കുരു ഉണ്ടായി. കുരുവംശം സ്ഥാപിച്ചു. കുരുക്ഷേത്രം ഇദ്ദേഹത്തിന്റെ പേരിലാണ്.) സുധന്വാൻ, പരീക്ഷിത്ത്,ഭീമസേനൻ, പ്രദീപനൻ, ശന്തനു, വിചിത്രവീര്യൻ, പാണ്ഡു (പാണ്ഡുവം ശം), അർജ്ജുനൻ (കൃഷ്ണന്റെ സുഹൃത്തും പാശുപതം കൊടുക്കുമ്പോൾ ഈശനാൽ ആലിം ഗനം ചെയ്യപ്പെട്ടവനുമായ) അഭിമന്യു, പരീക്ഷി ത്ത്, ജനമേജയ, ക്ഷേമക, നരവാഹന, ശതാനീക, ഉദയനൻ. (നരവാഹനനെ ഉദയനപുത്രനായിട്ടാ ണ് കേരളത്തിലെ കഥ.കുലശേഖരപാണ്ഡ്യനാണ് അദ്ദേഹം)

ഉദയനന് ശേഷം 59 പേർ അയോദ്ധ്യയിലാണ് ഭരിച്ചതെന്നും പിന്നീട് വിജയാദിത്യൻ ഡെക്കാ നിലേക്ക് ത്രിലോചനപല്ലവനെ വധിക്കാനായി വന്ന് സ്വയം മൃത്യു വരിച്ചുവെന്നും ലിഖിത ത്തിൽ പറയുന്നു. അപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ഗർഭിണിയായിരുന്നു. അവരെ വിഷ്ണു ഭട്ടസോമയാജി മുടിവേമു അഗ്രഹാരത്തിലേക്ക് കൊണ്ടുവന്ന്

മകളെപ്പോലെ സംരക്ഷിച്ചു. വിഷ്ണുവർദ്ധനനെന്ന മകൻ ജനിച്ചു. മാണവ്യ യഗോത്രത്തിനും ഹാരീതിപുത്രവംശത്തിനും ചേരുന്ന വിധം അമ്മ മകനെ വിദ്യ അഭ്യസിപ്പിച്ചു.അമ്മ പറഞ്ഞ കഥകളെല്ലാം കേട്ടു വളർന്ന ആ കുട്ടി ചാലൂക്യഗിരിയിൽ പോയി നന്ദാദേ വിയെ വണങ്ങുകയും കുമാര(സ്കന്ദ)വിഷ്ണു, സപ്തമാതൃകകളെ സന്തോഷിപ്പിച്ച് തന്റെ രാജ ചിഹ്നങ്ങൾ സ്വീകരിക്കയും ചെയ്തു. വെൺകൊറ്റക്കുട. ശംഖ്, പഞ്ചമഹാശബ്ദം, വരിയായി പതാക, പ്രതിഢക്ക (സ്വർണ്ണനിർമ്മി തം) വരാഹലാഞ്ചന, മയിൽപ്പീലി, സിംഹാസനം, കുന്തം, അലങ്കാരകവാടം (തോരണം) സ്വർണ്ണവാൾ, ഗംഗായമുനമാരുടെ ശിൽപ്പം ഇവയാണ് ചാലൂക്യരുടെ രാജചിഹ്നമായി അദ്ദേഹം സ്വീകരിച്ചത്. കദംബ, ഗംഗാരാജാക്ക ന്മാരെ തോൽപ്പിച്ചശേഷം രാമസേതുവിനും നർമ്മദക്കും ഇടയിലുള്ള ഏഴര ലക്ഷം ഗ്രാമ ങ്ങൾ അടങ്ങിയ ഡെക്കാൻ അദ്ദേഹം ഭരിച്ചു. പല്ലവരാജകുമാരിയെ വിവാഹം ചെയ്തു. അവളിൽ വിജയാദിത്യനെന്ന മകൻ ജനിച്ചു. വിജയാദിത്യപുത്രൻ പുലകേശിവല്ലഭൻ, അദ്ദേഹത്തിന്റെ മകൻ കീർത്തിവർമ്മൻ, പുത്രൻ കുബ്ജവിഷ്ണുവർദ്ധനൻ . സഹോദര നാണ് സത്യാശ്രയവല്ലഭേന്ദ്രൻ. ഹാരീതിപുത്രരാ.

ഇവർ കൌശികീപതിയായ ശിവകൃപയാലാണ് സാമ്രാജ്യം നേടിയത്. ഇവരെ മാതൃഗണമാണ് സംരക്ഷിക്കുന്നത്. മഹാസേനനെന്ന സ്കന്ധന്റെ പാദങ്ങളെ ഇവർ ധ്യാനിക്കുന്നു. വരാഹലാഞ്ഛ നത്താൽ സകല ശത്രുക്കളേയും ജയിക്കുന്നു. നാരായണൻ അവരെ വരാഹചിഹ്നം കൊണ്ട് അനുഗ്രഹിച്ചിട്ടുണ്ട്. യജ്ഞങ്ങളാലും അവഭൃത സ്നാനത്താലും വിമലീകരിച്ച ഇവർ 18 വർഷം വെങ്കി ഭരിച്ചു. വിഷ്ണുവർദ്ധനപുത്രൻ ജയ സിംഹവല്ലഭൻ 36 വർഷം, അദ്ദേഹത്തിന്റെ സഹോദരൻ ഇന്ദുരാജാ 7 ദിവസം, മകൻ വിഷ്ണുവര്ദ്ധനൻ 9 വർഷം, മകൻ മംഗിയുവ രാജാ 25 വർഷം, മകൻ ജയസിംഹ 13 വർഷം, അനിയൻ കോ കിള്ളി 6 മാസം, അദ്ദേഹത്തിന്റെ ജ്യേഷ്ഠനായ വിഷ്ണുവർദ്ധനൻ അദ്ദേഹത്തെ പുറത്താക്കി 37 വർഷം, മകൻ വിജയാദിത്യ ഭട്ടാരകൻ 18 വർഷം , മകൻ വിഷ്ണുവർദ്ധനൻ 36 വർഷം, അദ്ദേഹത്തിന്റെ പുത്രനായ വിവേകി യായ നരേന്ദ്രൻ 108 യുദ്ധം ജയിച്ചു അവിടെയെ ല്ലാം ക്ഷേത്രം പണിത് തടാകവും തോട്ടവും നിർമ്മിച്ചു. അദ്ദേഹം 8 വർഷം വെങ്കി ഭരിച്ചു. അദ്ദേഹത്തിന്റെ മകൻ കലിവിഷ്ണുവർദ്ധനൻ ഒന്നര വർഷം ഭരിച്ചു. അദ്ദേഹത്തിന്റെ മകൻ

ഗുണകവിക്രമാദിത്യദേവ ത്രിഭുവനാങ്കുശ മങ്കി രാജന്റെ സിരസ്സ് പന്തു തട്ടിക്കളിച്ചു, ചക്രകോട്ട എരിച്ചു, കിരണപുരത്തെ സംഗിലനേയും സഹായിയായി വന്ന കൃഷ്ണനേയും ഭയപ്പെടു ത്തി, വല്ലഭേന്ദ്രന്റെ നഷ്ടപ്പെട്ട അഭിമാനം വീണ്ടെ ടുത്തു, കലിംഗരാജാവിൽനിന്ന് ആനകളെ കപ്പം വാങ്ങി. 44 വർഷം ഭരിച്ചു. അദ്ദേഹത്തിന്റെ സഹോദരനായ വിക്രമാദിത്യന്റെ മകനാണ് ചാലൂക്യഭീമൻ. 360 യുദ്ധം ജയിച്ച അദ്ദേഹം ചാലൂക്യഭീമേശ്വരം ക്ഷേത്രം നിർമ്മിച്ചു. 30 വർഷം ഭരിച്ചു. അദ്ദേഹത്തിന്റെ മകനാണ് വിജയാദിത്യനെന്ന കൊല്ലഭിഗന്ധ. 6 മാസമേ ഭരിച്ചിട്ടുള്ളു .ധാരാളം സ്വർണ്ണം ദാനം ചെയ്തു, വിജയസ്തംഭം പണിതു. അദ്ദേഹത്തിന് 2 മക്കൾ അമ്മ, രാജഭീമ. അമ്മ 7 വർഷം ഭരിച്ചു അക്കാ ലത്ത് . ലൌകികവിഷയങ്ങളെ ത്യജിച്ച യോഗി കളെപ്പോലെ ശത്രുരാജാക്കന്മാർ അവരുടെ വിഷയങ്ങളെ ത്യജിച്ച് ഓടിപ്പോയി, ശൂലങ്ങളി ൽ തറച്ച അവരുടെ ശരീരങ്ങൾക്ക് നിരവധി ഭംഗം സംഭവിച്ചു. ബലം ക്ഷയിച്ച അവർ വാഴത്തണ്ടുപോലെയായി. രണ്ട് അരണികളുടെ ഇടയിൽ അഗ്നി ഒളിച്ചിരിക്കുന്നപോലെ അവർ ആരണ്യങ്ങളിൽ ഒളിച്ചിരുന്നു. അനുജനായ കാന്തികബെട്ട എന്ന

വിജയാദിത്യനെ പുറത്താ ക്കി താഡപ ഒരു മാസം ഭരിച്ചു. ചാലൂക്യഭീമ ന്റെ മകൻ വിക്രമാദിത്യൻ താഡപയെ തോൽപ്പി ച്ച് 11 മാസം ഭരിച്ചു. പിന്നീട് താഡപയുടെ മകൻ യുദ്ധമല്ലൻ 7 വർഷം ഭരിച്ചു. അമ്മയുടെ ഇളയ സഹോദരനായ രാജഭീമൻ യുദ്ധമല്ലനെ പുറ ത്താക്കി 12 വർഷം വെങ്കി ഭരിച്ചു. രാജഭീമന് 3 മക്കൾ - ദാനാർണ്ണവ, അമ്മ, കാമ. ഇവരിലെ അമ്മ മനുഷ്യരിലെ മഹേശ്വരനാണ്. 25 വർഷം ഭരിച്ചു. 64 കലകളിലും വിദഗ്ദ്ധനായ ദാനാ ർണ്ണവൻ അതിനുശേഷം 3 വർഷം ഭരിച്ചു. ദാനാ ർണ്ണവനു ശേഷം ആന്ധ്രമണ്ഡലം 27 വർഷം രാജാ വില്ലാതെ കിടന്നു. ദാനാർണ്ണവന്റെയും ആര്യാ ദേവിയുടേയും മകനായ ശക്തിവർമ്മൻ 12 വർഷം ഭരിച്ചു. അദ്ദേഹത്തിന്റെ ഇളയ സഹോ ദരൻ വിമലാദിത്യൻ ഭൂമിയിലെ മന്ദാരവൃക്ഷം പോലെ സദ്ഗുണസമ്പന്നനായി ശത്രുവിനോടു പോലും ചതി ചെയ്യാതെ 7 വർഷം ഭരിച്ചു. അദ്ദേഹത്തിന്റെ പുത്രനായ രാജരാജൻ ചന്ദ്രവം ശത്തിന്റെ ഭൂഷണമായി, ഭൂമിയുടെ കൽപ്പവൃക്ഷ മായി 40 വർഷം ആന്ധ്രമണ്ഡലം ഭരിച്ചു. മഹാ ബലിയോടും യുധിഷ്ഠിരനോടും പ്രജകൾ അദ്ദേ ഹത്തെ തുലനം ചെയ്തു. അദ്ദേഹത്തിന്റെ പുത്ര നായ രാജേന്ദ്രചോഡൻ പഞ്ചദ്രാവിഡദേശങ്ങ ളോടൊപ്പം ആന്ധ്രമണ്ഡലത്തെ ഭരിച്ചു. 50

വർഷം അദ്ദേഹം ഭരിച്ചു. നൃഗ,ദുന്ധുമാര, ഭഗീ രഥ, രാമ, അംബരീഷ ഇവരോട് സദൃശനായ വിക്രമചോഡനാണ് അദ്ദേഹത്തിന്റെ പുത്രൻ. ചാലൂക്യവംശത്തിന്റെ ചന്ദ്രനും ഇന്ദ്രനുമാണ് അദ്ദേഹം. ത്യാഗസമുദ്രനെന്നാണ് അദ്ദേഹത്തി ന്റെ മറുനാമം. ചോളമണ്ഡലത്തെ സംരക്ഷിക്കാ നായി അദ്ദേഹം പോയതോടെ വെങ്കി രാജാവി ല്ലാതെ അനാഥമായി.

ഇക്കാലത്ത് അമ്മയുടെമകനായ കണ്ഡികബെട്ട എന്ന ബെട്ട (താഡപനാൽ പുറത്താക്കപ്പെട്ട) ക്ക് , സത്യാശ്രയനെന്ന ഉത്തമചാലൂക്യൻ ജനിച്ചു. ഗംഗവംശത്തിലെ ഗൌരിയായിരുന്നു അദ്ദേഹ ത്തിന്റെ പത്നി. ഈ ദമ്പതികൾക്ക് മക്കളുണ്ടാ യി. ഈ സന്തതിപരമ്പര വിജയാദിത്യ, വിമലാ ദിത്യ, വിക്രമാദിത്യ, വിഷ്ണുവർദ്ധന, മല്ലപ, സാമിദേവ. രാജമാർത്താണ്ഡ.

സൂര്യവംശത്തിലെ വിജയാമഹാദേവിയെ വിവാഹം ചെയ്ത വിജയാദിത്യ ഭൂമിയെ പ്പോലെ ക്ഷമയുള്ളവനായിരുന്നു. . മല്ലപദേ വനും വിഷ്ണുവർദ്ധനനും സാമിദേവനും വിജയമഹാദേവിയുടെ മക്കളാണ്. ശക്തനും മല്ലനും ആയ

മല്ലപദേവൻ പാണ്ഡിത്യമുള്ളവരെ ആദരിച്ചിരുന്നു. ഹൈഹയവിഷയത്തിന്റെ ആഭരണവും സാഗരവിഷയം ഭരിക്കുന്നവനു മായ ബ്രഹ്മരായനെന്ന രാജാവിന്റെ മകൾ സന്തളാദേവിയാണ് മല്ലപദേവന്റെ ഭാര്യ. സൌന്ദ ര്യം, സൌശീല്യം, ബുദ്ധിശക്തി, കലാനൈപു ണ്യം ഇങ്ങനെ സകല കാര്യത്തിലും പതിവ്രത യായ ആ ദേവിയെ ജനം പുകഴ്ത്തി. മഹേശ്വര കൃപയാൽ, ദിലീപന് രഘു എന്നപോലെ സന്ത ളാദേവിയിൽ മല്ലപദേവന് വിജയാദിത്യനെന്ന പുത്രനുണ്ടായി. ശകം 1079ൽ മാഘശുക്ലദശമിക്ക്, ശനിയാഴ്ച രോഹിണിനക്ഷത്രത്തിൽ മീനലഗ്ന ത്തിലാണ് അദ്ദേഹത്തിന്റെ അഭിഷേകം നടന്നത്. ഈശ്വരൻ ഗംഗയെ എന്നപോലെ ആരദവാഡപ്ര ഭുവിന്റെ മകളായ ഗംഗാദേവിയെ അദ്ദേഹം വിവാഹം ചെയ്തു. ഇവരുടെ മകനായി വിഷ്ണുവിന് സദൃശനായ മല്ലൻ ജനിച്ചു. ശകം 1124ൽ, ജ്യേഷ്ഠയിലെ കൃഷ്ണപക്ഷദശമിക്ക്, ഞായറാഴ്ച സിംഹലഗ്നത്തിൽ അശ്വിനിനക്ഷത്ര ത്തിൽ പിത്താപുരിയിലെ കുന്തിദേവക്ഷേത്ര ത്തിലാണ് ഇന്ദ്രസമാനനായ ചാലൂക്യചന്ദ്രനായ മല്ലന്റെ കിരീടധാരണം.

അന്ന് കുന്തിയുടെ ഹൃദ കയത്തെ ആനന്ദിപ്പിച്ച മാധവന് അദ്ദേഹം പ്രോ ലനാടിലെ (പ്രോലനന്ദു) ഗുഡിവാഡ സമ്മാനി ച്ചു. കരമൊഴിവായി ദാനം ചെയ്തു. ഈ രാജപരമേശ്വരൻ രാജാക്കന്മാരിലെ പുരന്ദരനും ഭഗവദ് വിഷ്ണുവിന്റെ ഭക്തനും ബ്രാഹ്മണഭക്ത നുമാണ്. അദ്ദേഹം രാഷ്ട്രകൂടരേയും പ്രോലനാട്ടി ലെ ഉദ്യോഗസ്ഥരേയും വിളിച്ച് വിളംബരം ചെയ്തു. ശകം 1124 ജ്യേഷ്ഠത്തിലെ കൃഷ്ണപ ക്ഷദശമി ഞായറാഴ്ച സിംഹരാശി ഉദയത്തിൽ സർവ്വലോകാശ്രയ വിഷ്ണുവർദ്ധനമഹാരാജാ മല്ലപദേവചക്രവർത്തി കുന്തീമാധവദേവന്നുമു മ്പിൽ കിരീടം ധരിച്ച വേളയിൽ, നിത്യനിദാനപൂ ജാദികൾക്കും പ്രത്യേകപൂജകൾക്കും മാസം തോറുമുള്ള ഉത്സവങ്ങൾക്കും, വാർഷികോത്സ വത്തിനുമായി ഗുഡിവാഡഗ്രാമവും വീടുകളും വയലുകളും തോട്ടങ്ങളും അടക്കം ഗ്രാമവാ സികളെ ദേവന് സമർപ്പിക്കുന്നു. ആചന്ദ്രതാരം കരമൊഴിവായിട്ടാണ് ദാനം.

അതിർത്തികൾഃ-കിഴക്ക് കൊമ്മരേരു നദീതീര ത്തെ മുളങ്കൂട്ടം.തെക്കുകിഴക്ക് 2

വലിയ പാറക്ക ല്ല്. തെക്ക് ബരിമികന്റെ ഭൂമിയുടെ മൂല. തെക്കു പടിഞ്ഞാറ് ദബ്ബൻഗുണ്ട തടാകത്തിന്റെ പുളിമ രം. പടിഞ്ഞാറ് കൊലാനുവിലെ പൊട്ടണ്ണയുടെ വയലിലെ അണ. വടക്കുപടിഞ്ഞാറ് ചെഡലു വാഡയുടെ മൂന്ന് അതിർത്തികളും കാർജാടയും ചെരുന്നിടത്തുള്ള വലിയ ചിതൽപുറ്റ്. വടക്ക് വണ്ടി പോകുന്ന പാത. വടക്കുകിഴക്ക് കുളു മേടുവിന്റെ 3 അതിർത്തിയും ചെഡലുവാഡ യുടെ വണ്ടിപ്പാതയും ചേരുന്നസ്ഥലം. ശ്രീപി ത്താപുരത്തെ കാന്താചാര്യനാണ് എഴുതിയത്.

ധർമ്മപാലദേവന്റെ ഖാലിംപൂർ പ്ലേറ്റ്.

ബംഗാളിലെ ഭഗൽപൂരിൽ മാൽദയിലെ ഗൌർ എന്ന സ്ഥലത്തിനടുത്തുനിന്ന് കിട്ടി. വയൽ ഉഴു ന്ന കർഷകന് കിട്ടിയതാണ്. ഒരു പ്ലേറ്റ്. സീലിൽ 5 വൃത്താകൃതിയിലുള്ള (കോൺസെൻട്രിക്ക്) വല യം. ഇതിനെ നേർരേഖ രണ്ടായി വിഭജിക്കുന്നു. മുകളിൽ ചക്രവും ഇരുവശവും അതിനെ നോക്കിനിൽക്കുന്ന ഓരോ മാനും. താഴെ

ശ്രീമാൻ ധർമ്മപാലദേവ എന്നുണ്ട്. അതിന്നു താഴെ ഒരു വരയും വരക്ക് താഴെ പുഷ്പങ്ങളും. ധർമ്മപാ ലന്റെ ഗയലിഖിതത്തിനു സമാനമായ വടക്കൻലി പി. മഗധഗുപ്തവംശത്തിലെ ജീവിതഗുപ്ത 2 വിന്റെ ദിയോബാരാനാർക്ക് ലിഖിതത്തിനും നാരായണപാലന്റെ ബദാൽ സ്തംഭലിഖിതത്തി നും ഇടയിലുള്ള കാലത്തെ ലിപിയാണ്. ലിഖിതത്തെ ആദ്യം വ്യാഖ്യാനിച്ച ഭട്ടവ്യാൽ ഈ ദാനം ഭട്ടനാരായണനെന്ന കവിക്ക് ഉള്ളതാണെന്ന് പറയുന്നു.പാദമൂലസമേത നാരായണഭട്ടാരക എന്നത് പാദത്തിലെ പരിവാരങ്ങളോടുകൂടിയ ശ്രീനാരായണനാണ് (വിഷ്ണു) എന്ന് കീൽഹോ ൺ. മഗധയിലെ നാഗരിലിപി എന്ന് പറയാം. ഇത് 9ആം നൂറ്റാണ്ടിൽ ഉണ്ടായിരുന്നു. ഭാഷ സംസ്കൃതം.

ആദ്യത്തെ 62 വരി പദ്യം,ബാക്കി ഗദ്യം.

Seals of Copper-Plate Grants.



1. Khalimpur Plate of Dharmapaladeva; *Epigraphia Indica*, Vol. IV. No. 34.
HALF-SIZE.



2. Komarti Plates of Chandavarman; *Epigraphia Indica*, Vol. IV. No. 16.
FULL-SIZE.



3. Chikkulla Plates of Vikramendravarman II.; *Ep. Ind.* Vol. IV. No. 25.
FULL-SIZE.



4. Udayendiram Plates of Pallavamalla; *South-Indian Inscriptions*, Vol. II. No. 74.
FULL-SIZE.

E. HULTZSCH. NEGATIVES BY WIELE & KLEIN, BANGALORE COLLOTYPE BY W. GRIGGS.

സുഗതബുദ്ധന്റെ ഭക്തനായ പരമേശ്വര പരമഭട്ടാ രകമഹാരാജാധിരാജാ ധർമ്മപാലദേവൻ തന്റെ മഹാസാമന്താധിപതി നാരായണവർമ്മന്റെ ആവശ്യപ്രകാരം (ദൂതകനായ യുവരാജാ ത്രിഭു വനപാലനാണ് ഈ ആവശ്യം വന്ന് പറയുന്നത്) ശുഭസ്ഥലിയിൽ നാരായണവർമ്മൻ പണിത നുന്നനാരായണക്ഷേത്രത്തിന് 4 ഗ്രാമം ദാനം ചെയ്തു.

വ്യാപാത, ദയിതവിഷ്ണു (അഛനും മുത്തശ്ശി നും) അവരുടെ ഭരണകാലത്ത് രാജ്യത്തെ ശരി ക്കും പാലിക്കാതെ വന്നതിനാൽ ഗോപാലൻ 1 രാജ്യം ഏറ്റെടുത്തു. അദ്ദേഹം ഭദ്രരാജകുമാരി ദെദ്ദാദേവിയെ വിവാഹം ചെയ്തു. അവരുടെ മകനായ ധർമ്മപാലൻ കന്യാകുബ്ജത്തിലെ ഒരു രാജാവിനെ സിംഹാസനസ്ഥനാക്കി. ഇത് പാഞ്ചാലജനതയുടെ സന്തോഷത്തിന് ഇടയാക്കി. ഭോജ, മത്സ്യ, മാദ്ര, കുരു ,യദു,യവന. അവന്തി, കീര, ഗാന്ധാരന്മാരെല്ലാം ഇതിനെ അനുമോദി ച്ചു. നാരായണപാലന്റെ ഭഗത്പൂർ പ്ലേറ്റിൽ ഇന്ദ്രരാജനേയും മറ്റ് ശത്രുക്കളേയും ചക്രയുദ്ധ ത്തിൽ തോൽപ്പിച്ച് നേടിയ മഹോദയമാണ് ധർമ്മപാലൻ ഇപ്രകാരം

കൊടുത്തത്. പാടലീ പുത്രത്തിൽനിന്നാണ് ശാസനം പുറപ്പെടുവിക്കു ന്നത്. മഹോദയമെന്നതിന് കന്യാകുബ്ജമെന്ന് എങ്ങനെ അർത്ഥം പറഞ്ഞു എന്ന് മനസ്സിലാ വുന്നില്ല. ഭദ്രരാജ്യം തെക്കേ ഇന്ത്യയിലാണെന്ന് പറയുന്നസ്ഥിതിക്ക് ധർമ്മപാലന് തെക്കേ ഇന്ത്യ യുമായി അമ്മവഴി ബന്ധം ഉണ്ട്. അതിനാൽ തെക്കേ ഇന്ത്യയിലെ മഹോദയപുരം ആയിക്കൂ ടേ എന്ന് ന്യായമായി സംശയം വരാം.

ഭഗവാൻ നുന്നനാരായണഭട്ടാരകക്ഷേത്രം നാരായണവർമ്മൻ പ്രതിഷ്ഠിച്ചു. അവിടെ പൂജാദികളെല്ലാം ലാടബ്രാഹ്മണരാണ്. ഭഗൽപൂർ പ്ലേറ്റിലെ തത്ര പ്രതിഷ്ഠാപിതസ്യ ഭഗവതാ ശിവഭട്ടാരകസ്യ പാശുപതാചാര്യ പരിഷദശ്ച എന്നത് അവിടെ പൂജക്ക് പാശു പതരായ ശിവഭട്ടാരകരാണെന്ന് പറയുന്നു. ലാടബ്രാഹ്മണരെന്നതിന് ഗുജറാത്തിലെ ബ്രാ ഹ്മണരെന്നേ അർത്ഥം ഉള്ളു. ഗുജറാത്ത് കൃഷ്ണന്റെ ദ്വാരക നിൽക്കുന്ന സ്ഥലമാണ്. നുന്ന എന്നത് നന്ന എന്നതിന് പകരമാവാം. കുഞ്ഞ്, കുട്ടി എന്നാണ് അർത്ഥം .കാദംബരാജ്ഞി കമലാ ദേവി ഗിഗംബേയിൽ കമലനാരായണക്ഷേത്രം പണിതപോലെ

നാരായണവർമ്മൻ സ്വനാമ ത്തിൽ പണിതതാണ് ഈ ക്ഷേത്രം.

കൊടുത്ത നാലു ഗ്രാമം ക്രൌഞ്ചസ്വാഭ്രം, മാധാ സാമ്മലി, പാലിതകം, ഗോപിപ്പള്ളി. പുണ്ഡ്ര വർദ്ധനഭുക്തിയിലെ മഹന്താപ്രകാശവിഷയ ത്തിൽ വ്യാഘ്രതതിമണ്ഡലത്തിലാണ് ആദ്യത്തെ മൂന്ന് ഗ്രാമം.അവസാനത്തേത്, അതേ ഭുക്തിയി ലെ സ്ഥാലിക്കട വിഷയം ആമ്രശാന്തികാമണ്ഡല ത്തിലും. മറ്റു സ്ഥലനാമങ്ങൾ പറയുന്നത്ഃ- ഉദ്രഗ്രാമമണ്ഡലം, കാളികാസ്വാഭ്രഗ്രാമം, ഗംഗി നികാഗ്രാമം, ജേനന്ദായികാഗ്രാമം, (ചേന്ദായി കാ), കാണദ്വീപം, കൊന്തീയപ്പുഴ. ഭോഗതപൌത്രനും സുഭടപുത്രനും ആയ താടത നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ക്രൌഞ്ചസ്വാഭ്രത്തിന്റെ പടിഞ്ഞാറേ അതിർത്തി യാണ് ഗാംഗനിക (ഗംഗാരാജ്യം). വടക്ക് കാദംബ രീക്ഷേത്രവും പനമരവും. വടക്കുകിഴക്ക് രാജ പുത്ര ദേവകനുണ്ടാക്കിയ അരുവി നാരകവന ത്തിലേക്ക് പ്രവേശിക്കുന്നു. കിഴക്ക് വീതകമെന്ന അരുവി. മാധാസമ്മതിയുടെ വടക്ക് ഗാംഗനിക, അവിടെനിന്ന്കിഴക്കോട്ട്........കാളികാസ്വ ഭ്രം....... പാലിത്താകത്തിന്റെ തെക്കേ അതിർത്തി ചെറി യ ഒരു

ദ്വീപാണ്.കാണദ്വീപം. കിഴക്ക് കോന്തി യാനദി. വടക്ക് ഗാംഗനികയും പടിഞ്ഞാറ് ജേനന്ദായികയും. കാണദ്വീപിലാണ് ഗ്രാമത്തിലെ ശവസംസ്കാരം നടത്തുന്നത്. ഗോപപ്പള്ളിയുടെ കിഴക്കേ അതിർത്തി ഉദ്രഗ്രാമമണ്ഡലം. തെക്ക് ഒരു ജോലകമാണ്. പടിഞ്ഞാറ് വേശനിക എന്ന ഘടിക. വടക്ക് ഉദ്രഗ്രാമമണ്ഡലത്തിന്റെ അതി ർത്തിയിലൂടെ പോകുന്ന കന്നുകാലികളുടെ നടപ്പാത.

മഹാഭവഗുപ്ത 2 കാലത്തെ കുടോ പ്പള്ളി പ്ലേറ്റുകൾഃ-

സംബൽപൂരിലെ ബർഗാർഹ് തഹസീലിലെ കുടോപ്പള്ളി ഗ്രാമത്തിൽനിന്ന് കിട്ടിയത്. 3 താമ്ര പത്രം. സീലിൽ ഇടത്തോട്ട് തിരിഞ്ഞിരിക്കുന്ന ഹംസവും മുകളിൽ ചന്ദ്രക്കലയും. ഹംസത്തിനു താഴെ രാണകശ്രീപുംഞ്ജ എന്നും. ആദ്യത്തെ പ്ലേറ്റിൽ ലിഖിതത്തിനു മുകളിലായി പെത്താ പാൻഹാലാതലികാതംവോലബോലിഛ ത്രസദൌ എന്ന് കാണുന്നു. വടക്കൻനാഗരിലിപി ഭാഷ സംസ്കൃതമാണെങ്കിലും പ്രാദേശികവുമാ

യി മിശ്രമാണ്. പ്രാകൃതത്തോട് സാമ്യമുണ്ട്. ലേനപുരത്തെ ശ്രേഷ്ഠിൻ കിരണന്റെ മകൻ പൂർണ്ണദത്തനാണ് എഴുതിയിരിക്കുന്നത്. മഹേശ്വരഭക്തനും സോമകുലഭൂഷണവും ത്രികലിംഗാധിപതിയും ആയ പരമഭട്ടാരക മഹാരാജാധിരാജ പരമേശ്വര മഹാഭവഗുപ്ത ദേവ (പരമഭട്ടാരകമഹാരാജാധിരാജാ പരമേ ശ്വര മഹാശിവഗുപ്തന്റെ പദാനുധ്യായി) യയാതിനഗരത്തിലിരിക്കവേ, വോഡയുടെ മകനായി മത്താരവംശത്തിൽ കളാശ്വരീപ്രസാ ദമായി ജനിച്ച് 15 ഗ്രാമത്തിന്റെ(പള്ളിക) പ്രഭുവായി പഞ്ചമഹാശബ്ദം ലഭിച്ച മാണ്ഡലിക രാണകപുഞ്ജന് ഗിഡാണ്ഡമണ്ഡലത്തിലെ ലോയിസാരഗ്രാമത്തിലെ ബ്രാഹ്മണരെ പൂജിച്ച ശേഷം തന്റെ വാമന്തപതീഗൃഹത്തില്നിന്ന് രാജപുത്രർക്കും തലവർഗ്ഗികൾക്കും സോമവാ ജികൾക്കും എല്ലാ ഗ്രാമവാസികൾക്കും വിളം ബരം ചെയ്തു. കരമൊഴിവായി ഗ്രാമം ഹസ്തി പദത്തിൽനിന്ന് വന്ന ജനാർദ്ദനന്റെ മകൻ ഭട്ടപു ത്രനാരായണന് (കൌണ്ഡിന്യഗോത്രം മിത്രാവരു ണപ്രവരം) ദാനം ചെയ്യുന്നതായും ഇതിനെ മാനിക്കേണ്ടതായും

ആജ്ഞാപിച്ചു. (ഇവർ റീസ്സയിലെ കേസരിവംശമാണ്. ശരഭപുരലിഖിതങ്ങൾ കാണുക).

ശിവഗുപ്തന്റെ ശിർപൂർ ലിഖിതത്തിലെ വംശാ വലിഃ-സോമവംശി ഉദയന, മകൻ ഇന്ദ്രബല, മകൻ നന്നദേവ, മകന് ചന്ദ്രഗുപ്ത, മകൻ ഹർഷഗുപ്ത, മകൻ ശിവഗുപ്തബാലാർജ്ജുന. രാജിം താമ്രപത്രലിഖിതം ഇവർ പാണ്ഡുവംശികളാണെന്ന് പറയുന്നുണ്ട്. അതിൽ നന്നദേവനെ ക്കൂടാതെ മഹാശിവതേവരദേവനെന്ന ദത്തുപുത്രനും ഇന്ദ്രബലനുണ്ട്. സൂര്യഘോഷനെന്ന രാജാവ് മകൻ രാജധാനിയുടെ മുകളിൽനിന്ന് വീണുമരിച്ചപ്പോൾ ബുദ്ധമതം സ്വീകരിച്ച് ഒരു ക്ഷേത്രം കെട്ടിയതായി പറയുന്നു. അതിന്നെത്ര യോ കാലം കഴിഞ്ഞാണ് പാണ്ഡുവംശി ഉദയ നൻ രാജാവായത്. അദ്ദേഹത്തിന് 4 മക്കളുണ്ട്. ആദ്യത്തെ മകനാണ് ഇന്ദ്രബലൻ. നാലാമത്തെ ആളാണ് ഭവദേവൻ. സിംഹത്തെപ്പോലെ യുദ്ധ ത്തിൽ പരാക്രമിയായതിനാൽ രണകേസരി എന്നും പേരു വന്നു. ഭവദേവരണകേസരിയുടെ വേറെ ഒരു പേരാണ് ചിന്താദുർഗ്ഗൻ. അദ്ദേഹം സൂര്യഘോഷന്റെ ക്ഷേത്രം പുനരുദ്ധരിച്ചു. ഭാസ്കരഭട്ടൻ എഴുതിയ ലിഖിതം

അക്കാലത്താ ണ് സ്ഥാപിച്ചത്. 8ആം നൂറ്റാണ്ടിലെ ശിവഗണ ന്റെ കനസ്വലിഖിതത്തേക്കാളും പഴയതാണ്.

സോമേശ്വര 1 കേലവാടി ലിഖിതം (എഡി 1053)

ബീജാപ്പൂരിലെ ബാദാമിയിൽ നിന്ന് 10 മൈൽ വടക്ക് കേലവാടി, കേലോടി, . കേലവാടി 300 എന്ന 300 ഗ്രാമത്തിന്റെ പ്രധാനഗ്രാമമാണിത്. കേലവാടി രംഗനാഥക്ഷേത്രത്തിന്റെ പുറത്തെ തെരുവിലേക്ക് തള്ളി നിൽക്കുന്ന കല്ലിലാണ് ലിഖിതം. 13, 32 ഇവയുടെ അറ്റം കേലവാടിക്ക് വടക്കേ തിംസാഗർ ഹനുമാൻ ക്ഷേത്രത്തിലേക്ക് തള്ളിയാണ്. കല്ലിന്റെ വലിയഭാഗം രംഗനാഥ സ്വാമി ക്ഷേത്രത്തിനകത്താണ്. മുകളിൽ ശിവ ലിംഗം, വലത്ത് കന്നും കുട്ടിയും അവക്ക് പിന്നിലായി സൂര്യൻ. ഇടത്ത് നന്ദിയും ചന്ദ്രനും (പിന്നിൽ).ലിപിയും ഭാഷയും കന്നഡ. പടിഞ്ഞാ റൻ ചാലൂക്യത്രൈലോക്യമല്ലദേവ സോമേശ്വര 1 ന്റെ കാലമാണ്. അദ്ദേഹത്തിന്റെ മഹാസാമന്താ ധിപതി ദണ്ഡനായക ഭോഗദേവരശ , പംഗരഗി 12 ഭരിക്കുന്നു. മഹാഭോഗരസന്റെ മരുമകൻ സുപ്പരസൻ കൃഷി ഭൂമിയും ഗൃഹവും കേലവാ ടി

തടാകത്തിനായി കൊടുത്തു. ആ തടാകം ഇപ്പോഴുമുണ്ട്. ഉത്തരായനസംക്രാന്തി വിജയ സംവത്സരം ശകം 975 കഴിഞ്ഞ്, (24 ഡിസംബർ 1053) ശൈവോജന്റെ ആജ്ഞ അനുസരിച്ച് ചട്ടപ യ്യൻ എഴുതി.

ചോളരാജാക്കന്മാരുടെ കാലം

കുലോത്തുംഗചോളൻ. 1.
രാജഗോപാലപ്പെരുമാൾക്ഷേത്രം മണിമംഗലം ചെങ്കൽപേട്ട് ജില്ല.

സ്വസ്തിശ്രീ പുഗൾമാതു വിളങ്ക......................... കോ ഇരാജരാജകേസരിവന്മനാന ത്രിഭുവനച ക്രവർത്തികൾ ശ്രീ കുലോത്തുംഗചോളദേവ ർക്കു യാണ്ടു 48ആവതു കുംഭഞായിറ്റു പൂർവ്വപക്ഷത്തു ദ്വിതീയൈയും വെള്ളിക്കിള മൈയും പെറ്റ ശതയത്തുന്നാൾ.

വിക്രമചോളൻഃ-

തഞ്ചാവൂർ തിരുവുടൈമരുതൂർ മഹാലിംഗ സ്വാമിക്ഷേത്രം. .

സ്വസ്തിശ്രീ പൂമാലൈ മിതന്തു............കോ പരകേസരിപന്മരാന ത്രിഭുവമചക്രവർത്തികൾ ശ്രീ വിക്രമചോളദേവർക്ക് യാണ്ടു 4ആവതു ഇഷഭഞായിറ്റു അപരപക്ഷത്തു

അപരാഷ്ടമി യും തിങ്കൾക്കിളമൈയും പെറ്റ സതയത്തി ൻനാൾ

തഞ്ചാവൂർ തിരുവെങ്കാട് ശ്വേതാരണ്യേശ്വര ക്ഷേത്രം ലിഖിതം

സ്വസ്തിശ്രീ പൂമാലൈ മിതന്തു.......കോ പരകേ സരിപർമ്മരാന ത്രിഭുവനചക്രവർത്തി ശ്രീ വിക്രമചോളദേവർക്കു യാണ്ടു 5ആവതു സിംഹഞായിറ്റു അപരപക്ഷത്ത് തിങ്കൾക്കിള മൈയും ഏകാദശിയും പെറ്റ തിരുവാതിരൈ നാൾ...

കുലോത്തുംഗചോള 3

തിരുവെങ്കാട് ശ്വേതാരണണ്യേശ്വരക്ഷേത്രം.

സ്വസ്തിശ്രീ പുയൽ വായ്പ്പ.............കോ ടപരകേസരിപർമ്മരാന ത്രിഭുവനചക്രവർത്തി കൾ ശ്രീ കുലോത്തുംഗചോളദെവരുക്ക് യാണ്ട് എട്ടാവതു നാൾ കര്ക്കടകഞായിറ്റു പൂര്വ്വപ ക്ഷത്തു ദശമിയും ങ്കൾക്കിളമൈയും പെറ്റ അനിലത്തുന്നാൾ.

മധുരാന്തകത്തിനടുത്ത് കടപ്പേരിയിലെ ശ്വേതാ രണ്യേശ്വരക്ഷേത്രലിഖിതം.

....ത്രിഭുവനചക്രവ ർത്തികൾ ശ്രീകുലോത്തുംഗചോളദേവരുക്ക് യാണ്ട്

പതിനാറാവത് അണിമാസത്തുപ്പത്താന്തിയ ടിയും സാദുത്തിയും മൂലമും ശനിക്കിളമൈയും ആനവന്റു

ഇവ വെച്ച് കാലം ഗണിച്ചിരിക്കുന്നത് (എപ്പിഗ്രാ ഫിക്ക ഇൻഡിക്ക വാല്യം 4) ഇപ്രകാരമാണ്.

രാജരാജൻ ഭരണാരംഭം എഡി 984 ഡിസംബർ 24നും 985 സപ്തംബർ 26നും ഇടക്ക്. അവസാനലിഖിതം (3) 28ആം വർഷമാണ്. എഡി 1012 ഡിസംബർ 23നാണ് അത്.

രാജേന്ദ്രചോളൻ ഭരണാരംഭം എഡി 1001 ഒക്ടോബർ 24നും 1002 ഒക്ടോബർ 23നും ഇടക്ക്. അവസാനലിഖിതം 31ആം വർഷം 23 ഒക്ടോബർ എഡി 1032 തിങ്കളാഴ്ച

രാജാധിരാജൻ ഭരണാരംഭം എഡി 1018 മാർച്ച് 15നും ഡിസംബർ 3നും ഇടക്ക്. അവസാനലി ഖിതം 30ആം വർഷം എഡി 1047-48.

കുലോത്തുംഗചോളൻ 1. എഡി 1070 മാർച്ച് 14നും ഒക്ടോബർ 8നും ഇടയിൽ ഭരണാരംഭം. അവസാനലിഖിതം 48ആം വർഷം. എഡി 1118 ജനുവരി 25 വെള്ളിയാഴ്ച.

വിക്രമചോളൻ എഡി 1108 ജൂലൈ 18. അവസാ നലിഖിതം 5ആം വർഷം 340ആം ദിവസം. എഡി 1113 ജൂൺ 22 ഞായറാഴ്ച.

കുലോത്തുംഗചോള 3. എഡി 1178 ജൂൺ 5നും ജൂലായ് 8നും ഇടയിൽ ഭരണാരംഭം.അവസാ നലിഖിതം 34ആം വർഷം .എഡി 1211 സപ്തംബർ 19 തിങ്കൾ.

കൃഷ്ണരായന്റെ സങ്കലപുരം ലിഖിതം ശകം 1435

ബെല്ലാരിജില്ലയിൽ വിജയനഗരാവശിഷ്ടങ്ങളി ൽനിന്ന് അടുത്ത്, ഹോസ്പേട്ടിൽനിന്ന് ഒന്നര മൈൽ കിഴക്കാണ് സങ്കലപുരം ഗ്രാമം. ആഞ്ജ നേയക്ഷേത്രത്തിന്റെ ചുരിനോട് ചാരി വെച്ച സ്ലാബിലാണ് ലിഖിതം. ഇത് മറ്റേതോ ക്ഷേത്ര ത്തിൽനിന്ന് കൊണ്ടുവന്ന് വെച്ചതാണ്. മുകളിൽ ഇരിക്കുന്ന ഗണപതി, വലത്ത് സൂര്യനും ഇടത്ത് ചന്ദ്രക്കലയും. ലിപി കന്നഡ. ഭാഷ സംസ്കൃത വും കന്നഡയും. ത്രികോടവിനായകായ നമഃ എന്നാണ് ലിഖിതാരംഭം. 18 സംസ്കൃതശ്ലോകം

ഹംപിയിലെ കൃഷ്ണരായലിഖിതത്തിലുള്ള താണ്. പിന്നെ വരുന്ന സംസ്കൃതഗദ്യവും 66ആം വരി വരെ ആ ലിഖിത്ത്തിലുള്ളതുതന്നെ. പിന്നെ 2 സംസ്കൃതശ്ലോകവും കന്നഡഗദ്യവു മാണ് ഉള്ളത്. വിജയനഗരത്തിലെ കൃഷ്ണരായ ൻ (എഡി 1510-1529) കോട്ടവിനായകന് സങ്കല പുരം ഗ്രാമം സമർപ്പിച്ചു. വിജയനഗരത്തിലെ ദേവേരിയുടെ കിഴക്കായിരുന്നു ഈ ക്ഷേത്രം. കോട്ടവിനായകപുരമെന്നും കോട്ടവിഘ്നേശ പു രമെന്നും സങ്കലപുരത്തിന് പിന്നെ പേരുവന്നു. അംഗുലികത്തിന് പടിഞ്ഞാറും,ജംബുനാഥത്തിന് വടക്കും നാഗലപുരിക്ക് കിഴക്കും കാരണൂരിന് തെക്കുമാണ് ഗ്രാമം.

ചൊവ്വ കൃഷ്ണപക്ഷഷഷ്ഠി, ഭദ്രപാദം ശാലി വാഹനശകം 1435 കഴിഞ്ഞ്, ശ്രീമുഖിസംവത്സര ത്തിലാണ് ദാനം. (എഡി 1513 സപ്തംബർ 20) അന്ന് കപിലഷഷ്ഠിയായിരുന്നു. ഭാദ്രപദത്തിലെ കപിലഷഷ്ഠിയും ചൊവ്വാഴ്ചയും വ്യതീപാത യോഗവും രോഹിണിനക്ഷത്രവും ഹസ്തം നക്ഷത്രത്തിൽ സൂര്യനും വരുന്ന ദിനമായിരുന്നു. (പ്രൊ. കിൽഹോൺ) . ചന്ദ്രഗിരിയിലെ മേലരശ ന്റെ മകൻ സോവാര്യനും ഭൂമി ദാനം ചെയ്തിട്ടു

ണ്ട്.(വടക്കേ ആർക്കോട്ടിലെ ചന്ദ്രഗിരി വിജയന ഗരകാലത്ത് ചന്ദ്രഗിരിരാജ്യമെന്ന ജില്ലയുടെ ആസ്ഥാനമായിരുന്നു) 10 ഗണ്ഡൂകം വയലും കരമൊഴിവായി സോവാര്യനെ ഏൽപ്പിച്ചത് ക്ഷേത്രത്തിനുള്ള തടാകം ഉണ്ടാക്കാനാണ്.

രാജാ നൃഹരിയുടേയും നാഗാംബികയുടേയും മകനെന്ന് ലിഖിതം കൃഷ്ണരായനെ പറയുന്നു.

വിലാപ്പക്കം ഗ്രാന്റ് വെങ്കട 1 ശകം 1523

5 പ്ലേറ്റ്. വേളാപ്പാക്കത്ത് സൂക്ഷിച്ചിരിക്കുന്നു. നന്ദിനാഗരിലിപി. അവസാനവരി മാത്രം വളരെ വലിയ തെലുഗു അക്ഷരമാണ്. 71 സംസ്കൃത ശ്ലോകം . കുറച്ച് സംസ്കൃതം ഗദ്യം. വെങ്കട 1ന്റെ ബിരുദം കന്നഡയിലാണ്. ചൌരാസി (84) എന്ന് ഹിന്ദുസ്ഥാനിയും, സാമുൽ (ഷാമിൽ) അറബി യും ഉണ്ട്. ഗ്രാമങ്ങളും അതിർത്തികളും തമിഴിലാണ്. തിരുമല 1ആമന്റെ നാലു മക്കളിൽ വെങ്കട 1, രംഗ 2 (വെംഗലാംബയുടെ മക്കൾ) മാത്രമേ ഈ ലിഖിതത്തിലുള്ളു. വെങ്കട 1ന് 5 ഭാര്യയുണ്ടായിരുന്നു. മാലിക്കിഭിരാമ, മഹാമന്ദ സാഹു എന്നാണ് മാലിക്ക് ഇബ്രാഹിമിനേയും മുഹമ്മദ് ഷായേയും പറയുന്നത്. ഗോൾക്കൊണ്ട യിലെ

സുൽത്താന്മാരായ ഇവർ വിജയനഗര ത്തെ ആക്രമിച്ചു. കർണ്ണാടകരാജാവെന്നും ഉറി ഗോലസുരത്രാണ എന്നും (ഒറിഗൽ സുൽത്താൻ) ചാലിക്കിചക്രവർത്തി എന്നും കല്യാണപുരാധി പ എന്നും വെങ്കത്രിഭുവനമല്ലി എന്നും വെങ്കട 1 നെ വിളിക്കുന്നു. റാത്ത,മഗധ,കാംബോജ, ഭോജ,കാലിംഗ, കരാഹതരാജാക്കന്മാരെല്ലാം സാമന്തരാണ്. ഒഡിയരാജാവിനെ തോൽപ്പിച്ചി ട്ടുണ്ട്. ശകം 1523 പ്ലവവർഷം (എഡി 1601-2) വൈശാഖശുക്ലദ്വാദശിക്കാണ് ദാനം. ചന്ദ്രഗിരി താലൂക്കിലെ വെങ്കടേശ്വര(തിരുപ്പതി)ന്റെ മുമ്പാ കെ സൂര്യദേവാര്യഭട്ടന്റ് പൌത്രനും, ഉർപുത്തൂ രിലെ അനന്തഭട്ടന്റെ പുത്രനുമായ തിരുവെങ്കല നാഥാര്യനാണ് ദാനം സ്വീകരിക്കുന്നത്. 18 പുരാ ണവും അറിയുന്ന അദ്ദേഹം ശ്രീവത്സഗോത്രം ആപസ്തംഭസൂത്രം, യജുശ്ശാഖയിലാണ്. വിലാപ്പാക്കത്തെ ജ്വരഹരലിംഗസമുദ്രമെന്ന് പേരു മാറ്റി. പളുവൂർകോട്ടകത്തിന്റെ പടവീടു മഹാരാജ്യത്തിന്റെയാണ് ഗ്രാമം. അറുഗുന്നുപരന്ദ്രാമിസീമ, പെരുംതിമിരിനാടു, കലവേപ്പാട്ടു എന്ന സ്ഥലത്തെ വിലാപ്പാക്കം (വേളാപ്പാക്കം) അറുഗുന്നിന് കിഴക്കും, കൂറപ്പാ ടിക്ക്

തെക്കും, ചാത്തൂരിനും സാത്രവാടിക്കും പടിഞ്ഞാറും തിമിരിക്ക് വടക്കുമാണ്. മദ്രാസ് സർവ്വേ മാപ്പിൽ (പഴയ) ഈ സ്ഥലങ്ങളെല്ലാം കാണാം. അറുഗുന്നം അരിംകുന്റം. കൂറപ്പാടി കൂറംപാടി. സാത്തൂരും സാത്തിരവാടിയും തിമിരിയും അതേ നാമത്തിൽതന്നെ ഉണ്ട്. കല വേപ്പാട്ട് കളവൈ എന്ന പേരിലാണ്. പെരുംതി മിരികൈനാട് തമിഴകം തന്നെയാവണം. തിമിരി കൈ എന്ന് തമിഴകത്തിനു പേരുണ്ടായിരുന്നു. ഇതിന്റെ വടക്കേ അറ്റമാണ് തിരുപ്പതി. അരുകു ന്നുപരന്ദ്രാമിസീമ ഇതിൽനിന്നുണ്ടായതാവണം. പടുവൂർകോട്ടം പളുവൂർകോട്ടകയാണ്. വേലൂ രു ബൊമ്മരാജാവിന്റെ മകനും വീരപ്പനായിക്ക ന്റെ പൌത്രനുമായ ലിംഗനെന്ന രാജകുമാരന്റെ അഭ്യർത്ഥനപ്രകാരമാണ് വീരവെങ്കടപതി മഹാ രായന്റെ ദാനം.അദ്ദേഹം ശ്രീനെല്ലപ്പൂരു വീരക്ഷേ ത്രത്തിന്റെ ഭക്തനാണ്. പണ്ഡിതരുടെ ഹൃദയ ത്താമരകൾക്ക് സൂര്യനാണ്. ബല്ലാലരായന്റെ മനസ്സിനെ പേടിപ്പിച്ചവനാണ്. മഹാദേവന്മാരെ യും മഹീദേവന്മാരെയും പ്രതിഷ്ഠിക്കുന്നതിൽ വ്യാപരിച്ചവനാണ്. അനുകൂലഗോത്രത്തിലാണ് ജനിച്ചത്. വേലൂരിബൊമ്മ ശിന്നബൊമ്മുനായി

ക്കനെന്ന് പേരു കേട്ടവനാണ്. ശകം 1471 മുതൽ 1448 വരെ അദ്ദേഹത്തിന്റെ ലിഖിതങ്ങളുണ്ട്. ചിന്നവീരപുത്രനായ ചിന്നബൊമ്മനോടു കൂടി, (ലിംഗമനായിക്കന്റെ പിതാവ്) അപ്പയ്യദീക്ഷിത രുടെ രക്ഷിതാവായിരുന്നു. അപ്പയ്യദീക്ഷിതരുടെ ശിവാദിത്യമണിദീപികയിലെ 56-57 ശ്ലോകം ലിംഗനായിക്കനും അഛന്റെ ബിരുദങ്ങളെല്ലാം ഉണ്ടായിരുന്നതായി കാണിക്കുന്നു. വേലൂരിലെ ശിന്നബൊമ്മനായിക്കന്റെ സഭയിലാണ് അപ്പയ്യദീ ക്ഷിതൻ   ഉണ്ടായിരുന്നത്. തിരുമല 1ആമന്റെ സാമന്തനായിരുന്നു ശിന്നബൊമ്മനായിക്കൻ. വെങ്കട1 ന്റെ കാലത്താണ് ലിംഗനായിക്കൻ. ശകം 1521ൽ അപ്പയ്യദീക്ഷിതൻ വെങ്കടപതിയുടെ സംരക്ഷണത്തിലാണ് കുവലയാനന്ദ രചിച്ചത് . ഈ വെങ്കടപതി വെങ്കട 1 ആണ്. വെങ്കലഭട്ടൻ ഗതനിക്ക് ലഭിച്ച ഭൂമിയുടെ ഒരു ഭാഗം ലിപികൻ രാമയ്യനും ശിൽപ്പി കാമയ്യനും കൊടുത്തതായി പറയുന്നു. (വരി 62-63).

കൃഷ്ണ മൂന്നാമന്റെ കർഹദ് പ്ലേറ്റുകൾ (ശകം 880)

സതാരാജില്ലയിലെ കർഹദിൽനിന്ന് കിട്ടി. 3 പ്ലേറ്റ്. കള്ളി 12ലെ കരഹാതാജില്ലയിലെ കംകേം

ഗ്രാമം അകാലവർഷനെന്നും വല്ലഭനെന്നും പേരു ള്ള കൃഷ്ണരാജാ (രാഷ്ട്രകൂട കൃഷ്ണ 3) ശിവസി ദ്ധാന്തപണ്ഡിതനായ ഗഗനശിവന് ദാനംചെയ്തു. കരഹാത(കർഹദ്)ഈശാനശിവന്റെ ശിഷ്യനാണ് അദ്ദേഹം. ശൈവസന്യാസിമാരുടെ ഭോജനത്തി നും ചെലവിനുമാണിത്. ബുധനാഴ്ച ഫാൽഗുന ത്തിലെ കൃഷ്ണത്രയോദശി കാലയുക്തസംവത്സ രത്തിലാണ് ദാനം. എഡി 959 മാർച്ച് 9.

ദിയോളി പ്ലേറ്റും ഇതും കൂടി വളരെ ചെറിയ വ്യത്യാസങ്ങളേ ഉള്ളു . ദിയോളി പ്ലേറ്റിൽ സാത്യകിവർഗ്ഗഭാജാ (യാദവരിലെ സാത്യകി യുടെ വംശമാണെന്ന് പറയുന്നു) എന്നതിനു പകരം തുംഗയശപ്രഭാവാ എന്നാണ്. നവസാരി ഗ്രാന്റിലും സാത്യകിവംശമെന്ന് പറയുന്നു. സാത്യകിവംശത്തിലെ തുംഗനെന്ന രാജാവി ൽനിന്ന് ചാലൂക്യവംശം ഉണ്ടായി എന്നാണ് പറയുന്നത്. കൃഷ്ണ 1 നെ ശുഭതുംഗനെന്നും

ഗോവിന്ദ 3നെ ജഗതുംഗനെന്നും ശർവ്വഅഥവാ അമോഘവർഷനെ നൃപതുംഗ എന്നും വിളിക്കു ന്നു. ദന്തിദുർഗ്ഗനെ പരാമർശിക്കുന്നിടത്ത് ദിയോളി പ്ലേറ്റിലുള്ളതിനേക്കാൾ അധികമായി ഒരു ശ്ലോകമുണ്ട്. ചാലൂക്യരുടെ ചക്രവർത്തി പദം തന്റെ വംശത്തിലേക്ക് പിടിച്ചെടുത്തു എന്ന് പറയുന്നു. നവസാരി ഗ്രാന്റിലുള്ളതുപോലെ, നൃപതുംഗ അമോഘവർഷ ചാലൂക്യവംശത്തെ ത്തന്നെ എരിച്ചുകളഞ്ഞു എന്നാണ് പറയുന്നത്. അമോഘവർഷന്റെ ലിഖിതത്തിൽ ഖാരേപത്തന ത്തിലെ ബഡ്ഡികനെ (കൃഷ്ണ മൂന്നാമന്റെ അഛ ൻ) പറ്റി 2 ശ്ലോകം കൂടിയുണ്ട്.

ചോളചാലൂക്യപാണ്ഡ്യയുദ്ധത്തിൽ രാഷ്ട്രകൂട അമോഘവർഷവഡ്ഡികനുള്ള പങ്ക് ഓർക്കേണ്ട തുണ്ട്. രാജാദിത്യനെ (തക്കോലം യുദ്ധം) വധിച്ച യുദ്ധത്തിൽ വഡ്ഡികൻ ആ വധത്തിനായി പെർമാനടി ബുഡുഗന് മകളെ വിവാഹം കഴി ച്ച് കൊടുക്കയും, പുലി ഗേരേ 300,അടക്കം കുറേ പ്രദേശം കൊടുക്കയും ചെയ്തിട്ടുണ്ട്. ബുഡുഗന് ആ വിവാഹത്തിലുണ്ടായ കുട്ടി യാണ് ഇന്ദ്ര 2. കോ കിഴാനടികളെന്ന

കേരളരാജ കുമാരിയുടെയും പരാന്തക 1 ന്റെയും മകനാണ് രാജാദിത്യൻ . അമ്മാമനായ ചതുരാനനപ ണ്ഡിതൻ വെള്ളൻ കുമരൻ (വല്ലഭരാജാവ്) ബുഡുഗൻ മരുമകനെ വധിക്കുന്നത് തടയാനാ വാതെ സന്യസിച്ചു. 963-75ലെ മാരസിംഹന്റെ ലിഖിതം ബുഡുഗന്റെ വിജയം ചേരന്മാരുടെ വിജയമെന്നഘോ് ആഘോഷിക്കുന്നു. ബുഡുഗൻ പടിഞ്ഞാറൻ ഗംഗവംശമാണ്. (കൊംഗുചേര).

ദിയോലി പ്ലേറ്റ് കൃഷ്ണ 3ന്റെ കിരീടധാരണ ത്തോടെ അവസാനിക്കുന്നു. അതുവരെ അദ്ദേ ഹം ചെയ്തതെല്ലാം യുവരാജാവായി അഛന്റെ ആജ്ഞാനുസാരമാണ്.ഈ ലിഖിതത്തിൽ അദ്ദേ ഹം ചെയ്ത ഒരു കാര്യം അമ്മയുടേയും ഭാര്യ യുടേയും ബന്ധുവും വൃദ്ധനുമായ സഹസ്രാ ർജ്ജുനനെ ജയിച്ചു എന്നതാണ്. ചേദി കാലചുരി രാജാക്കന്മാരും കേരളരാജാക്കന്മാരും പരമ്പര യായി സഹസ്രാർജ്ജുനവംശമാണെന്ന് വിശ്വസി ക്കുന്നവരാണ്. അമോഘവർഷൻ കന്തകമഹാദേ വിയെ വിവാഹം ചെയ്തിരുന്നു. (കണ്ടക) ഗംഗവംശത്തിലെ യുവരാജാവിന്റെ പുത്രിയാ ണ് ഇത്. ആ

വംശത്തിലെ ബുഡുഗന് മകളെ വിവാഹം കഴിച്ചുകൊടുത്തു. മകൻ കൃഷ്ണ നും ആ വംശത്തിലെ കണ്ടകദേവിയെ വിവാ ഹം കഴിച്ചു. ഈ വംശത്തിലെ ബന്ധുവായ അർജ്ജുനൻ ആരായിരിക്കാം എന്ന ആലോചന രാഷ്ട്രകൂട കാലചുരിയിലേക്ക് നയിക്കുന്നു.

1. കൊക്കാല. മകളെ അകാലവർഷൻ വിവാ ഹം കഴിച്ചു. മകൻ ജഗതുംഗ
2. രണവിഗ്രഹ. മകൾ ലക്ഷ്മിയെ ജഗതുംഗൻ വിവാഹം കഴിച്ചു.
3. കൊക്കാലയുടെ മൂത്ത മകൻ അർജ്ജുനൻ രണവിഗ്രഹന്റെ സഹോദരനാണ്.
4. അംഗണദേവൻ .അർജ്ജുനന്റെ മകൻ . മകൾ വിജ്ജാംബ ഇന്ദ്രനിത്യവർഷന്റെ ഭാര്യ
5. യുവരാജപുത്രി കണ്ടകാദേവി അമോഘവ ർഷബഡ്ഡിഗന്റെ ഭാര്യമാരിൽ ഒരാൾ.

രണവിഗ്രഹനെന്ന് ഒരു രാജാവ് ചേദിയിലുള്ള തായി, രാജശേഖരന്റെ ശ്ലോകം ജൽഹണന്റെ സൂക്തിമുക്താവലി ഉദ്ധരിക്കുന്നു.

നദീനാം മേഖലസുതാ നൃപാണാം രണവിഗ്രഹഃ കവീനാംച സുരാനന്ദഛേദിമണ്ഡലമണ്ഡനം

കർദ്ദ പ്ലേറ്റിൽ ജഗതുംഗന്റെ അമ്മയുടെ സഹോദ രനും (അമ്മാമൻ) ഭാര്യയുടെ അഛനുമാണ് ശങ്കരഗണൻ.

കിരീടധാരണശേഷം കൃഷ്ണ 3 ചില ഉദ്യോഗ സ്ഥരെ പിരിച്ചുവിടുകയും ചിലരെ നിയമിക്ക യും ചെയ്തു. ഇത് ചോളവംശത്തെ നശിപ്പിക്കാ നായിരുന്നു. അപ്രകാരം തെക്കേ ഇന്ത്യയെ കീഴടക്കാനും. ചേരാണ്മ, പാണ്ഡ്യ, സിംഹളരെ സാമന്തരാക്കിയ ശേഷം രാമേശ്വരത്ത് വിജയ സ്തംഭം നാട്ടി. തിരുക്കഴുക്കുന്റത്തെ 2 ലിഖിതം ഇത് പറയുന്നുണ്ട്. (കണ്ണരദേവന്റെ 17, 19 ഭരണ വർഷം). കാഞ്ചിയും തഞ്ചയും കീഴടക്കി, ബുഡു ഗനെ (ഭൂതയ്യ അഥവാ ഭൂതാര്യ) ഗംഗാരാജാവാ ക്കി. ഈ ലിഖിതം അദ്ദേഹം മേൽപ്പാടിയിൽ ശിബിരത്തിലിരിക്കുമ്പോളാണ്. കാലപ്രിയ, ഗന്ധമാർത്താണ്ഡ, കൃഷ്ണേശ്വര മുതലായ ക്ഷേത്രങ്ങളുടെ നിർമ്മിതിക്കാണ് മേൽപ്പാടിയി ൽ തമ്പടിച്ചത്.

കംകി ഗ്രാമത്തിന്റെ അതിർത്തികൾഃ- തെക്ക് പെണ്ടുരേം (പാണ്ടൂര്) പടിഞ്ഞാറ് ആധേം (ആദി). കണ്ണവെണ്ണ (കൃഷ്ണവെണ്ണ) നദിയുടെ അടുത്താണ് അഗ്രണി. പോഷകനദി എന്ന് പറയാം. 12 ഗ്രാമങ്ങളുള്ള കള്ളി 12 ഇപ്രകാരം-

കള്ളി,കംകി, ആജൂര, സീജൂർ, ആദി, സൽഗർ, ബെക്കോംഗി, തിത്തൂർ,ഖാടവ്, നിഗ്നൂർ , പട്രേന്ധഗാവ് (പാണ്ഡൂർ) തവ്സി യോസ്യാഗനനാണ് ലിപികൻ.

വീരരാഘവന്റെ കോട്ടയം പ്ലേറ്റ്

ഒരു പ്ലേറ്റ്. സീലില്ല. ശംഖുചിഹ്നം ഉണ്ട്. ഗുണ്ടർട്ട് വായിച്ചതാണ്. കൂക്കേൽ കേളുനായരും വായി ച്ചിട്ടുണ്ട്. വി വെങ്കയ്യ ഗുണ്ടർട്ടിന്റെ വായനക്ക് ചില ഭേദഗതികൾ വരുത്തി. ലിപി മലയാളവും വട്ടെഴുത്തും.ഭാഷ തമിഴും മലയാളവും. ഏറ നാട് എന്നതിലെ ഏ മറ്റൊരു വട്ടെഴുത്തു ലിഖിത ത്തിലും ഇല്ല എന്ന് അദ്ദേഹം കണ്ടെത്തി. മല യാളത്തിലെ പല വാക്കുകളും സംസ്കൃതത്തി ൽനിന്ന് ഉത്ഭവിച്ചവയാണെന്നും അദ്ദേഹം

പ്രസ്താവിച്ചു. മറ്റു വട്ടെഴുത്ത് ലിഖിതങ്ങ ളിലും തമിഴിലും സംസ്കൃതവാക്കുകളാണ് ഗ്രന്ഥലിപിയിലെഴുതുക. ഈ ലിഖിതത്തിൽ തമിഴു വാക്കുകളാണ് മലയാളത്തിലെഴുതുന്നത്. ഗുണ്ടർട്ട് സ്ഥാണുരവിഗുപ്തന്റെ കാലത്താണ് ദാനം എന്ന് എഴുതിയിരുന്നു. ഗുപ്തനെന്ന് ലിഖിതത്തിലില്ല . കോ ഇരവിതാണുക്കുട്ടനെ ന്നാണ് ഉള്ളത്.

വീരകേരളചക്രവർത്തിയുടെ പിൻഗാമി വീരരാ ഘവചക്രവർത്തിയുടേതാണ് ദാനം. മീനം 22, മകരവ്യാഴം രോഹിണി നക്ഷത്രം ശനിയാഴ്ച കൊടുങ്ങല്ലൂർ കൊട്ടാരത്തിലിരുന്നാണ് ദാനം ചെയ്തത്. മണിഗ്രാമം എന്ന ബിരുദവും അതോ ടനുബന്ധിച്ച ആനുകൂല്യങ്ങളും മഹോദയപട്ടണ ത്തിൽ ഇരവിക്കൊറ്റനു കൊടുത്തു. ചേരമാ ൻലോകപ്പെരുംചെട്ടി എന്ന പേരും ലഭിച്ചു. അദ്ദേഹത്തിന് തൈലം ഉണ്ടാക്കുന്നവരേയും അഞ്ച് കമ്മാലരേയും സഹായികളായി കൊടു ത്തു. (ജോലിക്കാരായി) നഗരത്തിലെ പെരുംചെ ട്ടി എന്ന നിലയിൽ ലഭിക്കാവുന്ന വരവുകളുടെ ലിസ്റ്റ് പിന്നെ തരുന്നു. ഇത് ഒരു വ്യക്തിക്കല്ല, പാരമ്പര്യമായി ലഭിക്കുമെന്നും പറയുന്നു.

സാക്ഷികളുടെ പേരിനുശേഷം ഇത് രേഖപ്പെടു ത്തിയത് ചേരമാൻലോകപ്പെരുംതട്ടാനാണെന്ന് പറഞ്ഞിരിക്കുന്നു.കൂക്കേൽ കേളുനായർ ഇത് എഡി 230ലാണെന്ന് അഭിപ്രായപ്പെടുന്നു. തെക്കേ ഇന്ത്യയിലെ ജോത്സ്യൻ എഡി 770 എന്ന് കണക്കാക്കി. ഇതു വെച്ചാണ് 8ആം നൂറ്റാണ്ടെന്ന് പറയുന്നത്. വെങ്കയ്യ ലിഖിതത്തിന് 8ആം നൂറ്റാണ്ടല്ല കാലമെന്ന് അഭിപ്രായപ്പെടുന്നു. ചോകിരവും പന്നിയൂരും (പൊന്നാനി താലൂ ക്ക്) ആണ് സാക്ഷികൾ. വേണാടും ഏറാളനാടും (ഏറനാട്) വള്ളുവനാടും പരാമർശിതമാണ്. ഓടനാട് കായംകുളം തലസ്ഥാനമാക്കിയ ഓണാ ട് ആണ്.

ഹരിശ്രീ മഹാഗണപതേ നമഃ
ശ്രീഭൂപാലനരപതി
ശ്രീവീരകേരളചക്രവർത്തി ആദിയായി
മുറൈമുറൈയായി പല നൂറായിര
ത്താണ്ടു സെങ്കോൽ നടത്തായിനിന്റ
ശ്രീവീരരാ ഘവചക്രവർത്തിക്ക്
തിരുവിരാച്യം ചെല്ലായി നിന്റെ
മകരത്തുൾ വിയാളം മീനഞായിറ്റു
ഇരുപത്തൊാന്റു ചെന്റ ശനി രോഹണിനാൾ
പെരുംകോയിലകത്തിരുന്നരുള
മാഗോദയർ പട്ടിണത്തു


ഇരവിക്കോർത്തനായ ചേരമാൻ ലോകപ്പെരുംചെട്ടിക്കു മണിക്കിരാമപട്ടം കുടുത്തോം. വിലാവാടെയും പവണത്താങ്കും പെരുപേരും കടത്തുവഞ്ചിയമും വളാഞ്ചിയ ത്തിൽ തനിച്ചെത്തും മുർച്ചൊല്ലും മുന്നാടൈയും പഞ്ചവാദ്യമും ശംഖും പകൽവിളക്കും പാവാടൈയും ഐന്തോളമും കൊററക്കുടയും വഡുകപ്പറയും ഇടുപടിതോരണമും നാലുശേരി ക്കും തനിച്ചെത്തും കുടുത്തോം.

വാണിയരും ഐംകമ്മാളരേയും അടിമ കുടു ത്തോം. നഗരത്തുക്കു കർത്താവായ ഇരവി കോത്തനുക്കു പറ കൊണ്ടളന്നു നിറ കൊണ്ടു തൂക്കി നൂൽകൊണ്ടു വാകി എണ്ണിന്റതിലും എടുക്കിന്റതിലും ഉപ്പോടു ശക്കരയോടു കസ്തൂ രിയോടു വിളക്കെണ്ണയോടു ഇടയിൽ ഉള്ള എപ്പേർപട്ടതിനും തരഗും അതിനടുത്ത ശുങ്കമും കൂട കൊടുംകോളൂർ അളിവിയോടു ഗോപുര ത്തോടു വിശേഷാൽ നാലുതളിയും തളിക്കടുത്ത ഗ്രാമത്തോടു ഇടയിൽനീർ മുതലായി ചെപ്പേടു എഴുതി കുടുത്തോം. ചേരമാൻ ലോകപ്പെരും ചെട്ടിയാന ഇരവികോത്തനുക്ക് ഇവൻ മക്കൾ

മക്കളുക്കേ വഴിവഴിയേ പേറാകക്കുടുത്തോം. ഇതറിയും പന്റ്റിയൂർക്കിരാമമും ചോകിരക്കി രാമമും അറിയക്കുടുത്തോം. വേണാടും ഓടുനാടും അറിയക്കുടുത്തോം. ചന്ദ്രാദിക്ഷയകാലുള്ള നാളേക്ക് കുടുത്തോം. ഇവർകൾ അറിയ ചെപ്പേടെളുതിയ ചേരമാൻലോകപ്പെരുംതട്ടാൻ നമ്പി ചടേയൻ കയ്യെളുത്തു.

വീരകേരളചക്രവർത്തി മുതൽ നൂറായിരം വർഷങ്ങളോളം പരമ്പരയായി രാജ്യം ഭരിക്കു ന്ന എന്നാണ് , വീരകേരളന്റെ മകനെന്നല്ല വീര രാഘവചക്രവർത്തിയെ പറയുന്നതെന്ന് ആദ്യം ശ്രദ്ധിക്കണം.





E. HULTZSCH.

അഹമ്മദബാദിലെ ഹരിർലിഖിതം.

ആസർവയിൽ ദാദാഹരിർ കിണറിൽനിന്ന് കിട്ടി. നാഗരി ലിപി, സംസ്കൃതഭാഷ. പദ്യവും ഗദ്യവുമുണ്ട്. വിക്രമസംവത് 1556. ശകം 1421. പൌഷം ശുക്ലത്രയോദശി തിങ്കൾ. (എഡി 1499) ,

നമ സൃഷ്ടികർത്രേ നമോപാം പതയേ തുഭ്യം സർവ്വജീവനരൂപിണേ .വരുണായ നമസ്തുഭ്യം നമഃസുകൃതസാക്ഷിണേ .ജയതി ജഗത്രയജനനീ കുണ്ഡലിനീ നാമതഃ പരാശക്തി സുരനരവന്ദിത ചരണാ വാപീരൂപാത്മതാ സതതം . നമാമി വിശ്വകർമ്മാണാം സകലാഭീഷ്ടദായകം കൃപാതോ വസ്യ സർവ്വേ സ്യുഃ കർത്താ കർമ്മ കർതൃ ക്ഷമാ നരഃ സ്വസ്തിശ്രീ എന്നാണ് ലിഖി താരംഭം.

ഗുർജ്ജരദേശത്തെ പാദുഷാ മെഹമൂദിന്റെ ഹാരം (അന്തഃപുരം) സംരക്ഷിക്കുന്ന ബായി ശ്രീ ഹരീർ ആണ് കിണർ കുഴിപ്പിച്ചത്. ഹരീർ പാദു ഷായുടെ മതോപദേശകനും ആയിരുന്നു. അദ്ദേ ഹത്തിന്റെ ഭാര്യ (ബായി) ആണ് വാസ്തവത്തി ൽ കിണറുകുഴിപ്പിച്ചത്. മാലിക്ക് ശ്രീ ബിഹാമ ദും ഗജധരനും

വൈശ്യസൂത്രധാരനുമായ വീര നും സൂത്രധാരൻ ദേവനും ശ്രീഗിരാണനും,മഹാ ന്ത്   ശായനും മഹാന്ത് വീരനും മേൽനോട്ടക്കാ രായിരുന്നു.

രാജരാജ 1 നന്ദമാപൂണ്ടിഗ്രാന്റ് എഡി 1053. 32ആം ഭരണവർഷം.

ഗോദാവരിജില്ല. 5 പ്ലേറ്റ്. വൃത്താകൃതിയിലുള്ള സീലിൽ ശ്രീത്രിഭുവനാങ്കുശ (തെലുഗ്) മുകളിൽ ഇടത്തോട്ടു തിരിഞ്ഞ വരാഹവും മുകളിൽ രണ്ട് ചാമരങ്ങൾക്കിടയിൽ സൂര്യനും ചന്ദ്രക്കല യും. അതിന്നു മുന്നിൽ ശംഖും പിന്നിൽ പെരു മ്പറയും. ലിഖിതത്തിനു താഴെ അങ്കുശം അതിനു താഴെ താമര വലത്തും സിംഹാസനം ഇടത്തും. കിഴക്കൻ ചാലൂക്യചിഹ്നങ്ങളാണ്. ഭാഷ സം സ്കൃതം .പദ്യവും ഗദ്യവുമുണ്ട്. ഗ്രാമാതിർത്തി തെലുഗിലാണ്. ലിഖിതം രചിച്ച നന്നിയഭട്ടൻ രാജരാജന്റെ കൊറുമല്ലി പ്ലേറ്റിലെ പദ്യങ്ങൾ ഇവിടെ പ്രയോഗിച്ചിട്ടുണ്ട്. ദാനം വാങ്ങുന്നത് അഷ്ടദൈവാവധാരണചക്രവർത്തിയായ

വ്യ ക്തിയാണ്. അഷ്ടദശവിദ്യാധാരണം ചെയ്ത എന്നായിരിക്കണം. (18 വിദ്യ).കിഴക്കൻചാലൂ ക്യവംശത്തിലെ വിഷ്ണുവർദ്ധനരാജരാജ 1 ആണ് കൊടുക്കുന്നത്. ചാലൂക്യവംശത്തിലെ വിഷ്ണുവർദ്ധനരാജരാജ 1 , ചാലൂക്യവിമലാ ദിത്യന്റേയും ചോളസൂര്യവംശത്തിലെ രത്ന മായ കുന്ദവൈദേവിയുടേയും മകനാണ് (രാജരാജ 1ന്റെ മകൾ) .ആഗസ്റ്റ് 16 എഡി 1022നാണ് കിരീടധാരണം. മഹാരാജാധിരാജാ വിഷ്ണുവർദ്ധന പരമഭട്ടാരക മഹേശ്വരപ ദാനുധ്യായി രാജരാജദേവ രാഷ്ട്രകൂടത്തിലെ രണ്ടേരുലുനാടിമിവിഷയത്തിലെ കൃഷിക്കാ രെയെല്ലാം വിളിച്ചുകൂട്ടി, മന്ത്രിമാരുടേയും പുരോഹിതന്മാരുടേയും സേനാപതിമാരുടേയും യുവരാജന്മാരുടേയും ദൌവാരികന്മാരുടേയും പ്രധാനന്മാരുടേയും മുന്നിൽവെച്ച് വിളംബരം ചെയ്തു: ഹാരീതഗോത്രത്തിലെ ആപസ്തംഭ ബ്രാഹ്മണനും സോമയാഗം ചെയ്തവനുമായ കാഞ്ചേനന്റെ മകൻ കാഞ്ചനാര്യൻ പണ്ഡിതന്മാ രാൽ ബഹുമാന്യനുമാണ്. അദ്ദേഹത്തിന്റെ മകൻ അമാത്യ അകളങ്കാസംഗണേയൻ പവിത്ര മായ ജീവിതം കൊണ്ട്

ശൌചാഞ്ജനേയനെന്ന് അറിയുന്നു. സാമേകാംബയിൽ അദ്ദേഹത്തിനു ണ്ടായ മകൻ നാരായണൻ സംസ്കൃതം, കർണ്ണാടകം, പ്രാകൃതം, പൈശാചികം,ആന്ധ്രഭാഷ ഇവയിലുള്ള കവിതാപാടവം കൊണ്ട്. കവി രാജശേഖരനെന്ന് പേരെടുത്തവനാണ്. അദ്ദേ ഹത്തിന്റെ കവിത്വം ഇനി വരുന്ന കവികളാ കുന്ന ആനകളെപ്പോലും തടയുന്ന അങ്കുശമാ കയാൽ കവീഭവജ്രാങ്കുശ എന്നും പേരു വന്നു. സർവ്വഗുണവും തികഞ്ഞ ഈ നന്നിനാരായണൻ സരസ്വതിയുടെ കർണ്ണഭൂഷണവും അഷ്ടാദശാവ ധാരണചക്രവർത്തിയുമാണ്. അദ്ദേഹത്തിന് ഉദകപൂർവ്വം കരമൊഴിവായി നിങ്ങളുടെ വിഷ യത്തിലെ നന്ദമാപുണ്ടിഗ്രാമം അഗ്രഹാരമായി കൊടുത്തിരിക്കുന്നു. അതിർത്തികൾ:- കിഴക്ക് കിഴക്ക് ഈ ഗ്രാമത്തിന്റേയും ബില്ലേമപെദ്ദപൂ ണ്ടിഗ്രാമത്തിന്റേയും അതിർത്തിയിലുള്ള കൊ ണ്ടിയഗുണ്ട തടാകം. വടക്കുകിഴക്ക് ബില്ലേമ പുണ്ടിയുടേയും നേരപുലഗ്രാമത്തിന്റേയും പാടങ്ങളുടെ അതിർത്തികൾ കൂട്ടിമുട്ടുന്ന സ്ഥ ലം. തെക്കുപടിഞ്ഞാറ് ഈ ഗ്രാമം, നേരപുല,

മന്ദാരമുന ഇവയുടെ വയലുകൾ കൂട്ടിമുട്ടുന്ന സ്ഥലം. പടിഞ്ഞാറ് ഈ ഗ്രാമം, മന്ദാരമുന , മടക്കുറിത്തി ഇവയുടെ വയലുകൾ സംഗമി ക്കുന്ന സ്ഥലം. വടക്കുപടഞ്ഞാറ് ,ഈ ഗ്രാമവും മടക്കുറിത്തിയും ബില്ലേമപെദ്ദപൂണ്ടിയും ചേരുന്ന സ്ഥലത്തുള്ള ഇടയന്മാരുടെ രേവ വൃക്ഷം. വടക്ക് നദീതീരം ഈ ഗ്രാമത്തിന്റേയും ബില്ലേമപൂണ്ടിയുടേയും അതിർത്തികൾ ചേരുന്ന സ്ഥലത്ത്.വടക്കുകിഴക്ക് ഈ ഗ്രാമം, ബില്ലേമപെദ്ദപൂണ്ടി ഇവയുടെ അതിർത്തി ചേരുന്നിടത്തുള്ള പുളിമരവും പനമരവും ആൽമരവും.

ഈ ദാനത്തിന്റെ ആജ്ഞാപ്തി കടകാധിരാജ നാണ്. നന്നുയഭട്ടൻ രചിച്ച് ഗന്ധാചാര്യൻ എഴുതി. നമ്മുടെ 32ആം വർഷം ദാനം.

രണ്ടേരുലുനദീവിഷയം 2 നദികൾക്കിടയിലാണ്. (സിന്ധുയുഗ്മാന്തരദേശം). പൃഥ്വീശ്വരന്റെ പിത്താപുരം ലികിതത്തിലും ഇതുണ്ട്.

വടക്കേ ഇന്ത്യയിലെ 3 ലിഖിതം

കാനൂജിലെ ഭോജദേവന്റെ സ്തംഭലിഖിതം. വിക്രമസംവത് ദിയോഗാർഹ് 910

ജൈനക്ഷേത്രത്തിന്റെ മുന്നിലെ 4 തൂണുകളി ലൊന്നിൽ. 10 വരി വടക്കൻലിപി ാ തഗദ്യം .പരമഭട്ടാരക മഹാരാജാധിരാജാ പരമേശ്വരഭോജദേവ, തന്റെ മഹാസാമന്തനും പഞ്ചശബ്ദങ്ങളും നേടിയവനുമായ വിഷ്ണു രാമൻ ലവാച്ഛാഗൃഹം പിടിച്ചടക്കിയപ്പോൾ, ലാച്ഛാഗൃഹത്തിലെ ജൈനശാന്തിനാഥക്ഷേത്ര ത്തിൽ ലിഖിതം കൊത്തിച്ചു. ആചാര്യകമ ലദേവശിഷ്യനായ ദേവനാണ് കൊത്തിയത്. അശ്വായുജത്തിലെ ശുക്ലപക്ഷചതുർദ്ദശി വ്യാ ഴാഴ്ച, ഉത്തരഭദ്രപാദവക്ഷത്രം. ഗോഷ്ഠിക വാജ്വാഗഗകനാണ് നിർമ്മിച്ചത്. ശകം 784

(എഡി 862 സപ്തംബർ 10)

പ്രതാപന്റെ റോഹ്തക്ക് പാറലിഖിതം വിക്രമസംവത് 1279

ബംഗാളിലെ ഷാഹദബാദ് ജില്ല, രോഹ്തക്ഗാ ർഹ് മലക്കോട്ട, ലാൽ ദർവാസക്കടുത്ത് പാറ മേൽ. 4 വരി നാഗരിലിപി സംസ്കൃതഭാഷ. വിക്രമശകം 1279 ചൈത്രം കാമദേവന്റെ വിജയയാത്രാരംഭം ഞായറാഴ്ച ശുക്ലപ്രഥമ, പ്രതാപൻ യവനരെ തോൽപ്പിച്ച് ഭൂമിയെ ധവളായമാനമാക്കുമ്പോൾ മാധവൻ പാറമേൽ കുളം നിർമ്മിച്ചു. (എഡി 1223 മാർച്ച് 5). മഹാനായകപ്രതാപധവളനെന്ന ജാപിലീയനാ യകന്റേയോ പിൻഗാമി പ്രതാപന്റേയോ കാല മാണ് ഇത്. ഇദ്ദേഹം ഫുൽവാരിയ റോഡ്

നിർമ്മിച്ചിട്ടുണ്ട്. ഫുൽവാരിയ ലിഖിതത്തിൽ ഇവർ ഖായരവാലവംശമാണെന്ന് പറയുന്നു.

രൂപാദേവിയുടെ ജോഡ്പൂർ ലിഖിതം വിക്രമസംവത് 1340.

മാർവാറിലെ ജോധ്പൂർ ദർബാർ ഹാളിൽ. 19 വരി നാഗരി, സംസ്കൃതം. കൃഷ്ണസ്തുതിയോടെ ആരംഭിക്കുന്നു. ബുധപ ത്രഗ്രാമത്തിൽ രൂപാദേവി ജലാശയം നിർമ്മിച്ചു. സമരസിംഹനു ശേഷം ഭരിച്ച ഉദയസിംഹന്റെ മകനാണ് ചാഹുമാനനെന്ന ചാവ. അദ്ദേഹത്തി ന് ലക്ഷ്മീദേവിയിൽ ജനിച്ച കുട്ടിയാണ് രൂപാ ദേവി. അവൾ തേജിംഹനെ വിവാഹം കഴിച്ച്, ക്ഷേത്രസിംഹൻ പിറന്നു. ജ്യേഷ്ഠകൃഷ്ണസപ്ത മി തിങ്കളാഴ്ച സാമന്തസിംഹദേവകാലത്ത് രൂപാദേവി ജലാശയം പണിതു. (എഡി 1284 മേയ് 8)

വണപതിയുടെ ദർഘാസി ലിഖിതം. ശകം 997

ഗഞ്ചം ജില്ലയിൽ കലിംഗപട്ടണത്തിനു 4 മൈൽ വടക്കാണ് ദർഘാസി ഗ്രാമം. ഗ്രാമത്തിന്റെ ഒരറ്റ ത്ത് നാട്ടുകാർ ദുർഗ്ഗമെട്ട എന്നു വിളിക്കുന്ന കുന്നുണ്ട്. അവിടെ പഴയ ഒരു ക്ഷേത്രാവശിഷ്ട ങ്ങൾ

ചിതറി കിടക്കുന്നു. ദുർഗ്ഗ, നന്ദി, ശിവലിം ഗം ഇവ കാണാം. ദുർഗ്ഗയെ ചെറിയ ഗുഹയിൽ പൂജിക്കുന്നു. കുന്നിനടുത്ത് വലിയ സ്ലാബിലാണ് ലിഖിതം. 23 വരി ആദ്യത്തെ 16 സംസ്കൃതം ബാക്കി തെലുഗു പദ്യം. ലിപി തെലുഗു. ഗംഗ രാജാവ് രാജരാജന്റെ വനപതി എന്ന ബാണ പതി നാട്യശാലക്കായി ഒരു മണ്ഡപം കെട്ടി. ആത്രേയഗോത്നും ഗോകർണ്ണപുത്രനുമാണ് ബാണപതി. ദീർഘരാശിനഗരത്തിലെ ദുർഗ്ഗാ ക്ഷേത്രത്തിനു മുന്നിലാണ് മണ്ഡപം. ശകം 997ൽ മണ്ഡപം കെട്ടി, നിത്യനന്ദാവിളക്കിനും ദാനം ചെയ്തു. ഭാര്യ പത്മാവതി മറ്റൊരു നിത്യനന്ദാ വിളക്കിനും ദാനം ചെയ്തു. വനപതി പാരമ്പ ര്യമായി ഗംഗാരാജാക്കന്മാരുടെ പ്രതിഹാരനും രാജരാജന്റെ സേനാപതിയുമാണ്. ചോള, ഉത്ക്ക ല, വെങ്കി, കിമിഡി ,കോസല, ഗിദ്രിസിംഗി, ഒഡ്ഡയുദ്ധങ്ങൾ ജയിച്ചിട്ടുണ്ട്. ദദ്ദാർണ്ണവനെ വധിച്ചിട്ടുണ്ട്. ചലമർത്തിഗന്ധ, ഭണ്ഡനവിജയ, ഗണ്ഡഗോപാല ഇവയാണ് അദ്ദേഹത്തിന്റെ ബിരുദങ്ങൾ. (എഡി 1075).ഗംഗാരാജാവ് രാജ രാജന്റെ അഛൻ വജ്രഹസ്തൻ എഡി 1038ൽ കിരീടം ധരിച്ച് 30 വർഷം ഭരിച്ചു. രാജരാജൻ 8 വർഷം

ഭരിച്ചു. മകൻ അനന്തവർമ്മൻ എഡി 1078ലാണ് കിരീടം ധരിച്ചത്. അതിനാൽ 1068-1076 വരെയാണ് രാജരാജന്റെ ഭരണം. (മകൻ കിരീടെ ധരിക്കുന്നതിന് 2 വർഷം മുമ്പുവരെ). ഈ ലിഖിതത്തിലെ പ്രധാനചരിത്രപരാമർശം ദ്രമിളരെ (ചോള) ജയിച്ചതും വെങ്കി വിജയാദി തൃനെ ചോഡരിൽനിന്ന് സംരക്ഷിച്ചതുമാണ്. രാജരാജന്റെ സേനാപതിയായി വനപതി ജയിച്ച കിമിഡി ഇപ്പോൾ ഗഞ്ചം ജില്ലയിലെ സമീന്ദാരി യാണ്.

കടയവേമന്റെ തൊട്ടരമുടി പ്ലേറ്റുക ൾ ശകം 1333

ഗോദാവരി ജില്ല. അമലാപുരം താലൂക്ക്. 3 താമ്രപത്രം. സീലിൽ ചെറിയ പീഠത്തിലിരി ക്കുന്ന നന്ദി. പിന്നിലും മുന്നിലും സൂര്യനും ചന്ദ്രക്കലയും. പഴയ തെലുഗുലിപി. സംസ്കൃത പദ്യവും തെലുഗുഗദ്യവും (അവസാനവരി). വരാഹരൂപമായ വിഷ്ണു, ഗണപതി, ശിവ ശിരസ്സിലെ ചന്ദ്രനെന്നിവരെ സ്തുതിച്ച് ലിഖിതാ രംഭം. (അന്നവേമന്റെ ബാണപ്പള്ളി പ്ലേറ്റു പോ ലെ.). പിന്നെ ആദിദേവനായ വിഷ്ണുവിനേ യും നാഭിയിലുണ്ടായ ബ്രഹ്മാവിനേയും പറ

യുന്നു. വിഷ്ണുവിന്റെ പാദങ്ങളിലുണ്ടായ ശൂദ്രരെന്ന നാലാം വർണ്ണത്തിലെ പന്തകുലത്തി ലെ ജഗനോബ്ബഗന്ധനെന്ന വേമരാജാവ് ശ്രീശൈ ലതാഴ്വരയിലെ പാതാളഗംഗയിലേക്ക് പടികൾ കെട്ടി. അദ്ദേഹത്തിന്റെ മകൻ അനവോത. അദ്ദേ ഹത്തിന്റെ ഇളയ അനുജൻ അനവേമ. (അന്നവേ മ). വസന്തരായനെന്നും ക്ഷുരികാസഹായനെ ന്നും അദ്ദേഹത്തിന് പേരുകളുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രധാനആയുധം ഛുരികയായി രുന്നു. വാർഷികവസന്തോത്സവം അദ്ദേഹം നട ത്തിച്ചിരുന്നു. അന്നവോതയുടെ മകൻ കുമാരഗി രിയാണ് തന്റെ പരമ്പരാഗതതലസ്ഥാനമായ കൊണ്ടവീട് ഭരിച്ചിരുന്നത്. കുമാരഗിരിയുടെ മന്ത്രി കാടയവീമൻ.ബൃഹസ്പതി, ശുക്രനെന്നി വരേക്കാളും ബുദ്ധിമാനും പരശുരാമ, അർജ്ജു നന്മാരെക്കാൾ വീരനും ആയിരുന്നു. കൃഷ്ണൻ യുധിഷ്ഠിരനെ രാജ്യം നേടാനും ഭരിക്കാനും സഹായിച്ചിരുന്നപോലെയാണ് അദ്ദേഹം കുമാരഗിരിയെ സഹായിച്ചിരുന്നത്. ഇതിനു പകരമായി കുമാരഗിരി അദ്ദേഹത്തിന് രാജമഹേന്ദ്രപുരി (രാജമുന്ത്രി) തലസ്ഥാനമായ കിഴക്കൻ രാജ്യം കൊടുത്തു. വംശാവലിയിൽ

ആദ്യം കാട 1, മകൻ മാര, കാട 2, കാടയവേമ എന്നാണ്. അന്നവോതയുടെ ജാമാതാവും, വേമ ന്റെ ദൌഹിത്രനും (മകളുടെ ഭർത്താവ്) ആണെ ന്നും അമ്മയുടെ പേർ ദൊദ്ദാംബിക എന്നാണെ ന്നും പറയുന്നു. ഭാര്യ മല്ലാംബിക ഗോദാവരീതീ രത്തെ രാജമാഹേന്ദ്രപുരിയിലെ മാർക്കണ്ഡേയ ശിവക്ഷേത്രം സ്വർണ്ണം പൊതിഞ്ഞു, രത്നം പതി ച്ചു. ഖരവർഷം കാർത്തികപൌർണ്ണമി ശകം 1333ൽ (എഡി 141412-13) കാടയവേമൻ മല്ലാവ രം ഗ്രാമം (ഭാര്യാനാമത്തിലുള്ളത്) ദാാരനനംചെ യ്തു. വൃദ്ധഗൌതമീതീരത്ത് , കോനദേശത്തെ മുക്തീശ്വരക്ഷേത്രത്തിനടുത്താണിത്. അഹോബ ലപുത്രനും, അപ്പയാര്യപൌത്രനും, കാശ്യപഗോ ത്രക്കാരനും , കണ്വശാഖക്കാരനുമായ നരസിം ഹനാണ് ദാനം കൊടുത്തത്. അദ്ദേഹം അത് ബന്ധുക്കൾക്ക് വിഭജിച്ച് കൊടുത്തു. പിന്നെ തെലുഗുഗദ്യത്തിൽ മല്ലാവരത്തിന്റെ അതിർത്തി കളാണ് പറയുന്നത്. വടക്കുകിഴക്ക് തോട്ടടിമു ണ്ടി.തെക്കുകിഴക്ക് മല്ലായമ്മൻഗാരി കൊമാരഗി രിപുരം. . പടിഞ്ഞാറ് വൃദ്ധഗൌതമി. 7 സം സ്കൃതശ്ലോകത്തിനു

ശേഷം കണ്വഗോത്രത്തിലെ ശ്രീവല്ലഭാര്യന്റെയും ലക്ഷ്മിയുടേയും മകൻ വല്ലഭനാണ് ശാസനം എഴുതിയതെന്നുണ്ട്. ഒപ്പ് വേമു എന്നാണ്.

കോനമണ്ഡലം കോനേരി, കോനസീമ മുതലായ പേരുകൾ പല ലിഖിതങ്ങളിലുമുണ്ട്. പല ശാഖ കളുള്ള ഗോദാവരീസമതലത്തിലെ വളക്കൂറുള്ള ഭാഗമാണിത്. ഗോദാവരിയുടെ വലത്തേ കരയി ൽ കോനസീമയിലാണ് മുക്തീശ്വരം ക്ഷേത്രം. മറു ഭാഗത്ത് കോടിപ്പള്ളി. ഗൌതമീമാഹാത്മ്യത്തിൽ ഇതിനെ പഴയ ക്ഷേത്രമായി പറയുന്നുണ്ട്. വൃദ്ധഗൌതമി ഗോദാവരിയുടെ 7 ശാഖകളിൽ ഒന്നാണ്. മല്ലാവരം ഇപ്പോൾ തൊട്ടാരമുടിയുടെ ഭാഗമാണ്. പണ്ട്, വേറെ ഗ്രാമമായിരുന്ന കാല ത്ത് കശ്യപഗോത്രത്തിലെ കപ്പഗണ്ഡുലവംശ ത്തിന്റെ മിറാസിയായിരുന്നു.

കൊണ്ടവീടു മുഖ്യന്മാരുടെ കുമാരഗിരി വരെ യുള്ള വംശവൃക്ഷം തരുന്നു എന്നതാണ് ഈ ലിഖിതത്തിന്റെ ചരിത്രപരമായ പ്രാധാന്യം. പ്രോലയുടെ മകൻ വേമൻ. വേമനിൽനിന്ന് റെഡ്ഡിവംശത്തിന്റെ ഉത്ഭവവും നമുക്ക് കാണാനാവും. വേമന്റെ മകൻ

അനവോതന്റെ മകനാണ് കുമാരഗിരി.കാളിദാസന്റെ ശാകുന്ത ളത്തിന് കാടവവേമന്റെ വ്യാഖ്യാനമായ കുമാ രഗിരിരാജ്യത്തിൽ ഈ ലിഖിതത്തിലെ പേരുക ളാണ് ഉള്ളത്, (അനവേമ ഒഴികെ). അനവേമന്റെ ബാണപ്പള്ളി, നടുപൂരു ,ശാസനങ്ങളിൽ,പ്രോല മുതലാണ് വംശാരംഭം.

കൊണ്ടവീടു റെഡ്ഡി വംശാവലി

1. **പ്രോല**
2. **വേമ(കൊണ്ടവീട്)**
3. **അനവോതയും അനവേമയും ദൊദ്ദാംബിക യും (കാട 2 ഭർത്താവ്), വേമാസനിയും (നല്ല ണ്ണക ഭർത്താവ്) കാട 1, മാര, കാട 2 അഥവാ കാടയ 2 എന്ന് കാടയ 2 വിന്റെ വംശം.**
4. **അനവോതക്ക് കുമാരഗിരിയും മല്ലാംബിക യും (കാടയവേമ ഭർത്താവ്) ദൊദ്ദാംബിക യുടേയും കാടയ 2 ന്റേയും മകനാണ് കാടയവേമ.**

കാടയവേമന്റെ 3 ലിഖിതം (ശകം 1313, 1336, 1338)

ഒന്ന് പിത്താപുരം കുന്തിമാധവക്ഷേത്രത്തി ലുള്ളത്. മറ്റ് 2

ദ്രാക്ഷാരാമത്തിലെ ഭീമേശ്വരക്ഷേ ത്രത്തിലെ 2 തൂണുകളിലുള്ളത്. എല്ലാം തെലുഗു ലിപി. സംസ്കൃതശ്ലോകം ഗീതിവൃത്തത്തിലുണ്ട്. തെലുഗു ഗദ്യമാണ്. സംസ്കൃതശ്ലോകം രാജമു ന്ത്രിയിലെ കാടയവേമന്റെ വംശാവലിയാണ്. തെലുഗുഭാഗത്ത് കാടയവേമനെ കാടയറെഡ്ഡി വേമറെഡ്ഡി എന്നാണ് പറയുന്നത്. ദൊദ്ദാംബയെ ദൊദ്ദശാസനിയമ്മ എന്നും. കുമാരഗിരിയെ കൊമാരഗിരിറെഡ്ഡി എന്നും കാണുന്നു. കുന്തിമാധവക്ഷേത്രത്തിലെ മതിലും മണ്ഡപ വും, കാടയവേമനാണ് പണിതത്. ഭീമേശ്വര, ദ്രാ ക്ഷാരാമക്ഷേത്രമതിൽ അദ്ദേഹത്തിന്റെ ഭാര്യയാ ണ് പണിതത്. ഡിസംബർ 28 എഡി 1391, 28 ഒക്ടോബർ എഡി 1414, മാർച്ച് 9 എഡി 1416 എന്നാണ് മൂന്നു ലിഖിതത്തിലെ തീയ്യതി .

കാരിക്കലിലെ മധുരാന്തകലിഖിതം

പരാന്തക 1, രാജരാജ 1 ഇവരുടെ ഇടയിൽ 6 ചോളരാജാക്കന്മാരാണ് ഭരിച്ചത്. ആദിത്യ 2 വിന്റെ 2 ലിഖിതം കിട്ടിയിട്ടുണ്ട്. പരാന്തകന്റെ ലിഖിതങ്ങളിൽ

ഗാന്ധാരാദിത്യന്റെ നാമമുണ്ട്. രാഷ്ട്രകൂട കൃഷ്ണ 3 യുടെ സാമന്തൻ ബുഡുഗൻ രാജാദിത്യനെ വധിച്ച രേഖകളുണ്ട്. എഡി 949-950ന് മുമ്പാണ് അതുണ്ടായത്. തക്കോലം യുദ്ധ ത്തിലാണ് രാജാദിത്യനെ ബുഡുകൻ വധിച്ചത്.

കാരൈക്കൽ പറയിപെറ്റ പന്തിരുകുലത്തിലെ കാരക്കലമ്മ എന്ന കവളപ്പാറകോവിലകത്തെ സ്ത്രീപ്രജയുമായി ബന്ധപ്പെട്ടാണ് കേരളത്തിൽ പ്രസിദ്ധം. ചോളലിംഗപുരം(ഷോലിംഗൂർ) ബാണാവരം ഇവക്കിടയിലായി കിടക്കുന്ന കാരൈക്കലിൽ പൊന്നിയമ്മന്റെ ക്ഷേത്രം കാണാം. പൊന്നാനിപ്പുഴയോരത്തുനിന്ന് വന്ന കാരക്കലമ്മയേയും പൊന്നിയിൻ ശെൽവനായ രാജരാജചോളനേയും പറയുന്ന ഈ ക്ഷേത്ര ത്തിലെ ഉത്തരത്തിലെ സ്ലാബിൽ മതിരൈക്കൊ ണ്ട രാജകേസരിവർമ്മന്റെ ലിഖിതമുണ്ട്. മതി രൈക്കൊണ്ട എന്നത് പരാന്തക 1ന്റെ പേരാണ്. അതിന്റെ സംസ്കൃതീകരിച്ച മധുരൈക്കൊണ്ട, മധുരാന്തക എന്നത് രാജേന്ദ്ര 1 ന്റേയും (ലൈഡൻ ഗ്രാന്റ്). എന്നാൽ ഇവരിരുവരും കോ പരകേസ രിവർമ്മനെന്ന് വിളിക്കപ്പെടുന്നവരാണ്,

രാജ കേസരിവർമ്മനല്ല. ലൈഡൻ ഗ്രാന്റിൽ പറയുന്ന ഗാന്ധാരാദിത്യപുത്രനായ മധുരാന്തകനാണ് ഈ ലിഖിതത്തിലെ രാജകേസരിവർമ്മൻ. ആദിത്യ 2, രാജരാജ 1 ഇവരുടെ ഇടയിലാണ് ഇദ്ദേഹത്തി ന്റെ ഭരണകാലം. ലിപി രാഷ്ട്രകൂട കൃഷ്ണ മൂന്നാമന്റെ തമിഴ് ലിഖിതത്തിനോട് സദൃശമാണ്. സ്വസ്തിശ്രീ എന്നതൊഴികെ മറ്റെല്ലാം തമിഴാണ്. ഭാഷ പ്രാകൃതമിഴാണ്. വെണ്ണായിനങ്കൈ എന്ന സ്ത്രീ പണിത പിടാരികോവിലിനെ (പൊന്നിയ മ്മൻ) പറയുന്നു. .

സുവസ്തിശ്രീ മതിരൈക്കൊണ്ട കോ ഇരാസിയകേസരിപന്മരുക്ക് യാണ്ടു അഞ്ചാവതു പുലിവലനാട്ടു മരിയാദി വീരവളഞ്ചിയൻ മിനാട്ടികിളാർ കുറ്റത്തു ഏരുപാടി അച്ചൻ വെണ്ണായി നങ്കൈയേൻ ചെയ്വിച്ച പിടാരി കോയിൽ

കിളാർകുറ്റത്തിലെ എരുപ്പാട്ടി അഥവാ എരുമപ്പെട്ടി (മഹിഷപുരം) അച്ചന്റെ മകളും, പുലിവലനാട്ടിലെ മരിയാദി വീരവളഞ്ചിയന്റെ ഭാര്യയുമാണ് വെണ്ണായി നങ്ക. (വന്നേരിനങ്ങി യാരാവാം), കന്തിരവ അഥവാ കന്ത ഇരവി വംശം കേരളത്തിലാണല്ലോ.

ഗാന്ധാരാദിത്യനെ പടിഞ്ഞാറൻ (മേർക്ക) ഭരി ക്കാനാണ് ഏൽപ്പിച്ചിരുന്നത്. (കേരളം) ഇവി ടുത്തെ മൂഷകവംശം (പഴയ കൊച്ചിപെരുമ്പ ടപ്പിന്റെ) മന്ത്രിയും ബ്രഹ്മക്ഷത്രരുമായ അച്ചന്മാാ രിലൊരാളുടെ മകളാണ് വെണ്ണായി നങ്ക. പുലി വലനാട് പഴയ പോലനാട് (വടക്കൻ ഭാഗം) ആണ്. വഞ്ചിക്ക് വന്നി എന്നും വണ്ണി എന്നും തമിഴിൽ എഴുതിയിരുന്നു. വന്നിയത്തേവൻ എന്ന വഞ്ചിനാട്ടിലെ ബാണവംശക്കാരൻ കേര ളീയനാണ്. അതുപോലെ ഗാന്ധാരാദിത്യപു ത്രനായ മധുരാന്തകന്റെ (മൂഷകവംശം) മന്ത്രി യായ എരുമപ്പെട്ടി അച്ചന്റെ മകളായ നങ്ക യും വണ്ണി അഥവാ വഞ്ചി,വന്നിയവംശമാ ണ്. അവളുടെ ഭർത്താവ് വീരവളഞ്ചിയരും വൈശ്യവൃത്തി കൈക്കൊണ്ടവനാണ്. പറയി പെറ്റ പന്തിരുകുലത്തിലെ കവളപ്പാറ സ്വരൂ പത്തിലെ തമ്പുരാട്ടിയായ കാരക്കലമ്മയെ പൊന്നിയമ്മനെന്ന പിടാരിയായി പ്രതിഷ്ഠി ച്ചിരിക്കുന്നു. പിടാരി രുരുജിത്ത് വിധാന മുള്ള കുലദേവതാക്ഷേത്രമാണെന്ന് ഓർമ്മി പ്പിക്കുന്നു. കേരളവും ചേരവംശവും, തമി ഴ്നാടും ചോളവംശവും തമ്മിലുള്ള ബന്ധം നേരത്തേ പറയുകയുണ്ടായി. അതിലേക്ക് ഈ വിഷയം കൂടി ഉൾപ്പെടുത്താമെന്നതാണ് ഈ ലിഖിതത്തിന്റെ പ്രാധാന്യം. .

പ്രഭൂതവർഷന്റെ കദബ പ്ലേറ്റ് ശകം 735

മൈസൂരിലെ തുങ്കൂർജില്ലയിലെ കദബയിൽനി ന്ന് ലഭിച്ചു. 5 പ്ലേറ്റ്. വൃത്തസീലിൽ താമര മേൽ മുന്നോട്ട് അഭിമുഖമായി ഇരിക്കുന്ന ഗരുഡൻ. .മറ്റ് രാഷ്ട്രകൂടലിഖിതങ്ങളിലും ഇതു കാണുന്നുണ്ട്.തെക്കൻലിപി. സംസ്കൃതം അതിർത്തികൾ കന്നഡഭാഷയിലാണ് എഴുതി യിരിക്കുന്നത്.. സംസ്കൃതം ഗദ്യവും പദ്യ വും ഉണ്ട്. ചമ്പുപ്രബന്ധശൈലിയിലാണെന്ന പ്രത്യേകതയുണ്ട്. വിജയശിബിരമായ മയൂര ഖണ്ഡിയിലിരിക്കുന്ന പ്രഭൂതവർഷ ഗോവിന്ദ 3, ചുക്കിരാജന്റെ അഭ്യർത്ഥന മാനിച്ച്, ശകം 735ൽ ജലമംഗലഗ്രാമം ശിലാഗ്രാമത്തിലെ ജിനേന്ദ്രക്ഷേത്രത്തിലെ ജൈനമുനി അർക്ക കീർത്തിക്ക് ദാനം ചെയ്തു. കുന്നുങ്ങൽ ജില്ലയിലെ ഭരണാധികാരിയായ വിമലാദിത്യ നെന്ന ശനിദോഷം തീർത്തതിനാണ് ദാനം. **എഡി 812 മേയ് 24 ആണ് ദിനം. ഗോവിന്ദ മൂന്നിന്റെ പിൻഗാമി ശർവ്വ അമോഘവർഷ 1 കിരീടം ധരിച്ചത് എഡി 814-815ലാണ്.(7-8 നൂറ്റാ ണ്ടുകളിലെ സംസ്കൃതഭാഷയാണെന്ന് കാണു ന്നു.)രാഷ്ട്രകൂടരും വെശ്വലി ഗോവിന്ദ, കർക്ക , ഇന്ദ്ര, വൈരമേഘ, അകാലവർഷ,**

പ്രഭൂതവ ർഷ എന്നാണ് തരുന്നത്. പ്രഭൂതവർഷന്റെ അനു ജൻ ശ്രീധാരാവർഷ പൃഥ്വീവല്ലഭ രാജാധിരാജ പരമേശ്വരനെന്ന ശ്രീവല്ലഭേന്ദ്രനാണ്. വൈരമേ ഘൻ ദന്തിദുർഗ്ഗ അഥവാ ദന്തിവർമ്മൻ 2 ആണ്. (ഖഡ്ഗാവലോക). അകാലവർഷൻ സ്വന്തം നാമ ത്തിൽ കണ്ണേശ്വരം എന്ന ക്ഷേത്രം പണിതതായി പറയുന്നു (കൃഷ്ണ). ഏലാപുരത്താണ് ഈ ക്ഷേത്രം പണിതത്.

മയൂർഖണ്ഡ് നാസിക്കിനടുത്ത് മോർഖണ്ഡ് ആണ്. ഗോവിന്ദ 3ന്റെ വേറെയും 2 ലിഖിതം ഇവിടെനിന്ന് കിട്ടിയിട്ടുണ്ട്. വരി 675-775 വിമ ലാദിത്യന്റെ വംശവൃക്ഷമാണ്. നരേന്ദ്ര ബാല വർമ്മന്റെ പൌത്രനും രാജാ യശോവർമ്മന്റെ പുത്രനുമാണ് വിമലാദിത്യൻ. ചാലൂക്യവംശമാ ണ്. അശേഷഗംഗാമണ്ഡലാധിരാജനായ ചാക്കി രാജന്റെ സഹോദരീപുത്രനാണ് വിമലാദിത്യൻ. അദ്ദേഹം രാഷ്ട്രകൂടരുടെ സാമന്തനായതുകൊ ണ്ടാണ് ഗോവിന്ദ 3നോട് അഭ്യർത്ഥിക്കുന്നത്. 8ആം നൂറ്റാണ്ടിന്റെ അവസാനവും 9ആം നൂറ്റാണ്ടിന്റെ ആദ്യവും ഗംഗാരാഷ്ട്രകൂടവംശ ങ്ങളുടെ ബന്ധം

ഇപ്രകാരമാണ്.സഹോദരനായ ധ്രുവ 2 നെതിരെ ഗോവിന്ദ 2 സഹായം ചോദി ച്ചവരിൽ ഗംഗാരാജാവും പെടുന്നു. ധ്രുവ 2 ഗംഗനെ തടവിലിട്ടു. (എഡി 783- 784ന് ഇടയി ൽ). എഡി 784ൽ ധ്രുവന്റെ മകൻ ഗോവിന്ദ 3 ആണ് ഭരിക്കുന്നത്. ഗോവിന്ദ 3 അദ്ദേഹത്തെ വിട്ടയച്ചു. എന്നാൽ നാട്ടിൽ മടങ്ങിയെത്തിയ ഉടനെ ഗംഗൻ ഗോവിന്ദ 3നെതിരെ വിപ്ലവം തുടങ്ങി. ഗോവിന്ദ 3 വീണ്ടും അദ്ദേഹത്തെ തടവിലിടാൻ നിർബ്ബന്ധിതനായി. ഇത് എഡി 807നു മുമ്പാണ്. എഡി 812ൽ രാഷ്ട്രകൂടരാജാവ് അവിടെ ഭരിക്കാൻ വൈവ്രോയിയെ നിയമിച്ചു. (ചാക്കിരാജ)

കൂളിആചാര്യശിഷ്യൻ വിജയകീർത്തിയുടെ ശിഷ്യനാണ് അർക്കകീർത്തി. യാപനീയരുടെ പുന്നാഗവൃക്ഷമൂലഗണത്തിലെ നന്ദിസംഘത്തി ലെ ശ്രീകീർത്ത്യാചാര്യന്വയനാണ് അർക്കകീ ർത്തി.വ്രതസമിതിഗുപ്തിഗുപ്തമുനിവൃന്ദ വന്ദിതചരണനാണ്.
ഭദ്രബാഹുചരിതത്തിൽ രാജാ ഭൂപാല (കാരഹതത്തിലെ) ഭാര്യ നൃകു ലദേവയുടെ അഭ്യർത്ഥനയാൽ വലഭിയിലെ ശ്വേതാംബരമുനിമാരെ

ക്ഷണിച്ചു എന്ന് കാണാം. അവർ വസ്ത്രം ധരിക്കാതെ ദിഗംബരരായി വന്നതിനാൽ രാജ്ഞി ദർശി ക്കാൻ കൂട്ടാക്കിയില്ല. വെള്ളവസ്ത്രം ധരിച്ച ശേഷമാണ് കണ്ടത്. ദിഗംബരർ ശേ്വതാംബര രായ കഥ ഇപ്രകാരമാമ് പറയുന്നത്. കേരള ത്തിലെ മലയവതി എന്ന രാജ്ഞിയാണ് നൃകുലദേവ. വലഭിയിലെ യാപനീയരെന്ന നന്ദിസംഘം കേരളത്തിലെ വല്ലഭന്റെ ബ്രാഹ്മണ സംഘമായ നന്ദിസംഘമാണ്. (മൂഷകവംശം). 5ആം നൂറ്റാണ്ടുമുതൽ യാപനീയർ ഡെക്കാന്റെ പടിഞ്ഞാറൻ തീരത്ത് ഉണ്ട്. പുരാതനകദംബ രേഖകളിലും ഇവരുടെ പേരുണ്ട്. വന്ദേരിയിലെ പുന്നമരത്തിന്റെ നാമമുള്ള (പുന്നയൂർക്കുളം, പുന്നയൂർ, പുന്ന, പുന്നത്തൂർ മുതലായ)മൂല സംഘത്തിലെ തപസ്വികളാണ് ഇവർ. നഗ്നവേ ഷം വിട്ട് വെള്ള വസ്ത്രം ധരിച്ചവരാണ്.. രവി വർമ്മന്റെ അച്ഛൻ മൃഗേശൻ യാപനീയ ർക്കും നിർഗ്രന്ഥർക്കും കൂർച്ചകർക്കും ഭൂമി ദാനം കൊടുത്തിട്ടുണ്ട്. കൃഷ്ണവർമ്മൻ യാപനീയ സംഘത്തിനാണ് ഭൂമി കൊടുക്കുന്നത്. ഗാന്ധാരാ ദിത്യന്റെ ഹുസൂർ പ്ലേറ്റ് (കോൽഹാപുരം) യാപ

നീയനാമം പറയുന്നുണ്ട്. അവിടേയും പുന്നാഗ വൃക്ഷമൂലഗണമാണ്.

ഗുപ്തഗുപ്തിമുനിവൃന്ദഃ-വ്രതവും സദാചാര വും പരിപാലിച്ച് പവിത്രരായ മുനിസംഘ ത്തിന്റെ ചരണം വന്ദിക്കുന്നവർ. പഞ്ചവ്രതവും പഞ്ചസമിതികളും മൂന്ന് ഗുപ്തികളും പാലി ക്കുന്നവർ.മാന്യപുരത്തിന്റെ പടിഞ്ഞാറൻ തീര ത്താണ് ശിലാഗ്രാമവും ക്ഷേത്രവും. ദിയോളി പ്ലേറ്റിൽ മാന്യഖേടം ഗോവിന്ദന്റെ പിൻഗാമി അമോഘവർഷനൃപതുംഗനാണ് നിർമ്മിച്ചത്. എന്നാൽ എഡി 812നു മുമ്പുതന്നെ പുരവര എന്ന് അതിന് പേരുണ്ട്. മാന്യപുരം ദക്ഷിണ മൈസൂരിലെ ചാമരാജപുരത്തിന് അടുത്താ ണെന്നും മാനിപുരമാണ് പഴയ പേരെന്നും ചൂണ്ടിക്കാട്ടപ്പെടുന്നു. അത് മാന്യഖേടമല്ല. (വയനാട്ടിലെ മാനിപുരവും ഇവിടെ ഓർക്ക ണം). ജലമംഗലഗ്രാമം ഇഡിഗൂർ വിഷയത്തി ലാണ്. കിഴക്ക് സ്വസ്തിമംഗലം, തെക്ക് ബെല്ലി ന്ത, പടിഞ്ഞാറ് ഗുഡ്ഡന്നൂർ, വടക്ക് തരിപ്പാൽ ഗ്രാമങ്ങളാണ് അതിർത്തിഗ്രാമങ്ങൾ.

രാവമല്ലഗാമുണ്ഡ, സീര, ഗംഗാഗാമുണ്ഡ, മാരേയ, ബെൽഗേ ഒടൈയാരു, കുണുങ്കി 70യും അഞ്ഞൂറ്റുവരും സാക്ഷികളാണ്.

എഡി 975 ഹെബ്ബൽ ലിഖിതം

ധാർവാർ ജില്ലയിൽ ലക്ഷ്മണേശ്വരത്തുനിന്ന് 18 മൈൽ തെക്കുകിഴക്ക് ആണ് ഹെബ്ബൽഗ്രാമം. പഴയ പേര് പൊർബ്ബാലെന്നാണ്. പുലിഗെരേ 300ലെ 0 ഗ്രാമങ്ങളാണ് ഈ പേരിലറിയ പ്പെട്ടിരുന്നത്. ഗ്രാമത്തിനു പുറത്തെ മാരുതിക്ഷേ ത്രത്തിനു മുന്നിലെ ചുമരിനടുത്ത് ശിലാസ്ലാബി ലാണ് ലിഖിതം. ശിലയുടെ മുകളിൽ 5 കള്ളികളി ലായി ശിൽപ്പം കൊത്തിയിട്ടുണ്ട്. ഇരുവശത്തു മുള്ള പുറത്തെ കള്ളികളിൽ ക്ഷേത്രശിഖരം പോലെ ഉണ്ട്. നടുവിലെ കള്ളിയിൽ മൂന്നു തട്ടി ലായി സിംഹശിരസ്സ് കാണാം. കൂടാതെ ശിവ ലിംഗവും അതിന്നു മുമ്പിൽ മുട്ടുകുത്തിയിരി ക്കുന്ന പുരോഹിതനുമുണ്ട്. മുകളിൽ സൂര്യ ചന്ദ്രന്മാരുണ്ട്. വലത്ത് ഗണപതി, നന്ദി. ഇടത്ത് മുന്നിലേക്ക് അഭിമുഖമായി നിൽക്കുന്ന മനുഷ്യ നും പശുവും കുട്ടിയും. കർണ്ണാടകലിപി, പഴയ കർണ്ണാടകഭാഷ.

രാഷ്ട്രകൂടരാജാവ് കൃഷ്ണ 2 വിന്റെ മകൻ ബദ്ധേഗദേവ അമോഘവർഷ വഡ്ഡിഗ തന്റെ മകളും കൃഷ്ണ 3ന്റെ ജ്യേഷ്ടത്തിയുമായ രേവകയെ ഗംഗാരാജാവ് പെർമാനടി ഭൂതയ്യ (ബുഡുഗ)ന് വിവാഹം കഴിച്ചുകൊടുത്തു. സ്ത്രീധനമായി പുലിഗേരേ 300 ബെൽഗോലേ 300, കിസുക്കാട് 70, ബാഗേ 70 ഇവയും കൊടു ത്തു. 933-940 വരെ അമോഘവർഷവഡ്ഡിഗനാണ് ഭരിക്കുന്നത്. ഭൂതയ്യ(ബുഡുഗ)നും രേവകക്കും പിറന്ന മകന്റെ പേര് മരുളദേവനെന്നാണ് ഈ ലിഖിതം പറയുന്നത്. മറ്റു ചില ലിഖിതങ്ങളിൽ ഇന്ദ്ര 2 എന്നാണ്. (ബുഡുക താമ്രപത്രം 949-50 എഡി.) അദ്ദേഹത്തിനും ബിച്ചബ്ബേക്കും പിറന്ന കുട്ടി രാച്ചഗംഗൻ. രാച്ചഗംഗനുശേഷം ബൂതയ്യന് കളഭരശിയിലുണ്ടായ മാരസിംഹനാണ് ഭരിക്കു ന്നത്. മാരസിംഹന്റെ ഭരണകാലത്ത് മുത്തശ്ശി ബുജ്ജബ്ബരശി പാട്ടു---പോർബൽ ഭരിക്കുന്നു. (പുലിഗേരേയിലെ). ബുജ്ജബ്ബരശി ബുജ്ജബ്ബേ ശ്വരനാമത്തിലുള്ള ശിവക്ഷേത്രം പണിയാനാ രംഭിച്ചു. വലിയകുളവും അതിൽനിന്ന് പുറ ത്തേക്ക് തോടും ഉണ്ടാക്കി, ക്ഷേത്രത്തിന് വലിയ ദാനം ചെയ്തിരിക്കുന്നത്

മാരസിംഹനാണ്. ബുജ്ജബ്ബേരശിയുടെ പെർഗഡേ കണ്ണയ്യ (കണ്ണപ്പ യ്യ) ആണ്. ബുഡുഗന്റെ താമ്രപത്രത്തിൽ, മകളെ വിവാഹം കഴിച്ചുകൊടുത്തതും, ഭൂമി സ്ത്രീധ നമായി കൊടുത്തതും രണ്ട് കരാറിലാണ്. 1 ചോളരാജാവ് രാജാദിത്യനെ വധിക്കണം. 2. കർക്ക 2നു ശേഷം മാരസിംഹന് രാഷ്ട്രകൂടാധി പത്യം തുടരാൻ അനുവദിക്കാം. (മാരസിംഹൻ രാജാവായതിനുള്ള കാരണം ഇതാണ്). ശ്രാവണബലഗോളലിഖിതം (മാരസിംഹന്റ്റെ) ബുഡുഗൻ രാജാദിത്യനെ വധിച്ചപ്പോൾ അത് തന്റെ ചേരവംശത്തിന്റെ വിജയമാണെന്ന് ആ ഘോഷിക്കുന്നു. ഗംഗ(കൊങ്ങുചേര) കളഭ്ര (മാരസിംഹന്റെ അമ്മ കളഭ്രരുടെ രാജകുമാരി) രാഷ്ട്രകൂടരുടെ സംഘടിതമായ നീക്കമാണ് രാജാ ദിത്യനെ തക്കോലം യുദ്ധത്തിൽ വധിച്ചത്. കേര ളത്തിലെ രാജശേഖരനെന്ന വല്ലഭരാജാവിന്റെ മകനായ വെള്ളൻകുമരൻ (നന്ദിഗ്രാമത്തിലെ) തന്റെ സഹോദരീപുത്രനെ രക്ഷിക്കാനാവാത്ത ദുഃഖത്തിൽ സന്യസിച്ചു, ചതുരാരനപണ്ഡിതനെ ന്ന നാമത്തിൽ

തിരുവൊറ്റിയൂരിൽ നിരഞ്ജന ഗുരുവിന്റെ ശിഷ്യനായി.

ശകം 896 കഴിഞ്ഞ് ഭാവസംവത്സരം ഫാൽഗുന ശുക്ലപഞ്ചമി വ്യാഴം (എഡി 975 ഫെബ്രുവരി 18) ആണ് ലിഖിതത്തിന്റെ ദിനം. മേളാഗാനി ലിഖി തത്തിലെ പരാമർശവുമായി ഈ തിയ്യതി ചേരു ന്നില്ല എന്ന് ചൂണ്ടിക്കാട്ടപ്പെട്ടിട്ടുണ്ട്. അതിൽ പറയുന്നത് പല്ലവരാജാ പല്ലവാദിത്യ നോലംബാധിരാജാ പെട്ടെന്ന് അതേ സംവത്സരത്തിലെ ആഷാഢത്തിൽ മാരസിംഹന്റെ മരണവാർത്ത കേട്ടു എന്നാണ്. അതായത് എഡി 974 ൽ ജൂൺജൂലായിൽ ഈ ലിഖിതത്തിന് 7 മാസം മുമ്പ് മാരസിംഹൻ മരിച്ചു. അതിന്നുശേഷമാണ് ബുജ്ജബ്ബരശി ദാനം ചെയ്തത്, അതിനാൽ വൈരുദ്ധ്യമില്ല എന്നും കാണണം. ക്ഷേത്രം മാരസിംഹനും ബുജ്ജബ്ബരശിയും പണിതു. ഗോകർണ്ണരാശിക്കും കണ്ണയ്യനും ബുജ്ജബ്ബരശി ദാനം ചെയ്തു.

ലിഖിതത്തിലെ മൂന്നാം വരിയിൽ സത്യവാക്യ കൊങ്ങിണിവർമ്മമഹാരാജാധിരാജാ, നന്ദപുരി പ്രഭുവും കോലാലനഗരാധിപനുമായ പെർമാന ടി ഭൂതയ്യ എന്നാമ് ബുഡുഗന്റെ മുഴുവൻ പേർ. നോലംബകുലാന്തകദേവനെന്നും

(നോലംബപല്ല വ)ഗംഗാസിംഹമെന്നും ഗംഗാകന്ദർപ്പനെന്നും ഗുട്ടീയഗംഗനെന്നും അദ്ദേഹത്തിന് പേരുണ്ട്. നോലംബവാടി 32000, ഗംഗാവാടി 96000, ...വന വാസി 12000, സന്താലിഗേ 1000, ഇപ്രകാരം നദിവരെയുള്ള ഭൂമിയെല്ലാം അദ്ദേഹത്തിനു ശേഷം മാരസിംഹനു കിട്ടി . (രാഷ്ട്രകൂടാധി പത്യം).

ബുജ്ജബ്ബരശി ഭൂതയ്യന്റെ അമ്മയാണ്. മാരസിം ഹദേവന്റെ അഛന്റെ അമ്മയും. ഭട്ടയ്യ, സിങ്കവ ർമ്മരശ, ഛപയ്യ എന്നിവരുടെ മൂത്ത സഹോദ രിയും. നോലംബകുലാന്തകദേവ അവരുടെ ക്ഷേത്രത്തിന് 100 മാത്ര കരിമണ്ണുള്ള കൃഷിനിലം കൊടുത്തു. 2 മാത്ര നെല്ലു വിതക്കുന്ന നിലവും രണ്ട് തോട്ടവും കൊടുത്തു. 50 മാത്ര കൃഷിനിലം ക്ഷേത്രദേവനുള്ളതാണ്. 50 മാത്ര കൃഷിനിലവും തോട്ടങ്ങളും 2 മാത്ര വയലും മഠത്തിനും ക്ഷേത്രേ ത്തിനും കൂടിയാണ്. ഗൃഹത്തിനായി 12 സ്ഥല വും കൊടുത്തു. എല്ലാം കരമൊഴിവാണ്. ക്ഷേത്രത്തിനു നീക്കിവെച്ചതിൽ നിന്ന് 14 മാത്ര വാദ്യക്കാരനും 20 മാത്ര ക്ഷേത്രത്തിലെ 5 ദേവദാസികൾക്കും, 6 മാത്ര...................., 1 മാത്ര യജ്ഞപാത്രത്തിനും, 2 മാത്ര കുഴലൂതുന്നവനും, (കാഹളം), 12 മാത്ര

ക്ഷേത്രം നിർമ്മിച്ച പൊല്ലമ നും ഉള്ളതാണ്. 5 ഗ്രാമമുഖ്യന്മാർ (ബുഡകാ വംല, രാജയ്യ, ഗുല്ലുഗയ്യ, നാഗവർമ്മയ്യ, കബ്ബില യ്യ) ഈ ധർമ്മം പാലിക്കണം. ഗോകർണ്ണരാശി ഭട്ടാരകനും അദ്ദേഹത്തിന്റെ ശിഷ്യന്മാരും ഈ ദാനം സ്വീകരിച്ച് സംരക്ഷിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നു.പെർഗഡേ കണ്ണയ്യ ഈ ദാനധർമ്മം കൃത്യമായി നടത്തി. 2 മാത്ര ഭൂമി കമ്മാര കേതോജനും കൊടുത്തു.

നമകനായകന്റെ ദോണേപുണ്ഡി ഗ്രാന്റ് ശകം 1259

5 പ്ലേറ്റ്. തെലുഗു ലിപി. ഭാഷ സംസ്കൃതം. ഗ്രാമാതിർത്തി തെലുഗിലാണ്. സംസ്കൃതം പദ്യമാണ്. ഭദ്രപാദം പൌർണ്ണമി, ഞായറാഴ്ച, ശകം 1259. പിത്തപുരി നാമയ്യനായക്കന്റെ ദാനം. ഉമാമഹേശ്വര, ഗണേശ, വിഷ്ണുസ്തുതിക്ക് ശേഷം നിധികളാൽ സമൃദ്ധവും ,ഗൌതമീതീരം (ഗോദാവരി) തൊട്ട് കലിംഗം വരെ വ്യാപിച്ചതു മായ ആന്ധ്രഖണ്ഡപ്രശസ്തിയാണ്. അവിടത്തെ പിത്താപുരിനഗരം സാമന്തമുഖ്യരായ കൊപ്പുലകാപ്പുനായകനാൽ പാലിക്കപ്പെട്ടു. അദ്ദേഹത്തിന്റെ മകനാണ് പ്രോലനായകൻ. അദ്ദേഹത്തിന് ചോഡമാംബയിൽ നാഗരാജാവെ ന്നും

കാമദേവനെന്നും വിളിക്കപ്പെട്ട നാമകനായകൻ ജനിച്ചു. ഏലാനദിയാൽ പോഷിക്കപ്പെട്ട രാജ്യത്തെ ഭരിച്ച അദ്ദേഹം ശത്രുക്കളുടെ ഗർവ്വം അടക്കുന്ന പഗമോച്ചുഗന്ധനെന്ന് അറിയപ്പെട്ടു. (പ്രത്യാർത്ഥിഗർവ്വാപഹ എന്ന് സംസ്കൃതം). പാവനഗോദാവരീതീരത്തെ ദോണേപുണ്ഡി ഗ്രാമം പിതാവിന്റെ പേരിൽ പ്രോലോര എന്ന് പേരിട്ട് അഗ്രഹാരമായി, അഷ്ടഭോഗൈശ്വര്യങ്ങളോടെ പ്രശ്ലാഷ്ടകം അറിയുന്നവനും വേദസമുദ്രപാരംഗതനും ബ്രാഹ്മണരുടെ ഷഡ്കർമ്മം അറിയുന്നവനും ഭരദ്വാജഗോത്രക്കാരനുമായ ഗണപതിക്ക് ദാനം ചെയ്തു.

അഗ്രഹാരത്തിന്റെ അതിരുകൾഃ- കിഴക്ക് വല്ലേപകൊമ്മന നദി, അവിടെനിന്ന് ദിരസ ത്തിലേക്കുള്ള വഴി, അവിടുന്ന് എണ്ഡപ്പള്ളി യിലെ ബുരുഗ്വായ നദി. തെക്ക് ലങ്കാനദി, അവിടെനിന്ന് മന്ദേനാരായണക്ഷേത്രത്തിലേ ക്കുള്ള വഴി, പടിഞ്ഞ്ാറ് കൊണ്ടേവാരുമു വയലിലെ അപ്പരാജുവിലേക്കുള്ള വഴി, അവി ടുന്ന് ദൂസനേരുനദി. വടക്ക് കുക്കുടേശ്വരക്ഷേത്ര ത്തിലെ പുളിമരക്കാട്ടിലേക്കുല്ല വഴി. ബൊദ്ദലദൊദ്ദിലങ്കദ്വീപിലെ 10 പുട്ടി കൃഷിഭൂമി പിത്താപുരമുവിന് അവകാശപ്പെട്ടതും, ദുശനേരുനദിക്ക്

പടിഞ്ഞാറു കിടക്കുന്നതും, അഗ്രഹാരത്തിന് കൊടുത്തു. നാമിനേനി ഒപ്പു വെച്ചിരിക്കുന്നു.ആഗസ്റ്റ് 30 എഡി 1338നാണ് ലിഖിതം.

കിൽമുത്തുഗൂർ ലിഖിതങ്ങൾഃഃ

നരസിംഹവർമ്മന്റെ മൂന്നാം വർഷം.വില്ലും ആയുധങ്ങളും ധരിച്ച് യുദ്ധസന്നദ്ധനായ യോദ്ധാവിന്റെ ചിത്രമുണ്ട്. സന്മാദുര നടത്തിയ കാലിപ്പോരിൽ മരിച്ച വീരന്റെ വീരക്കല്ലാണ്.

കോവിശേയനരസിംഗപ്പരുമർക്കുയാണ്ടു മൂന്റാവതു വിരുനാട്ടുവടക്കരൈ ആളും ദഗദുർന്നടർ വലിമദുരസേവഗർ പാക്കാട്ടുക്കുടി അതിമത്തർ മുരുകൻ മുക്കുട്ടൂർത്തെരു സന്മധുരരു കൊളത്തൂരു മീട്ടുപ്പട്ടർ.

സന്മധുരനാണ് മുക്കോട്ടൂരിലെ കാലികളെ മോ ഷ്ടിച്ചത്. പാക്കാട്ടുക്കുടിയിലെ മുരുകൻ തകടൂർ നാടിലെ മുഖ്യൻ വലിമധുരന്റെ സേവകനാണ്. നദിയുടെ വടക്കേ കരയിലെ വിന്റുനാട് (വിരു നാട്) വാഴുന്ന വലിമധുരന്റെ സേവകനായ മുരുകൻ കാലികളെ വീണ്ടെടുത്ത് മരിച്ചുവീണു. നരസിംഹവർമ്മന്റെ മറ്റൊരു ലിഖിതത്തിൽ നരസിംഹവർമ്മൻ

സന്മധുരന്റെ സേവകനാണ്. ഇത് വിശദീകരിക്കാനാവുന്നില്ല.

Reference : Epigraphica Indica Vol 4.